കേരളാ കൾച്ചർ

മറിയ കേരളത്തിൽ കണ്ടത്

ജോസ് കെ. മാനുവൽ



TURN BOOKS

ഡോ. ജോസ് കെ. മാനുവൽ

കോട്ടയം ജില്ലയിലെ മരങ്ങാട്ടുപിള്ളിയിൽ ജനിച്ചു. മദിരാശി സർവ കലാശാലയിൽനിന്ന് എം.എ., എം.ഫിൽ., പിഎച്ച്.ഡി. ബിരുദങ്ങൾ. മഹാത്മാഗാന്ധി സർവകലാശാലയിൽ പോസ്റ്റ് ഡോക്ടറൽ ഫെലോ. കൃതി കൾ: തിരക്കഥാരചന കഥയും സിദ്ധാന്തവും, സിനിമയുടെ പാഠങ്ങൾ: വിശകലനവും വീക്ഷണവും, സിനിമയിലെ ശരീരഭാഷ: ഒരു രസാനുഭവ സിദ്ധാന്തപഠനം, നാടകവും സിനിമയും: ഒരു താരതമ്യ വിശകലനം, ന്യൂ ജനറേഷൻ സിനിമ, കഥയും തിരക്കഥയും, മലയാ ളഭാഷയും സാഹിത്യവും, തിരക്കഥാ സാഹിത്യം:സൗന്ദര്യവും പ്രസക്തിയും, ന്യൂ ജനറേഷൻ സിനിമ (പഠനങ്ങൾ) നവമാധ്യമങ്ങൾ, ഭാഷ സാഹിത്യം സംസ്കാരം (എഡി.) അഭിലോഷിക, യഹൂദ-ഒരു കമ്യൂണിസ്റ്റിന്റെ കഥ (നോവലുകൾ) കാലത്തി നൊപ്പം ഒരു പെൺകുട്ടി, കഥയ്ക്കുമുകളിലൂടെ ഡൈവുചെയ്ത് കഥാകൃത്ത്, ഹർത്താൽ ഒരു കേരളീയോത്സവം (ചെറുകഥാസമാഹാരങ്ങൾ). മികച്ച ചലച്ചിത്രഗ്രന്ഥത്തിനുള്ള കേരളസംസ്ഥാന ചലച്ചിത്ര അവാർഡും (2003, 2010) ഫിലിം ക്രിട്ടിക്സ് അവാർഡും (2003, 2005) ലഭിച്ചിട്ടുണ്ട്. സാംസ്കാരിക സഹകരണ സമിതിയുടെ മികച്ച വൈജ്ഞാ നിക ഗ്രന്ഥത്തിനുള്ള അവാർഡ്, പൊൻകുന്നം വർക്കി കഥാ അവാർഡ്, തകഴി കഥാ അവാർഡ്, കാവ്യവേദി നോവൽ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. വിലാസം: അ സിസ്റ്റന്റ് പ്രൊഫ സർ, സ്കൂൾ ഓഫ് ലെറ്റേഴ്സ്, മഹാത്മാഗാന്ധി സർവകലാശാല, കോട്ടയം, ഫോൺ:9446924323

ഇ-മെയിൽ: kjosemanuel@gmail.com

കേരളാ കൾച്ചർ -
മറിയ കേരളത്തിൽ കണ്ടത്

ചെറുകഥാസമാഹാരം

ജോസ് കെ. മാനുവൽ

TURN BOOKS

Malayalam Language
Kerala Culture - Maria Keralathil Kandathu
Short Stories
Author **Dr. Jose K.Manuel**
Copy Right to the Author
First Published - December 2016

Cover Design : Joseph Francis, Pala

Printed in India
Vibgyor Imprints, Calicut - 673 004

Publishers
Turn Books, P.B. No.1, Teekoy
Kottayam, Kerala - 686 580, India
Email: turnbooks4u@gmail.com
Web Site: www.turnbooksgroup.com
Tel: 9495200006, +914822280007/08/09

Distributors
Turn Books Hub, Kottayam - 580
Email: turnbookshub@gmail.com
Tel: 9846486439

Turn Books Library Cataloguing in Publication Data
80p. 21cm Demy $^1/_8$
ISBN-978-81-925373-8-2
Author : Dr. Jose K.Manuel
Story
8M3. 010.MAN

No part of this publication may be reproduced or transmitted in any form or by any means without prior written permission of the publishers.

ISBN: 978 - 81 - 925373 -8-2

Price : **₹ 75**

tbi-012-dec016-ien-1000-dpd-03-54.5-01k-132

പ്രസാധകക്കുറിപ്പ്

വർത്തമാനകാല മലയാള ചെറുകഥാസാഹിത്യരംഗത്തെ ഏറ്റവും വിഹ്വലവും ഉള്ളുരുക്കവുമുള്ള ശബ്ദമാണ് ജോസ്.കെ.മാനുവലിന്റേത്. മാറ്റപ്പെട്ട മലയാള സംസ്കാരത്തിനുള്ളിൽപ്പെട്ട് അസ്തിത്വ നിർണ്ണയം നടത്താൻ പാടുപെടുന്നവരുടെയും ചൂഷണം ചെയ്യപ്പെടുന്നവരുടെയും ജീവിതമാണ് ഡോ. ജോസിന്റെ കഥകളുടെ വൈകാരിക പരിസരം. *കഥയ്ക്ക് മുകളിലൂടെ ഡൈവ് ചെയ്ത് കഥാകൃത്ത്, കാലത്തിനൊപ്പം ഒരു പെൺകുട്ടി, മറുപക്ഷ കഥകൾ, ഹർത്താൽ ഒരു കേരളീയ ഉത്സവം* തുടങ്ങിയ കഥാസമാഹാരങ്ങൾക്കുശേഷം ചടുലമായ പ്രതിപാദനരീതികൊണ്ടും നവമായ കഥാബിംബ നിർമ്മതികൊണ്ടും കാലിക പ്രസക്തിയുള്ള പത്ത് കഥകളുടെ സമാഹാരമാണ് *കേരള കൾച്ചർ - മറിയ കേരളത്തിൽ കണ്ടത്.* അറുപതാണ്ട് തികയുന്ന കേരളത്തിന്റെയും അതിനെ തീവ്രവികാരത്തോടെ നെഞ്ചിലേറ്റുന്ന മലയാളിയുടെയും അസ്തിത്വവ്യഥ ബൗദ്ധികസംവാദത്തിന് വിധേയമാക്കുന്ന കഥകളാണ് ഈ സമാഹാരത്തെ സജീവമാക്കുന്നത്. പുത്തൻ കഥാപരിസരവും വായനാനുഭവവും പ്രദാനം ചെയ്യുന്ന ഈ കഥാസമാഹാരം വായനക്കാർക്കായി സമർപ്പിക്കുന്നു.

12.12.2016

നേവി ജോർജ്

കഥകൾ

1. കേരള കൾച്ചർ - മറിയ കേരളത്തിൽ കണ്ടത് ...7
2. റിയാലിറ്റിഷോ ...17
3. അപരിചിതൻ വസ്ത്രം വലിച്ചുകീറുന്നു ...23
4. ബലാൽസംഗം കലയും തന്ത്രവും ...27
5. ക്യാമറ ...32
6. സ്ത്രീ: ചിന്ത രാഷ്ട്രീയം ലൈംഗികത ഒരു സംവാദം ...38
7. തിരസ്കരിക്കപ്പെട്ട ചരിത്രം ...45
8. സ്വാതന്ത്ര്യത്തിന്റെ ഉത്സവം ...54
9. രാമായണക്കിളി ...65
10. ശില്പവും ശില്പിയുടെ മകളും ...73

1
കേരളാ കൾച്ചർ-മറിയ കേരളത്തിൽ കണ്ടത്

ഇലവിങ്കൽ വീട്ടിൽ അന്ന് ആഘോഷമായിരുന്നു. സാന്ദ്ര മറിയ തോമസിനെ കാണാൻ വന്ന ചെറുക്കനും വീട്ടുകാർക്കും അവളെ ഇഷ്ടമായി. സാന്ദ്രയ്ക്കും പ്രഥമ ദർശനത്തിൽ തന്നെ പറ്റെവെട്ടിയ മുടിയും കുറ്റിരോമങ്ങളുമുള്ള, മെലിഞ്ഞ് നീണ്ട ആനന്ദ് പോളിനെയും ഇഷ്ടമായി.

സാന്ദ്രയുടെ അമ്മ മറിയ റോസ് തോമസ് അടുത്ത ബന്ധുക്കളോടും സുഹൃത്തുക്കളോടും മകളുടെ വിവാഹക്കാര്യത്തെപ്പറ്റി സംസാരിച്ചു. തൊട്ടടുത്ത ഞായറാഴ്ച എല്ലാവരെയും കൂട്ടി ചെറുക്കന്റെ വീട്ടിൽ പോകുവാൻ നിശ്ചയിച്ചു. അമേരിക്കയിലെ സോഫ്റ്റ് വെയർ കമ്പനിയിൽ ജോലി ചെയ്യുന്ന സാന്ദ്രയ്ക്ക് ലീവ് കുറവായതുകൊണ്ട് വിവാഹം വേഗത്തിൽ നടത്തുന്നതിനെ പറ്റിയുള്ള ചർച്ചകളും സജീവമായി.

ഫേസ്ബുക്കിലെത്തിയ സാന്ദ്ര സേർച്ച് ചെയ്ത് ആനന്ദ് പോളിലെത്തി. ഒരുപാട് സുഹൃത്തുക്കളും അവരുടെ സന്ദേശങ്ങളുമുള്ള പ്രൊഫയൽ. അവിടെ ആനന്ദ് പോളിന്റെ നിരവധി ഫോട്ടോകളും വീഡിയോകളുമുണ്ട്. ഹോട്ട് ഗുഡ്മോർണിങ്കൊണ്ടും സ്വീറ്റ് നൈറ്റുകൾകൊണ്ടും നിറഞ്ഞ ഫയലിലൂടെ ആശ്ചര്യത്തോടെ കണ്ണോടിച്ചു.

ഫേസ്ബുക്കിലെ ആനന്ദ് പോളിന്റെ ഫയൽ മറിയായ്ക്ക് സാന്ദ്ര കാണിച്ചുകൊടുത്തു. മറിയ ശ്വാസമടക്കിപ്പിടിച്ച് അതെല്ലാം കണ്ടു. അസ്വസ്ഥത ഉള്ളിലൊതുക്കി വീടിനുള്ളിലൂടെ വെരുക് പ്രയാണം നടത്തി.

ടെലിവിഷൻ ചാനലുകൾ ഒന്നൊന്നായി സാന്ദ്ര മാറ്റിക്കൊണ്ടിരുന്നു. മലയാളം ചാനലുകൾ കൗതുകത്തോടെ ശ്രദ്ധിച്ചു. മലയാളവും ഇംഗ്ലീഷും ചേർത്ത് കൊഞ്ഞ കലർത്തി സംസാരിക്കുന്ന അവതാരികമാർ. നിലവാരമില്ലാത്ത സീരിയലുകൾ, കോമഡിയാണെന്നു പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കേണ്ട ഷോകൾ, സംഗീതത്തെ വികലമാക്കുന്ന പരിപാടികൾ, ചർച്ചകളുടെ പേരിൽ പൊങ്ങച്ചം വിളമ്പുന്നവർ, ഏറ്റുമുട്ടലുകളിലേക്ക് എത്തുന്ന സംവാദങ്ങൾ... എല്ലാം കണ്ട് മടുത്തപ്പോൾ സാന്ദ്ര മലയാളം വാർത്ത ചാനലിലേക്കു പോയി.

മന്ത്രിയുടെ ലൈംഗികാഭാസത്തിന്റെ വീഡിയോചിത്രങ്ങൾ, അതിനെ പറ്റിയുള്ള വിശദമായ വാർത്ത. സ്കൂൾ വിദ്യാർത്ഥിനിയെ പോലീസുകാർ കൂട്ടമാനഭംഗം ചെയ്തതിന്റെ ഞെട്ടിക്കുന്ന വാർത്ത. വിദ്യാർത്ഥിനിയെ മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചതിന്റെയും മരണവുമായി മല്ലടിക്കുന്നതിന്റെയും ദൃശ്യങ്ങൾ. മെഡിക്കൽ കോളേജിനു മുന്നിൽ പ്രതിഷേധവുമായി നിൽക്കുന്ന ജനക്കൂട്ടത്തിന്റെ ലൈവ് പ്രതികരണങ്ങൾ. മാധ്യമങ്ങൾക്കുമുന്നിൽ നിർവികാരതയോടെ ഇരിക്കുന്ന വിദ്യാർത്ഥിനിയുടെ അച്ഛനും അമ്മയും ഇളയ സഹോദരനും. ആ ദൈന്യതയും ഹൃദയശൂന്യമായ പ്രവർത്തനങ്ങളും കാണാൻ വയ്യാത്തതിനാൽ സാന്ദ്ര മറ്റൊരു വാർത്ത ചാനലിലേക്ക് പോയി.

എക്സ്ക്ലൂസീവായി വരുന്ന വാർത്ത ശ്രദ്ധിച്ചു. കൊച്ചിയിൽ നടന്ന ഭൂമിതട്ടിപ്പാണ് വാർത്തയ്ക്കാധാരം. വ്യാജ ആധാരമുണ്ടാക്കി കോടികൾ തട്ടിച്ച സംഘമാണ് പിടിയിലായത്. തട്ടിപ്പുകേസിൽ പിടിയിലായവരിൽ മുൻമന്ത്രിയുടെ മകനുമുണ്ട്. പിടിയിലായവരെ കൊച്ചിയിലെ ഒരു ഫ്ളാറ്റിൽ നിന്നും പോലീസ് കൊണ്ടുവരുന്ന ദൃശ്യങ്ങളാണ് ടെലിവിഷൻ സ്ക്രീനിൽ അപ്പോൾ തെളിഞ്ഞത്. നാലു യുവാക്കളെയും ഏഴ് യുവതി കളെയുമാണ് ഒരുമിച്ച് പുറത്തേക്കുകൊണ്ടുവരുന്നത്. അവരിൽ ചിലർ നിറമുള്ള തുണി കൊണ്ട് മുഖം മൂടിക്കെട്ടിയിരുന്നു.

അറസ്റ്റ് ചെയ്തു പുറത്തേക്കു കൊണ്ടുവരുന്നവരുടെ പേരുകൾക്കിടയിൽ ആനന്ദ് പോൾ എന്നു കേട്ടപ്പോൾ സാന്ദ്ര സെറ്റിയിലൊന്ന് ഇളകിയിരുന്നു. ആകാംക്ഷയോടെ സ്ക്രീനിലേക്ക് നോക്കിയിരുന്നു. അറസ്റ്റ്ചെയ്തു കൊണ്ടുപോകുന്നവരെ കാണാൻ തിക്കിത്തിരക്കുന്ന പുരുഷാരം. അവരിൽ ചിലർ സ്ത്രീകളെ തോണ്ടുകയും പിച്ചുകയുംചെയ്തു. ആൾക്കൂട്ടത്തിനിടയിൽ നിന്നുമൊരാൾ പിന്നിൽ പോകുന്നവന്റെ മുഖംമൂടി വലിച്ചുമാറ്റി. അവന്റെ സൗമ്യമായ മുഖം സ്ക്രീനിൽ തെളിഞ്ഞുനിന്നു - ആനന്ദ് പോൾ.

ഒരു വയ്യാവേലിയിൽനിന്നും രക്ഷപ്പെട്ടതിന്റെ ആശ്വാസത്തിൽ മറിയ സർവ്വ ഈശ്വരന്മാർക്കും നന്ദി പറഞ്ഞു. സാന്ദ്രയെ വാത്സല്യപൂർവ്വം ചേർത്തു പിടിച്ചപ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞു. തന്നെയും മകളെയും തനിച്ചാക്കി മരണത്തിലൂടെ അദൃശ്യനായ ഭർത്താവിനെ ഊഷ്മളതയോടെ സ്മരിച്ചു. അവരുടെ പൊന്നുമകൾക്ക് ഒരാപത്തും വരുത്തരുതേയെന്ന് സ്വർഗ്ഗത്തിലിരുന്ന് ഈശ്വരനോട് പറയണേയെന്ന് മനസ്സുകൊണ്ട് നിർദ്ദേശിച്ചു.

സമ്പത്തിന്റെ പെരുപ്പവും ഏകമകളെന്ന ആകർഷണത്തവും അമേരിക്കയിൽ പോകാനുള്ള അവസരവുമെല്ലാം ചേർന്നപ്പോൾ സാന്ദ്ര വിലപിടിപ്പുള്ള യുവതിയായി. അറിഞ്ഞും കേട്ടും വിവാഹാലോചനകൾ ധാരാളം വന്നുകൊണ്ടിരുന്നു.

ഒരു ദിവസം സാന്ദ്രയേയും കൂട്ടി മറിയ കാറിൽ യാത്രചെയ്തു. കേരളത്തിന്റെ മനോഹരമായ ഭൂപ്രകൃതി കാണുകയും ആളുകളുടെ ലാളിത്യമുള്ള സ്വഭാവം അനുഭവിക്കുകയും ചെയ്യുമ്പോൾ സാന്ദ്രയുടെ മനസ്സ്

ഊഷ്മളമാകുമെന്ന ചിന്തയാണ് മറിയത്തിനുണ്ടായിരുന്നത്. യാത്രയ്ക്കിട യിൽ കേരളത്തിന്റെ രുചിയൂറുന്ന നാടൻ ഭക്ഷണങ്ങൾ സാന്ദ്രയ്ക്ക് മേടിച്ചു കൊടുക്കണമെന്നുമുണ്ട്.

മറിയാ ഓടിക്കുന്ന കാറിന്റെ ഇടതുവശത്ത് മുൻസീറ്റിൽതന്നെയാണ് സാന്ദ്രയിരിക്കുന്നത്. കേരളത്തിലെ ഗ്രാമങ്ങൾ നഗരവൽക്കരണത്തിന് വിധേ യമായതിനെ പറ്റിയും നെൽപാടങ്ങൾ നികത്തി കെട്ടിടങ്ങൾ പണിയുന്ന തിന്റെ ദൂഷ്യവശങ്ങളെപ്പറ്റിയുമാണ് മറിയാ സംസാരിച്ചുകൊണ്ടിരുന്നത്. റോഡ് തടസ്സപ്പെടുത്തി മുന്നോട്ടുപോകുന്ന സമരജാഥകണ്ട് കാറ് നിറുത്തി. നാല് സമരക്കാർ അവിടേക്കുവന്ന് സമരഫണ്ടിലേക്ക് ഉദാരമായി സംഭാവന നല്കുവാൻ ആവശ്യപ്പെട്ടു.

"എന്തിനാണ് സമരം?" മറിയ തിരക്കി. "മുൻ മന്ത്രി പി.വി. കാർത്തി യുടെ മകനെ ഭൂമി തട്ടിപ്പുകേസിന്റെ പേരിൽ അകാരണമായി അറസ്റ്റു ചെയ്തതിനെതിരെയാണ് സമരം." സമരക്കാരിലൊരാൾ പറഞ്ഞു.

"കുറ്റം ചെയ്തവനെ അറസ്റ്റ് ചെയ്തതിനെതിരെ സമരം നടത്താൻ നിങ്ങൾക്കെന്താ കാര്യം?" മറിയ രോഷത്തോടെ ചോദിച്ചു.

"തർക്കിച്ച് നിൽക്കുവാൻ സമയമില്ല." അവരിലൊരാൾ പറഞ്ഞു. "പിരിവ് തന്നില്ലെങ്കിൽ ടയറിന്റെ കാറ്റുംകുത്തി ചില്ലും പൊട്ടിച്ചിട്ടേ ഞങ്ങൾ പോകൂ."

മറ്റൊരാൾ ടയറിന്റെ കാറ്റ് കുത്തിവിടാൻ തുടങ്ങിയപ്പോൾ സാന്ദ്ര ഇടപെട്ടു. ബാഗിൽ നിന്നും ഗാന്ധിജിയുടെ ചിത്രമുള്ള അഞ്ഞൂറു രൂപയെ ടുത്ത് അവർക്ക് നീട്ടിക്കൊണ്ടു പറഞ്ഞു. "ഇതാ പിരിവ്. ഞങ്ങളെ ഉപദ്രവി ക്കരുത്."

സമരക്കാർ പിരിവും വാങ്ങി സന്തോഷത്തോടെ തിരിഞ്ഞു നടന്നു. ദേഷ്യപ്പെട്ടിരിക്കുന്ന മറിയായെ സമാധാനിപ്പിച്ചുകൊണ്ട് സാന്ദ്ര പറഞ്ഞു. ''അഞ്ഞൂറ് രൂപയല്ലേ പോയുള്ളൂ. അവർ കാറിന്റെ ചില്ല് തല്ലിപ്പൊട്ടിക്കു കയോ നമ്മളെ ഉപദ്രവിക്കുകയോ ചെയ്താലുള്ള നഷ്ടം ഇതിലും എത്രയോ വലുതായിരിക്കും."

മറിയ അതിന് സമാധാനമൊന്നും പറഞ്ഞില്ല. മനസ്സിൽ ഉയർന്നു വന്ന രോഷമൊതുക്കി കാറ് മുന്നോട്ടെടുത്തു. ഗട്ടറുകൾ നിറഞ്ഞ വഴിയിലൂടെ മെല്ലെ യാണ് പോയിക്കൊണ്ടിരുന്നത്. വലിയ കുഴിയുള്ള റോഡിന്റെ ഒരു വശത്ത് വാഴ നട്ടിരിക്കുന്നു. മറു വശത്തെ കുഴിയിലെ ചെളിവെള്ളത്തിൽ നാലഞ്ച് കുട്ടികൾ കളിക്കുന്നു. അതെല്ലാം ക്യാമറയിൽ പകർത്തുന്ന 'ഓണം' ചാന ലിലെ ജോലിക്കാർ. അവരെയും കടന്ന് മുന്നോട്ടുചെന്നപ്പോഴാണ് റോഡ് ബ്ലോക്കായത്. കാറിൽനിന്നും പുറത്തിറങ്ങി തിരക്കിയപ്പോഴാണ് ബ്ലോക്കിന്റെ കാര്യം മനസ്സിലായത്. സർക്കാരിന്റെ മദ്യഷോപ്പിനു മുന്നിലെ ക്യൂ റോഡിനെ നടുവെ മുറിച്ചിരിക്കുന്നു. മദ്യം ലഭിക്കാതെ ക്യൂ നിൽക്കുന്നവർ റോഡിൽ നിന്നും മാറില്ലെന്ന നിലപാടിലാണ്. പോലീസ് സ്ഥലത്ത് എത്തിയെങ്കിലും പ്രത്യേകിച്ച് കാര്യമൊന്നും ഉണ്ടായില്ല.

ഒരു വിധത്തിൽ ആ ബ്ലോക്കിൽ നിന്നും രക്ഷപെട്ട് മുന്നോട്ട് പോയി. വഴിയരികിലെ നല്ലൊരു റസ്റ്റോറന്റിനു മുന്നിൽ കാർ നിർത്തി. റസ്റ്റോറന്റിനുള്ളിൽ പ്രവേശിച്ച് തിരക്കിയപ്പോഴാണ് അവിടെ കേരളീയ രീതിയിലുള്ള ഭക്ഷണങ്ങൾ ഇല്ലെന്നറിയുന്നത്. ബംഗാളി, ആന്ധ്ര, തുടങ്ങിയ സംസ്ഥാനങ്ങളിലെ ഭക്ഷണമാണ് അവിടെ ലഭിക്കുന്നത്.

റെസ്റ്റോറന്റിൽ നിന്നും പുറത്തിറങ്ങിയപ്പോൾ ഇരുവിഭാഗം തൊഴിലാളികൾ തമ്മിൽ നടക്കുന്ന സംഘർഷമാണ് കണ്ടത്. അന്വേഷിച്ചപ്പോൾ കേരളത്തിലെയും ബംഗാളിലെയും തൊഴിലാളികൾ തമ്മിലാണ്. തൊട്ടടുത്ത് പണി നടക്കുന്ന കെട്ടിടത്തിനു മുന്നിലിറക്കിയ സിമന്റിനും കമ്പിക്കും നോക്കുകൂലി നൽകണമെന്ന ആവശ്യവുമായി കേരളത്തിലെ തൊഴിലാളികളെത്തി. തർക്കത്തിനൊടുവിൽ ഇരു വിഭാഗവും തമ്മിൽ അടിവീഴുകയായിരുന്നു.

പണിയെടുത്തും നല്ല ഭക്ഷണം കഴിച്ചും ആരോഗ്യ ദൃഢഗാത്രന്മാരായ ബംഗാളിലെ തൊഴിലാളികൾ കേരളത്തിലെ തൊഴിലാളികളെ പൊതിരെ തല്ലി. അവർ ദുർബലമായ ശബ്ദത്തിൽ കരഞ്ഞുകൊണ്ട് ഓടുന്ന കാഴ്ച അവിടെ നിന്ന കേരളീയരെ രസിപ്പിച്ചു. കാഴ്ചക്കാരിലൊരാൾ സംഘട്ടനത്തെ താത്വികമായി വിശകലനംചെയ്ത് പറഞ്ഞു. “കേരളത്തിലെ മടിയൻമാരായ തൊഴിലാളി സഖാക്കളെ ബംഗാളിലെ ഊർജ്ജസ്വലരായ സഖാക്കൾ കൈകാര്യം ചെയ്തു. സഖാക്കൾ തമ്മിൽ നടന്ന വർഗ്ഗ സംഘർഷത്തിൽ നമ്മൾക്കെന്തു കാര്യം?”

പ്രതികരണങ്ങൾ വാചക കസർത്തിൽ പുരോഗമിക്കുന്നതിനിടയിൽ മറിയ അവിടെ നിന്നും സാന്ദ്രയേയും കൂട്ടി വീട്ടിലേക്ക് തിരിച്ചു. മഴ ചെറുതായി ചാറിത്തുടങ്ങി. ചാറ്റൽ മഴയിൽ ഹോണടിച്ച് പാഞ്ഞുപോകുന്ന ടിപ്പർ ലോറികൾ. ഇത്രയധികം ടിപ്പർ ലോറികൾ എങ്ങോട്ടാണ് പോകുന്നതെന്ന സാന്ദ്രയുടെ ചോദ്യത്തിന് ഒരുത്തരവും നൽകുവാൻ മറിയായ്ക്കില്ലായിരുന്നു. റോഡിലെ ഒരു വലിയ വളവ് തിരിഞ്ഞ് ചെന്നപ്പോൾ കൂട്ടിയിട്ടിരിക്കുന്ന മാലിന്യങ്ങൾ. ചീഞ്ഞ നാറ്റം വമിക്കുന്ന ആ മാലിന്യക്കൂമ്പാരത്തിനിടയിലൂടെ കാറോടിച്ചുകൊണ്ടുപോകുവാൻ മറിയ നന്നായി പണിപ്പെട്ടു.

വീട്ടിലെത്തിയപ്പോൾ സന്ധ്യകഴിഞ്ഞു. മഴ നല്ലതുപോലെ പെയ്തു തുടങ്ങി. കാറ്റിനും പതിവിൽ കവിഞ്ഞ് ശക്തിയുണ്ടായിരുന്നു. അടുത്ത ദിവസം സാന്ദ്രയെ കാണുവാൻ വരുന്ന ചെറുക്കനെപ്പറ്റിയും അവരുടെ വീട്ടുകാരെപ്പറ്റിയും മറിയ ഫോണിലൂടെ പലരോടും അഭിപ്രായം ആരാഞ്ഞു.

എം.ബി.ബി.എസ് പാസായ പോൾ മാത്യു പെണ്ണ് കാണാൻ ഇലവിങ്കൽ വീട്ടിലെത്തി. വെളുത്ത് സുന്ദരനാണ് പോൾ മാത്യു. അധികമൊന്നും സംസാരിക്കാത്ത പ്രകൃതം. പോളിന്റെ അച്ഛൻ കോളെജ് അധ്യാപകനും അമ്മ ബാങ്ക് ഓഫീസറുമാണ്. പോളിനും സാന്ദ്രയ്ക്കും പരസ്പരം ഇഷ്ടമായി. തൊട്ടടുത്ത ദിവസം തന്നെ ബന്ധുക്കളെയും കൂട്ടി പോളിന്റെ വീട്ടിൽ മറിയ പോയി. നല്ല വീടും പരിസരവും. വീട്ടുകാരും ബന്ധുക്കളുമെല്ലാം സൗമ്യശീലർ. ഏറ്റവും അടുത്ത ദിവസം വിവാഹം ഉറപ്പിക്കാൻ തന്നെ നിശ്ചയിച്ചു.

സന്ധ്യ മയങ്ങിത്തുടങ്ങിയ സമയത്ത് മറിയായുടെ മൊബൈൽ ഫോണിലേക്ക് ഒരു കോൾവന്നു. "പോൾ മാത്യുവിനെക്കുറിച്ച് ഒന്നുകൂടി അന്വേഷിച്ചിട്ടുവേണം മകളുടെ വിവാഹം ഉറപ്പിക്കാൻ കോട്ടയം മെഡിക്കൽ കോളെജിൽ പഠിച്ചിരുന്ന സമയത്ത് റാഗിങ്ങിന്റെ പേരിൽ പോൾചെയ്ത ക്രൂരത എന്തെന്നന്വേഷിക്കണം."

എന്തുചെയ്യണമെന്നറിയാതെ മറിയ അല്പ സമയം പതറിനിന്നു. വിളിച്ച നമ്പരുമായി ബന്ധപ്പെടുവാൻ ശ്രമിച്ചു. ഇന്റർനെറ്റിലെ സ്കൈഫി ലൂടെയാണ് വിളിച്ചതെന്ന് അപ്പോഴാണ് മനസ്സിലായത്. അജ്ഞാതമായ ഫോൺകോൾ വന്നതിനെപ്പറ്റി സാന്ദ്രയോടും മറിയ സംസാരിച്ചു.

ചില പരിചയങ്ങൾവച്ച് മെഡിക്കൽ കോളെജിൽ അന്വേഷിച്ചപ്പോൾ മറിയ ഞെട്ടി. റാഗിങ്ങിന്റെ പേരിൽ ജൂനിയറായെത്തിയ ദളിത് വിദ്യാർത്ഥി നിയെ മൂന്ന് സുഹൃത്തുക്കളോടൊപ്പം മാനഭംഗപ്പെടുത്തിയവനാണ് പോൾ മാത്യു. അച്ഛൻ മാത്യു പൗലോസിന്റെ രാഷ്ട്രീയ സ്വാധീനവും പണച്ചെ ലവും കൊണ്ട് കേസ് ഒരു വിധത്തിൽ ഒതുക്കി തീർത്തുവത്രേ.

മകളുടെ ജീവിതം തിരിച്ചു കിട്ടിയതിന്റെ ആശ്വാസത്തിൽ മറിയ ദീർഘമായൊന്നു നെടുവീർപ്പെട്ടു. പോൾ മാത്യുവുമായി വിവാഹം ആലോ ചിച്ച ബന്ധുവിനോട് അടക്കാനാവാത്ത നീരസം തോന്നി. നീരസം ശക്ത മായ ഭാഷയിൽ ഫോണിലൂടെ അറിയിച്ചു. ബന്ധുവായ സതീശ് ലൂക്കാ യുടെ പ്രതികരണം സൂചിക്കുത്തുകളുടെ വേദന ജനിപ്പിക്കുന്നവയായിരുന്നു... “പഠി ച്ചിരുന്ന കാലത്ത് യാദൃച്ഛികമായി സംഭവിച്ചുപോയ ഒരു കുസൃതി... ദളിത് യുവതികളെ നമ്മളുടെ അപ്പൻ അപ്പൂപ്പന്മാർ പാടത്തും പറമ്പിലും പണി യെടുക്കാൻ വരുമ്പോൾ ആവോളം ഉപയോഗിച്ചിട്ടുണ്ട്. പോളിന്റെ കാര്യ ത്തിൽ മാധ്യമങ്ങൾ നൽകിയ അമിതപ്രാധാന്യവും പെൺകുട്ടി നൽകിയ കേസുമാണ് പ്രശ്നങ്ങൾ വഷളാക്കിയത്.... നിങ്ങളുടെ മകൾ പഠിച്ചതും വിദേശത്തല്ലേ? അങ്ങനെയൊരു യുവതിയെ ഇവിടെയുള്ളവർക്കും സംശയ മാണ്...”

സതീഷ് ലൂക്കോയുടെ പ്രതികരണവും ന്യായീകരണവും കേൾ ക്കാൻ താല്പര്യമില്ലാതെ മറിയ മൊബൈൽ ഫോൺ കട്ട് ചെയ്തു. അറി യാതെ അവരുടെ മിഴികൾ നിറഞ്ഞൊഴുകിക്കൊണ്ടിരുന്നു.

പ്രഭാതത്തിൽ സാന്ദ്രയേയും കൂട്ടി മറിയ പള്ളിയിൽ പോയി. കുരി ശിൽ ആണി തറച്ചു രക്തം ഒലിപ്പിച്ച് തൂങ്ങികിടക്കുന്ന ക്രിസ്തുവിന്റെ രൂപ ത്തിനു മുന്നിൽ മനസ്സുരുകി പ്രാർത്ഥിച്ചു. ‘ശത്രുക്കളിൽനിന്നും അപകടങ്ങ ളിൽ നിന്നും ഞങ്ങളെ രക്ഷിക്കണമേ. അരുതായ്കയും ആപത്തും സംഭവി ക്കരുതേ...’

തിരിച്ച് വീട്ടിലേക്കുപോകുന്ന വഴി പോലീസ് സംഘം അവരെ തട ഞ്ഞുനിർത്തി. മദ്യപിച്ചിട്ടുണ്ടോയെന്ന് ഊതിനോക്കിച്ചു. സീറ്റ് ബെൽറ്റ് ഇടാ ത്തതിന് ഫൈനടപ്പിച്ചു. പാവപ്പെട്ട ടാക്സി ഡ്രൈവർമാരുടെ കൈകളിൽ

നിന്നും കണക്കു പറഞ്ഞ് പണം പിടുങ്ങുന്ന പോലീസുകാരെ സാന്ദ്ര കൗതുകത്തോടെ നോക്കി. കാറ് മുന്നോട്ടെടുത്തപ്പോൾ സാന്ദ്രപറഞ്ഞു. "പോലീസുകാർ നമ്മളോട് മാന്യമായിട്ടാ പെരുമാറിയത്."

നാലുംകൂടിയ കവലയിലെത്തിയപ്പോൾ മത്സരിച്ച് മതപ്രചരണം നടത്തുന്നവരുടെ ബാനറുകളും പോസ്റ്ററുകളും കണ്ടു. അതിനൊപ്പം തന്നെ രാഷ്ട്രീയ പാർട്ടികളുടെ പോസ്റ്ററുമുണ്ടായിരുന്നു. വീട്ടിലേക്കുള്ള യാത്രയ്ക്കിടയിൽ ഒരു നല്ല ചെറുക്കനെ കണ്ടെത്തുന്നതിന്റെ ബുദ്ധിമുട്ടുകളെപ്പറ്റി മറിയ സംസാരിച്ചുകൊണ്ടിരുന്നു. ഈശ്വരഹിതംപോലെയേ എല്ലാം സംഭവിക്കുകയുള്ളു എന്ന നെടുവീർപ്പോടെയാണ് ആ സംഭാഷണം അവസാനിച്ചത്.

ഐശ്വര്യ മാരേജ് ബ്യൂറോയിൽനിന്നും മറിയായുടെ മൊബൈലിലേക്ക് ഒരു കോൾ വന്നു. "കൊച്ചിയിൽ ബിസിനസുള്ള അരുൺ സ്കറിയ നാളെ മോളെ കാണാൻ വരും. നല്ല സാമ്പത്തികം. നല്ല കുടുംബം. ചെറുക്കന് ഇംഗ്ലീഷ് സാഹിത്യത്തിൽ എം.എ. ബിരുദമുണ്ട്." മൊബൈലിലൂടെ തുടർന്ന് പറഞ്ഞു. "ചെറുക്കനും പെണ്ണിനും തമ്മിൽ ഇഷ്ടപ്പെട്ടാൽ നമ്മൾക്ക് കൂടുതൽ കാര്യങ്ങൾ അന്വേഷിക്കാം."

മറിയ എന്തെങ്കിലും പറയുന്നതിനുമുമ്പ് മാരേജ് ബ്യൂറോക്കാരൻ കോൾ കട്ട് ചെയ്തു. എന്തുചെയ്യണമെന്ന ചോദ്യത്തോടെ മറിയ മെല്ലെ സാന്ദ്രയെ നോക്കി. അമ്മയുടെ ഇഷ്ടത്തിന് അംഗീകാരംനൽകി സാന്ദ്ര മന്ദഹസിച്ചു.

ഇലവിങ്കൽ വീടിന് മുന്നിൽ ഒരു ബി.എം.ഡബ്ലിയു കാർ വന്നു നിന്നു. അതിൽനിന്നും ആദ്യം ഐശ്വര്യ മാരേജ്ബ്യൂറോയിലെ ജോലിക്കാരനിറങ്ങി. അയാൾ വീടിനുള്ളിലേക്കു ചെന്നു. ചെറുക്കനെ കാണിക്കുന്നതിനുമുമ്പുള്ള ഫീസ് മറിയായുടെ കൈയിൽ നിന്നും കണക്കുപറഞ്ഞ് മേടിച്ചു.

ബ്യൂറോക്കാരൻ പറഞ്ഞപ്പോളാണ് ഡ്രൈവിങ് സീറ്റിൽനിന്നും അരുൺ സ്കറിയ പുറത്തേക്കിറങ്ങിയത്. വെളുത്ത് ഉയരമുള്ള സുന്ദരനായ അരുണിനെ കണ്ടപ്പോൾ തന്നെ മറിയായ്ക്ക് ഇഷ്ടമായി. അവൾ മനസ്സിൽ ഓരോ കണക്കുകൾ കൂട്ടി. എന്തെങ്കിലും ചില്ലറ കുഴപ്പങ്ങളുണ്ടെങ്കിലും അരുണിന് മോളെ ഇഷ്ടമാകുകയാണെങ്കിൽ വിവാഹം ഉറപ്പിക്കണം. സ്വഭാവം നന്നായിരുന്നാൽ മാത്രം മതിയായിരുന്നു.

അരുണിനെ സ്വീകരിച്ച് വീടിനുള്ളിലിരുത്തി. പതിവുപോലെ കാപ്പി കൊടുത്ത് സാന്ദ്ര ചെറുക്കനെ കണ്ടു. പരസ്പരം സംസാരിക്കാനായി അടുത്തുള്ള കസേരയിൽ തന്നെയിരുന്നു. സാന്ദ്രയും അരുണും പരസ്പരം സംസാരിക്കുന്നതു കണ്ടപ്പോൾ മറിയായ്ക്ക് അടക്കാനാവാത്ത സന്തോഷം തോന്നി. 'രണ്ടുപേരും തമ്മിൽ നല്ല ചേർച്ച.' മറിയ മനസ്സിൽ ഉറപ്പിച്ച് പറഞ്ഞു. 'ഈശ്വരൻ ഇവരെ തമ്മിൽ വേർപെടുത്താതിരിക്കട്ടെ.'

അരുൺ യാത്ര പറഞ്ഞിറങ്ങി. മറിയ കൗതുകത്തോടെ സാന്ദ്രയെ നോക്കി ചോദിച്ചു. എന്താ നിന്റെ അഭിപ്രായം?

സാന്ദ്ര കണ്ണടച്ച് നാണത്തോടെ ചിരിച്ചു. തെല്ല് സമയത്തെ മൗന ത്തിനുശേഷം പറഞ്ഞു. "അരുൺ പോകുന്നതിനു മുമ്പ് എന്നോട് ഐ.ലൗ.യൂ എന്നു പറഞ്ഞു."

മറിയ സന്തോഷമൊതുക്കി തിരക്കി... "നിന്റെ അഭിപ്രായമെന്താ?"

സാന്ദ്ര ഊഷ്മളതയോടെ മറിയത്തിന്റെ കണ്ണുകളിലേക്ക് നോക്കി.. "അമ്മ സമ്മതിക്കുകയാണെങ്കിൽ..."

"അമ്മ സമ്മതിക്കുകയാണെങ്കിൽ?" മറിയ ആകാംക്ഷയോടെ ചോദിച്ചു.

സാന്ദ്ര വർദ്ധിച്ച സന്തോഷത്തോടെ മറിയായെ കെട്ടിപ്പിടിച്ചു. അരു ണിന്റെ അഭിപ്രായം തന്നെയാ എനിക്കും. നാണത്തിൽ കുതിർന്ന ചിരിയോടെ പറഞ്ഞു.

മറിയ അരുണിനെ പറ്റി അന്വേഷിച്ചു തുടങ്ങി. അറിഞ്ഞ വാർത്ത കളെല്ലാം ഞെട്ടിക്കുന്നതായിരുന്നു. മലയാളത്തിലെ രണ്ട് ന്യൂ ജനറേഷൻ സിനിമയുടെ നിർമ്മാതാവും സംവിധായകനുമാണ് അരുൺ. ശ്രദ്ധേയമായ മൂന്നു നാല് സംഗീത ആൽബങ്ങൾ ഇറക്കിയിട്ടുണ്ട്. മദ്യവും മയക്കുമരുന്നും ശീലമാണ്. ലൈംഗികതയെ തുറന്ന പുസ്തകമായി കാണുന്ന സ്വഭാവമാ ണുള്ളത്.

മാരേജ് ബ്യൂറോക്കാരനോട് മറിയ രോഷത്തോടെ സംസാരിച്ചു. "ഇത്തരം വിവാഹാലോചനയുമായി മേലിൽ ഈ പടി കയറിപ്പോകരുത്."

മറിയ ഫോൺ വിളി നിർത്തി തിരിഞ്ഞ് നോക്കുമ്പോൾ കൈയിൽ വെള്ളം നിറച്ച ഗ്ലാസുമായി നിൽക്കുന്ന സാന്ദ്രയെയാണ് കണ്ടത്. അവൾ ആ ഗ്ലാസ് മനോഹരമായ ഗ്രാനൈറ്റ് തറയിലേക്കിട്ടു. ഗ്ലാസ് ചിന്നിച്ചിതറി. അതിലെ വെള്ളം തറയിൽ വീണ് നിരന്നു. സാന്ദ്ര ചിരിച്ചുകൊണ്ട് പറഞ്ഞു. "ഒരു സ്വപ്നം തകർന്നതിന്റെ ദൃശ്യബിംബം."

അവർക്കിടയിൽ അസ്വസ്ഥജനകമായ മൗനം വളർന്നു.

ഓരോന്ന് ചിന്തിച്ച് മുറിയിലെ കട്ടിലിൽ അലസമായി കിടന്ന സാന്ദ്ര യുടെ മൊബൈൽ ഫോണിലേക്ക് ഒരു കോൾ വന്നു. സാന്ദ്ര ഫോണെടു ത്തു. അങ്ങേ തലയ്ക്കൽ അരുൺ സ്കറിയ. "എനിക്ക് പറയാനുള്ളത് മുഴു വൻ കേൾക്കണം. ഇടയ്ക്കുവെച്ച് ഫോൺ കട്ടാക്കരുത്." അരുൺ തുടർന്ന് പറഞ്ഞു. "പ്രഥമദർശനത്തിൽ തന്നെ നമ്മൾ തമ്മിൽ ഇഷ്ടമായി. ഇഷ്ട പ്പെടുന്നവർ എന്തിനാണ് പ്രണയം, ശരീരം, രതി ഇവയ്ക്കപ്പുറമുള്ളവയെ പ്പറ്റി ചിന്തിക്കുന്നത്.... നീ അക്വേറിയത്തിൽ വളരുന്ന ഒരു പെൺമത്സ്യമാണ്. ഞാൻ നിന്നെ വിശാലമായ ശുദ്ധജല തടാകം കാണിക്കാം. നിന്റെ സ്ത്രീത്വ ത്തിൽ നിന്നും സാന്ദ്രമായ സംഗീതം ഉതിർക്കാം. സ്വാതന്ത്ര്യത്തിന്റെയും സർഗ്ഗാത്മകതയുടെയും പുതുലോകം കാണിച്ചു തരാം. നിന്റെ ആനന്ദം അത് എപ്പോഴും വർദ്ധിച്ചുകൊണ്ടേയിരിക്കും. സാന്ദ്രേ.. മോളെ നിനക്ക് ലോക ത്തെപ്പറ്റി, സാധ്യതകളെപ്പറ്റി നിന്റെ ശരീരത്തെപ്പറ്റി മനസ്സിനെപ്പറ്റി എന്തറി യാം.. അറിവ് മനുഷ്യനെ ജ്ഞാനിയാക്കുന്നു. ജ്ഞാനികൾ ലോകത്തെ നയി

ക്കുന്നു... ആരെതിർത്താലും ഞാൻ നിന്നെ സ്വന്തമാക്കും. അതിനുവേണ്ടി എന്തു ധീരകൃത്യവും ചെയ്യുവാൻ ഞാൻ തയ്യാറാണ്. നാളെ ഞാൻ തന്റെ വീട്ടിൽവരും. അപ്പോൾ എന്നോടൊപ്പം ഇറങ്ങിവരണം. അല്ലെങ്കിൽ ഈ രാജ കുമാരന് രാജകുമാരിയെ തട്ടിക്കൊണ്ടു പോരേണ്ടി വരും..." അരുൺ സ്കറിയ പറഞ്ഞതു മുഴുവൻ സാന്ദ്ര കേട്ടു. അവന്റെ സംഭാഷണം ഒഴുകി യെത്തിയ ഫോൺ കൈവെള്ളയ്ക്കകത്തു ഞെരുക്കി പിടിച്ചു. ആകുലതക ളോടെ ഫോൺ നെഞ്ചോടു ചേർത്തുപിടിച്ചു.

വിവരങ്ങൾ അറിഞ്ഞ മറിയ പെട്ടെന്നുതന്നെ ഒരു തീരുമാനത്തി ലെത്തി. ഉടൻതന്നെ അമേരിക്കയ്ക്ക് തിരിച്ചുപോണം. ആരെയും ഒന്നും അറി യിക്കാതെ പോകുന്നതാണ് സുരക്ഷിതമെന്ന് അവർക്കു തോന്നി.

നേരം വെളുക്കുന്നതിനുമുമ്പ് അവർ നെടുമ്പാശേരി എയർപോർട്ടി ലേക്ക് കാറിൽ യാത്ര തിരിച്ചു. ആറുമണി കഴിഞ്ഞപ്പോൾ സിപോർട്ട് എയർപോർട്ട് റോഡിലെത്തി. അവർ യാത്രചെയ്യുന്ന കാറിനു മുന്നിൽ ഒരു തുറന്ന ജീപ്പ് വന്നു നിന്നു. അതിൽ നിറയെ അരോഗദൃഢഗാത്രൻമാരായ യുവാക്കളാണ്. അപകടം മണത്ത മറിയ കാറിൽനിന്നും പുറത്തിറങ്ങി. ബഹളം വച്ച് അതുവഴി പോയ വാഹനങ്ങൾ തടഞ്ഞുനിർത്തി. വാഹനങ്ങ ളിൽ നിന്നും പലരും പുറത്തേക്കിറങ്ങി.

ആൾക്കൂട്ടത്തിനിടയിൽനിന്നും നാലു യുവാക്കൾ ക്യാമറയുമായി വന്നു. മറ്റൊരു യുവാവ് അവർക്ക് നിർദ്ദേശങ്ങൾ നൽകുകയാണ്. അവിടേക്കു വന്ന ബി.എം.ഡബ്ലിയു കാറിൽനിന്നും അരുൺ സ്കറിയ പുറത്തേക്കിറങ്ങി. സൂട്ടും കോട്ടുമാണ് വേഷം.

ക്യാമറയുമായെത്തിയ യുവാക്കൾക്ക് നിർദ്ദേശം നൽകിക്കൊണ്ടി രുന്ന യുവാവ് അവിടെ കൂടിയിരുന്നവരോടായി നയത്തിൽ സംസാരിച്ചു. "തിരു വോണമെന്ന പുതിയ സിനിമയുടെ ഷൂട്ടിങ്ങാണ് നടക്കുന്നത്. തിരുവോണ ദിവസം തറവാട്ടിലുള്ള അച്ഛനോടും അമ്മയോടുമൊപ്പം സദ്യ ഉണ്ണാൻ പോകുന്ന യുവതിയെ നടുറോഡിലിട്ട് ക്രൂരമായി റെയിപ്പ് ചെയ്യുന്ന രംഗ മാണ് ചിത്രീകരിക്കാൻ പോകുന്നത്. നിങ്ങൾ ഒതുങ്ങി മാറിനിന്ന് ഞങ്ങൾക്കു വേണ്ട പിൻതുണ നൽകണം."

ചൂണ്ടുവിരലിൽ കാറിന്റെ താക്കോൽ കറക്കിക്കൊണ്ട് അരുൺ സ്കറിയ മറിയയുടെയും സാന്ദ്രയുടെയും അടുത്തേക്കു ചെന്നു. വിജയഭാ വത്തിൽ ചിരിച്ചു. യുവാവിന്റെ നിർദ്ദേശമനുസരിച്ച് ആ രംഗങ്ങളെല്ലാം വിവിധ വീക്ഷണ ദിശകളിൽ നിന്ന് ക്യാമറകളിൽ പകർത്തുകയാണ്.

"ആഗ്രഹിക്കുന്നത് നേടിയേ ഞാൻ അടങ്ങൂ...." അരുൺ സന്തോ ഷമൊതുക്കി പറഞ്ഞു. "നിങ്ങൾ എത്ര ബഹളം വെച്ചാലും ഇവരൊന്നും അനങ്ങില്ല. ഇത് തിരുവോണമെന്ന സിനിമയുടെ ഷൂട്ടിങ്ങാണ്."

അരുൺ സാന്ദ്രയുടെ കയ്യിൽ കയറിപ്പിടിച്ചു. അടക്കാനാവാത്ത രോഷത്തോടെ മറിയ അരുണിന്റെ കരണത്തടിച്ചു. "റാസ്ക്കൽ വിടെടാ...

എന്റെ മോളെ..." മറിയ രോഷത്തോടെ ചോദിച്ചു. "നിനക്കും അമ്മയും പെങ്ങൻമാരുമൊക്കെയില്ലേ?"

അതുകേട്ട് അരുൺ ചിരിച്ചുകൊണ്ട് പറഞ്ഞു. "ഇത് പഴയ ഡയലോഗാ". മറിയ അവിടെ കൂടിനിന്നവരോട് അപേക്ഷിച്ചു. "ഞങ്ങളെ രക്ഷിക്ക്. ഇതൊരു കെണിയാണ്. കുറഞ്ഞപക്ഷം പോലീസിനെയെങ്കിലും വിളിക്കൂ."

യുവാവ് ക്യാമറാമാൻമാർക്ക് നിർദ്ദേശം നൽകിക്കൊണ്ടിരുന്നു. "സക്കിർ നീ ക്യാമറ പാൻചെയ്ത് പശ്ചാത്തലവും കൂടിയെടുക്കണം. പൊതുജനത്തിന്റെ പ്രതികരണം കൂടി ശ്രദ്ധയോടെ എടുക്കണം. മഹീ... നീ ക്ലോസപ്പ് ഷോട്ടിൽ നായികയുടെ അമ്മയുടെ പ്രതികരണം ഒപ്പിയെടുക്കണം. അവരുടെ മിഴികൾ ഇപ്പോൾത്തന്നെ നിസ്സഹായതയോടെ നിറഞ്ഞു കവിയും. വേണുക്കുട്ടാ.... നീ നായികയുടെ പ്രതികരണമാണ് ഷൂട്ടു ചെയ്യേണ്ടത്. പ്രമോദ് ഇവിടെ നടക്കുന്ന സംഭവങ്ങളെല്ലാം ലോങ് ഷോട്ടിൽ എടുത്താൽ മതി..."

അരുൺ ശക്തിയായി മറിയായേ പിന്നിലേക്കു തള്ളി. അവരുടെ നെഞ്ചിൽ ഷൂകൊണ്ട് ചവിട്ടി. ഒരു കൈകൊണ്ട് സാന്ദ്രയെ ചേർത്ത് പിടിച്ച് കൗതുകത്തോടെ പറഞ്ഞു. "നിനക്കെന്നെ സ്നേഹിച്ചുകൂടെ... നിനക്കുവേണ്ടിയാണ് ഞാനീ ത്യാഗമെല്ലാം അനുഷ്ഠിക്കുന്നത്. .. ഈ ശരീരംകൊണ്ട് ഇതൊക്കെയല്ലാതെ പിന്നെയെന്താ ഒരു പ്രയോജനം..." തെല്ല് മാറ്റിയിട്ടിരിക്കുന്ന ആംബുലൻസ് കാണിച്ചുകൊണ്ടു പറഞ്ഞു. "നിന്നെ അതിൽ കയറ്റി ഈ കൊച്ചി നഗരത്തിലൂടെ പായിക്കും. അപ്പോൾ നിന്റെ ചുണ്ടുകളും എന്റെ ചുണ്ടുകളും നിന്റെ കൈകളും എന്റെ കൈകളും നിന്റെ ഉടലും എന്റെ ഉടലും നിന്റെ മനസ്സും എന്റെ മനസ്സും സംഘർഷ ഉത്സവത്തോടെ ഒന്നായി ആനന്ദ ലഹരിയിൽ ആറാടും."

റോഡിൽനിന്നും പിടഞ്ഞെഴുന്നേറ്റ മറിയ ബാസ്റ്റഡ് എന്ന് അലറിക്കൊണ്ട് അരുണിനെ ആക്രമിച്ചു. അരുൺ സാന്ദ്രയെ വിട്ട് മറിയായെ കയറി പിടിച്ചു. തലമുടിക്കുത്തിന് പിടിച്ച് ഒന്നു വട്ടംചുറ്റിച്ചു. സാന്ദ്ര ഇതിനിടയിൽ ഓടിച്ചെന്ന് മീൻ നിറച്ചിരുന്ന ഓട്ടോയുടെ പിന്നിൽ കിടന്നിരുന്ന കത്തി കൈയിലെടുത്തു. അതുമായി ഓടിച്ചെന്ന് അരുണിനെ പിന്നിൽ നിന്നും വെട്ടി. "നാറ്റ ഷിറ്റ്..."എന്നു പറഞ്ഞ് പിന്നെയും വെട്ടി. ക്യാമറാമാൻമാരും അവർക്ക് നിർദ്ദേശം നൽകിക്കൊണ്ടിരുന്ന യുവാവും പകച്ചുപോയി. അരുൺ വേദനയോടെ വിളിച്ചുകൂവി... "ചതിച്ചല്ലോടാ... നോക്കിനിൽക്കാതെ എന്നെ രക്ഷിക്ക്..." സാന്ദ്ര പിന്നെയും അരുണിനെ വെട്ടി.

പകച്ചുനിന്ന അരുണിന്റെ ആൾക്കാർ കർമ്മനിരതരായി. അവർ ആംബുലൻസിൽ അരുണിനെ വലിച്ചുകയറ്റി. ആംബുലൻസ് സൈറൺ മുഴക്കി പാഞ്ഞു.

സാന്ദ്ര ഓടിച്ചെന്ന് മറിയായെ ചേർത്തുപിടിച്ച് ആശ്വസിപ്പിച്ചു. അവിടെ തിങ്ങിക്കൂടിയ ജനങ്ങൾ നാലുവശത്തേക്കും പിൻവലിഞ്ഞു. നിറുത്തിയിട്ടിരുന്ന വാഹനങ്ങൾ മുന്നോട്ട് ചീറിപ്പാഞ്ഞു. സാന്ദ്ര താങ്ങിപ്പിടിച്ച് മറിയായെ കാറിൽ കയറ്റി.

എയർപോർട്ടിലേക്ക് യാത്ര ചെയ്യുന്നതിനിടയിൽ അവർ നിശ്ശബ്ദരായിരുന്നു. ദീർഘമായ നിശ്ശബ്ദതയെ മുറിച്ച് സാന്ദ്ര പറഞ്ഞു. “തെരുവിൽ നടന്ന സിനിമ പെട്ടെന്ന് തീർന്നതുകൊണ്ട് നമ്മൾക്ക് ഫ്ളൈറ്റ് കിട്ടും... കേരളത്തിലേക്കുള്ള ഈ യാത്ര ശരിക്കും ഒരു സാഹസികാനുഭവമായിരുന്നു.”

മറിയായുടെ മനസ്സ് പലവിധ ചിന്തകളാൽ കലുഷിതമായിരുന്നു. ‘ശരിക്കും കേരളം മാറിപ്പോയി. എന്താണ് കേരളത്തിന്റെ മാറ്റം എനിക്ക് മാത്രം ഉൾക്കൊള്ളാൻ കഴിയാത്തത്. കേരളത്തിൽനിന്നും ഇനിയൊരു വിവാഹം സാന്ദ്രയ്ക്കുവേണ്ട. ഒരപകടത്തിൽനിന്നും രക്ഷപെട്ടിട്ടും, ഒരുവനെ നിരത്തിൽ വെട്ടിവീഴ്ത്തിയിട്ടും അവൾ എത്ര ശാന്തമായാണിരിക്കുന്നത്. ശരിക്കും അവളാണ് കേരളത്തിന്റെ സംസ്കാരം പഠിച്ചത്. ‘ഷിറ്റ്’ എന്ന് തെറി പറഞ്ഞപ്പോഴും സാന്ദ്ര അതിനെ മലയാളീകരിക്കാൻ ‘നാറ്റം’ എന്ന പദം കൂട്ടി ചേർത്തില്ലേ?... തീട്ടത്തിന്റെ നാറ്റം....’

2

റിയാലിറ്റി ഷോ

കൊച്ചിയിലെ പ്രമുഖമായ ഒരു ഫൈവ്സ്റ്റാർ ഹോട്ടൽ. അതിന്റെ ലോബി വിശാലവും ആധുനിക സൗന്ദര്യം പ്രദർശിപ്പിക്കുന്നതുമാണ്.

ലോബിയിൽ വച്ചിരിക്കുന്ന വലിയ ടെലിവിഷൻ സ്ക്രീനിൽ സിനിമ ഓടുന്നുണ്ട്. അപ്പോൾ സ്ക്രീനിൽ തെളിഞ്ഞത് നായകനായ ഫഹദ് ഫാസിലിന്റെ പുല്ലിംഗം നായികയായ റിമാകല്ലുങ്കൽ ഛേദിച്ച് കളഞ്ഞ് അവനെ കട്ടിലിൽ വരിഞ്ഞ് കെട്ടിയിരിക്കുന്ന രംഗമാണ്.

ലോബിയിലിരുന്ന് ആകാംക്ഷയൊതുക്കി സിനിമകാണുന്നത് കുറച്ച് പുരുഷന്മാരാണ്. അവരിൽ ചിലർ ദീർഘമായി നെടുവീർപ്പിടുന്നതും ലിംഗ ഭാഗത്ത് അറിയാതെ തടവിനോക്കുന്നതും അനിഷ ശ്രദ്ധിച്ചു. അവരെ തീർത്തും അവഗണിച്ച് അവൾ മുന്നോട്ടുനടന്നു.

പുറത്ത് മഴ തിമിർത്തു പെയ്യുകയാണ്. കാറ്റിനും പതിവിൽ കവിഞ്ഞ മൂളൽ ശബ്ദമുണ്ട്. പ്രകൃതി ആകെക്കൂടി ഇരുണ്ടാണിരിക്കുന്നത്. മഴയും കാറ്റും ഇരുളിമയും സംയോജിച്ച രൗദ്രഭാവത്തെ അനിഷ നിരീക്ഷിച്ചു. ആരെയും ഗൗനിക്കാതെ, ആരെയും കാത്തുനില്ക്കാതെ അവൾ വേഗത്തിൽ നടന്ന് മഴയിലേക്കിറങ്ങി. മാനത്തുനിന്നും ഉരുണ്ടുകൂടിയ ഇടിയുടെ ശബ്ദം മുരണ്ടുമുരണ്ടു നിന്നു. ചലനാത്മകമായ ദൃശ്യങ്ങളും തുടർച്ചയുള്ള ശബ്ദവുമെല്ലാമായി പ്രകൃതി വൈകാരിക തീവ്രമായ അന്തരീക്ഷം നിർമ്മിക്കുന്നതായി അനിഷയ്ക്കു തോന്നി.

മഴയിൽകുളിച്ച് നനുനനുത്ത കാറ്റിന്റെ സ്പർശമറിഞ്ഞ് അനിഷ നടക്കുകയാണ്. അപ്പോൾ അവളുടെ മനസ്സ് മനുഷ്യരെക്കുറിച്ച് ചിന്തിച്ചു കൊണ്ടിരുന്നു. പ്രകൃതിയെ കീഴടക്കുകയും മെരുക്കുകയും ചെയ്തത് മനുഷ്യരോ? അതോ പുരുഷൻ മാത്രമോ? പ്രകൃതി സ്ത്രീയും അതിന്റെ രൗദ്രഭാവം പുരുഷനുമാണെന്ന് ആരാണ് കല്പ്പിച്ചത്? പ്രകൃതിയുടെ ഭാവനിയമത്തിനുമുന്നിൽ പകച്ചുനിൽക്കാനല്ലാതെ എന്തുചെയ്യുവാനാണ് മനുഷ്യന് കഴിയുക?

പ്രകൃതിയുടെ തീവ്ര ദൃശ്യവിരുന്ന് ഉൾക്കൊണ്ട് നടക്കുന്നതിനിടയിൽ അനിഷ നിശ്ചയിച്ചു. രാത്രിയിൽ കിടക്കുവാൻ സുരക്ഷിതമായൊരിടം കണ്ടെത്തണം. രാത്രിയിൽ മാത്രമല്ല പകലും കേരളത്തിലെ ഓരോ നിര

ത്തിലും ഇടങ്ങളിലും കാത്തിരിക്കുന്ന അപകടങ്ങൾ ഏറെയാണ്. സ്ത്രീ ശരീരങ്ങൾ നേരിടുന്ന അതിക്രമങ്ങൾതന്നെ ഞെട്ടിക്കുന്നതാണ്.

വനാന്തരങ്ങളിൽ മൃഗങ്ങളെ വേട്ടയാടിയിരുന്ന അതേ ഉത്സാഹത്തോടും ആവേശത്തോടും കൂടിയാണ് ഈ സമൂഹത്തിൽ സ്ത്രീശരീരങ്ങൾ വേട്ടയാടപ്പെടുന്നത്. പലപ്പോഴും കൂടെയുള്ളവരും രക്തബന്ധമുള്ളവരും വേട്ടക്കാരാവുന്നു. മാധ്യമങ്ങൾ സ്ത്രീപീഡനങ്ങളെ അതിന്റെ സ്വഭാവത്തിനനുസരിച്ച് ആഘോഷിക്കുന്നു. സ്ത്രീയുടെ ബുദ്ധി, വൈകാരികത, സാമൂഹ്യപ്രതിബദ്ധത തുടങ്ങിയവയെ തിരസ്കരിച്ച് ശരീരം നിർമ്മിച്ചെടുക്കുന്ന കാമാവസ്ഥയുടെ കാഴ്ചകളെ പ്രദർശനവിധേയമാക്കുന്ന അവസ്ഥയും വേദനയുണർത്തുന്നതു തന്നെയാണല്ലോ.

തീവ്രമായ ഓരോ ചിന്തകൾക്കൊടുവിൽ അനിഷ 'മോചന'മെന്ന വനിതാ ഹോസ്റ്റലിലെത്തി. സുഹൃത്തായ ഹേമയുടെ മുറിയിൽ ഓരോന്ന് ചിന്തിച്ചു മലർന്നുകിടന്നു. സ്ത്രീകൾ എപ്പോഴും മലർന്നുകിടന്ന് നക്ഷത്രമെണ്ണാൻ വിധിക്കപ്പെട്ടവർ മാത്രമാണല്ലോയെന്ന ചിന്ത അവളെ വലയം ചെയ്തു നിന്നു.

ആനന്ദ് 'മോചന'ത്തിലെത്തിയപ്പോൾ അനിഷയ്ക്ക് ആശ്ചര്യമൊന്നും തോന്നിയില്ല. പ്ലസ്ടുവിൽ പഠിക്കുന്ന ആനന്ദിന് ചേച്ചിയോട് കാപട്യമില്ലാത്ത സ്നേഹം മാത്രമാണുള്ളത്.

''ചേച്ചിയെന്താ മൊബൈൽഫോൺ പോലും എടുക്കാതെ, ആരോടും ഒന്നും പറയാതെ ഇവിടേക്കുവന്നത്." ആനന്ദ് പരിഭവമൊതുക്കി കുട്ടിത്തത്തെ മറച്ചുവച്ച് തുടർന്നു. "അച്ഛനും അമ്മയും വല്ലാത്ത വിഷമത്തിലാ."

അവനതു പറഞ്ഞപ്പോൾ അനിഷയ്ക്ക് പൊട്ടിച്ചിരിക്കാൻ തോന്നി. അതിനെ നിയന്ത്രിച്ചുകൊണ്ട് യുക്തിപൂർവ്വം പറഞ്ഞു. "റിയാലിറ്റിഷോയുടെ എലിമിനേഷൻ റൗണ്ടിൽ എല്ലാവരേയും ഞെട്ടിക്കുന്ന പെർഫോമൻസ് രൂപീകരിക്കുന്നതിന്റെ ആത്മസംഘട്ടനത്തിലാണ് ഞാൻ." അനിഷ വാത്സല്യമൊതുക്കി പറഞ്ഞു., "മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ചില്ലെങ്കിലും നമ്മളുടെ പെർഫോമൻസ് മറ്റുള്ളവർ ശ്രദ്ധിക്കണമല്ലോ?"

"അതൊക്കെ നമുക്ക് ആലോചിച്ച് തീരുമാനിക്കാം''. ഉത്സാഹത്തോടെ ആനന്ദ് പറഞ്ഞു. "ചേച്ചിക്ക് ആ ഹോട്ടൽ ഇഷ്ടമായില്ലെങ്കിൽ മറ്റൊന്ന് എടുക്കാം. അച്ഛനും അമ്മയും പ്രത്യേകം പറഞ്ഞു. ചേച്ചിക്ക് ഇഷ്ടമില്ലാത്തതൊന്നും അവരുട ഭാഗത്തുനിന്നും ഉണ്ടാകില്ലെന്ന്".

"ഞാനൊരു സർഗ്ഗസംഘർഷത്തിലാണ്." അനിഷ കരുതലോടെ പറഞ്ഞു. "നാളെ ഞാൻ ഹോട്ടലിൽ എത്തിക്കൊള്ളാം. ഇന്നൊരുദിവസം ഹേമയുടെ മുറിയിൽ സർഗ്ഗസംഘർഷങ്ങളുമായി ഇരിക്കട്ടെ".

മൊബൈൽഫോൺ അനിഷയ്ക്കു നൽകിക്കൊണ്ട് ആനന്ദ് ചോദിച്ചു. "അച്ഛനോടും അമ്മയോടും എന്തുപറയണം"?

"മൊബൈൽ ഉണ്ടല്ലോ." അനിഷ ആത്മധൈര്യത്തോടെ പറഞ്ഞു "ഞാൻ പരിധിക്കുള്ളിൽ തന്നെയുണ്ടെന്ന് പറഞ്ഞുകൊള്ളൂ".

ആനന്ദ് തെല്ല് വല്ലായ്മയോടെ അനിഷയോട് യാത്രയും പറഞ്ഞ് അവിടെനിന്നും തിരിഞ്ഞുനടന്നു.

മനസ്സിൽ രൂപപ്പെട്ടുവന്ന പുതിയ പെർഫോമൻസിനും ജീവിതത്തിനു മിടയിൽ അനിഷ വല്ലായ്കയോടെ നിന്നു.

'ന്യൂജനറേഷൻ പെർഫോമൻസ്' എന്ന റിയാലിറ്റി ഷോയിലെ കലാകാരന്മാരും അണിയറപ്രവർത്തകരും താമസിക്കുന്ന ഹോട്ടലിൽ അനിഷയെത്തി. അവൾക്കടുത്തേക്ക് മെല്ലെ അമ്മ ചെന്നു. അച്ഛൻ ഒളികണ്ണിട്ടു നോക്കി തെല്ല് മാറിനിൽക്കുകയാണ്. പ്രൊഡ്യൂസറുടെ മുഖത്ത് രോഷഭാവമാണ്. ഉടൻതന്നെ ഷൂട്ടുതുടങ്ങാമെന്ന നിർദ്ദേശവുമായി ഡയറക്ടറെത്തി.

"എല്ലാവരുംകൂടി തട്ടിക്കൂട്ടിയ കോമഡി പെർഫോമൻസിനോട് എനിക്ക് താല്പര്യമില്ല". അനിഷ അവരെ അമ്പരപ്പിച്ചുകൊണ്ടു പറഞ്ഞു. "ഞാനൊരു പെർഫോമൻസിന്റെ ഔട്ട്ലൈൻ പറയാം. എലിമിനേഷൻ റൗണ്ടിൽ ആ പേർഫോമൻസ് അവതരിപ്പിക്കാനേ ഞാനുള്ളൂ".

"ഷൂട്ട് മാറ്റിവയ്ക്കുന്ന പ്രശ്നമില്ല''. പ്രൊഡ്യൂസർ രോഷത്തോടെ നയം വ്യക്തമാക്കി. "ഇത്രയും സന്നാഹങ്ങൾ ഇവിടെ ഒരുക്കുവാൻ പണം മുടക്കിയത് ഞാൻ മാത്രമാണ്. എല്ലാ അർത്ഥത്തിലും നഷ്ടം എനിക്കുമാത്രമാണ്."

അവർക്കിടയിലെ തർക്കം വളർന്ന് വലുതായി. തർക്കസ്ഥലത്തേക്ക് പലരും എത്തിക്കൊണ്ടിരുന്നു. അനിഷയുടെ പക്ഷം ന്യായമാണെന്ന് ഭൂരിപക്ഷവും തലകുലുക്കി സമ്മതിച്ചു. അവരുടെ പിൻബലത്തിൽ അനിഷ പറഞ്ഞു: "ഈ പ്രൊഡ്യൂസർക്ക് ഒരു നഷ്ടവും വരാതെ ചിത്രീകരിക്കാവുന്ന പെർഫോമൻസാണ് പറയാൻ പോകുന്നത്".

എഴുതി തയ്യാറാക്കിയ പാഠത്തിന്റെ രൂപത്തിൽതന്നെ അനിഷ പെർഫോമൻസിനെപ്പറ്റി പറഞ്ഞുതുടങ്ങി.

റിയാലിറ്റിഷോയിലെ കലാകാരന്മാരും അവരുടെ കുടുംബവും താമസിക്കുന്ന ഈ ഹോട്ടൽ, എലിമിനേഷൻ റൗണ്ടിലെത്തിയ അനിഷ, ഈ ഞാൻ തന്നെ ഒരു പൂമ്പാറ്റയേപ്പോലെ അവരുടെ സ്നേഹവും പ്രോത്സാഹനവും സ്വീകരിച്ച് പാറിനടക്കുന്നു. ഒടുവിൽ പ്രിയസഹോദരൻ ആനന്ദിനൊപ്പം താമസിക്കുന്ന മുറിയിലേക്ക് ആനന്ദത്തോടെ പ്രവേശിക്കുന്നു. അവിടെ അച്ഛനും അമ്മയുമുണ്ട്. അവരുടെ മുഖത്ത് സന്തോഷത്തിനുമപ്പുറത്ത് തന്ത്രങ്ങൾ മെനഞ്ഞതിന്റെ വിജയഭാവമാണുള്ളത്.

അച്ഛൻ അത്യാവശ്യം വാങ്ങിക്കേണ്ട സാധനങ്ങൾ വാങ്ങാൻ ആനന്ദിനേയും കൂട്ടി പുറത്തേക്കിറങ്ങി. ഞാൻ ആ മുറിയിലെ വലിയ കണ്ണാടിക്കു മുന്നിൽ ശരീരംകൊണ്ട് ഓരോ ഭാവവും ഭാഷയും സൃഷ്ടിച്ചു നിന്നു. അമ്മ അവിടേക്ക് വന്ന് എന്റെ പ്രകടനങ്ങളെ പ്രോത്സാഹിപ്പിച്ചു. പിന്നെ

നയപരമായി സംസാരിച്ചുതുടങ്ങി. വൈശികതന്ത്രത്തെപ്പറ്റി, വൈശാലിയുടെ ബുദ്ധിയേയും ശരീരത്തേയുംപറ്റി, വർത്തമാനകാലത്ത് ബുദ്ധിയും ശരീരവുമുപയോഗിച്ച് പണമുണ്ടാക്കിയ സ്ത്രീരത്നങ്ങളെപ്പറ്റിയെല്ലാം. പണമാണ് എറ്റവും വലുതെന്നും പ്രശസ്തിയാണ് പണസമ്പാദനത്തിനുള്ള മാർഗ്ഗമെന്നും യുക്തികൾ നിരത്തി സ്ഥാപിച്ചു. ഈശ്വരനും വിശ്വാസങ്ങളുമെല്ലാം കേവലം സങ്കല്പ്പങ്ങൾ മാത്രമാണ്. ബുദ്ധിയുള്ളവർ അതില്ലാത്തവരെ നിയന്ത്രിച്ചു നിർത്തുവാൻ വിനിയോഗിക്കുന്ന സങ്കല്പ്പം.

സൗന്ദര്യമുള്ള ശരീരവും ബുദ്ധിപൂർവ്വമുള്ള പ്രവർത്തനങ്ങളും നടത്തുന്ന സ്ത്രീകളാണ് ലോകത്തെ വിരൽത്തുമ്പിൽ നിറുത്തുന്നത്. സ്ത്രീകൾക്കുമുന്നിൽ എന്നും തളരുന്ന പോരാളികൾ മാത്രമാണ് പുരുഷന്മാർ. അവരുടെ തകർച്ചയേയും വീഴ്ചയേയും മറച്ചുവയ്ക്കാൻ രൂപീകരിച്ച കല്പ്പനയാണ് സ്ത്രീയുടെ ചാരിത്രം.

ഇപ്പോൾ ഇവിടെ നടക്കുന്നത് റിയാലിറ്റി ഷോയ്ക്കുമുമ്പുള്ള ഒരു റിഹേഴ്സലായി കണ്ടാൽ മതി. ചെറിയൊരു മൗനത്തിനുശേഷം അമ്മ പറഞ്ഞു. "അമ്മയുടെ യുക്തിയിലേക്കും ബുദ്ധിയിലേക്കും തന്ത്രത്തിലേക്കും എന്റെ മോളും ഉയരണം." റിയാലിറ്റിഷോയെന്ന് പറഞ്ഞ് മുൻകൂട്ടി റിക്കാർഡുചെയ്തുവയ്ക്കുന്ന പെർഫോമൻസുപോലെതന്നെയാ സമ്മാനവും, അതു മുൻകൂട്ടി നിശ്ചയിച്ചു വയ്ക്കും."

പ്രൊഡ്യൂസർ വരുമ്പോൾ ചെയ്യേണ്ട കാര്യങ്ങൾ അമ്മ പറഞ്ഞു.

പ്രൊഡ്യൂസർ മുറിയിലേക്കുവന്നു. പാത്തുംപതുങ്ങിയുമാണ് വരവ്. കാപട്യമുള്ള ആ മുഖത്ത് കറുത്തകാമം നിറഞ്ഞിരുന്നു. അമ്മ പറഞ്ഞതിനേക്കാളും നന്നായി ഞാൻ പെർഫോം ചെയ്യുവാൻ തുടങ്ങി. തൊട്ടും തലോടിയും സ്വീകരിച്ചിരുത്തി. ചേർത്തുപിടിച്ച് കവിളിൽ ഊഷ്മളമായ ചുംബനം നൽകി. പ്രൊഡ്യൂസറുടെ ആവേശമുള്ള ആ ആലിംഗനത്തിൽനിന്നും തെന്നിമാറി. പിന്നെ കൊഞ്ചിക്കുഴഞ്ഞ് ഓരോന്ന് സംസാരിച്ചു. എന്റെ പെർഫോമൻസുകണ്ട് അമ്മ അങ്ങനെ രസിച്ചുനിൽക്കുകയാണ്. അമ്മയെ പിടിച്ച് മുന്നിലേക്കുനിറുത്തി വാനോളം പുകഴ്ത്തി സംസാരിച്ചു. പ്രൊഡ്യൂസർ അസ്വസ്ഥനായി തുടങ്ങിയപ്പോൾ ഗ്ലാസിൽ മദ്യം നിറച്ചുകൊടുത്തു. ഒരു ഗ്ലാസ് മദ്യം അമ്മയ്ക്കും നൽകി. ഞാൻ പ്രൊഡ്യൂസറുടെ ഗ്ലാസിൽനിന്നും ഒരു സിപ്പെടുത്ത് രുചിയോടെ ഇറക്കി. ബാക്കി മദ്യം അദ്ദേഹത്തിന്റെ വായിൽ ഒഴിച്ചുകൊടുത്തു. മദ്യത്തിന്റെ ലഹരി സിരകളിൽ പകർന്നുതന്ന ഉന്മേഷത്തിൽ ഞാൻ വസ്ത്രങ്ങൾ ഓരോന്നായി പറിച്ചെറിഞ്ഞു. പ്രൊഡ്യൂസർ നിയന്ത്രണം വിട്ട് എന്നെ കടന്നുപിടിച്ചു. അപ്പോൾ ഞാൻ അമ്മയോടു പറഞ്ഞു ഞങ്ങളെ പിടിച്ചു കട്ടിലിൽ കിടത്താൻ.

ഇവിടെ വെച്ച് അമ്മ എനിക്കു പറഞ്ഞുതന്ന പെർഫോമൻസിന് മാറ്റംവരുത്തുവാൻ നിശ്ചയിച്ചു. തുടർന്ന് ഞാൻ നിശ്ചയിച്ച പെർഫോമൻസാണ് സംഭവിച്ചത്. മുറിയിലെ കറന്റ് ഒന്നാകെ ഓഫാക്കി. മുറിയിൽ

മുഴുവൻ ഇരുട്ടാണ്. ഇരുട്ടിന്റെ മറയത്ത് ആവാഹിച്ചെടുത്ത ധൈര്യത്തിൽ പ്രൊഡ്യൂസർ ഉത്സാഹവാനും തുടർന്ന് അക്രമകാരിയുമായി. അപ്പോളയാൾ അമ്മയെ കീഴ്പ്പെടുത്തുവാനുള്ള ശ്രമത്തിലാണ്. ഇതിനിടയിൽ ഞാൻ വലിച്ചെറിഞ്ഞ വസ്ത്രങ്ങൾ തപ്പിപ്പിടിച്ചെടുത്ത് ശരീരത്തിലണിഞ്ഞ് വേഗംതന്നെ മുറിയിൽനിന്നും പുറത്തേക്കിറങ്ങി. വാതിലടച്ച് അതിൽചാരി ദീർഘനിശ്വാസത്തോടെ കണ്ണടച്ചുനിന്നു. അപ്പോൾ അകത്തെ മുറിയിൽനിന്നും ആവേശകരമായ സ്ത്രീശരീരാക്രമണത്തിന്റെ ശബ്ദങ്ങൾ കേൾക്കാം. കണ്ണുതുറന്നു നോക്കുമ്പോൾ അച്ഛനെയാണ് കണ്ടത്. അച്ഛൻ സിഗരറ്റ് വലിക്കുന്നു. അത് ഒരു ശീലമല്ലാത്തത് കൊണ്ടാണെന്നു തോന്നുന്നു പുക ആഞ്ഞ് വലിക്കുകയും പുറത്തേക്ക് ഊതുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഒന്നും സംസാരിക്കാതെ അച്ചന്റെ മുഖത്തേക്ക് നിർവികാരതയോടെ, പിന്നെ പുച്ഛത്തോടെ നോക്കിക്കൊണ്ട് ഞാൻ അവിടെനിന്നും വേഗത്തിൽ മുന്നോട്ടുനടന്നു.

ഹോട്ടലിന്റെ ലോബിയിൽ ഞാനെത്തി. അവിടത്തെ വിശാലമായ ഇടത്തിലിരുന്ന് ടെലിവിഷൻ കാണുന്ന പുരുഷന്മാർ. അവരുടെ കണ്ണ് എന്റെ ശരീരത്തിലും ടെലിവിഷന്റെ സ്ക്രീനിലും മാറിമാറി വീണുകൊണ്ടിരുന്നു. ഞാനും ടെലിവിഷന്റെ സ്ക്രീനിലേക്ക് നോക്കി. 22 ഫീമെയിൽ കോട്ടയമെന്ന സിനിമയാണ് അതിൽ തെളിയുന്നത്. വഞ്ചകനായ നായകന്റെ ലിംഗം ഛേദിച്ച് നായിക പ്രതികാരംചെയ്യുന്ന രംഗം. ഞാനപ്പോൾ പ്രതികാരത്തെപ്പറ്റി ചിന്തിച്ചു. തല്ലാം, കൊല്ലാം, വികലാംഗനാക്കാം. പിന്നെയുള്ള ജീവിതം പ്രതികാരം തീർത്ത സ്ത്രീക്ക് എങ്ങനെയുള്ളതായിരിക്കും?

അവരുടെ നോട്ടത്തേയും ഭാവത്തേയും അവഗണിച്ച് പുറത്ത് തിമിർത്തുപെയ്യുന്ന മഴയിലേക്കിറങ്ങി. പ്രകൃതി രൗദ്രമാണ്. ഞാൻ മഴയിൽ നനഞ്ഞുകുളിച്ച് വേഗത്തിൽ മുന്നോട്ടുനടന്നു. വഴിവക്കിൽ നിന്ന പുരുഷന്മാരുടെ നോട്ടം ശരീരത്തിൽ തറച്ചപ്പോൾ ഭയത്തോടെ മുന്നോട്ടോടി. അവരിൽ ചിലർ എന്റെ പിന്നാലെയുണ്ട്. ഓടുന്നതിനിടയിൽ ഞാൻ പലവട്ടം വീണു. പിന്നെയും എഴുന്നേറ്റ് ഓടി. ഓട്ടത്തിനിടയിൽ പേടിച്ചരണ്ട് ഞാൻ ചോദിച്ചു. ഒരു സ്ത്രീയുടെ ജീവിതമെങ്കിലും നിങ്ങൾക്ക് രക്ഷിച്ചുകൂടെ? നമ്മളുടെ ഈ ഭൂമി മലയാളത്തിൽ സ്ത്രീകളെ പീഡിപ്പിക്കുന്നവർ മാത്രമല്ല രക്ഷിക്കുന്നവരുമുണ്ടെന്ന് തെളിയിച്ചുകൂടെ? ഈ ഷോയിൽ വിജയിച്ചാൽ എന്റെ ജീവിതം രക്ഷപ്പെട്ടേക്കാം. അതിൽനിന്നു കിട്ടുന്ന പണം ഒരു നിമിത്തവും പ്രശസ്തി അതിനൊരു കാരണവുമാകാം.

വായിലേക്ക് ഒലിച്ചിറങ്ങിയ മഴവെള്ളം ഞാൻ ആർത്തിയോടെ കുടിച്ചിറക്കി. മുഖത്തുകൂടി ഒലിച്ചിറങ്ങിയ മഴവെള്ളം തുടച്ചെറിഞ്ഞു. ചിന്നിച്ചിതറി മുഖത്തേക്ക് വീണൊട്ടിയ മുടിയിഴകൾ കൈവിരലുകൾകൊണ്ട് കോന്തി പിന്നിലേക്കിട്ടു. മഴയിൽ നനഞ്ഞൊട്ടിനിന്ന് നിറകണ്ണുകളോടെ ഇടറിയ ശബ്ദത്തിൽ പറഞ്ഞു. (ISS<ANISHA>) എന്ന വിലാസത്തിൽ എനിക്ക് വോട്ട് രേഖപ്പെടുത്തൂ. ഒരുകിതപ്പിനു ശേഷം ഇടറിയ ശബ്ദത്തിൽ യാചനയോടെ

പറഞ്ഞു. എന്റെ വിലാസം ഒരിക്കൽക്കൂടി പറയാം. നനഞ്ഞൊട്ടിയ ശരീരത്തിന്റെ സ്ത്രീഭാവം കൈകൾക്കൊണ്ട് മറയ്ക്കാൻ വൃഥാ ശ്രമിച്ചുപൊട്ടിക്കരഞ്ഞുപറഞ്ഞു. 'പ്ലീസ് വോട്ട് ഫോർ...'

അനിഷ അവതരിപ്പിക്കാൻ പോകുന്ന പെർഫോമൻസിന്റെ ലഘു വ്യാഖ്യാനം കേട്ട് അവിടെ കൂടിയിരുന്നവർ കോരിത്തരിച്ചു. അച്ഛൻ പഴുത്തിരുമ്പിൽ കടിച്ചതുപോലെ പല്ലിളിച്ചിരുന്നു. പ്രൊഡ്യൂസർ ഒരു വിടനെപ്പോലെ നാലുചുറ്റും നോക്കി. കേൾവിക്കാരിലൊരാൾ പ്രതികരിച്ചു. "ഉഗ്രൻ, ഇതിനെ വെല്ലാൻ ഇനിയൊരു പെർഫോമൻസില്ല". മറ്റൊരാൾ ഓടിച്ചെന്ന് അനിഷയെ ചേർത്തുപിടിച്ച് അഭിനന്ദിച്ചു. "പെൺകുട്ടികളായാൽ ഇങ്ങനെ വേണം".

അനിഷ പറഞ്ഞ പെർഫോമൻസിന്റെ ആഖ്യാനത്തെപ്പറ്റിയുള്ള ചർച്ച സജീവമായി തുടങ്ങുന്നതിനിടയിൽ പ്രോഗ്രാം കോ–ഓർഡിനേറ്റർക്ക് ഒരു സംശയം തോന്നി. "ഇത് കഥയാണോ അതോ അനിഷയുടെ ജീവിതം തന്നെയാണോ?"

"ഇത്തരം ബാലിശമായ ചോദ്യങ്ങൾക്ക് ഇവിടെ ഒരു പ്രസക്തിയുമില്ല". മന്ദസ്മിതമൊതുക്കി അനിഷ പറഞ്ഞു. "എലിമിനേഷൻ റൗണ്ടിൽ ഒന്നാംസ്ഥാനം ലഭിക്കുന്ന പെർഫോമൻസിനുമാത്രമാണ് പ്രസക്തി. അതാണ് റിയാലിറ്റി."

3

അപരിചിതൻ വസ്ത്രം വലിച്ചുകീറുന്നു

ഇംഗ്ലണ്ടിലെ മ്യൂസിയം തിയേറ്ററിൽ 'ദ് ആർട്ട് ഓഫ് ബോഡി ഷോ' എന്നു പേരിട്ട ശരീരനാട്യാവതരണത്തിനുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയായി. ബോഡി ഷോ നടത്തുന്ന ഇന്ത്യൻസംഘത്തെ നയിക്കുന്നത് ശരീരഭാഷകളുടെ രംഗഭാഷ്യത്തെപ്പറ്റി പിഎച്ച്.ഡി പ്രബന്ധം രചിച്ച കോട്ടയത്ത്കാരി സുനിത മാത്യുമാമനാണ്.

ഭാരതത്തിൽ അവതരണം നിഷേധിച്ച ദ ആർട്ട് ഓഫ് ബോഡി ഷോ എന്ന കലയുടെ അവതരണം മറ്റൊരു രാജ്യത്തു നടത്തുന്നതുകൊണ്ടുതന്നെ വാർത്തകൾക്ക് ഏറെ പ്രചാരം ലഭിച്ചു.

ശീതികരിച്ച മ്യൂസിയം തിയേറ്ററിലെ അറുന്നൂറ്റിയൻപതു സീറ്റുകളും കാണികളാൽ നിറഞ്ഞു. അതിൽ കലാസ്നേഹികളും, മാധ്യമപ്രവർത്തകരും, പൊതുപ്രവർത്തകരുമെല്ലാമുണ്ട്. കാണികളുടെ ആകാംക്ഷയ്ക്ക് അന്ത്യം സൃഷ്ടിച്ചുകൊണ്ട് വേദിയുടെ യവനിക മെല്ലേ ഉയർന്നു. രംഗമണ്ഡപം പൂർണ്ണമായും ഇരുട്ടിൽ ലയിച്ചുനിൽക്കുകയാണ്. കത്തിച്ചുപിടിച്ച കോൽ വിളക്കുമായി സുനിത രംഗമണ്ഡപത്തിലേക്ക് പ്രവേശിച്ചു. രംഗമണ്ഡപത്തന്റെ വശങ്ങളിലായി സ്ഥാപിച്ചിരുന്ന മൺവിളക്കുകളിലെ തിരികൾ ഒന്നൊന്നായി കോൽവിളക്കുകളിലെ ദീപംകൊണ്ട് തെളിയിച്ചു. വേദി പൂർണ്ണമായും മൺവിളക്കിന്റെ സ്വാഭാവികപ്രഭയിൽ തെളിഞ്ഞുനിന്നു. അതിനു നടുവിൽ മനോഹരമായ ഉടയാടകൾ ധരിച്ച് പുഞ്ചിരിവിടർത്തി സുനിത നിന്നു.

കാണികളുടെയെല്ലാം ശ്രദ്ധ പൂർണ്ണമായും സുനിതയിലാണ്. സുനിത സ്ഫുടമായ കേംബ്രിഡ്ജ് ഇംഗ്ലിഷിൽ ദ് ആർട്ട് ഓഫ് ബോഡി ഷോ എന്നു പേരിട്ട ശരീരനാട്യാവതരണത്തെപ്പറ്റി വളരെ ലഘുവായി വിശദീകരിച്ചു.

മനുഷ്യർ ഉണ്ടെന്നതിന്റെ തെളിവാണ് അവരുടെ ശരീരം. ആ ശരീരത്തിന്റെ ശക്തി, സൗന്ദര്യം, ബുദ്ധി, വഴക്കം, സാധ്യത തുടങ്ങിയവ എന്തെന്നറിയുന്നവൻ ഇന്നുവരെ കുറവാണ്. അതറിയുന്ന മനുഷ്യർ ആനന്ദത്തിന്റെ ഭാഗമായി നിൽക്കുന്നു. പരാജയപ്പെടുന്ന, നിന്ദിക്കപ്പെടുന്ന, പീഡനങ്ങൾ അനുഭവിക്കുന്ന മനുഷ്യർ ദു:ഖദുരിതത്തിന്റെ ഓരോ ഭാഗങ്ങളാണ്.

എല്ലാ കലകളുടെ അവതരണത്തിലും മനുഷ്യശരീരം ചെലുത്തുന്ന സ്വാധീനം അതിതീവ്രവും തീക്ഷ്ണവുമാണ്. മനുഷ്യശരീരത്തിന്റെ നിയതാവസ്ഥ നഗ്നമാണ്. ധരിക്കുന്ന വസ്ത്രങ്ങൾ സാമൂഹ്യക്രമത്തിന്റേയോ, ആചാരച്ചിട്ടയുടേയോ ഭാഗമാണ്. നിരന്തരം മാറിമാറി വസ്ത്രങ്ങൾ ധരിക്കുന്ന മനുഷ്യർ പലതും മറച്ചുവയ്ക്കുവാൻ ശീലിക്കുന്നതിനൊപ്പം കാപട്യത്തിന്റെ സംരക്ഷകർ കൂടിയാകുന്നു.

നാട്യാചര്യനായി ഭാരതീയർ അംഗികരിച്ച് ആദരിക്കുന്ന വ്യക്തിയാണ് ഭരതമുനി. അദ്ദേഹത്തിന്റെ നാട്യശാസ്ത്രഗ്രന്ഥത്തിൽ സത്യത്തിന്റെ പൊരുൾ തേടലാണ് കലയുടെ ലക്ഷ്യമെന്നും വ്യക്തമാക്കുന്നുണ്ട്. സൗന്ദ്യരാനുഭൂതി സൃഷ്ടിക്കുകയും രസിപ്പിക്കുകയും ഉദ്ബോധിപ്പിക്കുകയുമാണ് കലയുടെ ധർമ്മം. അതിലേക്കായി സൃഷ്ടിച്ചെടുത്ത കലാരൂപമാണ് ഇവിടെ അവതരിപ്പിക്കുന്നത്.

ശരീരം സുന്ദരമാണ്. നഗ്നത ആ സൗന്ദ്യത്തിന്റെ പൂർണ്ണാവസ്ഥയാണ്. കേവലമായ നഗ്നശരീരം സൗന്ദര്യവും അർത്ഥവും ഉത്പാദിപ്പിക്കുന്നില്ല. ജീവനും ചലനവുമുള്ള ശരീരമാണ് ഒന്നിനുപുറകെ ഒന്നായി അർത്ഥോൽപ്പാദനം നടത്തുന്നത്. ഇവിടെ അവതരിപ്പിക്കുന്ന പ്രകടനരൂപം ഒരു കലമാത്രമാണെന്ന കാര്യം വിസ്മരിക്കരുത്.

സുനിത വേദിയുടെ ഒരു വശത്തേക്ക് മാറിനിന്നു, കറുത്ത് പൂർണ്ണ നഗ്നയായ ഒരു യുവതി പൂച്ചനടത്തത്തോടെ വേദിയിലേക്കു പ്രവേശിച്ചു. മൺവിളക്കിലെ ദീപങ്ങളുടെ ശോഭയിൽ കുളിച്ച് അവളുടെ എണ്ണതേച്ചുമിനുക്കിയ ശരീരം തിളങ്ങി. അവൾ രണ്ടുവട്ടം വേദിയിലൂടെ അങ്ങോട്ടുമിങ്ങോട്ടും പൂച്ചനടത്തം ആവർത്തിച്ചു. തുടർന്ന് പ്രേക്ഷകരെ കൈയുയർത്തി ചിരിച്ച് അഭിവാദ്യം ചെയ്തു.

മുൻകൂട്ടി ചിട്ടപ്പെടുത്തിയ സംഗീതത്തിന്റെ ആർദ്രതാളം അവിടേക്ക് അലയലച്ചെത്തി. ആ സംഗീതത്തിനനുസരിച്ച് സുന്ദരി അപാരമായ ശരീരവഴക്കങ്ങളെ പ്രയോജനപ്പെടുത്തി ചിട്ടപ്പെടുത്തിയെടുത്ത നാട്യാവതരണം നടത്തിത്തുടങ്ങി. ആ യുവതി സ്ത്രീശരീരത്തിന്റെ മൃദുലമായ ചലനങ്ങൾ വരെ അവതരിപ്പിക്കുന്ന നാട്യത്തിന് അർത്ഥം പകർന്നുകൊണ്ടിരുന്നു.

അവതരണത്തിന്റെ ഒരു ഘട്ടത്തിൽ വെളുത്ത് ആരോഗ്യദൃഢഗാത്രമായ നഗ്നശരീരത്തോടെ ഒരു യുവാവ് വേദിയിലേക്ക് പ്രവേശിച്ചു. സദസ്യരെ വണങ്ങിയ യുവാവ് സവിശേഷമായ സംഗീതത്തിനനുസരിച്ച് ശരീരനാട്യം അവതരിപ്പിച്ചുതുടങ്ങി. ഈ സമയത്ത് യുവതി പ്രകടനം അവസാനിപ്പിച്ച് ഒരു മൺവിളക്കിനുമുന്നിൽ ഒരു പ്രതിമപോലെ നിന്നു. വേദിയുടെ ഒരു വശത്തായി സംവിധായികയായ സുനിത എല്ലാം വീക്ഷിച്ചുകൊണ്ടും നിയന്ത്രിച്ചുകൊണ്ടും നിൽക്കുകയാണ്. സംഗീതം നിലയ്ക്കുന്ന സമയങ്ങളിൽ അവതരിപ്പിക്കുന്ന ശരീരപ്രകടനങ്ങളെപ്പറ്റി സുനിത വളരെ മൃദുവായ ശബ്ദത്തിൽ ഒന്നോ രണ്ടോ വാചകങ്ങൾ പറയും. വേദിയുടെ ചില

ഭാഗങ്ങളിലായി ഉറപ്പിച്ചിരുന്ന ക്യാമറകൾ ശരീരപ്രകടനങ്ങൾ രേഖപ്പെടുത്തിക്കൊണ്ടിരുന്നു.

വെളുത്ത പുരുഷനും കറുത്ത സ്ത്രീയും ചേർന്നവതരിപ്പിക്കുന്ന ശരീരനൃത്താവതരണഘട്ടം തുടങ്ങി. ഭാരതീയമായ അർദ്ധനാരീശ്വര സങ്കല്പ്പത്തെപ്പറ്റി സുനിത പറഞ്ഞു. തുടർന്ന് സംഗീതാവതരണത്തിന് വേഗതയേറി. യുവാവിന്റേയും യുവതിയുടേയും യൗവനയുക്തമായ ശരീരം അസാമാന്യവേഗതയിൽ അതിശയിപ്പിക്കുന്ന വഴക്കത്തോടെ തൊട്ടുരുമ്മി ഇടകലർന്ന് ശരീരനൃത്താവതരണം നടത്തിതുടങ്ങി.

അവതരണത്തിന്റെ ഓരോ നിമിഷത്തിലും പ്രേക്ഷകരുടെ ഭാവപ്രതികരണങ്ങൾ സുനിത നിരീക്ഷിച്ചുകൊണ്ടിരുന്നു. ഏറെ യുവാക്കളും എതിർലിംഗത്തിൽപ്പെട്ട അവതാരകരുടെ അവയവസൗന്ദര്യമാണ് പ്രാധാന്യത്തോടെ ആസ്വദിക്കുന്നതെന്നു വ്യക്തമായി. മധ്യവയസ്സുകഴിഞ്ഞവർ ശരീരനാട്യാവതരണത്തിന്റെ നിയതമായ അവസ്ഥതന്നെയാണ് ആസ്വദിക്കുന്നതെന്ന് സുനിതയ്ക്ക് അവരുടെ ഭാവങ്ങളിൽ നിന്നും വായിച്ചെടുക്കുവാൻ കഴിഞ്ഞു.

അനുക്രമമായി ശരീരനൃത്താവതരണത്തിന്റെ രീതിയും സ്വഭാവവും പരിവർത്തനപ്പെട്ടുകൊണ്ടിരുന്നു. വെളുത്ത പുരുഷനും കറുത്ത സ്ത്രീയും അവതരിപ്പിച്ച ശരീരനൃത്താവതരണം പുരോഗമിക്കുന്നതിനിടയിൽ വെളുത്ത സ്ത്രീയും കറുത്ത പുരുഷനും രംഗവേദിയിലേക്കു വന്നു പ്രകടനങ്ങൾ നടത്തിതുടങ്ങി. അവതരണം മൂർദ്ധന്യത്തിലേക്ക് എത്തിയപ്പോൾ അഞ്ച് പുരുഷൻമാരും അഞ്ചുസ്ത്രീകളും അതിൽ കറുത്തവരും വെളുത്തവരുമുണ്ട്. ഉയരമുള്ളവരും അത്രതന്നെ ഉയരമില്ലാത്തവരുമുണ്ട്.

വ്യത്യസ്ത ശരീരങ്ങൾ വ്യത്യസ്തരീതികളിൽ ക്രമമായും ക്രമരഹിതമായും അവതരിപ്പിച്ച പ്രകടനം സമാപിക്കുന്നതിനു മുമ്പ് അവർക്കിടയിൽ സംവിധായകയായ സുനിത കടന്നുചെന്നു. വിവസ്ത്രകർക്കിടയിൽ വസ്ത്രം ധരിച്ച യുവതി!

സുനിതയ്ക്ക് ഇരുവശവുമായി പ്രകടനക്കാർ സവിശേഷമായ രീതിയിൽ അണിനിരന്നപ്പോൾ വേദിയിലെ മൺവിളക്കുകൾ ഒന്നൊന്നായി അണഞ്ഞുതുടങ്ങി. നാട്യവേദി പൂർണ്ണമായും ഇരുളിൽ മുങ്ങിക്കഴിഞ്ഞപ്പോൾ സുനിത ആവർത്തിച്ചു പറഞ്ഞു: "ഇത് ഒരു കലാവതരണം മാത്രമാണ്."

പ്രേക്ഷകർക്കിടയിൽ നിന്നും അംഗീകാരത്തിന്റെ ഉജ്ജ്വലമായ കരഘോഷങ്ങൾ ഉയർന്നുതുടങ്ങിയപ്പോൾ യവനിക അവർക്കുമുന്നിൽ താണു.

നഗ്നരായ ശരീരനാട്യാവതാരകരോട് മനോഹരമായ വസ്ത്രങ്ങൾ ധരിച്ച് പ്രേക്ഷകർക്കിടയിലേക്ക് ചെല്ലുവാനും ആശയവിനിമയം നടത്തുവാനും സുനിത നിർദ്ദേശിച്ചു.

ശരീരനാട്യാവതാരകർ പ്രേക്ഷകർക്കിടയിലേക്കിറങ്ങിച്ചെന്ന് അവരുമായി സൗഹൃദസംഭാഷണങ്ങൾ നടത്തി. സുനിത മൊബൈൽ ഫോണിലൂടെ ഇന്ത്യയിലുള്ള ചില സുഹൃത്തുക്കളുമായി അവതരണത്തിന്റെ വിജ

യവിശേഷങ്ങൾ പങ്കുവച്ചു. ഇന്ത്യയിൽ അതൊരു വാർത്തയാക്കുവാനുള്ള നിർദ്ദേശങ്ങളും നൽകി.

വേദിയിൽ ഉറപ്പിച്ചിരുന്ന ഡിജിറ്റൽ ക്യാമറകളിൽ നിന്നും നാട്യാവ തരണം രേഖപ്പെടുത്തിയ മെമ്മറികാർഡുകളെല്ലാം സുനിത ഭദ്രമായെടുത്തു. അല്പം പോലും സമയം കളയാതെ കംപ്യൂട്ടർ റൂമിലേക്ക് പ്രവേശിച്ചു. നാട്യാവതരണം ആദ്യംമുതൽ അവസാനംവരെ മനോഹരമായി ക്രമീകരി ച്ചെടുത്തു. സുനിതയുടെ സ്വന്തം രൂപത്തെ മാത്രം അതിൽ നിന്നും മായിച്ചു കളഞ്ഞു.

സുനിതയുടെ മനസ്സിൽ ഉത്സാഹത്തിന്റെ അദൃശ്യനാട്യങ്ങൾ അമൂർത്തമായ പ്രകടനങ്ങൾ നടത്തിക്കൊണ്ടിരുന്നു. പുതിയൊരു വെബ് സൈറ്റിലൂടെ നിമിഷങ്ങൾക്കൊണ്ട് തന്റെ കലാരൂപം ലോകവ്യാപകമായി കാണുകയും ചർച്ചചെയ്യുകയും ചെയ്യുന്നതിനെപ്പറ്റി ഓർത്തപ്പോൾ സുനി തയുടെ മനസ്സിലെ അമൂർത്തമായ നാട്യപ്രകടനങ്ങൾ താണ്ഡവഭാവം കൊണ്ടാടി. ഇന്ത്യയിലെ വികലനിയമത്തിന്റെ അർത്ഥരാഹിത്യത്തെപ്പറ്റി ചിന്തിച്ചു. പാരമ്പര്യത്തിന്റെയും നിഷേധപ്രവർത്തനത്തിന്റേയും അടിമത്വ ത്തിൽനിന്നും വിട്ടുമാറാത്ത അതിന്റെ വരണ്ട രൂപമാണ് സുനിതയുടെ മന സ്സിൽ തെളിഞ്ഞത്. മാതൃരാജ്യത്തോട് ഒറ്റയാൾ ബുദ്ധിയോടെ നടത്തിയ കലായുദ്ധം ജയിച്ചതിന്റെ ആഹ്ളാദത്തോടെ കംപ്യൂട്ടർ ഇന്റർനെറ്റിലേക്ക് കണക്ട് ചെയ്തു. രേഖപ്പെടുത്തി ക്രമീകരിച്ച ദൃശ്യങ്ങൾ അപ്ലോഡു ചെയ്യുന്നതിനായി പുതിയൊരു വെബ്സൈറ്റഡ്രസ് സൃഷ്ടിച്ചു. അത് ഇന്റർനെ റ്റിലേക്ക് കൊടുത്തപ്പോഴാണറിയുന്നത് അങ്ങനെയൊരു വെബ്സൈറ്റഡ്രെ സുണ്ടെന്ന്. സുനിത ആ സൈറ്റിലേക്കുചെന്നു. അവൾ അമ്പരന്നുപോയി.

സുനിത സംവിധാനംചെയ്ത ശരീരനാട്യാവതരണമാണ് ആ സെറ്റി ലുള്ളത്. അതിന് ഒരു പ്രത്യേകതയുണ്ട്. നഗ്നയായി നിന്ന് അവതരണത്തെ നിയന്ത്രിക്കുന്നത് സുനിതയാണ്. അവതരണം നടത്തുന്നവരെല്ലാം വസ്ത്ര ങ്ങൾ ധരിച്ചിരിക്കുന്നു.

ശീതീകരിച്ച മുറിയിലിരുന്നിട്ടും സുനിതയുടെ ശരീരം വിയർത്തൊ ലിച്ചു. കർച്ചീഫുകൊണ്ട് മുഖവും ശരീരവുമെല്ലാം തുടച്ചുകൊണ്ട് സുനിത ഇന്റർനെറ്റിനു മുന്നിൽ നിന്നും എഴുന്നേറ്റ് പുറത്തേക്കിറങ്ങി.

അവതരിപ്പിക്കുന്ന നാട്യങ്ങളെക്കാൾ എത്രയോ അധികമാണ് അവ തരിപ്പിക്കാത്തനാട്യങ്ങളെന്ന് സുനിത ചിന്തിച്ചുനോക്കി. ആ നാട്യങ്ങൾ മനു ഷ്യർ കാണുകയും ആസ്വദിക്കുകയും ചെയ്യുന്നു എന്ന സത്യത്തിനു മുന്നിൽ വല്ലായ്കയൊതുക്കി നിൽക്കുവാനേ സുനിതയ്ക്ക് കഴിഞ്ഞുള്ളൂ.

4

ബലാൽസംഗം കലയും തന്ത്രവും

തൊഴിൽരഹിതരുടെ എണ്ണം അനുദിനം കേരളത്തിൽ ഏറുകയാണ്. മാറി മാറി വരുന്ന ഗവൺമെന്റുകൾ തൊഴിൽ രഹിതർക്ക് തൊഴിൽ നൽക്കുന്നതിനായുള്ള പ്ലാനും പദ്ധതിയും പ്രഖ്യാപിക്കുന്നു. പ്രഖ്യാപനങ്ങൾ അങ്ങനെ തുടരുന്നതല്ലാതെ പ്രവർത്തനങ്ങൾ ഒന്നും അവരുടെ ഭാഗത്തു നിന്നും ഉണ്ടാകാറില്ല.

രാഷ്ട്രീയക്കാർ തൊഴിൽരഹിതർക്കുവേണ്ടി സമരങ്ങൾ നടത്തുമ്പോൾ സമുദായങ്ങൾ പ്രസംഗങ്ങളിലൂടെ ചിലതു പ്രവർത്തിക്കുന്നെന്നു വരുത്തിതീർക്കുന്നു. തങ്ങളുടെ സമുദായത്തിന് നീതിലഭിക്കുന്നില്ലെന്ന് ന്യായങ്ങൾ നിരത്തി മുറവിളികൂട്ടുന്നു. മത്സരപരീക്ഷകൾ വിജയിക്കാനുള്ള കോച്ചിങ് ക്ലാസുകളാണ് അവർ സംഘടിപ്പിക്കുന്നത്. മനോഹരമായ വാക്ചാതുര്യത്തോടെ സമുദായങ്ങൾ മത്സരിച്ച് മത്സരപരീക്ഷാ വിജയത്തിനുള്ള കോച്ചിങ് ക്ലാസുകൾ സംഘടിപ്പിക്കുമ്പോൾ ശബ്ദം താഴ്ത്തിപ്പറയും എല്ലാ ജോലികളിലും നമ്മുടെ സമുദായക്കാർ വരേണ്ടതുണ്ട്. അങ്ങനെ അറിവിനൊപ്പം സമുദായസ്നേഹവും അവർ തൊഴിൽരഹിതർക്ക് പകർന്നുനൽകുന്നു. പ്രതിഫലമായി അത്രയൊന്നും കോലാഹലങ്ങളില്ലാതെ കനത്ത ഫീസ് തൊഴിൽ രഹിതരിൽ നിന്നും ഈടാക്കുന്നു.

തൊഴിൽ രഹിതർക്ക് തൊഴിൽ ലഭിക്കാത്തതിനൊപ്പം ചൂഷണം ചെയ്യപ്പെടുന്നതിന്റെ ഒരു ചിത്രം മാത്രമാണിത്. തൊഴിൽരഹിതർക്ക് ചെയ്യുവാൻ കഴിയുന്ന മാന്യമായ തൊഴിലാണ് വിദ്യാഭ്യാസം. കേരളത്തെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസത്തിന്റെ തോത് പടിപടിയായി ഉയർന്ന് ഏതാണ്ട് എല്ലാവരും തന്നെ അക്കാദമിക വിദ്യാഭ്യാസത്തിന്റെ ഉന്നത നിലയിലെത്തിയവരാണ്.

എം.എയും എം.ഫിലും കഴിഞ്ഞാൽ പിന്നെ നടത്താവുന്ന പഠനം പിഎച്ച്.ഡിയാണല്ലോ. പിഎച്ച്.ഡിക്ക് ചേരുന്നത് എളുപ്പമാണ്. ഒരു വിഷയം കണ്ടെത്തുന്നതാണ് പ്രശ്നം. കാരണം എല്ലാ വിഷയങ്ങളിലുംതന്നെ ഒന്നിലധികം ഗവേഷണങ്ങൾ നടന്നുകഴിഞ്ഞു.

തൊഴിൽരഹിതനായ കർണ്ണൻ എം.എയും എം.ഫിലും കഴിഞ്ഞ് പിഎച്ച്.ഡിക്ക് യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റിൽ ചേർന്നു. കർണ്ണൻ ഏതു വിഷയത്തെപ്പറ്റിപ്പറഞ്ഞാലും മേൽനോട്ടം വഹിക്കുന്ന സുശീലൻ സാറിന് അത് അംഗീകരിക്കുവാൻ കഴിയുമായിരുന്നില്ല. കാരണം ലളിതം. കർണ്ണൻ പറയുന്ന വിഷയങ്ങളിലെല്ലാം ഒന്നിലധികം പിഎച്ച്.ഡി ബിരുദങ്ങൾ നല്കിക്കഴിഞ്ഞിരിക്കുന്നു. സാഹിത്യം, സംസ്കാരം, ചരിത്രം, സിദ്ധാന്തം, ശരീരഭാഷ, ഉത്താരാധുനികത, ഘടനവാദം, അപനിർമ്മാണം, അതികഥാസങ്കേതങ്ങൾ തുടങ്ങിയ മേഖലകളെപ്പറ്റിയും ഒന്നിലധികം ഗവേഷണ ബിരുദങ്ങൾ തന്നെ നൽക്കിക്കഴിഞ്ഞു.

കർണ്ണന്റെ ചിന്തകൾ വിഷയങ്ങൾ കണ്ടെത്തുന്നതിൽനിന്നും പിന്മാറി സുശീലൻ മാഷിന്റെ പ്രീതി സമ്പാദിക്കുന്നതിലായി. സാറ് അനുവദിച്ചാൽ ഏതു വിഷയത്തിലും ഗവേഷണം ചെയ്യാവുന്നതേയുള്ളൂ. സുശീലൻ സാറിന്റെ പ്രീതി സമ്പാദിക്കുവാനുള്ള ശ്രമത്തിനിടയിലാണ് സാറിന്റെ ഇഷ്ടവിഷയത്തെപ്പറ്റി അറിയുവാൻ കഴിഞ്ഞത്. സ്ത്രീസംബന്ധമായ വിഷയങ്ങൾ! പ്രത്യേകിച്ച് ജാരസംഗമങ്ങളുടേയും ബലാൽസംഗങ്ങളുടേയും വർത്തമാനങ്ങൾ. ജാരസംഗമങ്ങൾ നടത്തുന്നവരോടും ബലാൽസംഗങ്ങൾ നടത്തുന്നവരോടും സാറിനെന്നും ആദരവായിരുന്നു.

ഒരു ദിവസം കർണ്ണൻ തന്ത്രപൂർവ്വം അവൻ കണ്ടെത്തിയ പുതിയ വിഷയത്തെപ്പറ്റി സുശീലൻ പറഞ്ഞു. 'ബലാൽസംഗം കലയും തന്ത്രവും കേരള സംസ്കാരത്തെ മുൻനിറുത്തി ഒരു പഠനം'. വിഷയം സുശീലൻ ഇഷ്ടപ്പെട്ടുവെന്നു മാത്രമല്ല, ആ വിഷയത്തെപ്പറ്റി മണിക്കൂറുകളോളം വാചാലമായി സംസാരിക്കുകയും ചെയ്തു. സാഹിത്യഗവേഷണത്തിന്റെ മേഖലയിൽ പുതിയൊരു വിഷയം കണ്ടെത്തിയവാർത്ത സുശീലൻ സാറ് സഹപ്രവർത്തകരെ മുഴുവൻ അറിയിക്കുകയും ചെയ്തു.

പിഎച്ച്.ഡി പ്രബന്ധത്തെ നാലുഭാഗങ്ങളായിട്ടാണ് തിരിച്ചിരിക്കുന്നത്. ബലാൽസംഗത്തിന്റെ ചരിത്രവും വർത്തമാനവും, സാഹിത്യത്തിലെ ബലാൽസംഗങ്ങൾ, സംസ്കാരചരിത്രത്തിലെ ബലാൽസംഗങ്ങൾ, ബലാൽസംഗത്തിന്റെ കാലികപ്രസക്തി എന്നിവയാണ് പ്രബന്ധത്തിന്റെ പ്രധാനപ്പെട്ട നാലു ഭാഗങ്ങൾ. ഓരോ ഭാഗത്തിനും പല അധ്യായങ്ങളും ഉപമേഖലകളുമുണ്ട്. ഈ നാലു ഭാഗങ്ങൾ കൂടാതെ ആമുഖവും ഉപസംഹാരവും പ്രബന്ധത്തിന്റെ ഭാഗമായുണ്ട്.

ബലാൽസംഗത്തിന്റെ ചരിത്രത്തെയും വർത്തമാനത്തെപ്പറ്റിയും പറയുമ്പോൾ ഹവ്വയെ സാത്താൻ പ്രലോഭിച്ചതും സീതയെ രാവണൻ തട്ടിയെടുത്തതും പ്രലോഭിച്ചതുമെല്ലാം ബലാൽസംഗത്തിന്റെ ചരിത്രപശ്ചാത്തലമുള്ള ഇതിഹാസവശമാണ്. തുടർന്ന് ഓരോരോ ഇതിഹാസകൃതികളിലെ ബലാൽസംഗങ്ങൾ ചിത്രീകരിക്കുന്നു. സാഹിത്യചരിത്രത്തിലെ ബലാൽസംഗങ്ങളിൽ രാജഭരണം, ഏകാധിപത്യം, ജനാധിപത്യം തുടങ്ങിയ ഭരണക്രമ

ത്തിൽ ബലാൽസംഗങ്ങൾ സംഭവിക്കുന്നതിനെപ്പറ്റി കൃതികളിൽ വന്ന പ്രതിപാദനത്തെ അടിസ്ഥാനമാക്കിയാണ് പഠനം. തുടർന്നാണ് ബലാൽസംഗത്തിന്റെ കാലിക പ്രസക്തിയിലേക്ക് വരുന്നത്. പ്രശസ്തി നേടുവാനുള്ള, ശ്രദ്ധതിരിക്കുവാനുള്ള പ്രയോഗമായിട്ടാണ് കാലികമായി ബലാൽ സംഗങ്ങളെ ഉപയോഗിക്കുന്നത്. ബലാൽസംഗത്തെ കലയായി ചിത്രീകരിച്ച് അവതരിപ്പിക്കുന്ന സിഡികൾ ഏറെ കാഴ്ചക്കാരെ ആകർഷിക്കുന്ന കലാമാധ്യമമാണ് വിഡിയോയുമായി ബലാൽസംഗങ്ങൾ ആഘോഷിക്കുന്നവരും ഏറെയാണ്. അമേരിക്കൻ പ്രസിഡന്റുമുതൽ കേരളത്തിലെ മന്ത്രിമാർ വരെ നീണ്ടുനിൽക്കുന്ന വിപുലമായ കാലികോപയോഗ സംഭവമാണ് ബലാൽസംഗം.

ഗവേഷണത്തിന്റെ ഉപസംഹാരത്തിൽ ബലാൽസംഗത്തെ സ്വകാരകലയായും രേഖപ്പെടുത്തുന്ന കലയായും ചത്രീകരിക്കുന്നു. ഒരു വ്യക്തി സ്ത്രീയോ പുരുഷനോ മറ്റൊരു സ്ത്രീയെയോ പുരുഷനെയോ ബലമായി ശാരീരികബന്ധത്തിന് വിധേയമാക്കുന്നതാണ് ബലാൽസംഗം. സ്വന്തം ഇഷ്ടപ്രകാരം ചെയ്യുന്ന ഇത്തരം പ്രവൃത്തിയെ സ്വകാര്യകലയെന്നും പറയുമ്പോൾ സി.ഡികളിലും മറ്റും രേഖപ്പെടുത്തി വിപണനം ചെയ്യുന്നതിന് രേഖപ്പെടുത്തുന്ന കലയെന്നാണ് പറയുന്നത്. ബലാൽസംഗങ്ങളെക്കുറിച്ച് പത്രമാസികകളിലും ഇന്റർനെറ്റിലെ സൈറ്റുകളിലുമെല്ലാം വരുന്ന വാർത്തകൾ, ചിത്രീകരണങ്ങൾ, ചർച്ചകൾ തുടങ്ങിയവയെ ബലാൽസംഗസാഹിത്യമെന്നാണ് പറയുന്നത്. കാലികമായി കേരളത്തിലെ പത്രമാസികകൾ, ടെലിവിഷൻചാനലുകൾ തുടങ്ങിയവയെല്ലാം ബലാൽസംഗ വിഷയങ്ങൾ ഏറെ കൈകാര്യം ചെയ്യുന്നു. യാഥാർത്ഥത്തിൽ ലോകസാഹിത്യത്തിലെ തന്നെ ഒരു ശക്തമായ വിഭാഗമായി ബലാൽസംഗസാഹിത്യം വളരുന്നു. ഈ സാഹിത്യം അച്ചടിസാഹിത്യം, സൈബർസാഹിത്യം എന്നീ രണ്ട് കൈവഴികളിലൂടെയാണ് വളരുന്നത്.

വളരെ അടുക്കോടും ചിട്ടയോടും കൂടി നിരവധി സംഭവങ്ങളും ഒപ്പം ഉദ്ധരണങ്ങൾ ഉൾപ്പെടുത്തി ചെയ്ത ഗവേഷണകൃതി മനോഹരമായിരിക്കുമെന്ന് സുശീലൻസാറുതന്നെ സമ്മതിച്ചു. സുശീലൻസാറിന്റെ സമ്മതം കർണ്ണനെ സന്തോഷവാനുമാക്കി.

പ്രബന്ധം സമർപ്പിക്കുന്നതിനായി എത്തിയപ്പോൾ സുശീലൻ സാറ് കർണ്ണനോട് ഒരു ചോദ്യം ചോദിച്ചു. “കർണ്ണന് ബലാൽസംഗത്തെപ്പറ്റി എന്തറിയാം?”ചോദ്യം കേട്ട കർണ്ണൻ പതറി നിന്നു. സുശീലൻസാറ് സ്വതസിദ്ധമായ ചിരിയോടെ തുടർന്നു. “അനുഭവംകൊണ്ട് ആർജ്ജിച്ചെടുത്ത അറിവുമായി വന്നാൽ മാത്രമേ പ്രബന്ധം സമർപ്പിക്കാൻ പറ്റുകയുള്ളൂ.”

കർണ്ണൻ പരാജിതനെപ്പോലെ സുശീലൻസാറിന്റെ മുന്നിൽ നിന്നു. പിന്നെ ധൈര്യം സംഭരിച്ച് തന്റെ ഭാഗം ന്യായീകരിച്ചു. “സാർ ഇതൊരു പഠനമല്ലേ. അതിന് അനുഭവത്തിന്റെ ആവശ്യമുണ്ടോ?”

"അനുഭവമില്ലാത്തവൻ വിഡ്ഢിയാണ്" സുശീലൻസാറ് തുടർന്നു. "ഒരു വിഡ്ഢിയുടെ പ്രബന്ധം സമർപ്പിക്കുവാൻ എങ്ങനെ സമ്മതിക്കാനാവും."

"ഭാവനാസമ്പന്നരല്ലേ സാർ കവിതകളും കഥകളുമെഴുതുന്നത്." കർണ്ണൻ ന്യായീകരിച്ചു പറഞ്ഞു. "അവരെല്ലാവരും അനുഭവിച്ചറിഞ്ഞതോ കണ്ടറിഞ്ഞതോ ആയ കാര്യങ്ങളാണല്ലോ എഴുതുന്നത്."

"അത് അവരുടെ കാര്യം" "സുശീലൻ പരിഹാസത്തോടെ തുടർന്നു. "ഇതൊരു അധികാരിക പഠനമാണ്. അനുഭവമുണ്ടെങ്കിലേ ആ പഠനം അംഗീ കരിക്കാൻ കഴിയൂ."

കർണ്ണൻ ഉത്തരം മുട്ടി വിനീതനായി നിന്നു.

സുശീലൻ വിജയഭാവത്തിൽ തുടർന്നു. "പ്രബന്ധം മുഴുവൻ ഒരു പ്രാവശ്യംകൂടി പകർത്തിയെഴുതി കൊണ്ടുവരൂ. അപ്പോൾ സമർപ്പിക്കണോ വേണ്ടയോ എന്ന് ഞാനന്ന് ആലോചിക്കാം."

അറുന്നൂറിലധികം വരുന്ന പ്രബന്ധപേജുകൾ പകർത്തിയെഴുന്ന തിന്റെ ഗതികേടുകളെ പറ്റി ചിന്തിച്ചുകൊണ്ട് കർണ്ണൻ അല്പസമയം നിന്നു. പിന്നെ വിനീതനായി തിരക്കി. "സാറിന് അനുഭവമുണ്ടെങ്കിൽ പറഞ്ഞാൽ മതി. അത് ഞാനീ പ്രബന്ധത്തിൽ ചേർത്തുകൊള്ളാം."

അതിന്റെ ഉത്തരമായി സുശീലൻ സാറ് ഒരു മണ്ടൻ ചിരി ചിരിച്ചു.

പ്രബന്ധം അവതരിപ്പിക്കണമെങ്കിൽ ഇനി ഒറ്റവഴിയേയുള്ളൂ. സുശീ ലൻ സാറിനെ സന്തോഷിപ്പിക്കണം.

സുശീലൻസാറ് തന്റെ ബലാൽസംഗ അനുഭവങ്ങളെപ്പറ്റി വാചാലനായി.

സുശീലൻ സാറുപറയുന്നതുമുഴുവൻ കള്ളമാണെന്ന് കർണ്ണനു മന സ്സിലായി. എന്നിട്ടും സാറ് പറയുന്നതുമുഴുവൻ ആശ്ചര്യം പ്രകടിപ്പിച്ച് കേട്ടി രുന്നു. ഇതുവരെ ഒരു നിയമത്തിനും പൊതുജനത്തിനും കണ്ടുപിടിക്കാനോ തെളിയിക്കാനോ കഴിയാത്ത വിധത്തിലാണ് ബലാൽസംഗങ്ങൾ നടത്തിയ തെന്നുകൂടി പറയുവാൻ സുശീലൻ സാറ് മറന്നില്ല.

കർണ്ണൻ ഗതികേടുകളെ ശപിച്ചുകൊണ്ട് പ്രബന്ധം പകർത്തി യെഴുതിത്തുടങ്ങി. രണ്ടാഴ്ചത്തെ കഠിനപ്രയത്നത്തിനുശേഷം വീണ്ടും സുശീലൻസാറിനെ കാണുവാൻ ഡിപ്പാർട്ടുമെന്റിലെത്തി. അപ്പോഴാണ് ദാരു ണമായ സംഭവം നടന്നത്. ഡിപ്പാർട്ടുമെന്റിലെ ഒരു വിദ്യാർത്ഥിനിയെ മാന ഭംഗപ്പെടുത്താൻ സുശീലൻ സാർ ശ്രമിച്ചു. സംഭവം വൻ വിവാദമായി. സുശീ ലൻസാറിനെ പിടിച്ച് ലോക്കപ്പിലിട്ടു. മാധ്യമങ്ങൾ ആഘോഷിച്ചു. എല്ലാ ത്തിനും ഒടുവിൽ സുശീലൻ ലോക്കപ്പിലായി.

കർണ്ണൻ വിനീതഭാവത്തോടെ പോലീസ്സ്റ്റേഷനിലെ ലോക്കപ്പിനു മുന്നിലെത്തി. അവിടെ ലോക്കപ്പിനുള്ളിൽ ചെറിയൊരു കൗപീനം മാത്രമുടുത്തു കിടക്കുന്ന സുശീലൻ.

ഗുരുവും ശിഷ്യനും അങ്ങനെ തന്നെ അല്പസമയം മുഖാമുഖം നോക്കിനിന്നു. മൗനത്തെ മുറിച്ചുകൊണ്ട് കർണ്ണൻ തിരക്കി: "ഇത്രയും പരി ചയമുണ്ടെന്ന് പറഞ്ഞ സാറിന് എങ്ങനെ ഇങ്ങനെയൊരബദ്ധം പറ്റി.?"

"ബലാൽസംഗങ്ങൾ എത്രനടത്തിയെന്നു പറഞ്ഞിട്ടും ഒരു കാര്യവുമില്ല." സുശീലൻ പറഞ്ഞു. "പിടിക്കപ്പെടുമ്പോഴാണ് നമ്മുടെ കഴിവ് ചുറ്റുമുള്ളവർ അറിയുന്നത്. ഇന്ന് എല്ലാ പത്രങ്ങളിലും ടി.വി. ചാനലുകളിലും ഞാനല്ലേ ഹീറോ." എനിക്ക് ശക്തമായ ലിംഗവും പുരുഷത്വവുമുണ്ടെന്ന് സമൂഹം മുഴുവനും ഒരാഘോഷം പോലെയറിഞ്ഞില്ലേ?"

കർണ്ണൻ സമാധാനമൊന്നും പറയാൻ കഴിയാതെ നിന്നു. അപ്പോൾ സുശീലൻ സാറ് പറഞ്ഞു. "ഇനി ആ പ്രബന്ധം ഞാൻ തന്നെ പ്രസിദ്ധീകരിച്ചുകൊള്ളാം. കർണ്ണൻ ബലാൽസംഗത്തെ സാഹിത്യവശത്തെപ്പറ്റി മറ്റൊരു പ്രബന്ധമെഴുതിക്കൊള്ളൂ."

കർണ്ണൻ അല്പസമയം കൂടി വിവിധവികാരങ്ങളോടെ സുശീലൻ സാറിനെ നോക്കിനിന്നു. പിന്നെ ഒന്നും പറയാതെ അവിടെനിന്നും തിരിഞ്ഞ് നിശ്ശബ്ദം നടന്നു. അപ്പോൾ എവിടെ നിന്നെല്ലാമോ ബലാൽസംഗം ചെയ്യപ്പെടുന്ന സഹജീവികളുടെ രോദനം കർണ്ണന്റെ കാതുകളിൽ എത്തിക്കൊണ്ടിരിക്കുന്നു.

5

ക്യാമറ

ചിത്രങ്ങളും കാഴ്ചകളും പാട്ടും കഥയുമെല്ലാം വിനീഷിന് ഇഷ്ട മാണ്. സിനിമകൾ ആവേശത്തോടെ കണ്ടു. ടെലിവിഷനിലെ വൈവിദ്ധ്യ മുള്ള കാഴ്ചകൾ കൗതുകമൊതുക്കി നിരീക്ഷിച്ചു. കുത്തിക്കുറിക്കുന്ന കൊച്ചു കവിതകളും ചെറുകഥകളും വരയ്ക്കുന്ന ചിത്രങ്ങളും 'ചിറക്' എന്ന ബ്ലോഗിൽ പോസ്റ്റ് ചെയ്തു.

വിനിഷിന്റെ അച്ഛൻ രമേശൻ നായർ ഒരു ണയൻ-ഡി ക്യാമറ മേ ടിച്ചു. ഇഷ്ടമുള്ളതെല്ലാം പകർത്തിക്കൊള്ളുവാൻ പറഞ്ഞ് രമേശൻ നായർ ക്യാമറ വിനീഷിന് നൽകി.

കൈയിൽകിട്ടിയ ക്യാമറകൊണ്ട് ഒരു ഡോക്യുമെന്ററി എടുക്കുവാൻ വിനീഷ് നിശ്ചയിച്ചു. ദാരിദ്ര്യത്തേയും ഇല്ലായ്മയേയും തോൽപ്പിച്ച് മികച്ച ബാലതാരത്തിനുള്ള ദേശീയപുരസ്കാരം നേടിയ നോയലിനെപ്പറ്റി തന്നെ യായിരിക്കണം ഡോക്യുമെന്ററിയെന്നും ഉറപ്പിച്ചു.

ഗാന്ധി നിവാസ് കോളനിയിലാണ് നോയൽ താമസിക്കുന്നത്. അവൻ പഠിക്കുന്നത് സ്ഥലത്തെ ഗവൺമെന്റ് സ്കൂളിലാണ്. വിനീഷ് പഠി ക്കുന്നത് നഗരത്തിലെ ഏറ്റവും മുന്തിയ ഇംഗ്ലീഷ് മീഡിയം സ്കൂളിലും. നോയലിന്റെ അമ്മ വിനീഷിന്റെ വീട്ടിൽ ഇടയ്ക്കൊക്കെ അടുക്കളപ്പണിക്കും മറ്റുമായി വരുമായിരുന്നു. അമ്മയോടൊപ്പം വിനീഷിന്റെ വീട്ടിലെത്തുന്നത് നോയലിന് വലിയ ഇഷ്ടമായിരുന്നു. ആ കാഴ്ചയാണ് അവരെത്തമ്മിൽ സുഹൃത്തുക്കളാക്കിയത്. സിനിമയിലഭിനയിച്ച് ദേശീയപുരസ്കാരവും പ്രശ സ്തിയും നേടിയെങ്കിലും വിനീഷിനുചുറ്റും ഇല്ലായ്മയുടെ കഷ്ടതകളാണുള്ളത്.

ഡോക്യുമെന്ററിയിൽ അവതരിപ്പിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാ ണെന്ന് മനസ്സിൽ ഒരു രൂപരേഖയുണ്ടാക്കി. ആദ്യംകാണിക്കേണ്ടത് ഗാന്ധി നിവാസ് കോളനി. ആ കോളനിയിലുള്ള കുടിലുകൾ. ആ കുടിലുകളിലെ മനുഷ്യരുടെ ജീവിതം. ഡോക്യുമെന്ററി ചിത്രം പിടിക്കുന്നതറിഞ്ഞ് ഓടിവ രുന്ന നോയൽ. അവനെപ്പറ്റിത്തന്നെയാണ് ചിത്രമെന്നറിയുമ്പോൾ മുഖത്ത് വിടരുന്ന ആശ്ചര്യം. നോയലിന്റെ വീട്. അമ്മ, അച്ഛൻ തുടങ്ങിയവരുടെ പ്രതി കരണങ്ങൾ. പ്രകൃതിയോടും സഹജീവികളോടുമുള്ള അവന്റെ കാരുണ്യം.

പഠിക്കുന്ന സ്കൂൾ, സ്കൂളിലെ സഹപാഠികൾ, അധ്യാപകർ. സിനിമയോടും ഇതരകലകളോടുമുള്ള അവന്റെ മനോഭാവം. നോയലിന് ദേശീയപുരസ്കാരം നേടിക്കൊടുത്ത സിനിമയുടെ സംവിധായകൻ സിദ്ധാർത്ഥ് ശിവയുമായുള്ള അഭിമുഖം. കുറഞ്ഞനാളുകൊണ്ട് സിദ്ധാർത്ഥ് ശിവയും നോയലും തമ്മിലുണ്ടായ ആത്മബന്ധം.എല്ലാറ്റിനുമൊടുവിൽ പ്രാരാബ്ദങ്ങളുടെ ഭാണ്ഡവും പേറി ജീവിതത്തോട് ഒരുപിടി സ്വപ്നങ്ങളുമായി മല്ലടിക്കുന്ന നോയൽ. നല്ല ദൃശ്യങ്ങളും ഉചിതമായ വിവരണവും കോർത്തിണക്കിയാൽ 'ക്യാമറ' എന്ന് പേരിടുവാൻ ഉദ്ദേശിച്ചിരിക്കുന്ന ഡോക്യുമെന്ററി നന്നാവുകതന്നെ ചെയ്യുമെന്ന് വിനീഷിന്റെ മനസ്സ് ആവേശത്തോടെ പറഞ്ഞുകൊണ്ടിരുന്നു.

പ്രഭാതത്തിൽതന്നെ ക്യാമറയുമായി വിനീഷ് ഗാന്ധിനിവാസ് കോളനിക്കുമുന്നിലെത്തി. അതിന്റെ മുന്നിൽ സ്ഥാപിച്ചിരിക്കുന്ന ഗാന്ധിജിയുടെ പ്രതിമ വിവിധ വീക്ഷണ ദിശകളിൽനിന്ന് ക്യാമറയിലേക്ക് ഒപ്പിയെടുത്തു. നീലാകാശത്തുകൂടി ചിലച്ചുകൊണ്ടു പറന്നുപോകുന്ന വെള്ള കൊറ്റികളെ ക്യാമറയിലേക്ക് പകർത്തി. അടുത്തടുത്ത് സ്ഥിതിചെയ്യുന്ന സൗന്ദര്യമില്ലാത്ത വീടുകൾ. അതിന്റെ അസൗകര്യങ്ങൾ കണക്കിലെടുക്കാതെ ഓടിക്കളിക്കുന്ന കുട്ടികൾ. വൃത്തിഹീനമായി മാലിന്യങ്ങൾ കൂമ്പാരം കൂട്ടിയിരിക്കുന്നു. അതിന്റെ മുകളിൽനിന്ന് മാലിന്യങ്ങൾ കൊത്തിവലിക്കുന്ന കാക്കകൾ. മലിനജലമൊഴുകുന്ന ചാല്. അതിലേക്ക് പന്ത് എടുക്കുവാൻ ഇറങ്ങുന്ന നാലഞ്ച് കുട്ടികൾ.... തുടങ്ങിയവയെല്ലാം വേഗം തന്നെ ക്യാമറയിലേക്ക് പകർത്തി. മാലിന്യങ്ങളുടേയും മലത്തിന്റെയും രൂക്ഷഗന്ധം പകർത്താൻ കഴിയില്ലല്ലോ എന്നാലോചിച്ചു. മനസ്സിൽ തന്നെ അതിനുള്ള പരിഹാരവും കണ്ടെത്തി. ഒരാൾ മാലിന്യക്കൂമ്പാരങ്ങളെനോക്കി അസ്വസ്ഥതയോടെ മൂക്കുപൊത്തിയാൽ രൂക്ഷഗന്ധത്തിന്റെ സാന്നിദ്ധ്യം കാഴ്ചക്കാർക്കും ബോധ്യമാകും.

'വിനീഷ്' എന്ന് ശബ്ദത്തിൽ വിളിച്ചുകൊണ്ട് അങ്ങ് ദൂരെനിന്നും ഓടിവരുന്ന നോയൽ. ക്യാമറ അങ്ങോട്ടുതിരിച്ച് നോയലിന്റെ ഓട്ടം ചിത്രീകരിക്കുകയാണ് വിനീഷ്. ഓട്ടത്തിനിടയിൽ ഒരുകല്ലേൽ ചവിട്ടി തെന്നി നോയൽ ഇടുങ്ങിയവഴിയിലേക്ക് വീണു. വിനീഷ് അതെല്ലാം അങ്ങനെതന്നെ ചിത്രീകരിച്ചു. നോയൽ പിടഞ്ഞെഴുന്നേറ്റ് ശരീരത്തിൽ പറ്റിയ അഴുക്കുകൾ തട്ടിക്കളഞ്ഞ് വീണ്ടും ഓടിവരികയാണ്.

നോയൽ കിതച്ചുകൊണ്ട് വിനീഷിന്റെ അടുത്തെത്തി. വിനീഷ് ക്യാമറയിൽ രേഖപ്പെടുത്തിയ ദൃശ്യങ്ങൾ നോയലിനു കാണിച്ചുകൊടുത്തു. "നീ വലിയൊരു സംവിധായകനാകും. ഈ ദൃശ്യങ്ങൾക്കൊക്കെ എന്തൊരു ഭംഗിയാ". നോയൽ പറഞ്ഞു. "നീയൊരു സംവിധായകനായിട്ടുവേണം എനിക്ക് നായകനായിട്ട് അഭിനയിക്കാൻ".

വിനീഷ് ചിരിച്ചുകൊണ്ടുപറഞ്ഞു. "നിന്നെ ഞാൻ വില്ലനേ ആക്കുകയുള്ളൂ."

"അതെന്താ നീ അങ്ങനെപറഞ്ഞത്" നോയൽ ആകാംക്ഷയോടെ തിരക്കി.

"നിനക്ക് സ്ത്രീവിഷയങ്ങളിൽ അൽപ്പം താല്പര്യം കൂടുതലല്ലേ?" വിനീഷ് തുടർന്നു. "സിനിമയിലെ നായികയെ റെയിപ്പ് ചെയ്യുന്നത് വില്ലനാ. നായകൻ ചുമ്മാ നോക്കിനിന്നതിനുശേഷം വില്ലനിട്ട് രണ്ട് ഇടികൊടുക്കും. അത്രതന്നെ".

"നീയെന്നെ അത്തരക്കാരനായിട്ടാണോ കാണുന്നത്?" നോയൽ ചോദിച്ചു. "ന്യൂജനറേഷൻ സിനിമയിലെല്ലാം നായകൻതന്നെയല്ലേ വില്ലൻ?"

അവർ അങ്ങനെ ഓരോന്ന് സംസാരിച്ചുകൊണ്ട് നോയലിന്റെ വീട്ടിലേക്ക് നടന്നു. വൃത്തി തീരെയില്ലാത്ത വഴികളിലൂടെയും വീടുകളുടെ മുന്നിലൂടെയും നടന്നപ്പോൾ വിനീഷിന് വല്ലായ്ക തോന്നി.

"ഇങ്ങനെയും കുറെ മനുഷ്യർ ജീവിക്കുന്നുണ്ട്". നോയൽ പറഞ്ഞു "വിനീഷേ നീയൊക്കെ ജീവിക്കുന്നത് ഭൂമിയിലെ സ്വർഗ്ഗത്തിലാ. എങ്ങനെയെങ്കിലും കുറെ പണമുണ്ടാക്കിയിട്ടുവേണം ഇവിടെനിന്നും മാറിതാമസിക്കുവാൻ".

അവർ നടന്ന് നോയലിന്റെ വീട്ടിലെത്തി. മറ്റു കുടിലുകളുമായി താരതമ്യം ചെയ്യുമ്പോൾ നോയലിന്റെ വീട് വളരെ ഭേദപ്പെട്ടതാണ്. അല്പ്പം ഉയർന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന ആ വീട്ടിൽനിന്നു നോക്കിയാൽ ചേരിയിലെ കുറെയധികം വീടുകൾ കാണാം. പലവീടുകളിലേയും അടുപ്പുകളിൽ വിറകുകത്തിക്കുന്നതിന്റെ പുകയുയർന്ന് അന്തരീക്ഷത്തിൽ ലയിച്ചു നിൽക്കുന്നു.

"നിന്റെ അമ്മയും അച്ഛനും?" വിനീഷ് ആകാംക്ഷയോടെ തിരക്കി.

"അച്ചൻ ജോലിക്ക് പോയതാ. ഇന്നലെ പോയിട്ട് തിരിച്ചുവന്നില്ല. ഇനി നാളെയേ വരൂ. അമ്മ രാവിലെതന്നെ പെങ്ങളുടെ അടുത്തുപോയി. അവൾക്ക് രണ്ടു ദിവസമായിട്ട് പനിയാ. നോയൽ പതിഞ്ഞ ശബ്ദത്തിൽ പറഞ്ഞു.

"അച്ഛൻ, അമ്മ,പെങ്ങൾ എല്ലാവരുടേയും സാന്നിദ്ധ്യംകൂടി എന്റെ ഡോക്യുമെന്ററിയുടെ ഭാഗമായിരുന്നു". വിനീഷ് പറഞ്ഞു.

ഒരു സ്ത്രീയുടെ അലമുറയിട്ടുള്ളകരച്ചിൽ പിന്നെ വാക്കുകൾക്ക് വ്യക്തത വരാത്ത ആക്രോശം.... അത് പുളിച്ച തെറിക്ക് വഴിമാറുകയാണ്. ബഹളം കേട്ടപ്പോഴേ കാര്യമെന്താണെന്ന് നോയലിന് മനസ്സിലായി. അവൻ വിനീഷിനേയുംകൂട്ടി വീടിനുള്ളിലേക്കു കയറി. അസൗകര്യങ്ങളുടെ നടുവിൽ വിനീഷ് വല്ലായ്മയോടെ നിന്നു.

"അപ്പുക്കണ്ണൻ ആ സ്ത്രീയെ ഉപദ്രവിക്കാൻ ശ്രമിക്കുന്നതാ". നോയൽ തണുത്ത ശബ്ദത്തിൽപറഞ്ഞു. "അയാളൊരു മൃഗമാണ്. മറ്റുള്ളവരെ ഉപദ്രവിക്കുന്നതും അവരുടെ വിഷമതകൾ കാണുന്നതും വലിയ സന്തോഷമാ".

അല്പ്പം തുറന്ന ജനാലയിലൂടെ വിനീഷ് പുറത്തേക്കുനോക്കി. കുടിലിനു മുന്നിൽനിന്ന് അലമുറയിട്ടു കരയുന്ന സ്ത്രീയെ കണ്ടു. അവരുടെ രണ്ടുകണ്ണുകളും കലങ്ങി ചുമന്നിരിക്കുന്നു. ആ കണ്ണുകളിൽ കണ്ണുനീരില്ല.

എണ്ണമയമില്ലാത്ത തലമുടി പാറിപ്പറന്നു കിടക്കുന്നു. മുഷിഞ്ഞമുണ്ടും കീറി ത്തുടങ്ങിയ ബ്ലൗസുമാണ് വേഷം. വിനീഷ് ജനാലയിലൂടെ ആ സ്ത്രീയുടെ രൂപം ക്യാമറയിൽ പകർത്തി. അപ്പോൾ അവന്റെ മനസ്സു പറഞ്ഞു 'ഒരു ചേരിയുടെ ആത്മാംശമുള്ള പരിച്ഛേദം. ഡോക്യുമെന്ററി നന്നാവുകതന്നെ ചെയ്യും. നോയലിനെ ലോകം പുത്തൻ മനോഭാവത്തോടെ കാണുകയുംചെയ്യും.'

സ്ത്രീ ഭർത്താവിനോട് പരാതിപറയുകയും കോപിച്ച് അലമുറയി ടുകയുമാണ്. "മുഖത്ത് മീശയുംവെച്ച് ആണാണെന്നു പറഞ്ഞുനടന്നിട്ട് കാര്യ മില്ല. എന്നെയും മകളെയും സംരക്ഷിക്കാനുള്ള ചുണവേണം. ഇവിടുത്തെ പൊറുതി ഇനി തുടരാനാവില്ല. പ്രാണനും മാനത്തിനും അല്പ്പമെങ്കിലും സുരക്ഷിതത്ത്വമുള്ള എവിടേക്കെങ്കിലും പോകാം".

ഒരു പുരുഷൻ ആ കുടുലിനുള്ളിൽ നിന്നും പുറത്തേക്കു വന്നു. ദാരിദ്ര്യം ചെറുതായി ചിത്രപ്പണിനടത്തിയ രൂപം. മുഖത്തെ രോമങ്ങൾ കുറ്റിച്ച് നിൽക്കുന്നു. മുഷിഞ്ഞ കാവിമുണ്ടും കീറിയചുമന്ന ബനിയനുമാണ് വേഷം. അയാൾ ഭാര്യയുടെ കണ്ണുകളിലേക്ക് വല്ലായ്മയോടെ നോക്കി. അപ്പുക്ക ണ്ണൻ അവരെ ശ്രദ്ധിച്ച് തെല്ല് മാറി മറ്റൊരു കുടിലിന്റെ മൂലയിൽ നിൽക്കു കയാണ്. വിനീഷ് ആ ദൃശ്യങ്ങളെല്ലാം ക്യാമറയിൽ പകർത്തിക്കൊണ്ടിരുന്നു. ക്യാമറയിൽ അപ്പുക്കണ്ണനെ രേഖപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അയാൾ കാർക്കിച്ച് നിലത്തേക്കുതുപ്പി. നോയൽ പതിഞ്ഞ ശബ്ദത്തിൽ വിനീഷിനെ പിന്തിരിപ്പിക്കാനായി പറഞ്ഞു. "നീയിപ്പോൾ കാണിക്കുന്നത് വലിയ അപ കടമാ. അപ്പുക്കണ്ണനെങ്ങാനും കണ്ടാൽ ക്യാമറയും കാണില്ല. ജീവനും കാണില്ല".

"നീ മിണ്ടാതിരുന്നാൽ മതി. നമ്മളിവിടെയുള്ള വിവരം ആർക്കു മറിയില്ല" വിനീഷ് പതിഞ്ഞ ശബ്ദത്തിൽ പറഞ്ഞു. പുരുഷൻ രണ്ടും കല്പിച്ച് അപ്പുക്കണ്ണന്റെ അടുത്തേക്കു വേഗത്തിൽ നടന്നു. ചുറ്റുമുള്ളവർ ഭീതിയൊതുക്കി നോക്കി നിൽക്കുകയാണ്. അപ്പുക്കണ്ണൻ പുച്ഛത്തോടെ നാലുചുറ്റും കണ്ണോടിച്ചു.

"ഉപദ്രവിക്കരുത്. ഞങ്ങളും ജീവിച്ചുകൊള്ളട്ടെ" കൈകൾകൂപ്പി പുരു ഷൻ കെഞ്ചി "എന്റെ മോള്, അവൾ ചെറിയ കുട്ടിയല്ലേ. അവളെ ഉപദ്രവി ക്കരുത്".

പുരുഷൻ കൈകൾകൂട്ടി കെഞ്ചി സംസാരിക്കുന്നതിനിടയിൽ അപ്പു ക്കണ്ണൻ കാലുയർത്തി അയാളുടെ നെഞ്ചിൻകൂടിൽ ചവിട്ടി. മുഷ്ടിചുരുട്ടി മൂക്കിനിട്ട് ഇടിച്ചു. ഒരു രോദനത്തോടെ നിലത്തേക്കുവീണ പുരുഷനെ അപ്പു ക്കണ്ണൻ ചവിട്ടിക്കൊണ്ടിരുന്നു. മൂക്കിലൂടെയും വായിലൂടെയും രക്തമൊലിച്ച് അയാൾ അർദ്ധപ്രാണനായിക്കിടന്നു.

സ്ത്രീ അലറിക്കരഞ്ഞുകൊണ്ട് അവിടേക്കുചെന്നു. "എന്റെ ഭർത്താ വിനെ ഒന്നുംചെയ്യരുതേ" എന്ന് ദീനശബ്ദത്തിൽ പറഞ്ഞു.

സ്ത്രീയുടെ മുടിക്ക് പിടിച്ച് അപ്പുക്കണ്ണൻ ഒരുവട്ടം കറക്കി. എന്നിട്ട് പതിഞ്ഞ ശബ്ദത്തിൽ പറഞ്ഞു. "മൂത്തുനരച്ച് നാറിയ നിന്നെ ആർക്കു

വേണടീ. അടങ്ങിയൊതുങ്ങിക്കഴിഞ്ഞാൽ പ്രാണൻ ശരീരത്തിൽ കാണും. നിന്നെയൊക്കെ കൊന്നുതള്ളുന്നത് കറിയിൽനിന്നും കറിവേപ്പില എടുത്തു കളയുന്നതുപോലെയേ ഉള്ളൂ". സ്ത്രീയുടെ ബ്ലൗസ് അയാൾ വലിച്ചുകീറി യെറിഞ്ഞു. അവരുടെ നഗ്നമായ മാറിടത്തിലേക്ക് കാർക്കിച്ചുതുപ്പി. അവളെ പിടിച്ച് അടുത്തുള്ള അഴുക്കു ചാലിലേക്കുതള്ളി.

വിനീഷ് ശ്വാസമടക്കി എല്ലാം ക്യാമറയിൽ പകർത്തുകയാണ്. അവനു പിന്നിൽ നിർവികാരതയോടെ നോയൽ നിന്നു.

അപ്പുക്കണ്ണൻ അവരുടെ കുടിലിനുള്ളിലേക്കു കയറി. അവരുടെ ആറുവയസ്സുള്ള മകളെ തോളിലെടുത്തിട്ടു പുറത്തേക്കുവന്നു. ആ കുട്ടി ഭയ ന്നുവിറച്ച് കരയുകയാണ്. കുടിലിനുള്ളിൽനിന്നും പുറത്തേക്കു തലയിട്ട് എത്തിനോക്കിയവർ തലപിൻവലിച്ച് കുടിലുകൾക്കുള്ളിലേക്ക് ഒതുങ്ങി.

അഴുക്കുചാലിൽനിന്നും തപ്പിത്തടഞ്ഞ് കയറിവന്ന സ്ത്രീ ഭർത്താ വിനെ നിലത്തുനിന്നും ഉയർത്താൻ ശ്രമിച്ചു. കഴിയാതെവന്നപ്പോൾ അയാ ളുടെ തലയെടുത്തു മടിയിൽവച്ചു. അവരുടെ തൊണ്ടയിൽനിന്നും ഹൃദയ ഭേദകമായ രോദനം ഉയർന്നുകൊണ്ടിരുന്നു. ആ രോദനത്തിന് പ്രതിധ്വനി യെന്നപോലെ അപ്പുക്കണ്ണന്റെ കൂരയിൽനിന്നും അവരുടെ മകളുടെ ദീന രോദനവും കേൾക്കാം.

വിനീഷ് തെല്ലു ദൂരെയുള്ള ഗാന്ധിപ്രതിമയുടെ നേർക്ക് ക്യാമറ തി രിച്ചു. ക്യാമറ അങ്ങനെ നിശ്ചലമാക്കി നിറുത്തിയപ്പോൾ രോദനത്തിന്റെ ശബ്ദങ്ങൾ അതിൽ രേഖപ്പെടുത്തിക്കൊണ്ടിരുന്നു. വിനീഷ് ക്യാമറ ഓഫാ ക്കി. വല്ലായ്മയോടെ അങ്ങനെതന്നെ കുറെ സമയം നിന്നു. അവിടെനിന്നും പുറത്തേക്കിറങ്ങി മുന്നോട്ടുനടന്നു. നോയൽ നിശ്ശബ്ദനായി വിനീഷിന് പിന്നാലെ നടന്നു.

അവർ നടന്ന് ഗാന്ധിപ്രതിമയുടെ അടുത്തെത്തി. വിനീഷ് ആ പ്രതി മയെ ഒരുവട്ടംകൂടി നോക്കി. അപ്പോൾ ചിലമ്പിച്ച ശബ്ദത്തിൽ നോയൽ പറഞ്ഞു. "സ്വാതന്ത്ര്യം സമ്പത്തുള്ളവർക്കും സൗകര്യങ്ങൾ ഉള്ളവർക്കും മാത്രമുള്ളതാണ്. ഈ കോളനിയിൽ അല്ലെങ്കിൽ ഇതുപോലുള്ള കോളനി കളിൽ ആർക്കാണ് സ്വാതന്ത്ര്യമുള്ളത്?".

"എന്റെ പെങ്ങൾ ഈ കോളനി കണ്ടിട്ടേയില്ല. എനിക്കെന്റെ പെങ്ങളെ കാണുവാനും അവളോടൊപ്പം കളിക്കാനും കഴിയാറില്ല" നോയൽ വിതുമ്പൽ അടക്കിപറഞ്ഞു. ഇന്നു നീ കണ്ടില്ലേ അതുപോലെ പിച്ചിചീന്തു മെന്നുള്ളതുകൊണ്ടാ ഇവിടേക്ക് കൊണ്ടുവരാത്തത്. ഞങ്ങൾക്ക് സമാധാ നമായി ജീവിക്കാനുള്ള അന്തരീക്ഷം സൃഷ്ടിച്ചു തരുവാൻ ആർക്കാണ് കഴിയുക".

"ടെലിവിഷൻ ചാനലുകളിലും സിനിമയിലും മാത്രമാണ് ഞാനി തുപോലുള്ള ക്രൂരത കണ്ടിട്ടുള്ളത്. എങ്ങനെയാണ് മനുഷ്യർക്ക് ഇതുപോ ലെയുള്ള ക്രൂരത ചെയ്യുവാൻ കഴിയുന്നത്?" വിനീഷ് ചോദിച്ചു.

ജീവിതത്തെപ്പറ്റി, അതിന്റെ ദുരന്താവസ്ഥയെപ്പറ്റിയെല്ലാം സംസാരിച്ചുകൊണ്ട് അവർ നടന്നു. ഒരു നദിക്കു മുകളിലുള്ള പാലത്തിലെത്തിയപ്പോൾ വിനീഷ് നടത്തം നിറുത്തി. നോയൽ അസ്വസ്ഥനായി നിൽക്കുന്ന വിനീഷിനെ ശ്രദ്ധിച്ചു. അവനെ സമാധാനിപ്പിച്ചുകൊണ്ട് പറഞ്ഞു: "ജീവിതം ടെലിവിഷനിലെ സീരിയലുപോലെയോ സിനിമപോലെയോ ആണ്. തെല്ലുമുമ്പ് നീ കണ്ടതെല്ലാം അതിലെ ഒരു കാഴ്ചയായി പരിഗണിച്ചാൽമതി".

നോയൽ പാലത്തിന്റെ ഒരുവശത്തേക്കു നടന്നു. കൈയിലിരുന്ന ക്യാമറ നദിയിലെ ജലത്തിലേക്കിട്ടു. വല്ലായ്മ ഒതുക്കിനിൽക്കുന്ന വിനീഷിനോടു പറഞ്ഞു: "മനുഷ്യദുരിതങ്ങൾ ക്യാമറയിൽ പകർത്തുന്നത് എനിക്കിഷ്ടമല്ല."

അവർക്കിടയിൽ നിശ്ശബ്ദത മുറവിളികൂട്ടിക്കൊണ്ടിരുന്നു.

6

സ്ത്രീ:ചിന്ത, രാഷ്ട്രീയം, ലൈംഗികത ഒരു സംവാദം

ഭാരതീയ സ്ത്രീ സുന്ദരിയാണ്, സുശീലയാണ്. ചാരിത്രവതിയും ഭർത്താവിനെ മാനിക്കുന്ന കുടുംബിനിയുമാണ്. സ്ത്രീക്ക് കാല്പനിക പരിവേഷം നൽകിയപ്പോൾ പല വിശേഷണങ്ങളും ഭൂഷണമായി ലഭിച്ചു. കാര്യത്തിൽ മന്ത്രിയും കർമ്മത്തിൽ ദാസിയും രൂപത്തിൽ ലക്ഷ്മിയും ശയനമുറിയിൽ ശ്രേഷ്ഠ വേശ്യയുമായി.

ഫെമിനിസം വിപുലമായ സാഹിത്യസിദ്ധാന്തമായി വളർന്നു. ഭരണഘടനയിൽ സ്ത്രീകൾക്ക് പ്രത്യേക അധികാരങ്ങളും അവകാശങ്ങളും എഴുതിചേർത്തു. തൊഴിൽ മേഖലയിൽ പുരുഷനുതുല്യ സ്ഥാനംനൽകി. വോട്ടവകാശം സ്ത്രീക്കും പുരുഷനും തുല്യപ്രാധാന്യത്തോടെ നൽകി. വിവാഹപ്രായത്തിന്റെ കാര്യത്തിൽ സ്ത്രീക്ക് പതിനെട്ടുവയസ്സും പുരുഷന് ഇരുപത്തിയൊന്ന് വയസ്സും കുറഞ്ഞ പ്രായമായി നിശ്ചയിച്ചു. എന്തുകൊണ്ടാണ് ഇങ്ങനെ ഒരു വിവേചനം നടന്നതെന്നതിനെക്കുറിച്ച് ആരെങ്കിലും ചിന്തിക്കുകയോ വേവലാതിപ്പെടുകയോ ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ തന്നെ അതിനെ നിസ്സാരവൽക്കരിക്കുന്ന മൗനമാണ് സംഭവിച്ചിട്ടുള്ളത്.

മുസ്ലീം സമുദായത്തിലെ സ്ത്രീകളുടെ വിവാഹപ്രായം പതിനാറാക്കണമെന്ന വാദവുമായി ആ സമൂഹത്തിലെ ഒരു വിഭാഗം രംഗത്തുവരുകയുണ്ടായല്ലോ? അതിന്റെ പശ്ചാത്തലത്തിൽ നടന്ന ഒരു സംവാദം ഉത്തരം കിട്ടാത്ത നിരവധി ചോദ്യങ്ങളിലാണ് അവസാനിച്ചതത്രേ.

കൊച്ചിയിൽവെച്ചു നടക്കുന്ന തുറന്ന സംവാദത്തിൽ ജീവിതത്തിന്റെ വിവിധ തുറകളിൽപ്പെട്ട അഞ്ചുപേരാണ് പങ്കെടുക്കുന്നത്. സംവാദം കാണുവാനായി എത്തിയവർക്ക് അതിനൊടുവിൽ സംവാദത്തിൽ അഭിപ്രായങ്ങൾ നിരത്തി ഇടപെടാവുന്നതാണ്. സംവാദം സംഘടിപ്പിച്ചിരിക്കുന്നത് ലോ കോളെജിലെ വിദ്യാർത്ഥികളാണ്. ലൈവായി സംവാദം പ്രക്ഷേപണംചെയ്യാനായി ഓണം, മലയാളി വാർത്ത തുടങ്ങിയുള്ള ടെലിവിഷൻ ചാനലിലെ ജേർണലിസ്റ്റുകൾ എത്തിയിട്ടുണ്ട്.

സംവാദത്തിൽ പങ്കെടുക്കുന്നവർ; സാമൂഹ്യപ്രവർത്തകനായ ഭാസുര ചന്ദ്രൻ, പ്രസിദ്ധ സിനിമാതാരം ആഷിഷ്, സാഹിത്യകാരനായ രവി പ്രസാദ്, ഓട്ടോറിക്ഷ ഡ്രൈവറായ രാജപ്പൻ, വിദ്യാർത്ഥി നേതാവായ അരുൺ ഗോപാൽ എന്നിവരാണ്. സംവാദം നിയന്ത്രിക്കുന്നത് പ്രമുഖ മോഡലായ നിഷാപ്രഭയാണ്. ആഡിറ്റോറിയത്തിൽ വിവിധ പ്രായത്തിലും തൊഴിൽ മേഖലയിലുംപെട്ട സ്ത്രീപുരുഷന്മാരെക്കൊണ്ട് നിറഞ്ഞിരുന്നു.

സംവാദത്തിൽ പങ്കെടുക്കുന്ന ഓരോരുത്തരെയായി നിഷാപ്രഭ സദസ്സിന് പരിചയപ്പെടുത്തി. സംവാദത്തിന്റെ ലക്ഷ്യത്തെപ്പറ്റി ചുരുക്കിപ്പറഞ്ഞു. “സമൂഹത്തിനുള്ളിലും നിയമത്തിനു മുന്നിലും സ്ത്രീക്ക് തികഞ്ഞ അംഗീകാരമുണ്ടെന്നു പറയുമ്പോഴും കോരനു പിന്നെയും കഞ്ഞി കുമ്പിളിൽ തന്നെ എന്നു പറയുന്നതുപോലെ പീഡനവും പാർശ്വവൽക്കരണവും തുടർന്നുകൊണ്ടേയിരിക്കുന്നു. ഈ അവസ്ഥയിലേക്ക് സമൂഹത്തിന്റെ കണ്ണ് തിരിക്കാനും സ്ത്രീക്ക് ന്യായമായ പ്രാമുഖ്യം ലഭിക്കുന്നതിനുമായിട്ടാണ് ലോകോളെജ് വിദ്യാർത്ഥികൾ ഈ സംവാദം സംഘടിപ്പിച്ചിരിക്കുന്നത്. സംവാദത്തിൽ പങ്കെടുക്കുന്ന ഓരോരുത്തരും അവരവരുടെ അഭിപ്രായങ്ങൾ വളരെ ചുരുക്കി പറഞ്ഞതിനുശേഷം ചൂടുള്ള സംവാദത്തിലേക്ക് പ്രവേശിക്കാം. ആദ്യമായി സാമൂഹ്യപ്രവർത്തകനായ ഭാസുരചന്ദ്രൻ സംസാരിക്കുന്നതാണ്.”

ഭാസുരചന്ദ്രൻ തികഞ്ഞ ആർജ്ജവത്തോടെ പറഞ്ഞുതുടങ്ങി. “സ്ത്രീ രത്നമാണ്. അവളെ പരിരക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ട ചുമതല സമൂഹത്തിനും പുരുഷനുമുണ്ട്. സ്ത്രീകൾക്കുനേരെ അനുദിനം നടന്നുവരുന്ന അതിക്രമങ്ങൾ ദാരുണവും നീചവുമാണ്. എല്ലാക്കാലത്തും സ്ത്രീകൾക്കു നേരെ ആക്രമണങ്ങളും പീഡനങ്ങളും നടന്നിട്ടുണ്ട്. ഈ കാലഘട്ടത്തിൽ മാധ്യമങ്ങൾ അവയെല്ലാം കൊണ്ടാടുന്നതുകൊണ്ട് പൊതുസമൂഹം അറിയുന്നെന്നുമാത്രം. അധികാരത്തിന്റെ വിവിധ മേഖലകളിൽ സ്ത്രീകൾക്ക് സംവരണം നൽകിയതോടെ അവരും മുഖ്യധാരയിലേക്ക് പ്രവേശിച്ചു തുടങ്ങി. കുടുംബം ഒരു നല്ല നിർമ്മിതിയാണ്. ആ നിർമ്മിതിയുടെ ചുക്കാൻ എന്നും സ്ത്രീകളുടെ കൈകളിലാണ്. അതുകൊണ്ടാണ് പൂമുഖ വാതിൽക്കൽ സ്നേഹം വിടർത്തുന്ന പൂന്തിങ്കളായി ഗായകഭാവന സ്ത്രീയെ കല്പ്പിച്ചിരിക്കുന്നത്. സ്ത്രീകൾ അനുദിനം അനുഭവിക്കുന്ന പീഡനങ്ങളെക്കുറിച്ചു മാത്രമേ നമ്മൾ ചർച്ച ചെയ്യുന്നുള്ളൂ. അവരുടെ പ്രാധാന്യത്തെക്കുറിച്ച്, സാധ്യതകളെക്കുറിച്ച് ആരെങ്കിലും ചിന്തിക്കാറുണ്ടോ? വിദ്യാഭ്യാസത്തിൽ, വസ്ത്രധാരണത്തിൽ, തൊഴിൽമേഖലയിൽ, ഭക്ഷണക്രമത്തിൽ എല്ലാം സ്ത്രീകൾക്ക് പുരുഷനൊപ്പം സ്വാതന്ത്ര്യമുള്ളതിനെപ്പറ്റി ആരെങ്കിലും ചിന്തിക്കാറുണ്ടോ? അനാവശ്യമായ വിവാദങ്ങളല്ല ഉള്ളതിനെ നീതിപൂർവ്വം വിലയിരുത്തുവാനുള്ള ആർജ്ജവമാണ് വേണ്ടത്.”

‘‘ഭാസുരചന്ദ്രന്റെ അഭിപ്രായങ്ങൾ നമ്മൾ കേട്ടുകഴിഞ്ഞു.’’ നിഷാപ്രഭ പറഞ്ഞു. “ഇനി നമുക്ക് പ്രസിദ്ധ സിനിമാതാരം ആഷിഷിന്റെ

അഭിപ്രായങ്ങൾ കേൾക്കാം. ധീരോദാത്തരായ നിരവധി പുരുഷ കഥാപാത്ര ങ്ങൾക്ക് തിരശ്ശീലയിൽ ജീവൻ നൽകിയ പ്രതിഭ കൂടിയാണ് ആഷിഷ്."

"പൊതുവെ സമൂഹം പുരുഷ മേൽക്കോയ്മയിൽ അധിഷ്ഠിതമാണ്. തലമുറകളിലൂടെ കടന്നുവന്ന ഈ ആധിപത്യത്തെ ഒറ്റ ദിവസംകൊണ്ട് തച്ചു ടയ്ക്കാനാവുമെന്ന് തോന്നുന്നില്ല. വർത്തമാനകാല കേരളത്തിൽ വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയ മേഖലകളിൽ സ്ത്രീകൾക്ക് പ്രഖ്യാപിത വിലക്കുക ളില്ല. ലൈംഗികമായുണ്ടാകുന്ന അരാജകത്വത്തിന്റെ പേരിൽ സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്നു എന്നത് യാഥാർത്ഥ്യമായി നിൽക്കുമ്പോൾ തന്നെ അവർക്ക് പ്രതികരിക്കുവാനും പ്രതിഷേധിക്കുവാനും നീതി ലഭിക്കുവാനു മുള്ള വേദികൾ ഇന്ന് ഏറെയാണ്. മാധ്യമസാക്ഷരതയിലൂടെ മുന്നേറുന്ന ഒരു സ്ത്രീസമൂഹത്തെയാണ് ഇനി നമ്മൾക്ക് ആവശ്യം. സ്ത്രീ വിമോചന പ്രസ്ഥാനമായ ഫെമിനിസം വരെ ഇന്ന് സൈബർ ഫെമിനിസത്തിൽ എത്തി നിൽക്കുകയാണല്ലോ."

"ആഷിഷിന്റെ അഭിപ്രായങ്ങൾക്ക് താല്കാലിക വിരാമമിടാം" നിഷാ പ്രഭ ഉത്സാഹത്തോടെ തുടർന്നു. ഇനി നമ്മൾക്ക് സാഹിത്യകാരനായ രവി പ്രസാദിന്റെ അഭിപ്രായങ്ങൾ ആരായാം."

"മനോഹരമായൊരു പുഷ്പം. അതിലെ തേൻ നുകരുവാനെത്തുന്ന പ്രാണികൾ, വണ്ടുകൾ, തേനീച്ചകൾ തുടങ്ങിയവ പുഷ്പത്തെ നശിപ്പിക്കു കയല്ല അതിന്റെ സാധ്യതകൾ പ്രകൃതി നിയമത്തിനനുസരിച്ച് ആരായുക യാണ്. സ്ത്രീശരീരം സുന്ദരമാണ്. വികാരം ഊഷ്മളമാണ്. അത് സാഹി ത്യത്തിന് വൈവിദ്ധ്യമുള്ള സൃഷ്ടികൾ നിർമ്മിക്കുവാനുള്ള അസംസ്കൃത വസ്തുവാണ്. ശരീരഭാഷയിൽ, ശരീരശാസ്ത്രത്തിൽ, ശരീര നിർമ്മിതിയി ലെല്ലാം സ്ത്രീപുരുഷ വ്യത്യാസം വിലമതിക്കേണ്ടതാണ്. സ്ത്രീ അബ ലയും പുരുഷൻ പ്രബലനുമാണ്. സ്ത്രീ ലാസ്യവതിയും പുരുഷൻ താണ്ഡവ പ്രകൃതിയുള്ളവനുമാണ്. സംഘർഷമാണ് ഓരോ സാഹിത്യ കൃതിയുടെയും നിർമ്മിതിക്കാസ്പദം. ഈ പശ്ചാത്തലത്തിൽ സ്ത്രീയും പുരുഷനും തമ്മിലുള്ള വ്യത്യസ്തതയിലൂടെ, ചേർച്ചയില്ലായ്മയിലൂടെ സംഘർഷം രൂപീകരിക്കുകയാണ് ഓരോ സാഹിത്യകൃതിയും ചെയ്യുന്നത്. ജീവിതത്തിന്റെ പ്രതിഫലനമാണ് സാഹിത്യം. പ്രകൃതിനിയമമനുസരിച്ച് സ്ത്രീക്കും പുരുഷനും തുല്യത അസാധ്യമാണ്. നിയമത്തിലൂടെയും ബോധ പൂർവ്വമായ ബോധനത്തിലൂടെയും തുല്യത കൊണ്ടുവരുവാനുള്ള ശ്രമം തുട രാം. ഇത്രയും പറയുമ്പോൾ എന്നെ ഒരു സ്ത്രീവിരുദ്ധനായി കാണരുത്. സത്യാന്വേഷിയായ എഴുത്തുകാരനായി കണ്ടാൽ മതി."

രവി പ്രസാദിനെ കൂടുതലൊന്നും പറയാനനുവദിക്കാതെ സംവാദ ത്തിൽ പങ്കെടുക്കുവാൻ എത്തിയിരുന്ന പൊതുജനം കൂവി. 'ഓണം', 'വാർത്ത', 'മലയാളി' തുടങ്ങിയ ടെലിവിഷൻ ചാനലുകൾ ജനങ്ങളുടെ പ്രതി കരണങ്ങൾ ആവേശത്തോടെ പകർത്തിക്കൊണ്ടിരുന്നു. പ്രതിഷേധക്കാരെ നിയന്ത്രിക്കാൻ ശ്രമിച്ചുകൊണ്ട് അവതാരികയായ നിഷാപ്രഭ രംഗത്തുവന്നു.

“അഭിപ്രായങ്ങൾ അഭിപ്രായങ്ങൾ മാത്രമാണ്. അത് വ്യക്തിനിഷ്ഠ മാണ്. രവി പ്രസാദിന്റെ അഭിപ്രായങ്ങൾ അദ്ദേഹത്തിന്റേതുമാത്രമാണ്. ജീവി തത്തെ വൈകാരികതയിൽ ചാലിച്ച് സംഘർഷഭരിതമായി അവതരിപ്പിക്കുന്ന എഴുത്തുകാരന്റെ മനോഭാവം കൂടിയായി ഈ അഭിപ്രായത്തെ കാണാവു ന്നതാണ്.” നിഷാപ്രഭ പ്രതിഷേധക്കാരെ ശാന്തമാക്കിക്കൊണ്ട് തുടർന്നു. “നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങൾ പറയാനുള്ള അവസരമുണ്ട്. ഇപ്പോൾ നമ്മൾക്ക് ഓട്ടോ ഡ്രൈവറായ രാജപ്പന്റെ അഭിപ്രായങ്ങൾ ശ്രദ്ധിക്കാം.”

“എന്റെ അഭിപ്രായത്തിൽ സ്ത്രീ രാജ്ഞിയാണ്. ലോകത്തെ നിയ ന്ത്രിക്കുന്നതുതന്നെ സ്ത്രീകളാണ്. ചരിത്രത്തിലേക്ക് കണ്ണോടിച്ചപ്പോൾ ലോകത്തുണ്ടായിട്ടുള്ള പല മഹായുദ്ധങ്ങളുടെയും പിന്നിൽ ബുദ്ധിയും സൗന്ദര്യവുമുള്ള സ്ത്രീയാണുള്ളത്. വൻ ചാരപ്രവർത്തനങ്ങൾ, കൊടിയ അഴിമതികൾ തുടങ്ങിയവയുടെ പിന്നിലും സ്ത്രീസാന്നിദ്ധ്യമല്ലേ ഉള്ളത്. ഒരു രാഷ്ട്രത്തിന്റെ, സമൂഹത്തിന്റെ ഏറ്റവും അടിസ്ഥാന യൂണിറ്റായ കുടും ബത്തിലേക്കുവരാം. ആരാണ് കുടുംബം നിയന്ത്രിക്കുന്നത്?. സവിശേഷ ബുദ്ധിയുള്ള സ്ത്രീകൾ സ്നേഹംകൊണ്ടും സഹനംകൊണ്ടും പുരുഷനെ നിയന്ത്രിച്ച് നിറുത്തി അവർക്കിഷ്ടമുള്ളതുപോലെ കാര്യങ്ങൾ നടത്തുന്നു. സ്ത്രീകൾക്ക് യാതൊരു തെളിവുമില്ലാതെ ഏതൊരു പുരുഷനെതിരെയും പരാതികൊടുക്കുവാനുള്ള നിയമമുണ്ട്. നിയമത്തിന്റെ മുഴുവൻ സംരക്ഷ ണവും സ്ത്രീക്ക് അവകാശപ്പെട്ടതാണ്. ഈ പശ്ചാത്തലത്തിൽ സ്ത്രീസ്വാത ന്ത്ര്യത്തെ പറ്റിയുള്ള ചർച്ചകൾക്ക് പ്രസക്തിയേയില്ല.

“നന്ദി മിസ്റ്റർ രാജപ്പൻ. സ്ത്രീകളെ പറ്റിയുള്ള താങ്കളുടെ അഭിപ്രായം ഇതു വരെ നടന്ന അഭിപ്രായപ്രകടനങ്ങളിൽനിന്നും വളരെ ഭിന്നമായിരുന്നു.” നിഷാ പ്രഭ പറഞ്ഞു.

ആഡിറ്റോറിയത്തിൽ സംവാദം ശ്രദ്ധിച്ചുകൊണ്ടിരുന്നവരുടെ ഭാഗ ത്തുനിന്നും ചില പ്രതിഷേധങ്ങൾ ശക്തമായി ഉയർന്നുവന്നു. സ്ത്രീകളുടെ വിവാഹ പ്രായത്തെപ്പറ്റിയുള്ള ചർച്ചയിൽ അതിനെപ്പറ്റിയുള്ള ഒരു പ്രതിപാ ദനവും സംവാദത്തിൽ പങ്കെടുത്തവരുടെ ഭാഗത്തുനിന്നും ഉണ്ടാവാത്തതി നാലാണ് പ്രതിഷേധമുയർന്നത്.

“ഇവിടെ കൂടിയിരിക്കുന്ന ഓരോരുത്തർക്കും അഭിപ്രായങ്ങൾ പറയുവാനുള്ള അവസരം നൽകുന്നതാണ്. വളരെ സജീവമായി മുന്നേറുന്ന ഈ സംവാ ദത്തെ തകർക്കരുതെന്ന് അഭ്യർത്ഥിക്കുന്നു. ഇനി സംസാരിക്കുവാനുള്ളത് വിദ്യാർത്ഥി നേതാവായ അരുൺ ഗോപാലാണ്. സ്ത്രീകളുടെ വിവാഹപ്രാ യത്തെപ്പറ്റി അരുൺ ഗോപാൽ തീർച്ചയായും അഭിപ്രായം പറയുമെന്ന് പ്രതീ ക്ഷിക്കുന്നു. യുവത്വമുള്ള അഭിപ്രായങ്ങൾ നിരത്തുന്നതിനായി ശ്രീ അരുൺ ഗോപാലിനെ ക്ഷണിക്കുന്നു.” നിഷാപ്രഭ ഊർജ്ജസ്വലതയോടെ പറഞ്ഞു നിർത്തി.

"ഇന്ത്യയിൽ ശൈശവ വിവാഹം നടക്കുന്നത് മുസ്‌ലീം സമുദായത്തിനിടയിൽ മാത്രമല്ല. ഹിന്ദു ക്രിസ്ത്യൻ സമുദായങ്ങൾക്കിടയിലും വ്യാപകമായി ശൈശവ വിവാഹം നടക്കുന്നുണ്ട്. ഇപ്പോൾ ശൈശവ വിവാഹത്തിന്റെ ദുരന്തഭരിതമായ ഉത്തരവാദിത്വം ഒരു സമുദായത്തിനുമേൽ ചുമത്തുവാനുള്ള സംഘടിത ശ്രമമാണ് നടക്കുന്നത്. അതിനു നമ്മൾ ഉത്തരം നൽകേണ്ടത് പുതിയ നിയമത്തിലൂടെയാണ്. കുറഞ്ഞ വിവാഹപ്രായം സ്ത്രീക്ക് ഇരുപത്തിയൊന്നും പുരുഷന് ഇരുപത്തിനാലുമാക്കണം." അരുൺ ഗോപാലിന്റെ അഭിപ്രായത്തെ പിൻതുണച്ചുകൊണ്ട് സംവാദത്തിൽ സംബന്ധിക്കാനെത്തിയവരുടെ ഭാഗത്തുനിന്നും നീണ്ടുനിന്ന കരഘോഷം ഉയർന്നു. വിദ്യാർത്ഥികൾ നൃത്തംവച്ചും ചൂളമടിച്ചും ആ അഭിപ്രായത്തെ പിൻതുണച്ചു. ആ പ്രതികരണങ്ങൾ ഒപ്പിയെടുക്കുവാൻ ചാനലുകാരും ശ്രമിച്ചുകൊണ്ടിരുന്നു. നിഷാപ്രഭ ഇടപെട്ട് രംഗം ഒരുവിധം ശാന്തമാക്കി. അരുൺ ഗോപാൽ ആത്മവിശ്വാസത്തോടെ തുടർന്നു. "വിദ്യാഭ്യാസമില്ലാത്ത, ദാരിദ്ര്യം നിലനിൽക്കുന്ന, അന്ധവിശ്വാസമുള്ള, സാമൂഹ്യബോധമില്ലാത്ത, രാഷ്ട്രസ്നേഹമില്ലാത്തവരാണ് ശൈശവ വിവാഹത്തെ അംഗീകരിക്കുന്നത്. വിവാഹം മാത്രമല്ല ജീവിതം. സ്ത്രീകളെപ്പറ്റിയുള്ള പുരുഷന്മാരുടെ ആകുലതകൾ മാത്രമുള്ള തല്ല ജീവിതം. അതിനുമപ്പുറത്ത് ശാസ്ത്രപുരോഗതി, രാഷ്ട്രപുരോഗതി, ബൗദ്ധികവികാസം തുടങ്ങിയ ഒരുപാട് കാര്യങ്ങളുണ്ട്."

"നമ്മൾ ഇവിടെ സംഘടിപ്പിച്ചിരിക്കുന്ന സംവാദം ശ്രദ്ധേയമായ ഒരു വഴിത്തിരിവിലേക്ക് എത്തിയിരിക്കുന്നു.'' നിഷാപ്രഭ ആവേശത്തോടെ പറഞ്ഞു. "ഇന്നുവരെ ആരും ചിന്തിക്കാത്ത രീതിയിൽ വിവാഹപ്രായം ഉയർത്തണമെന്നു പറഞ്ഞ അരുൺ ഗോപാലിന്റെ അഭിപ്രായം കേരളത്തിൽ മാത്രമല്ല ഇന്ത്യയിൽതന്നെ സജീവ ചർച്ചാ വിഷയമാകും. ഇനി നമുക്ക് ഇവിടെ കൂടിയിരിക്കുന്നവരുടെ അഭിപ്രായങ്ങൾ ആരായാം. ആദ്യമായി അഭിപ്രായം പറയുവാനായി യുവ കവയിത്രി സാവിത്രി തമ്പിയെ ക്ഷണിക്കുന്നു.

സാവിത്രി മൈക്ക് കൈയിൽ വാങ്ങിയതിനുശേഷം കൂസലില്ലായ്മയോടെ നാലുചുറ്റും നോക്കി. ദീർഘമായൊരു നിശ്വാസത്തിനുശേഷം പറഞ്ഞുതുടങ്ങി. "ഈ ചർച്ചതന്നെ ശുദ്ധ അസംബന്ധമാണ്. സ്ത്രീകളുടെ വിവാഹപ്രായത്തെപ്പറ്റിയുള്ള അഭിപ്രായം ആരായേണ്ടത് സ്ത്രീകളോടുതന്നെയാണ്. വിദ്യാർത്ഥി പ്രതിനിധിയായ അരുൺ ഗോപാലൊഴിച്ച് ബാക്കിയെല്ലാവരും വിവാഹിതരും നാല്പതുകൾ പിന്നിട്ടവരുമാണ്. ബുദ്ധിക്കും ശരീരത്തിനും വാർദ്ധക്യം ബാധിച്ച ഇവർക്ക് യുവതികളുടെ അവസ്ഥയെപ്പറ്റി പറയാൻ എന്ത് അവകാശമാണുള്ളത്.? ചർച്ചയുടെ അഥവാ സംവാദത്തിന്റെ വിഷയം സ്ത്രീകളുടെ വിവാഹപ്രായമാണ്. അവർ സംസാരിച്ചത് എന്തിനെപ്പറ്റിയാണ്? തോക്കില്ലാതെ വെടിവയ്ക്കുന്ന മുത്തശ്ശിക്കഥയിലെ കിഴവനെപ്പോലെയാണ് അവരുടെ സംസാരം. ഇതുപോലെ അഭിപ്രായവും നിലപാടുമില്ലാത്ത പുരുഷന്മാരുടെ ലിംഗം ഛേദിക്കണമെന്നാണ് എന്റെ അഭിപ്രായം."

സാവിത്രി തമ്പിയെ പറയാൻ അനുവദിക്കാതെ ശബ്ദമുയർത്തി മധ്യവയസ്ക്കനായ പീതാംബരൻ രംഗത്തുവന്നു. അവതാരികയായ നിഷാ പ്രഭയുടെ കൈയിൽ നിന്നും മൈക്ക് തട്ടിപ്പറിച്ചു. രോഷംകലർന്ന ശബ്ദത്തോടെ പീതാംബരൻ സംസാരിച്ചുതുടങ്ങി. “ഇറുകിയ ജീൻസും മുറുകിയ ടീ ഷർട്ടുമിട്ട് അവയവങ്ങൾ പെരുപ്പിച്ച് ഇളക്കിയാട്ടി നടക്കുന്ന സാവിത്രി കവയിത്രിയെ പോലെയുള്ളവർക്ക് പ്രദർശന രോഗത്തിന് ചികിത്സവേണം. കൃത്യസമയത്ത് ചികിത്സ തേടിയില്ലെങ്കിൽ വികാരവും കൈയൂക്കുമുള്ള പുരുഷന്മാർ കയറി യങ്ങ് കൈകാര്യം ചെയ്യും. പിന്നെക്കിടന്ന് തൊണ്ടപൊട്ടി രോദനം നടത്തിയിട്ടൊന്നും ഒരു കാര്യവുമില്ല.”

പിതാംബരൻ ഇത്രയും പറഞ്ഞു തീർന്നതും ആഡിറ്റോറിയത്തിനു നടുവിൽ നിന്നും എഴുന്നേറ്റുവന്ന ശാലിനിയെന്ന യുവതി അയാളുടെ കരണത്തിനിട്ട് അടിച്ചു. “സ്ത്രീയെ വെറും ശരീരമായും ഭോഗ ഉപകരണമായും കാണുന്ന നിന്നെപ്പോലെയുള്ള രോഗികളാണ് പ്രശ്നക്കാർ. അവർക്കാണ് ചികിത്സ ആവശ്യം.”

‘ഓണം’, ‘വാർത്ത’, ‘മലയാളി’ തുടങ്ങിയ ടെലിവിഷൻ ചാനലുകൾ അവിടെ നടക്കുന്ന സംഭവങ്ങൾ ലൈവായി പ്രക്ഷേപണം ചെയ്തുകൊണ്ടിരുന്നു. സംവാദം കേൾക്കാൻ വന്ന ഒരു വിഭാഗം ആകാംക്ഷയൊതുക്കി അതെല്ലാം നോക്കിനിന്നു. അല്പ്പസമയംകൊണ്ടുതന്നെ ഇരുവിഭാഗങ്ങളായി സ്ത്രീകളും പുരുഷന്മാരും ചേരിതിരിഞ്ഞു. വെല്ലുവിളികൾക്കും ചീത്ത വിളികൾക്കുമൊടുവിൽ ഉന്തുംതള്ളും തുടങ്ങി. നിഷാപ്രഭ ശബ്ദമുയർത്തി അവരോട് ശാന്തരായിരിക്കുവാൻ അപേക്ഷിച്ചു. “ഇത് വെറുമൊരു സംവാദം മാത്രമല്ലേ. നമ്മൾ തമ്മിൽ തല്ലിയതുകൊണ്ട് ഏതെങ്കിലും പ്രശ്നത്തിന് ശാശ്വതപരിഹാരമുണ്ടാകുമോ?”

ഉന്തിനും തള്ളിനുമിടയിൽപ്പെട്ട് സാവിത്രിയുടെ വസ്ത്രങ്ങൾ ഭാഗികമായി കീറി. വിവസ്ത്രയായ ശാലിനി നിലവിളിച്ചുകൊണ്ട് ആഡിറ്റോറിയത്തിന് പിൻഭാഗത്തേക്ക് ഓടി. ചാനലുകാർ വസ്ത്രംനഷ്ടപ്പെട്ട സ്ത്രീകൾക്കു ചുറ്റും വട്ടമിട്ട് നിന്ന് ചൂടുള്ള ദൃശ്യങ്ങൾ പകർത്തിക്കൊണ്ടിരുന്നു. പുരുഷന്മാർ പൂർണമായും സ്ത്രീകളെ ആക്രമിച്ചോടിച്ച് ആധിപത്യം പുലർത്തുന്ന ഒരു ഘട്ടം സംജാതമായി. അപ്പോഴേക്കും ഒരു വിഭാഗം പുരുഷന്മാർ സ്ത്രീകൾക്ക് പിൻതുണയുമായെത്തി. അവർ സ്ത്രീകളെ ആക്രമിക്കുന്ന പുരുഷന്മാരെ കൈകാര്യം ചെയ്തു തുടങ്ങി. സംവാദത്തിൽ പ്രധാന പങ്കുവഹിച്ച ഭാസുര ചന്ദ്രൻ, ആഷിഷ്, രവി പ്രസാദ്, അരുൺ ഗോപാൽ തുടങ്ങിയവരെ ലോകോളെജിലെ വിദ്യാർത്ഥികൾ സുരക്ഷിതമായൊരിടത്തേക്ക് മാറ്റി. രാജപ്പൻ ആരുടേയും സഹായം സ്വീകരിക്കാൻ തയ്യാറാകാതെ അവിടെ നടക്കുന്ന അടിപിടി രസിച്ചു കണ്ടുകൊണ്ടിരുന്നു. നാലഞ്ച് വണ്ടികളിൽ പോലീസ് സ്ഥലത്തെത്തി. അടിപിടികൂടുന്ന പുരുഷന്മാരെ അവർ ലാത്തി വീശി പേടിപ്പിച്ച് ഓടിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു.

ഓട്ടോയിൽ കയറി അവിടെനിന്നും മെല്ലെ പോകുവാൻ തുടങ്ങിയ രാജപ്പന്റെ അടുത്തേക്ക് ഓണം ചാനലിലെ സുദേവനും ക്യാമറാമാനും എത്തി. "ഇവിടെ നടന്ന സംവാദത്തെയും അതിനുശേഷം നടന്നുകൊണ്ടിരിക്കുന്ന ഈ അടിപിടിയെയും പറ്റി താങ്കളുടെ അഭിപ്രായമെന്താ?" സുദേവൻ ചോദിച്ചു.

"സംവാദത്തിനിടയിൽ ഞാൻ പറഞ്ഞത് സത്യമാണെന്ന് വീണ്ടും തെളിഞ്ഞിരിക്കുന്നു. ഇപ്പോൾ പുരുഷന്മാർ തമ്മിൽ നടത്തുന്ന ഈ അടിപിടിക്കു പിന്നിലും സ്ത്രീകൾ തന്നെയല്ലേ? യഥാർത്ഥത്തിൽ പുരുഷന്മാർക്കാണ് സാക്ഷരത ആവശ്യം. സ്ത്രീയുടെ പേരിൽ വെറുതെ കലഹിച്ച് കഴിയാനുള്ളതല്ല ജീവിതമെന്ന് പറഞ്ഞുകൊടുക്കണം."

ഓട്ടോയിൽ വീണ്ടും മുന്നോട്ടു പോകുവാൻ തുടങ്ങിയ രാജപ്പനെ തടഞ്ഞു നിറുത്തിക്കൊണ്ട് സുദേവൻ തിരക്കി. "നിങ്ങൾ നല്ലൊരു താത്വികനെപ്പോലെയാണ് സംസാരിച്ചത്. യഥാർത്ഥത്തിൽ ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം നിർദ്ദേശിക്കാൻ നിങ്ങൾക്കു കഴിയുമോ? നിങ്ങളിപ്പോൾ എങ്ങോട്ടാണ് പോകുന്നത്?"

രാജപ്പൻ പുച്ഛത്തോടെ സുദേവനെ അടിമുടിയൊന്നുനോക്കി. ക്യാമറാമാനെ മാറ്റി നിറുത്തി സുദേവനെ ഓട്ടോയിൽ കയറ്റി ഓട്ടോ അല്പം മാറ്റിനിറുത്തി. "ചുമ്മാ ക്യാമറയും തൂക്കിപ്പിടിച്ച് ഇല്ലാത്ത പ്രശ്നങ്ങൾ സൃഷ്ടിച്ചും ഉള്ള പ്രശ്നങ്ങൾ പെരുപ്പിച്ചും ജീവിക്കാൻ നോക്കാതെ അന്തസ്സായി ആണത്തത്തോടെ സമൂഹത്തിൽ ജീവിക്കാൻ നോക്ക്." രാജപ്പൻ ഉറച്ച ശബ്ദത്തിൽ പറഞ്ഞു. "അപ്പോൾ സമൂഹത്തിലെ പകുതി പ്രശ്നങ്ങൾ തീരും. കലഹിക്കുന്ന സ്ത്രീകളെ കാണുമ്പോഴും സംഘർഷമുണ്ടാകുമ്പോഴും എന്റെ മനസ്സും ശരീരവും ചൂടുപിടിക്കും. അതു തണുത്തില്ലെങ്കിൽ ഞാൻ വല്ല അവിവേകവും ചെയ്തുപോകും."

ഒന്നും മനസ്സിലാകാതെ നോക്കിനിന്ന സുദേവന്റെ കണ്ണുകളിലേക്ക് നോക്കി രാജപ്പൻ പറഞ്ഞു. പണം കൊടുത്ത് സ്ത്രീയുടെ ശരീരവും സ്നേഹവും മേടിക്കാൻ പോകുകയാ." സുദേവന്റെ പിടലിക്ക് പിടിച്ച് തള്ളി താഴെയിട്ടിട്ട് രാജപ്പൻ ഓട്ടോ ഓടിച്ച് പോയി. പോകുന്നതിനിടയിൽ കാർക്കിച്ച് പുറത്തേക്കു തുപ്പി. പിന്നെ ആത്മഗതം പറഞ്ഞു. "സ്ത്രീ സ്വാതന്ത്ര്യം, വിവാഹപ്രായം, സാമൂഹ്യ നീതി... മണ്ണാങ്കട്ട...?"

7

തിരസ്കരിക്കപ്പെട്ട ചരിത്രം

കാറിന്റെ പിൻസീറ്റിലിരുന്ന് പകുതി താഴ്ത്തിയ ചില്ലിനു മുകളിലൂടെ വെളിയിലേക്ക് ഞാൻ നോക്കിക്കൊണ്ടിരുന്നു. മുഖത്തേക്ക് സമൃദ്ധമായി അടിച്ചുകൊണ്ടിരുന്ന കാറ്റിന്റെ സ്പർശം അങ്ങനെയേ ആസ്വദിച്ചു. കണ്ണിൽ പെടുന്ന വൃക്ഷങ്ങൾ, വീടുകൾ തുടങ്ങിയ എല്ലാ കാഴ്ചകളും പിന്നിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നതിനിടയിൽ മനസ്സും വർഷങ്ങൾക്ക് പിന്നിലേക്ക് പോയി. സംഭവബഹുലമായ ജീവിതത്തിലെ പല കാഴ്ചകളും അനുഭവങ്ങളും വ്യക്തരൂപം പ്രാപിക്കാതെ പ്രജ്ഞയുടെ തിരശ്ശീലയിൽ മറഞ്ഞു.

താല്കാലികമായി കെട്ടിയുണ്ടാക്കിയ പന്തലിലിരുന്ന് മുദ്രാവാക്യം മുഴക്കുന്ന തൊളിലാളികളെ കണ്ടപ്പോൾ, അവരുടെ ശക്തമായ മുദ്രാവാക്യങ്ങളുടെ ശബ്ദം കാതുകളിൽ പ്രതിധ്വനിച്ചപ്പോൾ, ചിന്തകൾ വ്യക്തമായൊരു ദിശയിലേക്കു തിരിഞ്ഞു.

കോൺഗ്രസ് പ്രവർത്തകനായ അച്ഛനോടൊപ്പം നടന്നുതീർത്ത ജാഥകൾ, ഇരുന്ന് മുദ്രാവാക്യം മുഴക്കിയ സത്യാഗ്രഹങ്ങൾ. ഗാന്ധിജിയുടെ നിർദ്ദേശപ്രകാരം നടത്തിയ നിയമനിഷേധങ്ങൾ. സാധാരണക്കാരന്റെ ബോധവൽക്കരണത്തിനായി സംഘടിപ്പിച്ച യോഗങ്ങളും പ്രസംഗങ്ങളും. എല്ലാത്തിന്റേയും അടിയിലെ പ്രേരകശക്തി രാജ്യത്തിന്റെ സ്വാതന്ത്ര്യമായിരുന്നു.

അവസാനം രാജ്യം സ്വതന്ത്രമായി. സ്വാതന്ത്രദിനപ്പുലരിയുടെ ആഘോഷങ്ങൾക്കിടയിലും എല്ലാം നഷ്ടപ്പെട്ട ചിലരുടെയെങ്കിലും ദുഃഖങ്ങൾ അറിയുവാൻ ചിലരെങ്കിലും ശ്രമിച്ചു. സ്വാതന്ത്ര്യസമരത്തിൽ വീരമൃത്യു വരിച്ച ബാലകൃഷ്ണന്റെ വിധവയെ ആശ്വസിപ്പിക്കുവാനെത്തിയ അച്ഛൻ, അവരുടെ മകളെ വിവാഹം കഴിക്കുവാൻ എന്നോട് പറഞ്ഞു.

ഒരു പറ്റം ദേശസ്നേഹികളുടേയും ചില ബന്ധുക്കളുടേയും സാന്നിദ്ധ്യത്തിൽ സാവിത്രിയുടെ കഴുത്തിൽ മംഗല്യമാല ചാർത്തി. ദേശീയപതാകയെ സാക്ഷിയാക്കി നടത്തിയ ആ വിവാഹത്തിന്റെ പ്രാർത്ഥനാഗാനം ദേശീയഗാനം തന്നെയായിരുന്നു.

വിവാഹത്തിരക്കുകൾ കഴിഞ്ഞ് ക്ഷണിക്കപ്പെട്ടവരും അഭ്യുദയകാംക്ഷികളും പോയിക്കഴിഞ്ഞപ്പോൾ അനുഗ്രഹത്തിനായി ഞങ്ങൾ അച്ഛന്റെ അടുത്തെത്തി. പാദങ്ങൾ തൊട്ടു നമസ്കരിച്ചു നിന്നപ്പോൾ അച്ഛൻ പറഞ്ഞു.

“നിങ്ങൾ സ്വാതന്ത്ര്യത്തിന്റെ ദമ്പതികളാണ്. മതാചാരങ്ങളിലോ മനുഷ്യാചാരങ്ങളിലോ കൊരുത്തിടുന്ന ഒരു ജന്മമായിരിക്കരുത് നിങ്ങളുടെ. നിങ്ങളുടെ സന്തതികളെ രാജ്യസ്നേഹികളായിവളർത്തുക.” എന്റെ ചുമലിൽ കൈകൾവച്ച് വാത്സല്യത്തോടെ അച്ഛൻ തുടർന്നു രാജ്യത്തിന് ബ്രിട്ടീഷ്കാരിൽനിന്നുമേ സ്വാതന്ത്ര്യം ലഭിച്ചിട്ടുള്ളു. ദാരിദ്ര്യത്തിൽനിന്നും അജ്ഞതയിൽനിന്നും ഇവിടുത്തെ സാധാരണക്കാരന് ഇനിയും സ്വാതന്ത്ര്യം ലഭിച്ചിട്ടില്ല. അതവർക്ക് പകർന്നുകൊടുക്കുവാൻ ഇനിയുള്ള കാലം നീ യത്നിക്കണം. അതായിരിക്കണം നീ എനിക്കുതരുന്ന ദക്ഷിണ.”

സാവിത്രിയുടെ കരങ്ങളിൽ പിടിച്ചുകൊണ്ട് അച്ഛൻ തുടർന്നു “ഭർത്താവിനെ നേർവഴിക്ക് നയിക്കേണ്ടതിന്റെ പൂർണ്ണ ഉത്തരവാദിത്വം നിന ക്കാണ്. തെക്കെപ്പറമ്പിന് മുകളിലുള്ള വീട് വെറുതെ കിടക്കുകയാണല്ലോ. നിങ്ങൾ അവിടെ താമസിച്ചുകൊള്ളു.” താക്കോൽക്കൂട്ടം ഞങ്ങൾക്കുനേരെ നീട്ടിക്കൊണ്ട് തുടർന്നു. “അവിടെ മഹാത്മജിയുടെ പേരിൽ ഒരു സ്കൂൾ തുടങ്ങണം. സൗജന്യമായി കുട്ടികൾക്ക് വിദ്യ പകർന്നുകൊടുക്കണം. കഴി യുമെങ്കിൽ സാമ്പത്തികമായി വിഷമിക്കുന്നവർക്ക് സൗജന്യഭക്ഷണവും താമസവും ഏർപ്പെടുത്തണം.”

കാലങ്ങൾ കടന്നുപൊയിക്കൊണ്ടിരുന്നു. അച്ഛൻ കാലയവനികയ് ക്കുള്ളിൽ മറഞ്ഞു. സ്വാതന്ത്ര്യസമരസേനാനിയായ കെ.എം.മേനോന്റെ പ്രതി മകൾ പലയിടത്തും അനാച്ഛാദനംചെയ്യപ്പെട്ടു. അദ്ദേഹത്തിന്റെ സ്വാതന്ത്ര്യ സമരസേനാനിയായ പുത്രനെ സമൂഹം ആദരിച്ചു. ഗവൺമെന്റു കൾ മാറി മറിഞ്ഞ് വന്നുകൊണ്ടിരുന്നു. ജനങ്ങളുടെ മനോഭാവങ്ങളിൽ കാതലായ വ്യതി യാനം സംഭവിച്ചുതുടങ്ങി. മതങ്ങൾ അവർക്കിടയിലെ ഏറ്റവും സ്വാധീനശ ക്തിയുള്ള ഒന്നായിത്തീർന്നു. സാംസ്കാരിക രാഷ്ട്രീയ സമ്മേളനങ്ങളിൽ മുൻ സ്വാതന്ത്ര്യസമരസേനാനിയായ എനിക്ക് അനർഹമായ സ്ഥാനങ്ങൾ ലഭിച്ചു തുടങ്ങി. രാഷ്ട്രീയക്കാരും മതനേതാക്കളും എന്റെ സൗഹൃദത്തി നായി മത്സരിച്ചു. കൃത്യമായ തീരുമാനങ്ങൾ എടുക്കുവാൻ കഴിയാത്ത എന്റെ സംശയമനോഭാവത്തെയും അവസരത്തിനൊത്ത് മാറുന്ന നിലപാടിനെയും ഉയർന്ന വ്യക്തിത്വത്തിന്റെ ഒരു ഭാഗമായി സമൂഹം അംഗീകരിച്ചു.

ചെറിയ തോതിൽ തുടങ്ങിയ സ്കൂളിന് ശാഖകൾ പലതായി. എന്റെ മക്കൾ പാശ്ചാത്യരാജ്യങ്ങളിലെ പെരുമയുള്ള സർവ്വകലാശാലകളിൽ പോയി വാണിജ്യതന്ത്രത്തിൽ ബിരുദങ്ങൾ സംമ്പാദിച്ചു. സ്വാതന്ത്ര്യത്തിന്റെ ഭാഗ മായി തുടങ്ങിയ ചെറിയൊരു പ്രസിദ്ധീകരണം വളർന്ന് ഏറെ പ്രചാരമുള്ള ദിനപത്രമായി.

രാഷ്ട്രീയക്കാരുടേയും പ്രമുഖരുടേയും പ്രിയഭാജനമായ ഞാൻ അഴിമതിക്കാരനാണോ? പൊതുജനത്തിന്റേയും നിയമത്തിന്റേയും മുമ്പിൽ അന്യായമായി ഒന്നും ഞാൻ സമ്പാദിച്ചിട്ടില്ല.

മക്കൾ വളർന്നപ്പോൾ അവർ ബിസിനസ്സുകൾ ഏറ്റെടുത്തു. ഓരോ വർഷവും സാമ്പത്തിക അടിത്തറ വിപുലവും ശക്തവുമാക്കുവാൻ തന്ത്രങ്ങൾ മെനഞ്ഞുകൊണ്ടിരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നപേരിൽ അന്യസംസ്ഥാനങ്ങളിൽ കച്ചവടസൗധങ്ങൾ പടുത്തുയർത്തി. കൃത്രിമമായ വാർത്തകൾ തുടർച്ചയായി കൊടുത്ത് പത്രത്തിൽ നിന്നുമുള്ള വരുമാനം ക്രമാതീതമായി ഉയർത്തി. അവസരോചിതമായി പല ടെലിവിഷൻ ചാനലുകളും സ്വന്തമാക്കി. രാജ്യസ്നേഹം പറച്ചിലും ജനോപകാരപ്രദമായ യത്നങ്ങളും പത്രങ്ങളിലെ ലേഖനങ്ങളിലും മുഖപ്രസംഗങ്ങളിലുമായി ചുരുങ്ങി. കർഷകരുടെ ഉത്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുവാൻ വേണ്ടി തുടങ്ങിയ ചെറിയ യൂണിറ്റ് വ്യവസായശാലകൾ ഇന്ന് അവരെ ചൂഷണം ചെയ്യുന്ന പടുകൂറ്റൻ ഫാക്ടറികളായി പരിണമിച്ചു.

നിർമ്മൽ തോണ്ടി വിളിച്ചപ്പോഴാണ് ഞാൻ ചിന്തകളിൽ നിന്നുമുണർന്നത്. പാലസ് ഹില്ലിന്റെ താഴ്വാരത്തിൽ എത്തിയിരിക്കുന്നു. ഞങ്ങൾക്ക് അഭിമുഖമായി ഉയർന്നു നിൽക്കുന്ന പച്ചപ്പ് നിറഞ്ഞ കുന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ നിർമ്മലിനോട് പറഞ്ഞു. “ഇതാണ് പാലസ് ഹിൽ. ഏറെ ചരിത്രങ്ങൾ നിദ്രയിലാണ്ടുകിടക്കുന്ന സ്ഥലമാണിത്.”

കാറിന്റെ ഡോർ തുറന്ന് പുറത്തേക്കിറങ്ങിയപ്പോൾ എനിക്കെന്റെ തൊണ്ണൂറ് വയസ്സ് പൂർണ്ണമായും അനുഭവപ്പെട്ടു. ഡ്രൈവർ വേഗം തന്നെ വാക്കിങ്സ്റ്റിക്ക് എന്റെ കൈയിൽ തന്നു. അത് ഭൂമിയിൽ അമർത്തികുത്തി നിർമ്മലിന്റെ അടുത്തേക്ക് ചെന്നു.

“ഗ്രാൻപാ ക്ഷീണിച്ചെങ്കിൽ നമ്മുക്ക് പ്രോഗ്രാം ക്യാൻസൽ ചെയ്യാം.”

ഞാൻ മനസ്സിൽ കരുതി. അഞ്ചുവയസ്സുകാരൻ നിർമ്മൽ ഈ പ്രായത്തിൽ എങ്ങനെ യാഥാർത്ഥ്യത്തിന്റെ തലത്തിലെത്തി. കളിച്ചും ചിരിച്ചും കഴിയേണ്ട ബാല്യം ഇന്നത്തെ കുട്ടികൾക്ക് കൈമോശം വന്നിരിക്കുന്നുവോ?

“മോൻ കേട്ടിട്ടുണ്ടോ ആറും അറുപതും ഒരുപോലെയാണെന്ന്.”

“അതുകൊണ്ടാണല്ലോ ഞാൻ ഗ്രാൻപായോടൊപ്പം വന്നത്.” നിർമ്മൽ ഗൗരവത്തിൽ പറഞ്ഞു.

ആ ഗൗരവം എനിക്ക് ഏറെ കൗതുകമായി.

“ഞാനും മോനും കൂടി പാലസ് ഹില്ലിന്റെ മുകളിലേക്കു പോകുകയാണ്. അല്പം കഴിയുമ്പോൾ കരുതിയിരിക്കുന്ന ഭക്ഷണവുമായി നീ അവിടേക്കു വരണം.” ഞാൻ ഡ്രൈവറോട് പറഞ്ഞു.

നൂറ്റാണ്ടുകൾക്കു മുമ്പ് വെള്ളക്കാർ പാകിയ കരിങ്കല്ലുകൾ ഇളകിത്തുടങ്ങിയ വഴിയിലൂടെ ഞാനും നിർമ്മലും പാലസ് ഹില്ലിന്റെ മുകളിലേക്കു നടന്നു തുടങ്ങി. “പണ്ടൊക്കെ പാലസ്ഹില്ലിന്റെ നിറുകയിലെത്താൻ എനിക്ക് അഞ്ചുമിനിറ്റ് മതിയായിരുന്നു. എന്റെ വിവാഹം കഴിഞ്ഞ് ഞാൻ സാവിത്രി ദേവിയെയും കൂട്ടി ആദ്യമായി കയറിയതും ഈ കുന്നാണ്.”

"ഗ്രാൻപായുടെ ഹണിമൂൺ ഈ പാലസ്ഹില്ലിന്റെ മുകളിൽ വച്ചായിരുന്നുവോ?" നിർമ്മൽ തിരക്കി.

നിർമ്മലിന്റെ നിഷ്കളങ്കമായ ആന്വേഷണം കേട്ട് എനിക്ക് ചിരിയടക്കുവാൻ കഴിഞ്ഞില്ല. "ബ്രിട്ടീഷുകാർ ഇതിന്റെ മുകളിൽ വന്ന് കൊട്ടാരം പണിതപ്പോൾ മുതലാണ് ഇത് പാലസ്ഹില്ലായത്. അതിനുമുമ്പ് ഇതിന്റെ പേര് നാടുകാണി എന്നായിരുന്നു. ഇതിന്റെ മുകളിൽനിന്ന് നോക്കിയാൽ ഈ നാട് മുഴുവൻ കാണുവാൻ കഴിയും."

"എത്രകണ്ടാലും നമുക്കീ ഇന്ത്യയിലുള്ള സ്ഥലങ്ങളല്ലേ കാണാൻ കഴിയൂ." നിർമ്മൽ സംശയിച്ചു.

"യാത്രാസൗകര്യങ്ങൾ അത്രയൊന്നുമില്ലായിരുന്ന കാലത്ത്, മനുഷ്യർ പ്രകൃതിയെ ഇഷ്ടപ്പെടുകയും ആസ്വദിക്കുകയും ചെയ്തിരുന്ന കാലത്ത് അതൊരു വലിയ കാഴ്ചതന്നെയായിരുന്നു കുട്ടീ."

"ഗ്രാൻപാ മുമ്പ് പറഞ്ഞില്ലേ ഇവിടെ ചരിത്രം ഉറങ്ങുന്നുവെന്ന്. എന്തു ചരിത്രമാണിവിടെ ഉറങ്ങുന്നത്?"

"നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യചരിത്രം തന്നെ." നടന്നുകൊണ്ട് ഞാൻ പറഞ്ഞുതുടങ്ങി.

ബ്രിട്ടീഷുകാർ ഇവിടെവന്ന് കൊട്ടാരം പണികഴിച്ചതോടെ നാടുകാണി ഹിൽ പാലസായി. ഒരുപാടു ക്രൂരതയുടെ ചരിത്രം ഈ ഹിൽപാലസിനു പറയുവാനുണ്ട്. നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യസമര ചരിത്രം പോലും ഈ പ്രദേശത്തോട് ബന്ധപ്പെട്ടുകിടക്കുന്നു.

ആയിരത്തി എണ്ണൂറ്റി അമ്പതുകളിൽ വെല്ലസി ആൻഡ്രോസ് സായിപ്പ് ഇവിടെ ചെറിയൊരു കൊട്ടാരം പണിത് താമസവും ഭരണവും തുടങ്ങി. തന്ത്രശാലിയും ക്രൂരനുമായിരുന്നു ആറരഅടിയിലധികം ഉയരമുള്ള വെല്ലസി സായിപ്പ്. നിസ്സാരതെറ്റുകൾക്കു പോലും കടുത്ത ശിക്ഷവിധിച്ചിരുന്നു. ബ്രിട്ടീഷുകാർക്കെതിരെയുള്ള നീക്കങ്ങൾക്ക് കഴുമരം തന്നെയായിരുന്നു ശിക്ഷ.

വെല്ലസി സായിപ്പിന്റെ ആരാച്ചാരനായിരുന്നു വാണിയൻ. കാഴ്ചയിൽ പരുക്കൻ. വൃദ്ധരായ മാതാപിതാക്കളും എട്ട് മക്കളുമുള്ള വലിയ കുടുംബമായിരുന്നു വാണിയന്റേത്. ദാരിദ്ര്യമാണ് വാണിയനെ ആരാച്ചാരാകുവാൻ പ്രേരിപ്പിച്ചത്.

എട്ടുമക്കളിൽ ഒരാൾ മാത്രമാണ് ആൺതരിയായിട്ട് ഉണ്ടായിരുന്നത്. ഗോവർദ്ധനൻ. വാണിയാൻ ആരാച്ചാരനായതിൽ ഏറ്റവും കൂടുതൽ പ്രതിഷേധിച്ചത് ഗോവർദ്ധനനാണ്. മനുഷ്യജീവികളുടെ പ്രാണൻ എടുക്കുന്നതിനു പ്രതിഫലമായി കിട്ടുന്ന പണംകൊണ്ട് താൻ ഭക്ഷണം കഴിക്കുകയില്ലെന്ന് ഗോവർദ്ധനൻ തീർത്തു പറഞ്ഞു. അങ്ങനെ ഗോവർദ്ധനന്റെ കിടപ്പ് വീട്ടിലും ഭക്ഷണം പുറത്തുമായി.

ഭാരതീയരെ നിഷ്ക്കരുണം വെല്ലസി സായിപ്പിന്റെ ഉത്തരവനുസരിച്ച് തൂക്കികൊല്ലുന്നതിൽ ഗോവർദ്ധനൻ ഏറെ ദു:ഖിച്ചു. ഒരിക്കൽ വാണിയനുമായി വാക്കുതർക്കത്തിലേർപ്പെടുകയും അത് അടിപിടിയിൽ കലാശിക്കുകയും ചെയ്തു.

ഇന്നത്തെപോലെ അന്ന് വിനോദോപാധികൾ ഒന്നുമില്ല. എല്ലാ ആഴ്ചയിലും ക്ഷേത്രത്തിൽ കലാപരിപാടികൾ അരങ്ങേറിയിരുന്നു. ഗോവർദ്ധനന്റെ സംഗീതം അതിലെ പ്രധാന ഇനമായിരുന്നു.

ഒരിക്കൽ ഗോവർദ്ധനൻ പാടിക്കൊണ്ടിരുന്നപ്പോൾ അതിൽ മതിമറന്ന് നാടുവാഴി കണിപ്പിള്ളയുടെ മകൾ ലക്ഷ്മിക്കുട്ടി നൃത്തമാടി. അതോടെ ഗോവർദ്ധനന്റേയും ലക്ഷ്മിക്കുട്ടിയുടേയും രഹസ്യപ്രണയം വെളിവായി.

തന്റെ മകൾ ഗോവർദ്ധനുമായി പ്രണയത്തിലാണെന്ന വിവരമറിഞ്ഞ കണിപ്പിള്ള ജ്വലിച്ചു. കണിപ്പിള്ളയുടെ വിശ്വസ്ത സേവകൻ രാമയ്യർ അദ്ദേഹത്തിന്റെ കോപത്തെ അടക്കുവാൻ പറ്റിയ തന്ത്രങ്ങൾ ഉപദേശിച്ചു കൊടത്തു. വെല്ലസിപ്രഭുവിനെ സ്വാധീനിച്ച് ഗോവർദ്ധനനെതിരെ രാജ്യദ്രോഹ കുറ്റം ചുമത്തി വധിപ്പിക്കുക. രാമയ്യരുടെ ഉപദേശം കണിപ്പിള്ളയുടെ കോപത്തെ ശമിപ്പിച്ചു.

ഒരു രാത്രി ലക്ഷ്മിക്കുട്ടിയെയും കണ്ട് മടങ്ങും വഴി കടവിൽ തോണിയും കാത്ത് നിന്ന ഗോവർദ്ധനനെ വെള്ളപട്ടാളത്തിലെ ചിലർ ചേർന്ന് പിടിച്ചുകൊണ്ടുപോയി.

രാത്രിയിൽ വാണിയന്റെ വീട്ടിൽ വെല്ലസിപ്രഭുവിന്റെ ദൂതനെത്തി. പാലസ് ഹില്ലിലേക്ക് എത്രയും വേഗം എത്തുവാനായി വെല്ലസി കല്പിച്ചതായറിയിച്ചു.

രാത്രിയിൽ യാത്രയില്ല എന്ന യാത്രപറച്ചിലോടെ വാണിയാൻ വീട്ടിൽ നിന്നും ഇറങ്ങി. ദൂതന്റെ പിന്നാലെ തൂക്കുവെളിച്ചത്തിൽ നടന്നു തുടങ്ങി.

പാലസ്ഹില്ലിലെത്തിയ വാണിയാനെ വെല്ലസിപ്രഭുതന്നെ സ്വീകരിച്ചു. കൊട്ടാരത്തിനകത്തേക്ക് ക്ഷണിച്ചു. വെല്ലസിപ്രഭുവിന്റെ സ്നേഹപ്രകടനങ്ങൾ വാണിയാനെ വീർപ്പുമുട്ടിച്ചു.

വിഭവസമൃദ്ധമായ മേശക്കുമുന്നിൽ വെല്ലസി പ്രഭുവിനോടൊപ്പമിരുന്ന് വാണിയാൻ ഭക്ഷണം കഴിക്കുന്നത് ആദ്യമാണ്. ഭൃത്യന്മാർ ഭക്ഷണം വിളമ്പികൊടുത്തപ്പോൾ വെല്ലസിപ്രഭുതന്നെ വാണിയാന് മദ്യംപകർന്നു കൊടുത്തു. അവിടേക്ക് കണിപ്പിള്ളയും കടന്നുവന്നു. അവർ മൂന്നുപേരും മത്സരിച്ച് എന്നതുപോലെ ഭക്ഷണവും മദ്യവും കഴിച്ചു.

ഭക്ഷണത്തിന്റെ അവസാനം ഉന്മത്തനായ വാണിയാനോട് വെല്ലസിപ്രഭു പറഞ്ഞു. “ഈ രാത്രിയിൽതന്നെ ഒരു രാജ്യദ്രോഹിയെ കഴുവിലേറ്റണം.” വാണിയാൻ മദ്യത്തിന്റെ ലഹരിയിലായിരുന്നതിനാൽ സധൈര്യം വെല്ലിസിപ്രഭുവിനോട് പറഞ്ഞു. രാത്രിയിൽ ഒരാളെ കഴുവിലേറ്റുകയോ?

അത് എന്റെ ധർമ്മത്തിനു ചേരുന്നതല്ല. പ്രഭുവിനറിയുമോ, ഓരോ പ്രാവശ്യവും കുരുക്ക് പച്ചമനുഷ്യന്റെ കഴുത്തിൽ ഇടുമ്പോഴും ഞാൻ അനുഭവിക്കുന്ന ആത്മവ്യഥ. പൂജനടത്തി പ്രാർത്ഥിച്ചിട്ടേ കൊലപാതകമെന്ന കർമ്മം ഞാൻ അനുഷ്ഠിക്കാറുള്ളൂ. കൊല്ലപ്പെടുന്നവന്റെ ആത്മാവിന് മോക്ഷം ലഭിക്കുവാനുള്ള പ്രാർത്ഥന. അത് നടത്തുന്ന എനിക്ക് ശാപം കിട്ടാതിരിക്കുവാനുള്ള പ്രാർത്ഥന.

വെല്ലസിപ്രഭു നിസ്സാരമായി പറഞ്ഞു. ഇത്രയുംകാലം ഓരോ കൊലയ്ക്കും മുമ്പ് വാണിയാർ പ്രാർത്ഥിച്ചിട്ടുണ്ടല്ലോ. ഇന്നൊരു ദിവസം അതൊഴിവാക്കാം. കൊടും രാജ്യദ്രോഹിയെയാണ് നിങ്ങൾ കഴുവിലേറ്റാൻ പോകുന്നത്.

വാണിയാൻ സ്ഥലകാലബോധം നശിച്ചവനെപ്പോലെ പൊട്ടിച്ചിരിച്ചു. ചിരിയുടെ അവസാനം ഹൃദയവ്യഥയോടെ പറഞ്ഞു. കൊടും രാജ്യദ്രോഹി! അവർ ഈ മാതൃരാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതുന്നവരാണ്. വെല്ലസിയുടെ നേരെ വിരൽ ചൂണ്ടി വാണിയാൻ തുടർന്നു. നിങ്ങളാണ് നേരും നെറിയുമില്ലാത്ത രാജ്യദ്രോഹി.

വെല്ലസി ഉൾക്ഷോഭം നിയന്ത്രിച്ചുകൊണ്ട് ഇംഗ്ലീഷ് ചുവയുള്ള മലയാളത്തിൽ പറഞ്ഞു. മിസ്റ്റർ വാണിയാൻ, പറയുന്ന ജോലി ചെയ്യുന്നതിൽ നാം നിങ്ങൾക്ക് മാന്യമായ പ്രതിഫലം തരുന്നില്ലേ? അതുമല്ലെങ്കിൽ നാം കെട്ടിപ്പടുക്കുന്ന സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ സാരഥികളല്ലേ കണിപ്പിള്ളയും നീയുമൊക്കെ.

വാണിയാന്റെ കണ്ണുകൾ നിറഞ്ഞു. ഇടറുന്ന സ്വരത്തിൽ പറഞ്ഞു. “ഞാനീ പണിചെയ്യുന്നത് ഇഷ്ടമായിട്ടല്ല. കെട്ടുപ്രായത്തിൽ നിൽക്കുന്ന പെൺമക്കളെ ഓർത്തിട്ടാണ്. അവർകൂടി എന്നെ വെറുത്തുതുടങ്ങി. ഈ തൊഴിൽ തുടരുവാൻ ഇനി വയ്യ. നാളെവന്ന് എന്നെ ഈ തൊഴിലിൽ നിന്നും ഒഴിവാക്കണമെന്നു പറയുവാനിരിക്കുകയായിരുന്നു.”

വെല്ലസിപ്രഭു കണിപ്പിള്ളയെ നോക്കി. പിന്നെ ഉൾമുറിയിലേക്കു നടന്നു. അല്പം കഴിഞ്ഞ് ഒരു കിഴിയുമായി തിരിച്ചെത്തി. കിഴി വാണിയാനുനേരെ നീട്ടിക്കൊണ്ട് പറഞ്ഞു. ഇത് മുപ്പതു വെള്ളിനാണയങ്ങളാണ്. ഇത് സ്വീകരിച്ച് എത്രയും പെട്ടന്ന് കൊലനടപ്പാക്കണം.

മടിച്ചുനിന്നവാണിയന്റെ കൈപിടിച്ച് അതിൽ വെള്ളിനാണയങ്ങളുടെ കിഴി വെല്ലസിപ്രഭു വെച്ചുകൊടുത്തു.

വാണിയാൻ കിഴിയിലേക്കും ജ്വലിക്കുന്ന വെല്ലസിപ്രഭുവിന്റെ മുഖത്തേക്കും മാറിമാറി നോക്കി. പൂജയും പ്രാർത്ഥനയുമില്ലാതെ അവസാനത്തെ കൊല ഇന്നുഞാൻ നടത്തുകയാണ്. ഈ പണംകൊണ്ട് മകളുടെ വിവാഹം ഞാൻ നടത്തും. പ്രഭു ഒരുപകാരം ചെയ്യണം. പണിയെടുത്തു ജീവിക്കാൻ അല്പം മണ്ണ് തരപ്പെടുത്തണം.

വെല്ലസിപ്രഭു ക്ഷോഭത്തോടെ കല്പിച്ചു. “ആദ്യം കൊല നടക്കട്ടെ. ബാക്കിയെല്ലാം നാം പിന്നീട് തീരുമാനിക്കാം.”

വാണിയാൻ വെല്ലസിപ്രഭുവിനെ വണങ്ങി അവിടെനിന്നും തിരിഞ്ഞു നടന്നു.

ഉയർത്തിപ്പിടിച്ചിരിക്കുന്ന പന്തത്തിന്റെ വെളിച്ചത്തിൽ കഴുമരം വ്യക്തമായി വാണിയാൻ കണ്ടു. അതിനടുത്ത് എട്ടൊമ്പത് വെള്ളപ്പട്ടാളക്കാർ ചേർന്ന് കഴുമരത്തിൻ കീഴിലേക്ക് കറുത്ത തുണികൊണ്ടുമൂടിയ ഒരു മനുഷ്യരൂപത്തെ കൊണ്ടുവന്നു നിറുത്തി. അതിന്റെ കൈകൾ പിന്നിലേക്കു ബന്ധിച്ചിരുന്നു.

വാണിയാൻ കുടുക്കെടുത്ത് അയാളുടെ കഴുത്തിലിട്ടു. അന്ന് ആദ്യമായി വാണിയാന്റെ കൈകൾ വിറച്ചു. വിറയ്ക്കുന്ന കൈകൾകൊണ്ടുതന്നെ കയർവലിച്ച് കുടുക്ക് കഴുത്തിലുറപ്പിച്ചു. നടന്നുചെന്ന് കഴുമരത്തിന്റെ അങ്ങേത്തലയ്ക്കലെ തടികൊണ്ടുള്ള ലിവറിൽ വലിച്ചു. തട്ട് താഴേക്ക് പോകുന്നതിന്റെ ഘോരശബ്ദം വാണിയാന്റെ കാതുകളിൽ പ്രതിധ്വനിച്ചു.

ഒരു പ്രതികരണവുമില്ലാതെ ഒന്നു ശബ്ദിക്കുകയോ ചലിക്കുകയോ ചെയ്യാതെ അയാൾ നിശ്ചലം കഴുമരത്തിൽ തൂങ്ങിക്കിടന്നു. ഒന്നു വിറയാർന്ന് നിശ്ചലമാകുന്ന പെരുവിരലിനെനോക്കി അയാൾ മരിച്ചുവെന്നുറപ്പുവരുത്തിയതിനുശേഷം നെറ്റിയിലെ വിയർപ്പുതുടച്ചുകൊണ്ട് വാണിയാൻ തിരിഞ്ഞുനടന്നുതുടങ്ങി. നടക്കുന്നതിനിടയിൽ അരയിൽ ഭദ്രമായി വച്ചിരിക്കുന്ന വെള്ളിനാണയങ്ങൾ അവിടെത്തന്നെയുണ്ടെന്നുറപ്പുവരുത്തി.

എതിരെ ചൂട്ടുകറ്റയും മിന്നിച്ച് വരുന്നത് ആരെന്നറിയുവാൻ വാണിയാൻ സൂക്ഷിച്ചുനോക്കി. മിന്നിനിന്ന ജ്വാലകളുടെ വെളിച്ചത്തിൽ അവരെ തിരിച്ചറിഞ്ഞു. ഭാര്യയും മൂത്ത രണ്ടു മക്കളുമാണ് വരുന്നത്. വാണിയാൻ വേഗം തന്നെ അവരുടെ അടുത്തെത്തി.

ഭാര്യ വാണിയാനോട് കാര്യങ്ങൾ പറഞ്ഞു. രാത്രിയിൽ വീട്ടിലേക്കു വരുന്ന വഴിക്ക് ഗോവർദ്ധനനെ വെള്ളപ്പട്ടാളക്കാർ പിടിച്ചുകൊണ്ടുപോയി.

ഭാര്യയുടെ വാക്കുകൾ കേട്ട വാണിയാന്റെ പ്രജ്ഞയിൽ മിന്നൽപ്പിണരുകൾ പാഞ്ഞു. 'ഭഗവതി ചതിച്ചോ' എന്നുവിലപിച്ചുകൊണ്ട് വാണിയാൻ തിരിഞ്ഞ് കഴുമരത്തിന്റെ അടുത്തേക്ക് പാഞ്ഞു.

കഴുമരത്തിൽനിന്നും ഇറക്കി മൂടിയിട്ടിരിക്കുന്ന ജഡത്തിന്റെ മൂടി മെല്ലേ വലിച്ചുമാറ്റി. പന്തത്തിന്റെ അരണ്ടവെളിച്ചത്തിൽ വാണിയാൻ ജഡത്തെ തിരിച്ചറിഞ്ഞു. ഗോവർദ്ധനൻ.

തരിച്ചിരുന്നുപോയ വാണിയാൻ അലമുറയിട്ടുകരയുന്ന ഭാര്യയുടേയും മക്കളുടേയും മുഖത്തേക്കു നോക്കി. സ്വന്തം കൈപ്പത്തികൾ വിടർത്തി ആത്മനിന്ദയോടെ അതിലേക്കു നോക്കി.

അവിടെനിന്നും എഴുന്നേറ്റ് ഭ്രാന്തമായ ഭാവത്തോടെ വാണിയാൻ കൊട്ടാരത്തിലേക്ക കുതിച്ചു. കൊട്ടാരത്തിന്റെ കവാടത്തിലേക്ക് വെള്ളിനാണയങ്ങൾ വലിച്ചെറിഞ്ഞുകൊണ്ട് ഇടറിയ സ്വരത്തിൽ വിളിച്ചുപറഞ്ഞു. 'ഭാരതമാതാ കീ ജയ്.'

വെല്ലസിപ്രഭു ഉൾമുറിയിൽ നിന്നും പുറത്തേക്കുവന്ന് പരിഹാസത്തിൽ തിരക്കി. 'എന്താ കൂലി തികഞ്ഞില്ലേ?'

വാണിയാൻ ഹൃദയവേദനയെ തടഞ്ഞുനിർത്തുവാൻ കഴിയാതെ പറഞ്ഞു. വെള്ളക്കാർ നേരും നെറിയുമില്ലാത്തവരാണെന്ന് പലരു പറഞ്ഞപ്പോഴും, ഞാനിത്രയും പ്രതീക്ഷിച്ചില്ല. പുത്രഹത്യ നടത്തിയ ഈ അപരാധം പൊറുക്കുവാൻ ഏതു ശക്തിക്കാണു കഴിയുക.

"നിന്ന് പുലമ്പാതെ പുറത്തുപോകൂ വാണിയാൻ" വെല്ലസി ആജ്ഞാപിച്ചു.

"ഇല്ല നിന്റെ ജീവൻ കൊണ്ടേ ഞാൻ പുറത്തേക്കുള്ളൂ" എന്നു പറഞ്ഞ് വാണിയാൻ മുന്നോട്ടുകുതിച്ചു.

വെല്ലസി സേവകരോട് കല്പ്പിച്ചു. ഈ ഭ്രാന്തനെ പിടിച്ച് ബന്ധിക്ക്.

അവിടേക്ക് വാണിയാന്റെ ഭാര്യയും പെൺമക്കളും നിലവിളിച്ചുകൊണ്ട് എത്തി.

പെൺകുട്ടികളെ കണ്ട വെല്ലസിപ്രഭുവിന്റെ കണ്ണുകൾ വിടർന്നു. അവരെ കാമഭാവത്തോടെ അടിമുടി നോക്കി. പ്രഭു മെല്ലെ നടന്ന് അവരുടെ അടുത്തെത്തി. "രാജ്യസ്നേഹിയായ വാണിയാനു തരുവാൻ ഈ സഹായമേയുള്ളൂ." എന്നുപറഞ്ഞ് പെൺകുട്ടികളുടെ തുണിയുരിയുവാൻ തുടങ്ങി.

സർവ്വശക്തിയുമെടുത്ത് മുന്നോട്ടുകുതിക്കുവാൻ ശ്രമിക്കുന്ന വാണിയാനെ പ്രഭുവിന്റെ സേവകർ മർദ്ദിച്ച് ഒതുക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. വെല്ലസി ഉത്തരവിട്ടു. "പകുതിമരിക്കുന്നിടംവരെ അവനെ മുക്കാലിയിൽ കെട്ടി ചമ്മട്ടിയ്ക്കടിക്ക്."

മുക്കാലിയിൽ കിടന്ന് മർദ്ദനം കൊണ്ടുകൊണ്ടിരുന്ന വാണിയാൻ പ്രഭുവിന്റെ കൊട്ടാരത്തിൽനിന്നും തന്റെ മകളുടെ ദയനീയമായ വിലാപങ്ങൾ കേട്ടു.

ഒരു രാത്രിമുഴുവൻ ചമ്മട്ടിയടികൊണ്ട വാണിയാൻ രക്തം വാർന്ന് മനസ്സുതകർന്ന് മരിച്ചു.

വെല്ലസിപ്രഭുവിന്റെ ക്രൂരതയുടെയും നെറികേടിന്റേയും വാർത്തയറിഞ്ഞാണ് ഗ്രാമമുണർന്നത്. മറ്റൊന്നുമാലോചിക്കാതെ കൈയിൽ കിട്ടിയ പത്തലും മറ്റായുധങ്ങളുമായി ഗ്രാമീണർ വെള്ളക്കാർക്കെതിരെ പാഞ്ഞടുത്തു. വെള്ളപട്ടാളത്തിന്റെ തോക്കുകൾക്ക് ഏറെപ്പേർ ഇരയായി. വെള്ളക്കാർക്കെതിരെയുള്ള പോരാട്ടത്തിന്റെ വാർത്തയറിഞ്ഞ് അടുത്തുള്ള ഗ്രാമത്തിൽ നിന്നും ആളുകൾ എത്തിക്കൊണ്ടിരുന്നു. മൂന്നുദിവസം നീണ്ടുനിന്ന ഉഗ്രപോരാട്ടത്തിനുശേഷം ജനം കൊട്ടാരം പിടിച്ചെടുത്തു. മർദ്ദനമേറ്റ് അവശനായെങ്കിലു വെല്ലസി എങ്ങനെയോ രക്ഷപ്പെട്ടു. ആ രോഷത്തിൽ ജനം കൊട്ടാരം തല്ലിത്തകർത്തു. അതിന്റെ അവശിഷ്ടങ്ങളാണീ കിടക്കുന്നത്. കൊട്ടാരത്തിന്റെ അവശിഷ്ടങ്ങൾ ഒന്നൊന്നായി നിർമ്മലിനു കാണിച്ചുകൊടുത്തുകൊണ്ട് ഞാൻ പറഞ്ഞു.

ഗ്രാൻപായ്ക്ക് ഭാവന വളരെ കുറവാ. ഇതിലും നല്ല കഥകൾ ഞാൻ പറഞ്ഞുതരാമെന്ന് നിർമ്മൽ പറഞ്ഞു

"കുട്ടി ഇത് കഥയല്ല നമ്മളുടെ രാജ്യത്തിന്റെ എഴുതപ്പെടാത്ത ഒരു പാടു ചരിത്രങ്ങളിലൊന്നുമാത്രമാണ്." ഞാൻ തിരുത്തി.

"കഥകൾ പറയുമ്പോൾ ഏറ്റവും പുതിയ കഥകൾ തന്നെ പറയണം" നിർമ്മൽ പറഞ്ഞു. "ഭാവന കാണുമ്പോൾ മനസ്സിനെ കാല്പനികമാക്കുവാൻ കഴിയുന്ന ഭാവനകൾ കാണണം. ഒരുദാഹരണം പറയാം. അനനോവയും ഷാരുഖാനും നായിക നായകന്മാരായി അഭിനയിക്കുന്നു. സച്ചിനും ലാറയും അതേപടത്തിൽ തന്നെ വേഷമിടുന്നു. കരുത്തും സൗന്ദര്യവും മാറ്റുരയ്ക്കുന്ന രംഗങ്ങൾ."

"എനിക്ക് ഷാരുഖാനേയും സച്ചിനെയും മനസ്സിലായി. ആരാണ് അനനോവയും ലാറയും.?"

ഗ്രാൻപായ്ക്ക് അവരെ അറിയില്ലേ?. ഡിജിറ്റൽ ആനിമേഷൻ വിദ്യയിലൂടെ സൃഷ്ടിച്ച സുന്ദരിമാർ. ഇന്ന് ലോകത്തിൽ ഏറ്റവും കൂടുതൽ ആരാധകരുള്ളത് ഇവർക്കാണ്.

ഒന്നും കേൾക്കുവാനും ഉൾക്കൊള്ളുവാനും തയ്യാറാല്ലാത്ത ഈ തലമുറയെ സൃഷ്ടിച്ചത് ഞാൻ കൂടിയാണല്ലോ. തിരുത്തണം എനിക്ക് തിരുത്തണം.

വളരെക്കാലമായി ശരീരത്തിന്റെ ഒരു ഭാഗമായി കൈയിലിരുന്ന വാക്കിങ്സ്റ്റിക് ദൂരേക്കെറിഞ്ഞ് ഞാൻ വേഗത്തിൽ മുന്നോട്ട് നടന്നുതുടങ്ങി. അതിനിടയിലും നിർമ്മലിന്റെ കഥകൾ എന്റെ കാതുകളിൽ എത്തിക്കൊണ്ടിരുന്നു. എല്ലാം കൃത്രിമമായ പ്രണയകഥകൾ തന്നെ.

"അവിടേക്ക് ഭക്ഷണവും മറ്റുമായെത്തിയ ഡ്രൈവറോട് നിർമ്മൽ പറഞ്ഞു. ഗ്രാൻപാ പഴഞ്ചനാ. പാരമ്പര്യവും പറഞ്ഞിരിക്കാനേ അറിയൂ. ഒന്നും മനസ്സിലാകില്ല."

8

സ്വാതന്ത്ര്യത്തിന്റെ ഉത്സവം

സ്വാതന്ത്ര്യത്തിന്റെയും മനുഷ്യാവകാശത്തിന്റെയും അവസാന വാക്ക് ഏതാണ്? ജനാധിപത്യം അല്ലാതെ എന്താണ്? ജനാധിപത്യത്തിൽ നിയമത്തിനുള്ള സ്ഥാനം? അതിനെപ്പറ്റി എന്തിന് ചിന്തിക്കണം? നിയമം നിയമപരമായി നടപ്പാക്കുമ്പോഴല്ലേ അതിന് പ്രസക്തിയുള്ളൂ? ഇങ്ങനെ ഓരോന്ന് ചിന്തിച്ചും അന്വേഷിച്ചും അതിന്റെ ഉത്തരങ്ങൾ സ്വയംകണ്ടെത്തിയും ആ കണ്ടെത്തലിൽ വിശ്വാസം ഉറയ്ക്കാതെയുമിരുന്ന അധ്യാപകനാണ് ചന്ദ്രമോഹൻ.

ചന്ദ്രമോഹന്റെ ചിന്തകൾക്കും അന്വേഷണങ്ങൾക്കും കാരണമായ സംഭവത്തെപ്പറ്റി അറിയാൻ ചരിത്രത്തിലേക്ക് പിൻതിരിഞ്ഞ് നടന്നുതുടങ്ങിയാൽ അധികദൂരം പോകേണ്ടതില്ല. ജനാധിപത്യപ്രക്രിയയുടെ എല്ലാമായ കഴിഞ്ഞൊരു ഇലക്ഷൻവരെ മാത്രം പോയാൽ മതി.

ഉദ്യോഗസ്ഥർക്ക് ഇലക്ഷൻഡ്യൂട്ടി ആകുലതകളുടേയും വിഹ്വലതകളുടേയും ചിന്തകളാണ് നൽകുന്നത്. കുരിശുചുമക്കുന്ന ഈ ചിന്തകൾക്കിടയിൽ ജനാധിപത്യത്തെപ്പറ്റിയുള്ള അവബോധം മറ്റെല്ലാം മറക്കാനുള്ള ഊർജ്ജം നല്കുന്നു.

ആ ഇലക്ഷനിലും ചന്ദ്രമോഹനും ഭാര്യ ഭാനുമതിക്കും ഡ്യൂട്ടി കിട്ടി. ഒരു വയസ്സുള്ള മോളെയും മൂന്നരവയസ്സുള്ള മോനെയും ഒരു ബന്ധുവീട്ടിലാക്കി. വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കാൻ ഉയർന്നകൂലി നല്കി ഒരു ജോലിക്കാരിയെ കണ്ടെത്തി.

ചന്ദ്രമോഹന് ഡ്യൂട്ടി കിട്ടിയത് ഒരു ഗവൺമെന്റ് സ്കൂളിലാണ്. ഭാനുമതിക്ക് ഡ്യൂട്ടി കിട്ടിയത് നഗരത്തിൽനിന്നും വളരെ അകലെയുള്ള ഗ്രാമത്തിലെ പബ്ലിക് ലൈബ്രറിഹാളിലാണ്. ചന്ദ്രമോഹൻ പ്രിസൈഡിങ് ഓഫീസറും ഭാനുമതി ഫസ്റ്റ് പോളിങ് ഓഫീസറുമായാണ് നിയമനം. ചന്ദ്രമോഹന്റെ കൂടെയുള്ള ഫസ്റ്റ് പോളിങ് ഓഫീസർ ഉൾപ്പെടെയുള്ള അഞ്ചുപേരും വനിതകളാണ്. ഭാനുമതിയുടെ ഗ്രൂപ്പിൽ വനിതകളായി അവരും മാധവിയുമാണുള്ളത്.

തിരഞ്ഞെടുപ്പ് സാമഗ്രികൾ ശേഖരിച്ച് വോട്ടെടുപ്പിന്റെ തലേദിവസംതന്നെ ഓരോ ഗ്രൂപ്പും അവരവരുടെ പോളിങ്സ്റ്റേഷനുകളിലേക്ക് പുറപ്പെട്ടു. നിർദ്ദേശിച്ചിരിക്കുന്നതുപോലെ പോളിങ് സ്റ്റേഷനുകൾ സംവിധാനം

ചെയ്തു. പോളിങ് സ്റ്റേഷനു വെളിയിൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെ നോട്ടീസുകൾ പ്രദർശനത്തിനായി ഒട്ടിച്ചു. പ്രിസൈഡിങ് ഓഫീസർ ഓരോ പോളിങ് ഓഫീസർമാരും ചെയ്യേണ്ട ജോലികളെപ്പറ്റി വിശദീകരിച്ചു. സായാഹ്നമായപ്പോഴേക്കും ആ ദിവസം ചെയ്യേണ്ട ജോലികൾ പൂർത്തിയായി. ഇനിയുള്ള ജോലി തിരഞ്ഞെടുപ്പ് സാമഗ്രികൾക്കും തയ്യാറാക്കിയ പോളിങ് സ്റ്റേഷനും സംരക്ഷണം നൽകുകയാണ്.

മാർച്ച് മാസത്തിൽ നടക്കുന്ന ആ തിരഞ്ഞെടുപ്പിനും നല്ല ചൂടായിരുന്നു. തിരഞ്ഞെടുപ്പിന്റെ ചൂടും തിരഞ്ഞെടുപ്പ് നടത്തുന്നവരുടെ ആകുലതകളും ഉൾക്കൊണ്ട് പ്രകൃതിയും പ്രതികരിച്ചുതുടങ്ങി. പതിവിന് വിപരീതമായി ചെറു ചൂടുകാറ്റ് വീശി. ആകാശത്തിലെ മേഘങ്ങൾ കിഴക്ക് ദിക്കിലേക്ക് പറന്നുപോകുകയും പകരം കറുത്തിരുണ്ട മേഘങ്ങൾ ഉരുണ്ടുകൂടി വരുകയും ചെയ്തു. മിന്നൽപിണരുകൾ പാഞ്ഞു. ഇടിനാദം മുഴങ്ങി. ഇതിനിടയിൽ ചന്ദ്രമോഹൻ മൊബൈൽ ഫോണിൽ ഭാനുമതിയെ വിളിച്ചു.

ഭാനുമതി അവരുടെ ആകുലതകൾ പറഞ്ഞുതുടങ്ങി. "മോൻ ഭക്ഷണം കഴിക്കാൻ കൂട്ടാക്കുന്നില്ലെന്നാണ് പറഞ്ഞത്. മോൾക്കാണെങ്കിൽ ചെറിയ പനിയും തുടങ്ങിയിട്ടുണ്ടെന്ന് പറഞ്ഞു. പനിമരുന്ന് ഒരു ചെറിയ ടീസ്പൂൺ കൊടുക്കാൻ ഞാൻ പറഞ്ഞിട്ടുണ്ട്. മഞ്ചാടിയുടേയോ മായാവിയുടേയോ സി.ഡി. ഇട്ടുകൊടുത്താലേ മോൻ ഭക്ഷണം കഴിക്കുകയുള്ളൂ. അത് ഇട്ടുകൊടുത്ത് കഥകളും പറഞ്ഞുകൊടുക്കുവാൻ ഞാൻ പറഞ്ഞു. ഈ നശിച്ച ഇലക്ഷൻ സമാധാനം കെടുത്തുകയാ... ഇവിടെ ടൊയ്‌ലെറ്റിൽ പോകാൻകൂടി സൗകര്യമില്ല. കൊതുകാണെങ്കിൽ വലിയൊരു സന്നാഹമായി രക്തംകുടിക്കാൻ മൂളിക്കൊണ്ട് കാത്തുനിൽക്കുകയാ.കൂടെയുള്ള ചിലർ ഭക്ഷണം കിട്ടുമോയെന്ന അന്വേഷണത്തിലാ. ഇവിടെ കറന്റില്ല. മൊബൈലിന്റെ ചാർജ് തീരാറായി. കുട്ടികളുടെ കാര്യം വിളിച്ച് അന്വേഷിച്ചോണേ... ഓ.. അവിടെ മോഹനേട്ടന് എന്തുണ്ട് വിശേഷങ്ങൾ?....."

ചന്ദ്രമോഹൻ ആശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു. "ഇലക്ഷൻ ഡ്യൂട്ടിയൊക്കെ നമ്മളുടെ ജോലിയുടെ ഭാഗംതന്നെയാ. ജീവിതത്തിലെ സൗകര്യങ്ങളെക്കുറിച്ച് കൂടുതൽ ചിന്തിക്കുമ്പോഴാ ചില അസൗകര്യങ്ങൾ ഉൾക്കൊള്ളാൻ കഴിയാതെവരുന്നത്. ജനാധിപത്യത്തിന്റെ മഹത്വവും പവിത്രതയും നിലനിർത്താൻ നമ്മൾ ചെയ്യുന്ന ഈ ചെറിയ ത്യാഗത്തിന് വിലമതിക്കാനാവാത്ത പങ്കാണുള്ളത്".

"ജനാധിപത്യം മണ്ണാങ്കട്ട". ഭാനുമതി ചെറുതായി രോഷംകൊണ്ടു. "ഇതൊക്കെ സ്കൂളിൽച്ചെന്ന് കുട്ടികളോട് പറഞ്ഞാൽ മതി...."

സംസാരിക്കുന്നതിനിടയിൽ ചന്ദ്രമോഹന്റെ ഫോൺ കട്ടായി. അപ്പോഴാണ് വീട്ടിൽനിന്നും ഫോൺ വന്നത്. വിളിച്ചത് അച്ഛനായിരുന്നു. അമ്മയ്ക്ക് ചെറിയ ശ്വാസതടസ്സം വന്നതുകൊണ്ട് ഹോസ്പിറ്റലിൽ കൊണ്ടുപോയി മരുന്ന് വാങ്ങിച്ചെന്നും പറഞ്ഞു. ബന്ധുവീട്ടിൽ വിളിച്ച് കുട്ടികളുടെ വിശേഷം

തിരക്കാമെന്നു കരുതിനിന്ന ചന്ദ്രമോഹന്റെ അടുത്തേക്ക് ഫസ്റ്റ് പോളിങ് ആഫീസർ വന്നു. അവരുടെപേര് സുഹറയെന്നാണ്. "സാറ് റൂമിലേക്ക് ഒന്നു വരുമോ? ഞങ്ങൾ അവിടെ റി–അറൈഞ്ച് ചെയ്തിരിക്കുന്നത് ശരിയാണോ യെന്ന് നോക്കിക്കെ?"

ചന്ദ്രമോഹൻ നടന്ന് സുഹറയോടൊപ്പം പോളിങ് സ്റ്റേഷനിലെത്തി. അവർ അതെല്ലാം മനോഹരമായി പുനർക്രമീകരിച്ചിരിക്കുന്നു.ചിലകാര്യങ്ങ ളോടുള്ള സ്ത്രീകളുടെ സമീപനം നയപരവും കലാപരവുമാണല്ലോയെന്ന് ചന്ദ്രമോഹൻ ഓർമ്മിച്ചു. ശക്തമായ ഒരു മിന്നൽപ്പിണർ പായുകയും ഇടിനാദം മുഴങ്ങുകയുംചെയ്തു. കാറ്റിന്റെ അകമ്പടിയോടെ മഴ ചാറിത്തുടങ്ങി. മുറി യുടെ ജനാലകൾ തുറന്നടഞ്ഞു. അടുക്കിവച്ചിരുന്ന ചില കവറുകളും പ്രിസൈഡിങ് ഓഫീസറുടെ ഡയറിയും കാറ്റിൽപ്പറന്ന് നിലത്തേക്കുവീണു. വേഗംതന്നെ അവർ ജനാലകളും വാതിലുമടച്ച് കാറ്റിനെ പ്രതിരോധിച്ചു. പുറത്ത് മഴ ശക്തമായി പെയ്യുവാൻ തുടങ്ങി.

രാത്രി നല്ലതുപോലെ കനത്തു. മൊബൈൽഫോണിന്റെ ചാർജ് തീർന്നതുകൊണ്ട് ആരുമായും ബന്ധപ്പെടാൻ കഴിയാതെ ഭാനുമതി അസ്വ സ്ഥയായി. മാധവി പോളിങ് സ്റ്റേഷനടുത്തുള്ള ഒരു അകന്ന ബന്ധുവീട്ടി ലേക്കു പോയതോടെ ഭാനുമതി ഒറ്റയ്ക്കുമായി. പ്രിസൈഡിങ് ഓഫീസർ വിജയൻ ഒരു പ്രത്യേക സ്വഭാവക്കാരനാണ്. പ്രിസൈഡിങ് ഓഫീസർ ഒത്തിരി അധികാരമുള്ള ആളാണെന്നും മറ്റുള്ളവരെല്ലാം അയാളെ അക്ഷരം പ്രതി അനുസരിക്കണമെന്നുമുള്ള ചിന്തകളും പ്രവൃത്തിയുമാണ് വിജയനിൽ മുന്നിട്ടുനിൽക്കുന്നത്. മദ്യപിച്ച് ബഹളംവയ്ക്കുന്ന രാഷ്ട്രീയപ്പാർട്ടികളുടെ പ്രവർത്തകരുടെ ശബ്ദം അവിടെ കേൾക്കാമായിരുന്നു. പോളിങ് ഏജന്റിന്റെ സ്ലിപ്പ് മേടിക്കാൻവന്ന ചിലർ പുരുഷന്മാരോടൊപ്പമിരിക്കുന്ന ഭാനുമതിയെ കൗതുകക്കണ്ണുകളോടെയാണ് നോക്കിയത്. പതിനൊന്നു മണിക്കുശേഷം പുരുഷന്മാരെല്ലാം മുറിക്കുള്ളിൽക്കിടന്ന് ഉറങ്ങുവാൻ തുടങ്ങി. ഭാനുമതി ഒരു ബഞ്ചിൽ ഓരോന്ന് ചിന്തിച്ചുകൊണ്ടിരുന്നു. മകനേയും മകളേയും പറ്റി. വീട്ടി ലേക്ക്പോയിട്ടും ഒന്നുക്ഷണിക്കാൻപോലും മനസ്സുകാണിക്കാത്ത മാധവിയെ പ്പറ്റി... ജനാധിപത്യത്തെപ്പറ്റി... പുറത്ത് മദ്യപിച്ച് ബഹളംവയ്ക്കുകയും വൃത്തി കെട്ടപദങ്ങളും ഭാഷയുമുപയോഗിച്ച് സംസാരിക്കുന്നവരെപ്പറ്റി... ഭർത്താവി നെപ്പറ്റി... ഇനിയും വരാനിരിക്കുന്ന ഇലക്ഷൻ ഡ്യൂട്ടികളെപ്പറ്റി.. ഇലക്ഷനിൽ വിജയിക്കുന്നവരെപ്പറ്റി... പരാജയപ്പെടുന്നവരെപ്പറ്റി...

ഒരു പ്രിസൈഡിങ് ഓഫീസറെന്ന നിലയിൽ ചന്ദ്രമോഹൻ തീരു മാനം കൃത്യമായി പറഞ്ഞു. സ്ത്രീകൾക്കുവേണമെങ്കിൽ വീട്ടിൽ പോകാം. ഏഴുമണിക്ക് പോളിങ് തുടങ്ങേണ്ടതുകൊണ്ട് മറ്റു സജ്ജീകരണങ്ങൾ പൂർത്തിയാക്കുവാനായി ആറുമണിക്കു മുമ്പുതന്നെ എത്തണം". ഇലക്ഷൻ ഡ്യൂട്ടിക്ക് നിശ്ചയിച്ചിരിക്കുന്ന തുക ഓരോരുത്തർക്കും കൃത്യമായിതന്നെ കൊടുത്തു. പണം കൈപ്പറ്റിയതിന്റെ രേഖയായി സ്വീകരിക്കേണ്ട ഒപ്പ്

അടുത്ത ദിവസം നൽകിയാൽ മതിയെന്നു പറഞ്ഞു. പ്രമീള, വാസന്തി, മറിയ എന്നിവരുടെ ഭർത്താക്കന്മാർ അവിടെയെത്തിയിരുന്നു. മഴ നനയാതെ അവർ അല്പം മാറിനിൽക്കുകയാണ്. ഫസ്റ്റ് പോളിങ് ഓഫീസർ സുഹറയാണ്. സുഹറ എന്താണെങ്കിലും വീട്ടിലേക്ക് പോകുന്നില്ലെന്ന് മുമ്പുതന്നെ തീരുമാനിച്ചിരുന്നു. കൂടെയുള്ള മറ്റ് വനിതകൾ ചെയ്യുന്നതുപോലെ ചെയ്യാമെന്ന തീരുമാനത്തിലാണ് ശ്രീപ്രിയ.

അവരൊരു തീരുമാനത്തിലെത്തി. ശക്തമായ മഴയെയും ഇടിമിന്നലുകളേയും അവഗണിക്കാനാവില്ല.അതുകൊണ്ട് എല്ലാവരുംകൂടി സ്കൂളിൽ തന്നെ താമസിക്കുന്നതാണ് ബുദ്ധി. അല്പം അടച്ചുറപ്പുള്ള മുറിയിൽ സ്ത്രീകളെല്ലാം കൂടി കിടക്കാമെന്ന് തീരുമാനിച്ചു. അടച്ചുറപ്പുള്ള മുറിതുറന്ന് സ്ത്രീകൾ അകത്തേക്കു കയറി. മറിയ ഭയന്ന് ‘അയ്യോ’ എന്ന് ശബ്ദത്തിൽ നിലവിളിച്ചു. പൊടിപിടിച്ച ആ മുറിയുടെ മൂലയിൽ ഒരസ്തികൂടം! മുമ്പ് ലാബായി ഉപയോഗിച്ചിരുന്ന ആ മുറിയിൽ കിടക്കാൻ സ്ത്രീകൾ വിസമ്മതിച്ചു.

അടുത്ത മുറിയിൽനിന്നും ഒരു ചാക്ക് എടുത്തുകൊണ്ടുവന്ന് വിജയമോഹൻതന്നെ അസ്തികൂടത്തിന്റെ തലയോട്ടിമുതലുള്ള ഭാഗം മൂടിയിട്ടു. തുറന്നുകിടന്ന മറ്റ് സ്കൂൾ കെട്ടിടഭാഗത്തൊന്നും കിടക്കാൻ ഒരു സൗകര്യവുമുണ്ടായിരുന്നില്ല. എല്ലായിടവും നനഞ്ഞിരിക്കുന്നു.

സുഹറ ഒരു നിർദ്ദേശം മുന്നോട്ടുവച്ചു. ഇലക്ഷൻ സാമഗ്രികളുമായി പ്രിസൈഡിങ് ഓഫീസറും ഈ മുറിയിൽ തന്നെ കിടക്കണം.

ചന്ദ്രമോഹൻ ആദ്യം സുഹറയുടെ മുഖത്തേക്കും പിന്നീട് വാസന്തി, മറിയ, ശ്രീപ്രിയ, പ്രമീള എന്നിവരുടെ മുഖങ്ങളിലേക്കും നോക്കി. അതിനു ശേഷം പ്രമീള, വാസന്തി, മറിയ എന്നിവരുടെ ഭർത്താക്കൻമാരെ നോക്കി.

മറിയയുടെ ഭർത്താവ് ജോസഫൈൻ തീർത്തുപറഞ്ഞു. സാറുകൂടി ഈ മുറിയിൽ കിടക്കുന്നതാ നല്ലത്. ആർക്കെങ്കിലുമൊക്കെ പേടിയുണ്ടെങ്കിൽ അത് വർദ്ധിച്ചു വരാതിരിക്കാൻ ലൈറ്റ് ഓഫാക്കാതിരുന്നാൽ മതി.

അവർ സംസാരിച്ച് നിൽക്കുന്നിടത്തേക്ക് അരോഗ ദൃഢഗാത്രന്മാരായ എട്ട് പുരുഷന്മാർ വന്നു. അതിൽ രണ്ടുപേരുടെ ആവശ്യം പോളിങ് ഏജന്റുമാർക്കുള്ള പാസായിരുന്നു. മൂന്നുപേരുടെ ആവശ്യം ഇലക്ഷൻ ഡ്യൂട്ടിക്ക് വന്നവരല്ലാത്ത എല്ലാവരും പുറത്തു പോകണമെന്നായിരുന്നു. രണ്ടുപേർ വനിതാ പോളിംങ് ഓഫീസർമാരെ കാമ കൗതുകത്തോടെ നോക്കി. ഉള്ളിൽകിടക്കുന്ന മദ്യം അവരുടെ കൗതുകത്തിന് തീക്ഷ്ണത വർദ്ധിപ്പിച്ചു. ഇനിയുള്ള ഒരാൾ വനിതാ പോളിംങ് ഓഫീസർമാർക്കു വേണമെങ്കിൽ അയാളുടെ വീട്ടിൽ താമസിക്കാമെന്ന് കാര്യഗൗരവത്തോടെ പറഞ്ഞു.

നിർദ്ദേശം ജോസഫൈന്റേതായിരുന്നു. അല്പമെങ്കിലും കിടക്കാൻ കൊള്ളാവുന്ന മുറി ഇതേയുള്ളു. സാറ് ലേഡീസിനൊപ്പം ഈ മുറിയിൽ ത്തന്നെ കിടന്നാൽ മതി. ഞങ്ങൾ സ്കൂൾ ഗ്രൗണ്ടിന് പുറത്തുതന്നെയുണ്ട്. എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ മൊബൈലിൽ വിളിച്ചാൽ മതി.

കൂടുതലൊന്നും പറയാതെ ജോസഫൈൻ വാസന്തിയുടെ ഭർത്താവ് സുകുമാരനെയും പ്രമീളയുടെ ഭർത്താവ് അശോക് കുമാറിനെയും കൂട്ടി തിരിഞ്ഞു പുറത്തേക്കുപോകാൻ തയ്യാറായി നിന്നു. അവിടേക്കു വന്ന എട്ടുപേരോടും പുറത്തേക്ക് പോകണമെന്ന് ചന്ദ്രമോഹൻ നിർദ്ദേശിച്ചു. അവർ പരസ്പരം അല്പസമയം അതുമിതം പറഞ്ഞ് തർക്കിച്ചുകൊണ്ടിരുന്നു. അതിനുശേഷം അവിടേക്കുവന്ന എട്ടുപേരും പ്രമീള, മറിയ, വാസന്തി എന്നിവരുടെ ഭർത്താക്കന്മാരും പുറത്തേക്കുനടന്നു.

ചന്ദ്രമോഹൻ കാർഡ്ബോർഡ് വിരിച്ച് അടച്ചുറപ്പുള്ള മുറിയുടെ ഒരു മൂലയിൽ കിടന്നു. പോളിംങ്ങിനുള്ള സാധനങ്ങൾ ഭദ്രമായി അടുത്തുതന്നെ വച്ചു. സ്ത്രീകൾ കടലാസ് വിരിച്ചതിനുശേഷം അതിനുമുകളിൽ ബെഡ്ഷീറ്റ് വിരിച്ച് മറ്റൊരു വശത്ത് ഭിത്തിയോട് ചേർന്ന് തിരിഞ്ഞുകിടന്നു. ഉഗ്രനൊരു ഇടിനാദം മുഴങ്ങിയപ്പോൾ കറന്റും പോയി. മകൻ ഭക്ഷണം കഴിക്കാത്തത്, മകൾക്ക് പനിപിടിച്ചത്, അമ്മയുടെ ശ്വാസതടസ്സം തുടങ്ങിയവയെ പറ്റിയെല്ലാം ചിന്തിച്ച് ആറു സ്ത്രീകളോടൊപ്പം ഒരു മുറിയിൽ അതും സമൃദ്ധമായ ഇരുട്ടിൽ കിടക്കുന്നതിനെ പറ്റി ചന്ദ്രമോഹൻ ഓർമിച്ചു. അപ്പോൾ അടിക്കിപ്പിടിച്ച് ചിരിക്കാനാണ് തോന്നിയത്. ഭാനുമതി ഇത് അറിഞ്ഞാലുണ്ടാകുന്ന പുകിൽ എന്തായിരിക്കും? ഏതെങ്കിലും ചാനലുകാർ ഈ സംഭവം അറിയുകയും ഓരോരുത്തരായി മുറിയിൽനിന്നും പുറത്തേക്കിറങ്ങുന്നത് രേഖപ്പെടുത്തി പ്രദർശിപ്പിക്കുകയും ചെയ്താൽ? ഓർത്തപ്പോൾ ചന്ദ്രമോഹന്റെ ഓർമ്മകൾക്ക് മുകളിലൂടെ പരദൂഷണത്തിന്റെ ബുൾഡോസർ ഉരുണ്ടു.

എന്തോ തട്ടിവീഴുന്ന ശബ്ദം. പ്രമീള ശബ്ദത്തിൽ വലിയ വായിൽ അലറി. അവിടെ കിടന്ന എല്ലാവരുടെയും സിരകളിലൂടെ ഭയത്തിന്റെ രക്തം ചീറിപ്പാഞ്ഞു. ചന്ദ്രമോഹൻ തപ്പിത്തടഞ്ഞ് മൊബൈൽ കയ്യിലെടുത്തു. അതിന്റെ ലൈറ്റ് പ്രകാശിപ്പിച്ചു. ആ അരണ്ട വെളിച്ചത്തിന്റെ സഹായത്തോടെ ഒരു മെഴുകുതിരി കത്തിച്ചു. അസ്ഥികൂടം ചിന്നിചിതറി തറയിൽ കിടക്കുന്നു. അത് മൂടിയിരുന്ന ചാക്ക് തലയിലിട്ട് ഒരു രൂപം. കാല് തറയിൽ ഉറച്ചിട്ടുണ്ട്. ഭയന്നു വിറച്ചു നിൽക്കുന്ന സ്ത്രീകൾ. ചന്ദ്രമോഹൻ ധൈര്യം സംഭരിച്ച് നിലത്തുനിന്നും ഒരു തടിക്കഷണം കുനിഞ്ഞെടുത്തു ചാക്ക് തലയിലിട്ട് നിൽക്കുന്ന രൂപത്തിനിട്ട് എറിഞ്ഞു.

'അയ്യോ... എന്നെ ഒന്നും ചെയ്യരുതെ' എന്ന് കരഞ്ഞുകൊണ്ട് ആ രൂപം തലയിൽ നിന്നും ചാക്ക് എടുത്തുമാറ്റി. എല്ലാവരും സ്തംഭിച്ചുപോയി. വാസന്തിയുടെ ഭർത്താവ് സുകുമാരൻ.

വാസന്തി ഒഴിച്ചുള്ള വനിതാ പോളിംങ് ഓഫീസർമാരുടെയെല്ലാം ചുണ്ടുകളിൽ പരിഹാസച്ചിരി വിടർന്നു. വാസന്തി ഏങ്ങിയേങ്ങി കരയുവാൻ തുടങ്ങി. കരയുന്നതിനിടയിൽ പറഞ്ഞു. "വിവാഹത്തിനുശേഷം എനിക്ക് സമാധാനം കിട്ടിയിട്ടില്ല... ഈ മനുഷ്യന് എപ്പോഴും സംശയമാ..."

ചന്ദ്രമോഹൻ ദീർഘമായൊന്ന് നിശ്വസിച്ചുകൊണ്ട് ചോദിച്ചു. "എങ്ങനെയാ ഈ മുറിയിൽ കടന്നത്?"

പിന്നിലേക്ക് വിരൽ ചൂണ്ടി സുകുമാരൻ പറഞ്ഞു. ദാ ആ ജനാലയുടെ വാതിലിളക്കി ജനൽക്കമ്പികൾ വളച്ച്...."

സുകുമാരന് വേണമെങ്കിൽ വാസന്തിയേയും കൂട്ടി പോകാം. ചന്ദ്രമോഹൻ പറഞ്ഞു. അല്ലെങ്കിൽ സുകുമാരനും ഈ മുറിയിൽതന്നെ താമസിച്ചുകൊള്ളു.

ഈ മനുഷ്യന്റെ കൂടെ ഞാനിനി പൊറുക്കില്ല. വാസന്തി രോഷത്തോടെ തുടർന്നു പറഞ്ഞു. ഇയാളുടെ സംശയം സഹിച്ച് സഹിച്ച് ഞാൻ മടുത്തു.

വാസന്തി ഒരു കൊടുങ്കാറ്റുപോലെ സുകുമാരന്റെ നേരെ അടുത്തു. രണ്ടുകൈകൾ കൊണ്ടും അയാളുടെ നെഞ്ചിൽ ഇടിച്ചു. പിന്നെ പിടിച്ചുവലിച്ച് സുകുമാരനെ വാതിലിന്റെ അടുത്തേക്ക് കൊണ്ടുവന്നിട്ട് അത് തുറന്ന് വെളിയിലേക്ക് സർവ്വശക്തിയും സംഭരിച്ച് തള്ളി. അപ്പോഴും മഴപെയ്തുകൊണ്ടിരിക്കുകയാണ്. ഇടിവാള് മിന്നിയപ്പോൾ മുറ്റത്ത് മലർന്നു കിടക്കുന്ന സുകുമാരൻ മെല്ലെ എഴുന്നേൽക്കുവാൻ ശ്രമിക്കുന്നത് അവർ കണ്ടു. ഇടിനാദം ശക്തിയോടെ മുഴങ്ങി. ഇതിനിടയിൽ വാസന്തി ആ മുറിയുടെ വാതിൽ അടച്ചുപൂട്ടി.

എല്ലാവരും വല്ലായ്കയോടെ നിൽക്കുകയാണ്. ആ രംഗം ലഘൂകരിക്കുവാനായി ചന്ദ്രമോഹൻ പറഞ്ഞു. "ഇങ്ങനെ മഴ തുടർന്നാൽ നാളെ ഇലക്ഷൻ നടക്കുന്ന കാര്യം സംശയമാ."

കാററ് വീണ്ടും ശക്തിയായി വീശി. മരങ്ങൾ വിണ്ടുകീറുന്നതും ഒടിഞ്ഞുവീഴുന്നതുമായ ശബ്ദങ്ങൾ. മുറിയിലേക്ക് അതിക്രമിച്ചു കയറിയ കാററ് മെഴുകുതിരി കെടുത്തിക്കളഞ്ഞു. ഓരോരുത്തരും മൊബൈൽ ഫോൺ മിന്നിച്ച് വീണ്ടും കിടന്നു. ചന്ദ്രമോഹൻ ഭാര്യയെ പറ്റി മകളെ പറ്റി അമ്മയെ പറ്റിയെല്ലാം ചിന്തിച്ചുകൊണ്ടിരുന്നു. കാതടപ്പിക്കുന്ന ശബ്ദത്തോടെ ഇടിനാദം പിന്നെയും മുഴങ്ങി. ഭയപ്പെടുത്തുന്ന രീതിയിലുള്ള കാറ്റിന്റെ മുരങ്ങൽ ശബ്ദത്തിന് തീവ്രത കൂടിക്കൊണ്ടിരുന്നു. ഒരു സ്ത്രീ ചന്ദ്രമോഹന്റെ അടുത്തേക്ക് വന്ന് കെട്ടിപ്പിടിച്ച് കിടന്നു. അവർ ചിലമ്പിച്ച ശബ്ദത്തിൽ പറഞ്ഞു. "എനിക്ക് പേടിയാകുന്നു..." എന്തുപറയണം എങ്ങനെ പ്രതികരിക്കണമെന്നറിയാതെ ചന്ദ്രമോഹൻ അങ്ങനെതന്നെ കിടന്നു. മനസ്സിനെ പാകപ്പെടുത്തി ശരീരത്തെ നിയന്ത്രിക്കുവാൻ ചന്ദ്രമോഹൻ ഓരോ കാര്യങ്ങൾ ചിന്തിച്ചുകൊണ്ടിരുന്നു. ഇലക്ഷനിൽ കള്ള വോട്ട് ചെയ്യുന്നത്, ചിലർ ചേർന്ന് പ്രിസൈഡിങ് ഓഫീസറെ മർദ്ദിക്കുന്നത്, പോലീസ് ലാത്തി വീശുന്നത് തുടർന്ന് ആകാശത്തേക്ക് വെടിവയ്ക്കുന്നത്.

മൊബൈലിൽ സെറ്റ് ചെയ്തുവച്ചിരുന്ന അലാറം നാല് മണിയായപ്പോൾ അടിച്ചു. മയക്കത്തിൽ നിന്നും ചാടി എഴുന്നേറ്റ ചന്ദ്രമോഹൻ അങ്ങനെതന്നെ അല്പസമയം കിടന്നു. മറിയ മെഴുകുതിരി കത്തിച്ചു. ആ പ്രകാശത്തിൽ മുന്നിൽ നിൽക്കുന്ന സുഹറ, ശ്രീപ്രിയ, പ്രമീള, വാസന്തി തുടങ്ങിയവരെ അയാൾ കണ്ടു.

വാതിൽ തുറന്ന് നോക്കിയപ്പോൾ പുറത്ത് നല്ല ഇരുട്ടാണ്. മഴ ശമിച്ചിരിക്കുന്നു. അവർക്കെല്ലാംകൂടി ഉപയോഗിക്കാൻ ആകെയുള്ളത് ഒരു ലാട്രി

നാണ്. അതും അവർ താമസിക്കുന്നിടത്തുനിന്നും അല്പം ദൂരത്തിലുമാണ്. എല്ലാ സ്ത്രീകളെയും ലാട്രിനിലെത്തിക്കുന്നതും തിരിച്ചുകൊണ്ടുവരുന്നതുമായ ജോലിയും ചന്ദ്രമോഹൻതന്നെ ചെയ്യേണ്ടിവന്നു. ആറുമണിയായപ്പോൾത്തന്നെ ബൂത്ത് ഏജന്റുമാർ വന്നുതുടങ്ങി. കൃത്യം ഏഴുമണിക്കുതന്നെ പ്രിസൈഡിങ് ഓഫീസറുടെ ഡിക്ലറേഷനോടെ വോട്ടെടുപ്പ് ആരംഭിച്ചു. പലപ്രാവശ്യം പലരുടെയും ഫോൺകോളുകൾ വന്നെങ്കിലും അതൊന്നും എടുക്കുവാനുള്ള സമയവും അവസരവും ചന്ദ്രമോഹന് ഉണ്ടായില്ല. കൃത്യം അഞ്ചുമണിക്കുതന്നെ വോട്ട് രേഖപ്പെടുത്തൽ അവസാനിച്ചു. വോട്ടിങ് യന്ത്രം പോളിങ് ഏജന്റുമാരുടെ സമ്മതത്തോടെ മുദ്രവച്ചു. സമ്മതിദായകർക്ക് നൽകിയ ബാലറ്റു പേപ്പറുകളുടെ എണ്ണം പരിശോധിച്ച് തിട്ടപ്പെടുത്തി. അതിന്റെ അക്കൗണ്ട് പോളിങ് ഏജന്റുമാർക്കു നൽകി. ഇലക്ഷൻ അവസാനിച്ചെന്നുള്ള പ്രിസൈഡിംഗ് ഓഫീസറുടെ പ്രഖ്യാപനം നടത്തി. ഡയറി നിയമാനുസൃതമായ രീതിയിൽ തയ്യാർ ചെയ്തു. തിരഞ്ഞെടുപ്പ് സംബന്ധിച്ച പേപ്പറുകൾ മുദ്രവച്ചു. സ്റ്റാറ്റ്യൂട്ടറി കവറുകളും സ്റ്റാറ്റ്യൂട്ടറി അല്ലാത്ത കവറുകളും തിരഞ്ഞെടുപ്പ് സാമഗ്രികളും പായ്ക്ക് ചെയ്തു. കാര്യങ്ങൾ ഒരുവിധം സമാധാനപരമായി പര്യവസാനിച്ചതിന്റെ ആശ്വാസത്തിൽ ചന്ദ്രമോഹൻ ദീർഘമായൊന്നു നിശ്വസിച്ചു. വോട്ടിങ് മിഷ്യനും ഇതര തിരഞ്ഞെടുപ്പ് സാമഗ്രികളും ശേഖരണകേന്ദ്രത്തിൽ കൊണ്ടുപോകാൻ വാഹനത്തിനായി കാത്തുനിന്നു. അപ്പോഴാണ് ഭാര്യയെ, മക്കളെ, അമ്മയെക്കുറിച്ചെല്ലാം ഓർമ്മിച്ചത്. പാൻസിന്റെ കീശയിൽ ഓഫാക്കിയിട്ടിരുന്ന മൊബൈൽ ഫോൺ ഓണാക്കി.

അച്ഛന്റെ കോളാണ് ആദ്യം വന്നത്. "ഞാൻ കുറെ നേരമായി നിന്നെ വിളിക്കുന്നു. അമ്മയ്ക്ക് നിന്നെ കാണണമെന്ന് ഒരേ നിർബന്ധം. ഏതോ ഒരു പ്രിസൈഡിങ് ഓഫീസറെ ചില പാർട്ടിക്കാര് തല്ലി അവശതയാക്കിയെന്ന് കേട്ടപ്പോൾ തുടങ്ങിയതാ. നീ വേഗം ഇവിടെ വരെ വരണം. അല്ലെങ്കിൽ അമ്മയ്ക്ക് ആദികയറി വല്ലതും..."

ചന്ദ്രമോഹൻ അമ്മയെപ്പറ്റി, അമ്മയുടെ വാത്സല്യത്തെപ്പറ്റി ചില നിമിഷങ്ങൾ ചിന്തിച്ചുനിന്നു. അപ്പോഴാണ് ഭാനുമതിയുടെ കോൾ വന്നത്. ചന്ദ്രമോഹൻ കോളെടുത്തു. ഭാനുമതി പറഞ്ഞുതുടങ്ങി. "മോൾക്ക് പനി കൂടുതലായിട്ട് ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തിരിക്കുകയാ... കരഞ്ഞ് കരഞ്ഞ് മോനും തളർന്നുറങ്ങിയെന്നാ പറഞ്ഞത്. ഞാനിപ്പോൾ ഇവിടെ നിന്നും ഹോസ്പിറ്റലിലേക്ക് പോകുകയാണ്. മോഹനേട്ടൻ എത്രയും പെട്ടെന്ന് അവിടെയെത്തണം."

ചന്ദ്രമോഹൻ ആത്മസംഘർഷങ്ങളോടെ നിന്നു. മറിയായുടെയും വാസന്തിയുടെയും ഭർത്താക്കന്മാർ അവിടേക്കു വന്നു. മറിയായുടെ ഭർത്താവ് ജോസഫൈൻ പറഞ്ഞു. "തിരഞ്ഞെടുപ്പ് സാമഗ്രികൾ കൊടുക്കാൻ ശേഖരണ കേന്ദ്രത്തിലേക്ക് പ്രിസൈഡിങ് ഓഫീസറും ഫസ്റ്റ് പോളിംഗ് ഓഫീസറും പോയാൽ മതിയല്ലോ. ബാക്കിയുള്ളവർ സ്ത്രീകളായതുകൊണ്ട് ഇവിടുന്നു

തന്നെ വീട്ടിലേക്ക് പോകാൻ അനുവദിക്കണം.

ചന്ദ്രമോഹന് അടക്കാനാവാത്ത ദേഷ്യംവന്നു. പല്ലുകൾ കൂട്ടിക്കടിച്ച് അരിശം നിയന്ത്രിച്ചുകൊണ്ട് പറഞ്ഞു. പോയിക്കൊള്ളൂ. അതിന് ആരും തടസ്സം പറഞ്ഞില്ലല്ലോ.

ചന്ദ്രമോഹൻ അതുപറഞ്ഞതും വാസന്തി, ശ്രീപ്രിയ, മറിയ, പ്രമീള, എന്നിവർ ബാഗ് എടുത്തു. നേരത്തെ വീട്ടിൽ പോകാൻ അനുവദിച്ചതിന് നന്ദിയും പറഞ്ഞ് അവിടെനിന്നും ചിരിച്ച് കളിച്ച് പുറത്തേക്കു നടന്നു.

ചന്ദ്രമോഹൻ മെല്ലെ സുഹറയെ നോക്കി ചോദിച്ചു. "സുഹറയ്ക്ക് വീട്ടിൽ പോകേണ്ടെ?"

സുഹറ ചിരിച്ചുകൊണ്ട് പറഞ്ഞു. "ഞാൻ ഫസ്റ്റ് പോളിങ് ഓഫീസറല്ലേ? അങ്ങനെയങ്ങ് പോകാൻ പറ്റുമോ?"

ഏറെ നേരം കാത്തുനിന്നതിനു ശേഷമാണ് ശേഖരണ കേന്ദ്രത്തിലേക്ക് പോകാനുള്ള ബസ് വന്നത്. വോട്ടിങ് മിഷ്യനും മറ്റ് തിരഞ്ഞെടുപ്പ് സാമഗ്രികളുമായി അവർ തിക്കിത്തിരക്കി ബസിൽ കയറി. ശേഖരണ കേന്ദ്രത്തിലെത്തിയപ്പോൾ ചന്ദ്രമോഹനും സുഹറയും ഞെട്ടിപ്പോയി. വോട്ടിങ് മിഷ്യൻ കൊടുക്കുവാൻവേണ്ടി കാത്തുനിൽക്കുന്ന പ്രിസൈഡിങ് ഓഫീസർമാരുടെയും ഫസ്റ്റ് പോളിങ് ഓഫീസർമാരുടെയും ക്യൂവിന് ഇരുനൂറ്റിയമ്പത് മീറ്ററിലധികം നീളമുണ്ട്. ആ ക്യൂവിന്റെ പിന്നിലായി ചന്ദ്രമോഹനും സുഹറയും നിന്നു.

ചന്ദ്രമോഹൻ മൊബൈൽ ഫോണെടുത്ത് അച്ഛനെ വിളിച്ചു. അമ്മയുടെ കൈയിൽ ഫോൺ കൊടുക്കുവാൻ പറഞ്ഞു. അമ്മയുമായി അല്പസമയം സംസാരിച്ചു. "അമ്മേ എനിക്ക് പ്രശ്നമൊന്നുമില്ല... ആരും എന്നെ തല്ലുകയോ ഉപദ്രവിക്കുകയോ ഒന്നും ചെയ്തിട്ടില്ല. വോട്ടിങ് മിഷ്യൻ തിരികെ ഏല്പ്പിച്ചിട്ട് ഉടനെ വരാം..." ആ കോൾ കട്ടു ചെയ്തു കഴിഞ്ഞപ്പോൾ തന്നെ ഭാനുമതിയുടെ കോൾ വന്നു.

ഭാനുമതി വല്ലായ്കയോടെ പറഞ്ഞു തുടങ്ങി. "എത്രയും വേഗം ഹോസ്പിറ്റലിലേക്ക് വരണം. മോൾക്ക് നൂറ്റി ആറ് ഡിഗ്രി പനിയുണ്ട്. അവളുടെ വിറയലും കരച്ചിലും കാണുമ്പോൾ എനിക്ക് ഭയമാകുകയാ... മരുന്നുകൾ വാങ്ങിക്കാൻ അത്യാവശ്യമായി കുറെ പണവും ആവശ്യമുണ്ട്."

"ഞാൻ ഉടനെതന്നെ വരാം." ചന്ദ്രമോഹൻ പറഞ്ഞു. "വോട്ടിങ് മിഷ്യൻ കൊടുക്കുവാൻ ക്യൂവിൽ നിൽക്കുകയാണ്. നീ പറ്റുന്നതുപോലെ കാര്യങ്ങളൊക്കെ മാനേജ് ചെയ്യ്." "ഒന്നും സംഭവിക്കില്ല." സുഹറ ആശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു. "എല്ലാം ജീവിതത്തിന്റെ ഓരോ ഭാഗങ്ങളല്ലേ? നമ്മൾ ഇറങ്ങിത്തിരിച്ചതും ഒരു നല്ലകാര്യത്തിനാണല്ലോ. ജനാധിപത്യം ചൈതന്യത്തോടെ നിലനിർത്താൻ ചില ത്യാഗങ്ങളൊക്കെ സഹിക്കേണ്ടിവരും... ഇതും അതിന്റെ ഭാഗമാണെന്നു കരുതിയാൽ മതി..."

ചന്ദ്രമോഹൻ ഉത്തരമൊന്നും പറയാതെ മ്ലാനമായി പുഞ്ചിരിച്ചു. ഇടയ്ക്കൊക്കെ ഭാനുമതിയുടെ ഫോൺകോളുകൾ വന്നുകൊണ്ടിരുന്നു. അപ്പോ

ഴെല്ലാം അസ്വസ്ഥനാകുന്ന ചന്ദ്രമോഹനെ ഓരോന്ന് പറഞ്ഞ് സുഹറ ആശ്വസിപ്പിച്ചു.

രാത്രി മൂന്നു മണിയായപ്പോഴാണ് വോട്ടിംഗ് മിഷ്യനും ഇതര ഇലക്ഷൻ സാമഗ്രികളും ശേഖരണ കേന്ദ്രത്തിൽ ഏല്പ്പിക്കുവാൻ കഴിഞ്ഞത്. അവിടെ നിന്നും മകൾ കിടക്കുന്ന ഹോസ്പിറ്റലിലെത്താൻ ഏതാണ്ട് പതിനാറു കിലോമീറ്റർ ദൂരമുണ്ട്. ഒരു ഓട്ടോയിലാണ് ചന്ദ്രമോഹൻ ഹോസ്പിറ്റലിലേക്ക് യാത്ര തിരിച്ചത്.

ഹോസ്പിറ്റലിലെത്തിയപ്പോഴാണ് ചന്ദ്രമോഹന് കാര്യങ്ങളുടെ ഗൗരവം ശരിക്കും മനസ്സിലായത്. മകളുടെ പനി കുറയാതെ വഷളായി നിൽക്കുകയാണ്. ഭാനുമതി എന്തുചെയ്യണമെന്നറിയാതെ ഭ്രാന്ത് പിടിച്ച് നിൽക്കുന്ന അവസ്ഥയിലാണ്. പിന്നെ ചന്ദ്രമോഹൻ ഒരു ഓട്ടമായിരുന്നു. പണത്തിനുവേണ്ടി, ചില ബന്ധുക്കളുടെ സഹായത്തിന് വേണ്ടി, ഒരു വയസ്സുള്ള മകന്റെ പരിചരണത്തിനായി, വീട്ടിലെത്തി അമ്മയേയും അച്ഛനേയും ആശ്വസിപ്പിക്കാനായി, ഭാര്യയെ സമാധാനിപ്പിക്കാനായി... നാലു ദിവസങ്ങൾക്കുശേഷം മകളെ ഹോസ്പിറ്റലിൽ നിന്നും ഡിസ്ചാർജ് ചെയ്യുന്നതുവരെ ആ ഓട്ടം തുടർന്നു.

ജീവിതത്തിലെ ഒരു ദുരിതകാലഘട്ടം അവസാനിച്ചെന്ന സമാധാനത്തോടെ ഹോസ്പിറ്റലിൽനിന്നും കാറിൽ വീട്ടിലേക്ക് യാത്ര ചെയ്യുകയാണ് ചന്ദ്രമോഹനും കുടുംബവും അന്ന് വോട്ടെണ്ണലിന്റെ ദിവസം കൂടിയായിരുന്നു. കാറ് ഓടിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ ചന്ദ്രമോഹൻ പിൻസീറ്റിൽ മകനെ മടിയിൽ കിടത്തിയും, മകളെ ചേർത്തുപിടിച്ചും ചിന്തകളോടെയിരുന്ന ഭാനുമതിയോടു പറഞ്ഞു. “ജനാധിപത്യത്തിന്റെ എല്ലാ സൗഭാഗ്യങ്ങളും അനുഭവിക്കുന്ന നമ്മൾ അതിന്റെ വിലയറിയുന്നില്ല.”

“നിങ്ങൾ ഇപ്പോഴും യാഥാർത്ഥ്യത്തിന്റെ ലോകത്തിലാണോ ജീവിക്കുന്നത്.” ഭാനുമതി മെല്ലെ തുടർന്നു. “ഏത്, ആധിപത്യം വന്നാലും ഇവിടുത്തെ സാധാരണ ജനത്തിന് എന്തു വിലയാണുള്ളത്? എല്ലാ ജനങ്ങളെയും വിശ്വാസത്തിലെടുക്കാൻ കഴിയുന്ന ഏതെങ്കിലുമൊരു പ്രത്യയശാസ്ത്രമുണ്ടോ? അധികാരം അധികാരം മാത്രമാണ്. അധികാരികൾക്ക് വാഴുവാനുള്ള സുരക്ഷിതമായ പ്രക്രിയ മാത്രമാണ് എന്റെ നിരീക്ഷണത്തിൽ ജനാധിപത്യം.” ഭാനുമതി റോഡിന്റെ ഓരം ചേർന്ന് നിൽക്കുന്ന ജനങ്ങളിലേക്ക് ചന്ദ്രമോഹന്റെ ശ്രദ്ധതിരിച്ചുകൊണ്ട് തുടർന്നു. “ഇവരെ പണവും മദ്യവും കൊടുത്ത് ഈ രീതിയിൽ ചൂഷണം ചെയ്യുന്നതിൽ എന്തു ന്യായീകരണമാണുള്ളത്? ഓരോ ഇലക്ഷൻ മാമാങ്കം കഴിയുമ്പോഴും ക്ലേശമനുഭവിക്കുകയും പീഡനമനുഭവിക്കുകയും ചെയ്യുന്നവർ എത്ര അധികമാണ്...”

“നിന്റെ ചിന്തകൾ കേവലം ഒരു സ്ത്രീയുടേതു മാത്രമാണ്.” ചന്ദ്രമോഹൻ തുടർന്നു. ഏറെ സ്ത്രീകളും അവരെ പറ്റിയും അവർക്ക് വേണ്ടപ്പെട്ടവരെപ്പറ്റിയും മാത്രമെ പൊതുവെ ചിന്തിക്കാറുള്ളു. സമൂഹത്തെപ്പറ്റി രാഷ്ട്രത്തെ

പ്പറ്റി അതിന്റെ വ്യവസ്ഥകളെ പറ്റിയെല്ലാം ചിന്തിക്കുന്നവർക്കേ സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും വില മനസ്സിലാകുകയുള്ളൂ."

പുറത്തുനിന്നും ഉയർന്നുകേട്ട മുദ്രാവാക്യം വിളി ചന്ദ്രമോഹന്റെ സംഭാഷണത്തെ മുറിച്ചു. ഇലക്ഷനിൽ വിജയിച്ച സ്ഥാനാർത്ഥിയെ ഉയർത്തിപ്പിടിച്ച് ഒരു വലിയ ജനാവലി തുള്ളിച്ചാടിയും നൃത്തംവച്ചും മുദ്രാവാക്യങ്ങൾ വിളിച്ചും ആഘോഷിക്കുകയാണ്. വിജയിച്ച സ്ഥാനാർത്ഥിയെ കണ്ട ചന്ദ്രമോഹന്റെയും ഭാനുമതിയുടെയും നെറ്റി ചുളിഞ്ഞു. പവിത്രൻ. ഒരു സ്കൂൾ വിദ്യാർത്ഥിനിയെയും നാല് കുട്ടികളുള്ള ഒരു വീട്ടമ്മയേയും പീഡിപ്പിച്ചെന്ന് പറയുന്ന കേസിലെ പ്രതി. നാട്ടിലെ അറിയപ്പെടുന്ന കൊട്ടേഷൻ സംഘത്തിന്റെ സംരക്ഷകൻ... വാഹനമോഷണ സംഘത്തെ പലവട്ടം സംരക്ഷിക്കുകയും അവരെ ന്യായീകരിക്കുകയും ചെയ്തവൻ.

"നിങ്ങൾ പറയുന്ന ജനാധിപത്യത്തിന്റെ പുതിയ കാവൽക്കാരനാ ....." ഭാനുമതി രോഷത്തോടെ പറഞ്ഞു.

ചന്ദ്രമോഹൻ ദീർഘമായൊന്നു നെടുവീർപ്പെട്ടു.

"ജനങ്ങൾക്ക് അർഹിക്കുന്ന ഭരണാധികാരികളെ കിട്ടുമെന്നാണല്ലോ പറയുന്നത്." ഭാനുമതി തുടർന്നു. "ജനാധിപത്യത്തിന്റെ മറവിൽ നടക്കാൻ പോകുന്ന പൂരം കണ്ടറിഞ്ഞുകൊള്ളൂ....."

"നിന്റെ ഇപ്പോഴത്തെ രോഷം എനിക്ക് മനസ്സിലാക്കാൻ കഴിയുന്നുണ്ട്." ചന്ദ്രമോഹൻ കാര്യഗൗരവത്തോടെ പറഞ്ഞു. "ഓരോന്നിനും അതിന്റേതായ നന്മയുണ്ട്."

ഒരു സംഘം പ്രകടനക്കാർ കാറിന്റെ മുന്നിലേക്ക് കയറിനിന്നു. ചന്ദ്രമോഹൻ ബ്രേക്കിട്ട് കാറ് നിർത്തി. പ്രകടനക്കാരോട് അനുഭാവം പ്രകടിപ്പിച്ച് അവരെ ചിരിച്ചു കാണിച്ചു. പ്രകടനക്കാരിലൊരാൾ കാറിനുള്ളിലേക്ക് തലയിട്ട് വിജയം ആഘോഷിക്കാൻ പണം ആവശ്യപ്പെട്ടു.

ചുറ്റും വിജയപ്രകടനത്തിന്റെ രൂപത്തിൽ നിൽക്കുന്ന അപകടം ചന്ദ്രമോഹൻ മനസ്സിലാക്കി. ഷർട്ടിന്റെ പോക്കറ്റിൽനിന്നും ആയിരത്തിന്റെ നോട്ടെടുത്ത് അവർക്കു നേരെ നീട്ടി. ഇതേ സമയം കാറിന്റെ കാറ്റ് ആരോ കുത്തിവിടുന്ന ശബ്ദം കേട്ടു. വല്ലായ്കയോടെ പിന്നിലേക്കു നോക്കിയ ചന്ദ്രമോഹൻ കണ്ട കാഴ്ചകൾ വിചിത്രമായിരുന്നു. പ്രകടനത്തിനൊപ്പം നാമമാത്രമായ വസ്ത്രങ്ങളണിഞ്ഞ് നൃത്തം വയ്ക്കുന്ന സ്ത്രീകൾ. ആ സ്ത്രീകൾക്കിടയിൽ രണ്ടുമൂന്നു സിനിമാ-സീരിയൽ നടിമാരുമുണ്ട്. സ്ത്രീകളെ മുട്ടിയുരുമ്മിയും തൊട്ടുതലോടിയും ഒപ്പം നൃത്തം വയ്ക്കുന്ന പുരുഷന്മാർ. നൃത്തത്തിന് ഒഴുക്കും ചടുലതാളവും ലഭിക്കുന്നതിന് മദ്യം കഴിക്കുന്നവർ. ഈ രംഗങ്ങൾ ക്യാമറയിൽ പകർത്തുന്ന ടെലിവിഷൻ ചാനലുകളിലെ ജോലിക്കാർ.

ചുറ്റും കാണുന്ന കടകൾക്കുനേരെ കല്ലെറിഞ്ഞും വാഹനങ്ങൾ അടിച്ചുതകർത്തും വിജയം ആഘോഷിക്കുന്ന മറ്റൊരു വിഭാഗം. പടക്കം പൊട്ടിച്ചും പൂത്തിരികൾ കത്തിച്ചും ആഘോഷത്തിന് കൊഴുപ്പുകൂട്ടുന്ന ഒരു

വിഭാഗമുണ്ട്. അവർ ചിലപ്പോൾ പടക്കത്തിനൊപ്പം ചെറുബോംബുകളും പൊട്ടിക്കുന്നുണ്ട്. ആ ബോംബുകൾ എതിർ വിഭാഗത്തിൽ പ്രവർത്തിച്ചവരുടെ ശരീരം തകർത്തും പ്രാണനെടുത്തുമാണ് പൊട്ടുന്നത്. എല്ലാ ആഘോഷങ്ങൾക്കും നേതൃത്വം നൽകുന്നത് പവിത്രൻ തന്നെയാണ്.

ഭാനുമതിയുടെ കരച്ചിൽ കേട്ടപ്പോൾ ചന്ദ്രമോഹൻ കാഴ്ചകളിൽ നിന്നും കണ്ണെടുത്ത് അവരെ നോക്കി. ഞെട്ടിക്കുന്ന കാഴ്ചയാണ് കണ്ടത്. ഒരു പറ്റം പ്രവർത്തകർ അവരെയും കുട്ടികളെയും കാറിൽനിന്നും വലിച്ച് പുറത്തേക്കിടുകയാണ്. ഒന്നു പ്രതികരിക്കാനോ ശബ്ദിക്കാനോ കഴിയുന്നതിനുമുമ്പ് മററു ചിലർ ചേർന്ന് ചന്ദ്രമോഹനേയും കാറിൽ നിന്നും വലിച്ചു ചാടിച്ചു. കൊടികെട്ടിയിരുന്ന പത്തലുകൊണ്ട് അവരെ അടിച്ചുകൊണ്ടിരുന്നു. ഭാനുമതി, ചന്ദ്രമോഹൻ, കുട്ടികൾ എല്ലാവരും ഉച്ചത്തിൽ കരഞ്ഞു. അതിനിടയിൽ ചന്ദ്രമോഹൻ വിളിച്ചു പറഞ്ഞു. "ഞങ്ങളെ ഉപദ്രവിക്കരുത്. ഞങ്ങൾക്ക് ഒരു പാർട്ടിയും ഒരു പക്ഷവുമില്ല... സമാധാനത്തോടെ ജീവിക്കുന്ന സാധാരണ പൗരന്മാരാണ്..."

ആൾക്കൂട്ടത്തിൽ നിന്നും ഒരട്ടഹാസം ഉയർന്നു. ഒരുവൻ വിളിച്ചു പറഞ്ഞു. "പാർട്ടിയും... പക്ഷവുമില്ലാത്ത അരാഷ്ട്രീയവാദികൾ ഹാ...ഹാ... സമാധാനത്തോടെ ജീവിക്കുന്ന പൗരന്മാരാ എല്ലാ പ്രശ്നങ്ങളുടെയും കാരണക്കാർ... അവർക്ക് ആരുടെയും സഹായം വേണ്ടല്ലോ. ഇവിടുത്തെ സാധാരണ പൗരന്മാരുടെ അവസ്ഥയും മനസ്സും നിങ്ങളും അറിയണം..."

വിജയപ്രകടനം മുന്നോട്ടു പോയിക്കൊണ്ടിരുന്നു. ചന്ദ്രമോഹനും കുടുംബവും തനിച്ചായി. കാറിന്റെ ചില്ലുകൾ തകർത്തിരിക്കുന്നു. ടയറിന്റെ കാറ്റ് അഴിച്ചുവിട്ടിരിക്കുന്നു. ഭാനുമതി ദുഃഖവും രോഷവും ഒതുക്കിപ്പറഞ്ഞു. "നശിച്ച ഇലക്ഷൻ... ജനാധിപത്യം... മണ്ണാങ്കട്ട... സംസ്കാരമില്ലാത്ത റാസ്ക്കൽസ്."

ചന്ദ്രമോഹൻ ദീർഘമായൊന്നു നിശ്വസിച്ചു. അവിടേക്ക് ഒരു വൃദ്ധൻ നടന്നുവന്നു. അവരെ സമാധാനിപ്പിച്ചുകൊണ്ട് പറഞ്ഞു. "സാരമില്ല. ഇത്രയല്ലേ പറ്റിയുള്ളു. ഇതൊന്നും ഇലക്ഷന്റെയും ജനാധിപത്യത്തിന്റെയും കുഴപ്പമല്ല. വിവേകവും ബുദ്ധിയുമുള്ളവരെ തിരഞ്ഞെടുക്കാതെ അന്ധമായ രാഷ്ട്രീയ വിശ്വാസത്തിന്റെയും മതചിന്തകളുടെയും പിൻബലത്തിൽ ആഭാസന്മാരെ തിരഞ്ഞെടുക്കുന്നതുകൊണ്ട് സംഭവിക്കുന്നതാണ്. ആദ്യം ജനം മാറണം. ജനാധിപത്യത്തെപ്പറ്റി മനസ്സിലാക്കണം. അപ്പോഴെല്ലാം ശുഭമായി സംഭവിച്ചുകൊള്ളും."

കൂടുതലൊന്നും പറയാതെ വൃദ്ധൻ അവിടെനിന്നും നടന്നകന്നു. ചന്ദ്രമോഹൻ വൃദ്ധനെത്തന്നെ നോക്കിനിന്നു.

"ഏയ് മനുഷ്യാ, ആരെങ്കിലും എന്തെങ്കിലും പറയുന്നതും കേട്ട് വാപൊളിച്ച് നിന്നിട്ട് ഒരു കാര്യവുമില്ല" ഭാനുമതി രോഷത്തോടെ പറഞ്ഞു. "എന്നെയും കുട്ടികളെയും ഏതെങ്കിലും ഹോസ്പിറ്റലിൽ കൊണ്ടുപോകൂ."

9

രാമായണക്കിളി

രാമായണക്കിളി ചിറകിട്ടടിച്ച് 'രാമരാമാ'യെന്നു ജപിക്കുന്നതു കേട്ടാണ് മദ്ധ്യാഹ്ന ഉറക്കത്തിൽ നിന്നുമുണർന്നത്. അയലത്തെവീട്ടിലെ ടേപ്പ് റിക്കാർഡിൽ നിന്നും ഒഴുകിയെത്തിയ രാമായണവായനയും കാതുകളിലെത്തി. അപ്പോഴാണ് രാമായണമാസം തുടങ്ങിയ കാര്യത്തെപ്പറ്റി ഓർമ്മിച്ചത്.

രാമായണക്കിളി കിടക്കുന്ന കൂട്ടിന്റെ അടുത്തേക്കു ചെന്നപ്പോൾ അതെന്നെ പേരു വിളിച്ചു. 'അന്ന, അന്ന,' അല്പനേരം അതിനെത്തന്നെ കൗതുകത്തോടെ നോക്കിനിന്നു. രാമായണക്കിളി വീണ്ടും ടേപ്പ്റിക്കാർഡിൽ നിന്നു ഒഴുകിയെത്തുന്ന രാമായണ പാരായണത്തിനനുസരിച്ച് ഓരോന്ന് ചിലയ്ക്കുവാൻ തുടങ്ങി.

മോള് അകത്തുനിന്നും ഉറക്കമുണർന്ന് കരഞ്ഞപ്പോൾ രാമായണക്കിളി അവളെ വിളിച്ചു 'സുന്ദരി, സുന്ദരി,' അകത്തേക്കു നടന്ന് മോളേയുമെടുത്ത് ഞാൻ പുറത്തേക്കിറങ്ങി. അവൾ ഉച്ചയുറക്കംകഴിഞ്ഞ് അല്പസമയം രാമായണക്കിളിയെ നോക്കിയിരിക്കുന്നത് ഒരു ശീലമാണ്. മോളെ കാണുമ്പോൾ രാമായണക്കിളി ഷൂളമടിച്ച് അവളുടെ ശ്രദ്ധയാകർഷിക്കുന്നതും നിത്യസംഭവം തന്നെ.

'സീത സീത' എന്നു രാമായണക്കിളി ചിലച്ചപ്പോൾ എനിക്കു മനസ്സിലായി സീത വരുന്നുണ്ടെന്ന്. ഞാൻ തിരിഞ്ഞുനോക്കിയപ്പോൾ കൈയിൽ പുസ്തകവുമായി സീത അവിടേക്കു വരുന്നു. എസ്.എസ്. എൽ.സിക്കു പഠിക്കുന്ന സീതയ്ക്ക് അവധിദിവസങ്ങളിലും വൈകുന്നേരങ്ങളിലും കണക്കും, ഇംഗ്ലിഷും പറഞ്ഞുകൊടുക്കുന്നത് ഞാനാണ്. രാത്രികാലങ്ങളിൽ എന്റെ കൂട്ടും അവൾതന്നെ.

'സുന്ദരി' സീത വിളിച്ചു.

മോള് അവളെ നോക്കി കുഞ്ഞരിപ്പല്ലുകൾ കാട്ടിചിരിച്ചു. പിന്നെ അവളുടെ നേരെ കൈകൾ നീട്ടി. സീത സുന്ദരിയെ എന്റെ കയ്യിൽ നിന്നും മേടിച്ച് അല്പസമയം ലാളിച്ചു. പിന്നെതിരക്കി "ഇന്നു വൈകുന്നേരമല്ലെ നഗരത്തിലെ ഭവനരഹിതർക്ക് സർക്കാർ നിർമ്മിച്ചുകൊടുക്കുന്ന വീടുകളുടെ താക്കോൽ വിതരണം." സീത തുടർന്നു. "മന്ത്രിയും എം.പി.യുമുള്ള ചടങ്ങിൽ ഇങ്ങനെയൊരവസരം കിട്ടിയത് ഭാഗ്യം തന്നെയാ"

“ഹരിയേട്ടന്റെ അഭാവത്തിൽ കിട്ടുന്ന ഒരംഗീകാരത്തിനും ഒരു ഭാഗ്യമില്ല മോളേ. എല്ലാവരും എന്നെ സ്നേഹിക്കുകയും അംഗീകരിക്കുകയും ചെയ്യുമ്പോൾ ഞാൻ ഹരിയേട്ടനെ കൂടുതലായി ഓർത്തുപോകുന്നു.”

“സുന്ദരിയെ ഞാൻ വീട്ടിൽ കൊണ്ടുപോകുകയാണ്. അല്പം കഴിഞ്ഞ് കൊണ്ടുവരാം.” സീത പറഞ്ഞു.

ഹരിയേട്ടനെപ്പറ്റി അങ്ങനെയോർത്തിരുന്നപ്പോൾ സീത സുന്ദരിയുമായി മെല്ലെ നടന്നു തുടങ്ങിയിരുന്നു.

മുറിയിലേക്കു ചെന്ന് അവിടെ വച്ചിരിക്കുന്ന ഹിരയേട്ടന്റെ ഫോട്ടോയിലും നോക്കി നിശ്ശബ്ദം നിന്നു. കൂട്ടിൽ കിടക്കുന്ന രാമായണക്കിളി കൂടുതൽ ഉത്സാഹത്തോടെ രാമായണം ചിലയ്ക്കുന്നതു കേൾക്കാം. അത് അങ്ങനെ കേട്ടുനിന്നപ്പോൾ രണ്ടുവർഷങ്ങൾക്കുമുമ്പുള്ള രാമായണമാസത്തിന്റെ ഊഷ്മളതയെപ്പറ്റി ഓർമ്മിച്ചു.

ഒരു രാമായണമാസത്തിലായിരുന്നു ഞങ്ങളുടെ വിവാഹം. അതും രജിസ്റ്റർ ആഫീസിൽ വച്ചു നടത്തിയ മിശ്രവിവാഹം. ഹിന്ദുവായ ഹരി ക്രിസ്ത്യാനിയായ എന്നെ ഇരുവീട്ടുകാരുടേയും എതിർപ്പിന്റെ മദ്ധ്യേവച്ച് വിവാഹം കഴിക്കുകയായിരുന്നു. ഒരുകോളെജ് പ്രണയത്തിന്റെ സാക്ഷാത്ക്കാരം കൂടിയായിരുന്നു ഞങ്ങളുടെ വിവാഹം.

പാരമ്പര്യത്തിന്റെ മഹത്വവും മതത്തിന്റെ നിയമവും പറഞ്ഞ് സ്വന്തം വീട്ടുകാർതന്നെ ആദ്യമെന്നെ മറന്നു. ബന്ധുജനങ്ങൾക്കും സമൂഹത്തിനും മുന്നിൽ കപടമായ അഭിമാനത്തിന്റെ കൊടി അവരുയർത്തിയത് എന്നെ പുറത്താക്കികൊണ്ടായിരുന്നല്ലോ.

ഞങ്ങളുടെ വിവാഹത്തിനു ഹരിയുടെ വീട്ടിലും എതിർപ്പായിരുന്നു. സുഹൃത്തുക്കളുടെ സഹായത്തോടെ വിവാഹം കഴിച്ച് ഹരിയുടെ വീട്ടിലെത്തിയപ്പോൾ അച്ഛൻ നിറഞ്ഞ മനസ്സോടെ ഞങ്ങളെ സ്വീകരിക്കുകയായിരുന്നു. ഹരിയുമൊത്തുള്ള ജീവിതത്തിനായി മതം മാറുവാനും ഞാൻ തയ്യാറായി. അച്ഛൻ പറഞ്ഞു “മതമല്ലേ മാറാൻ പറ്റൂ? ചെറുപ്പകാലം മുതൽ ശീലിച്ച വിശ്വാസപ്രമാണങ്ങളും ആചാരങ്ങളും മാറ്റുവാൻ കുട്ടിക്ക് കഴിയുമോ?” ഒരു മുറി എനിക്കു പ്രാർത്ഥനാമുറിയായി അനുവദിച്ചുകൊണ്ട് അച്ഛൻ പറഞ്ഞു. “ക്രിസ്ത്യാനിയുടേയും ഹിന്ദുവിന്റേയും ഈശ്വരൻമാർ തമ്മിൽ ഇവിടെയിരുന്ന് സമാധാനത്തോടെ സംഭാഷണങ്ങൾ നടത്തി രാജ്യത്തെ മതപീഡനങ്ങൾക്കും വൈരാഗ്യങ്ങൾക്കും ഒരറുതി കണ്ടെത്തട്ടെ.”

അച്ഛനതു പറഞ്ഞപ്പോൾ എന്റെ സന്തോഷത്തിനതിരില്ലായിരുന്നു. ഏറെ ബഹുമാനത്തോടെ ഞാനാ പാദങ്ങൾ തൊട്ട് തലയിൽ വച്ചു. അപ്പോഴച്ഛൻ തുടർന്നു പറഞ്ഞു. “ഞങ്ങളുടെ ആചാരങ്ങളെയും വിശ്വാസങ്ങളെയും പുച്ഛിക്കാതെ ഉൾക്കൊള്ളുവാൻ മോളും ശ്രമിക്കണം.”

എന്താണ് പറയേണ്ടതെന്നറിയാതെ കുഴങ്ങിനിന്ന എന്നെ അച്ഛന്റെ നിർദ്ദേശപ്രകാരം ഏട്ടത്തിയമ്മ അകത്തേക്കു നയിച്ചു.

ഒരു ദിവസം രാമായണപുസ്തകം കൈയിലെടുത്തു പിടിച്ചുകൊണ്ട് അച്ഛൻ ചോദിച്ചു. 'മോൾക്ക് രാമായണം വായിക്കാൻ തോന്നുന്നുണ്ടോ?'

പുസ്തകം മേടിച്ച് ഈണത്തിൽ രാമായണപാരായണം തുടങ്ങി. അക്ഷരശ്ലോകങ്ങൾ ചൊല്ലി പരിശീലിച്ച എന്റെ നാവിന് രാമായണവായനയും ഏറെ യോജിച്ചുനിന്നു. അന്നുമുതൽ അച്ഛനുവേണ്ടി രാമായണം വായിക്കുന്ന ജോലി ഞാൻ സ്വയം ഏറ്റെടുത്തു.

ഹരിയേട്ടനും ഞാനുംകൂടി തെക്കെ പറമ്പിലൂടെ കാഴ്ചകളും കണ്ട് വർത്തമാനവും പറഞ്ഞ് നടന്നപ്പോൾ മണ്ടയുണങ്ങിയ ഒരു തെങ്ങിന്റെ പൊത്തിൽ നിന്നും തല പുറത്തേക്കിട്ട് വായുംപൊളിച്ച് ഒരു തത്തക്കുഞ്ഞ് ശബ്ദം പുറപ്പെടുവിക്കുന്നതുകണ്ട് ഞാനതിനെ കൗതുകത്തോടെ നോക്കി നിന്നു.

ഹരിയേട്ടൻ തെങ്ങിന്റെ ചുവട്ടിൽ ചെന്ന് ഊക്കോടെ കുലുക്കിയപ്പോൾ മണ്ടയൊടിഞ്ഞ് താഴെ വീണു. അതിന്റെ പൊത്തിൽ നിന്നും താഴെ വീണ തത്തക്കുഞ്ഞിനെ പിടിച്ച് എനിക്കു തന്നുകൊണ്ട് പറഞ്ഞു. "ഞാൻ ലീവ്കഴിഞ്ഞ് പോകുമ്പോൾ നിനക്ക് മിണ്ടിപറഞ്ഞിരിക്കുവാൻ ഇതിനെ എടുത്തുകൊള്ളൂ". അതിന്റെ പച്ചക്കളറുള്ള ചെറുതൂവലുകളും കഴുത്തിലെ ചുവന്ന വളയങ്ങളും വളഞ്ഞ ചുണ്ടുകളും എനിക്കു കൗതുകമായി. ഞാനതിനേയും ചേർത്തുപിടിച്ച് ഹരിയേട്ടനോടൊപ്പം നടന്നു.

രാമായണമാസത്തിൽ കിട്ടിയ കിളിയായിതുകൊണ്ടും തുഞ്ചത്താചാര്യൻ രാമായണം ചൊല്ലികൊടുക്കുന്ന പരമ്പരയിൽപ്പെട്ട കിളിയായതുകൊണ്ടും ഞങ്ങൾ എല്ലാവരും ചേർന്ന് തത്തക്കുട്ടിക്കിട്ട പേരാണ് രാമായണക്കിളി.

ഹരിയേട്ടൻ ലീവും കഴിഞ്ഞ് തിരിച്ച് പട്ടാള ആഫിസിലേക്കുപോയി. കടുത്ത ഏകാന്തതയിൽ അച്ഛൻ മാത്രമായിരുന്നു എനിക്കൊരാശ്വാസം. ജ്യേഷ്ഠനും ജ്യേഷ്ഠത്തിക്കും ഞാനൊരന്യമതക്കാരിയായിരുന്നു. അർഹതയില്ലാത്തിടത്ത് അളളിപ്പിടിച്ച് കയറിവന്നതാണ് ഞാനെന്ന വിചാരവും അവർക്കുണ്ടായിരുന്നു. വീട്ടുജോലികളിൽ സഹകരിക്കുമ്പോൾ അതിന്റെ ആവശ്യമില്ലെന്നു പറഞ്ഞ് യുക്തിപൂർവ്വം അവരെന്നെ ഒഴിവാക്കുകയായിരുന്നു. രാമായണക്കിളിയോട് സംസാരിക്കുനതും അതിനെ ലാളിക്കുന്നതും എനിക്കൊരാശ്വാസമായി. ഒരു ദിവസം ഞാനതിനെ ഓരോരോ വാക്കുകൾ പറഞ്ഞു പഠിപ്പിക്കുമ്പോൾ അച്ഛൻ അവിടേക്കു വന്ന് കരിമ്പനയോല തന്നുകൊണ്ട് പറഞ്ഞു. "ഇതു കൊടുത്താൽ രാമായണക്കിളിയുടെ നാവിന്റെ കട്ടി കുറയും. പിന്നെയത് എളുപ്പത്തിൽ സംസാരിച്ചുകൊള്ളും."

കരിമ്പനയോലയും കൊത്തിമുറിച്ച് ചപ്പി ഞാൻ പറഞ്ഞുകൊടുത്ത ഓരോരോ വാക്കുകൾ രാമായണക്കിളി പഠിക്കുകയായിരുന്നു.

എനിക്ക് വയറ്റിലുണ്ടെന്നറിഞ്ഞപ്പോൾ ഹരിയേട്ടൻ സന്തോഷത്തോടെ എഴുതി. 'നമ്മുക്ക് പിറക്കാൻ പോകുന്ന സുന്ദരിയെകാണുവാൻ

ഞാനുടനെതന്നെ വരുന്നുണ്ട്. പ്രസവസമയത്തുവന്നാൽ അത് എനിക്കും നിനക്കും ആശ്വാസമാണല്ലോ?'

ഞാൻ ഹരിയേട്ടനെഴുതി 'പിറക്കാൻപോകുന്ന കുട്ടി പെണ്ണാണെന്ന് ഹരിയേട്ടൻ എങ്ങനെ നിശ്ചയിച്ചു? അവൻ ആണാണ്. ഞാനവന് ഭീമു എന്നു പേരുമിട്ടു.'

എന്റെ മുന്നിൽ വച്ച് മസിലുകൾ പിടിക്കുകയും എന്നെ പൊക്കി യെടുത്ത് വായുവിൽ കറക്കുകയും ചെയ്യുന്ന ഹരിയേട്ടനെ ഞാൻ ഭീമൻ എന്നു പരിഹസിച്ച് വിളിക്കാറുണ്ടായിരുന്നു.

പ്രസവത്തിനു മുമ്പ് ഹരിയേട്ടൻ എഴുതി. ലീവിന്റെ ചില പ്രശ്ന ങ്ങളുണ്ട് ഒരു മാസം കഴിഞ്ഞേ വരുവാൻ കഴുയുകയുള്ളൂ. നമുക്ക് പിറ ക്കാൻ പോകുന്ന കണ്മണി മോളാണെന്ന് ഞാൻ നിശ്ചയിച്ചതെങ്ങനെ യെന്നോ? അമ്മ കൂടുതൽ സുന്ദരിയും ശാന്തശീലയുമാണെങ്കിൽ ആദ്യത്തെ കണ്മണി അമ്മയുടെ ഛായയിലുള്ള സുന്ദരിതന്നെയായിരിക്കും. അതിന്റെ മന:ശാസ്ത്രം ഞാൻ വരുമ്പോൾ പറഞ്ഞുതരാം. എന്റെ സുന്ദരിയെകാണു വാനും അവളുടെ അമ്മയുടെ അടുത്തിരിക്കുവാനും കൊതിയായിട്ട് എനി ക്കിവിടെ ജോലിചെയ്യുവാൻ തന്നെ പ്രയാസമായിത്തുടങ്ങി. അന്നക്കുട്ടി നീ ചിരിക്കരുത് - അന്നക്കുട്ടിയെന്നു വിളിച്ചാൽ ഞാൻ ഹരിയേട്ടനോട് പിണ ങ്ങിയിരിക്കുക പതിവായിരുന്നല്ലോ - 'കഴിഞ്ഞ ദിവസം പരേഡിനിടയിൽ മാർച്ചുചെയ്യുന്നത് ഒന്നു പിഴച്ചു. മേജർ സാബ് കോപത്തോടെ തിരക്കി. "നമ്പർ സെവൻ സെവൻ എയ്റ്റ് ഹരിക്കെന്തുപറ്റി?" വരുവാൻ പോകുന്ന ശിക്ഷയുടെ കാഠിന്യത്തെപ്പറ്റി ഓർത്തപ്പോൾ ഞാൻ സത്യം തുറന്നു പറഞ്ഞു. സാർ, എന്റെ ഭാര്യയുടെ പ്രസവദിവസം അടുത്തുവന്നിരിക്കുക യാണ് ശ്വാസമടക്കി നിന്ന സഹപ്രവർത്തകരുടെ ചിരിപൊട്ടി. മേജർസാബ് അടുത്തേക്കു വന്നു തോളിൽ തട്ടി. ഹരി രണ്ടുദിവസത്തേക്കു ലീവെടു ത്തോളൂ എന്നു നിർദ്ദേശിച്ചു. ആ ലീവിന്റെ സന്തോഷത്തിലാണ് ഞാൻ ഈ കത്തെഴുതുന്നത്'.

കത്ത് വായിച്ച എനിക്കു ചിരിയടക്കുവാൻ കഴിയുമായിരുന്നില്ല. നിറ വയറിൽ കൈകൾ അമർത്തിവച്ച് ഏറെ നേരം ചിരിച്ചു.

ഹരിയേട്ടൻ പറഞ്ഞതുപോലെ തന്നെ പിറന്നത് സുന്ദരിയായിരുന്നു. വിവരമറിഞ്ഞ് ഹരിയേട്ടൻ എഴുതി. കാർഗിൽ യുദ്ധത്തിനുപോകുവാൻ എന്നെയും തിരഞ്ഞെടുത്തിട്ടുണ്ട് എന്റെ സുന്ദരിക്കും അവളുടെ അമ്മയ്ക്കും എന്റെ ചക്കരയുമ്മ.

ആ കത്തിന്റെ ചുവട്ടിലായി ഹരിയേട്ടൻ കുറിച്ചുവച്ചു. 'മാതൃരാജ്യ ത്തിന്റെ വിജയത്തിനായി ഉള്ളുരുകി പ്രാർത്ഥിക്കുക. അന്ന എനിക്കുവേ ണ്ടിയും എന്റെ സുന്ദരിക്കുവേണ്ടിയും ചെയ്യുന്ന ഏറ്റവും വലിയ ത്യാഗമാ യിരിക്കും ആ പ്രാർത്ഥന.' പിന്നീട് തീയ്യ് തിന്ന് കഴിച്ചുകൂട്ടിയ ആഴ്ചകളാ യിരുന്നു എന്റേത്. അച്ഛൻ വിഷമം ഉള്ളിലൊതുക്കി എന്നെ ആശ്വസിപ്പിക്കു

വാൻ ശ്രമിച്ചുകൊണ്ടിരുന്നു. അവസാനം അറിയുന്നത് ഹരിയേട്ടന്റെ മരണ വാർത്തയായിരുന്നു.

ഒരാഴ്ചയ്ക്കുശേഷം ഹരിയേട്ടന്റെ ജഡം വീട്ടിലെത്തിയെങ്കിലും ആ മുഖം പോലുമൊന്നു കാണുവാൻ കഴിഞ്ഞില്ല. എതിരാളികളുടെ വെടിയേറ്റ് ആ ശരീരം ചിന്നിച്ചിതറിയിരുന്നുവത്രേ.

ബോധം നശിച്ച ഞാൻ രണ്ടുദിവസങ്ങൾക്കു ശേഷം ഉണർന്നപ്പോൾ അറിഞ്ഞു. ഹരിയേട്ടന്റെ ശവദാഹം നടത്തിക്കഴിഞ്ഞ് അച്ഛൻ പുഴയിലെ ഒഴുക്കിലേക്കിറങ്ങി സ്വയം മൃത്യുവിനെ സ്വീകരിക്കുകയായിരുന്നുവെന്ന്.

രണ്ട് അപമൃത്യുകൾ സംഭവിച്ച വീട് ആഴ്ചകളോളം നിശ്ശബ്ദമായിരുന്നു. അതിനുശേഷം ജ്യേഷ്ഠൻ ജ്യോത്സ്യനെ വരുത്തി. ജ്യോത്സ്യൻ വന്നു കവടി നിരത്തി പ്രശ്നംവച്ചു. അനർത്ഥകാരണങ്ങൾ ആരാഞ്ഞു. ‘ചൊവ്വാദോഷമുള്ള സ്ത്രീയെ വിവാഹം കഴിച്ചതാണ് അനുജന്റെ മരണത്തിനു കാരണം. യുദ്ധം അതിനൊരു നിമിത്തമായെന്നു മാത്രം. അന്യജാതിയിൽപ്പെട്ട സ്ത്രീ വീട്ടിൽ കാലുകുത്തിയതു മുതൽ ദേവീകോപമുണ്ട്. അതാണ് അച്ഛന്റെ മരണത്തിൽ കലാശിച്ചതെന്ന് ലക്ഷണങ്ങൾ സൂചിപ്പിക്കുന്നു. ഇതിന് ഉടൻ പരിഹാരം കണ്ടില്ലെങ്കിൽ ഇനിയും ഈ കുടുംബത്തിൽ അനർത്ഥങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കും.’

പണവും വാങ്ങി ജ്യോത്സ്യൻ പോയിക്കഴിഞ്ഞയുടൻ തന്നെ ജ്യേഷ്ഠൻ എന്റെ അടുത്തേക്ക് വന്നു. അല്പസമയത്തെ മൗനത്തിനശേഷം പറഞ്ഞു. ‘ജ്യോതിഷി പറഞ്ഞത് അന്നയും കേട്ടുകാണുമല്ലോ. ഞാൻ ആരെയും കുറ്റപ്പെടുത്തുന്നില്ല. വന്നതെല്ലാം വിധിയെന്നു കരുതി സഹിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇനിയുമീവീട്ടിൽ അനർത്ഥങ്ങൾ ഉണ്ടായാൽ അത് താങ്ങുവാൻ പറ്റുന്നതല്ല. ജ്യേഷ്ഠൻ കാർക്കശ്യത്തോടെ മുഖത്തുനോക്കി പറഞ്ഞു. ലതയെ കെട്ടിച്ചയക്കുവാനുണ്ട്. അന്നയ്ക്കിപ്പോൾ സർക്കാരിൽനിന്നു നല്ലൊരു തുകയും ജോലിയും കിട്ടുമല്ലോ. ജീവിക്കുവാൻ അതുതന്നെ ധാരാളമല്ലേ? ഇനി വീതത്തിന്റെ കണക്കും പറഞ്ഞ് ഞങ്ങളെ ഉപദ്രവിക്കരുത്. വളർന്നുവരുന്ന എന്റെ ഉണ്ണിക്കുവേണ്ടി കൂടുതലൊന്നും സമ്പാദിക്കുവാൻ എനിക്കു കഴിഞ്ഞിട്ടുമില്ല. ഹരിയെ പഠിപ്പിച്ചതും ജോലി നേടിക്കൊടുത്തതുമെല്ലാം എന്റെ അത്യധ്വാനത്തിന്റെ കൂടി ഫലമാണ്. അല്പസമയത്തെ മൗനത്തിനുശേഷം ജ്യേഷ്ഠൻ തുടർന്നു. മനുഷ്യത്വപരമായി ഞാനും ഈ കുടുംബവും പ്രതീക്ഷിക്കുന്നു.’

അങ്ങനെ ഞാൻ ഹരിയുടെ വീട്ടിൽ നിന്നുമിറങ്ങി. ജ്യേഷ്ഠൻ കാണിച്ചുതന്ന ഈ വാടകവീട്ടിൽ എത്തുകയായിരുന്നു.

സർക്കാർ അനുവദിച്ചുതന്ന ഒരു ലക്ഷം രൂപ വീട്ടുപകരണങ്ങളും മറ്റ് സാധനങ്ങൾ വാങ്ങിയും വാടകകൊടുത്തും രണ്ട് മാസങ്ങൾക്കു മുമ്പു തന്നെ തീർന്നു കഴിഞ്ഞിരുന്നു. ആരുടേയും മുന്നിൽ കൈനീട്ടുവാൻ ആത്മാഭിമാനം എന്നെ അനുവദിക്കുന്നില്ല. സർക്കാർ തരാമെന്നു പറഞ്ഞ ബാങ്ക് ജോലിയും പ്രതീക്ഷിച്ച് ഞാൻ കാത്തിരിക്കുകയാണ്.

ഉദ്ഘാടനങ്ങൾക്കും മറ്റുപൊതുചടങ്ങുകൾക്കും എന്നെ പല രാഷ്ട്രീയക്കാരും സംഘടനകളും മാറി മാറി വിളിക്കുന്നു. അവരുടെയെല്ലാം സ്നേഹത്തിനും പ്രതീക്ഷയ്ക്കും മുന്നിൽ പറ്റില്ലെന്നു പറയാൻ ഇന്നുവരെ എനിക്കു കഴിഞ്ഞിട്ടില്ല. ഓരോ സ്ഥലത്തെത്തുമ്പോൾ ആശ്വാസവാക്കുകളും സ്നേഹപ്രകടനങ്ങളുമായെത്തുന്ന സാധാരണക്കാരും ഒരാശ്വാസം തന്നെയാണ്.

രണ്ടുമാസത്തെ വാടകക്കുടിശികയുണ്ടായിട്ടും ഈ വീടിന്റെ ഉടമസ്ഥനായ അഴകപ്പൻ ഇതുവരെ ഇവിടെയെത്തിയിട്ടില്ല. സീതയും അവളുടെ വീട്ടുകാരും പറഞ്ഞുള്ള അറിവേ എനിക്ക് അഴകപ്പനെപ്പറ്റിയുള്ളൂ. സീതയുടെ അച്ഛൻ പറഞ്ഞത് ശരിയായിരിക്കുമോ? ഞാൻ സംശയിച്ചു. പലിശയ്ക്ക് പണം കൊടുക്കലാണ് അഴകപ്പന്റെ ജോലി. സൗകര്യംപോലെ വീടുകൾ പണിതിട്ട് വാടകയ്ക്ക് കൊടുക്കുന്ന തൊഴിലുമുണ്ട്. അഴകനെപ്പറ്റി അവർപറഞ്ഞ മറ്റൊരു കാര്യവും മനസ്സിലുണ്ട്.

ഏതോ നാട്ടിൽനിന്നും പ്രേമിച്ച് വിവാഹം കഴിച്ച് ഈ നാട്ടിലെത്തിയ നവദമ്പതികൾ താമസിച്ചത് അഴകപ്പന്റെ നഗരത്തിലുള്ള ഒരു വീട്ടിലായിരുന്നു. ലോറി ഡ്രൈവറായിരുന്ന ഭർത്താവ് ഒരു ദിവസം തമിഴ്നാട്ടിൽ പോയപ്പോൾ അപകടത്തിൽ മരിച്ചു. വീടിന്റെ വാടക കൊടുക്കാൻ കഴിയാത്ത യുവതിയെ അഴകപ്പൻ തന്ത്രപൂർവ്വം വെപ്പാട്ടിയാക്കി അവിടെ താമസിപ്പിച്ചിരിക്കുന്നു. പൊള്ളാച്ചിയിൽ ഭാര്യയും മക്കളുമുള്ള അഴകപ്പന്റെ ചിന്നവീടാണതെന്നാണ് ഇവിടെയുള്ളവർ പറയുന്നത്. കാശും പ്രൗഢിയുമുള്ള തമിഴർക്ക് ചിന്ന വീടിന്റെ എണ്ണം മാന്യതയുടെ പര്യായമാണത്രേ.

പുതിയതായി നഗരത്തിൽ സർക്കാര് പണിത ഭവനങ്ങളുടെ താക്കോൽ ദാനം നിർവ്വഹിക്കുവാൻ ചെല്ലുമ്പോൾ അതിലൊന്ന് എനിക്കും തരാൻ പറയണം. തരാമെന്ന് പറഞ്ഞ ജോലിയെപ്പറ്റിയും തിരക്കണം. ഇനിയുമീ തമിഴന്റെ വീട്ടിൽ താമസിക്കുന്നത് ഉചിതിമല്ല. എന്നെ സ്നേഹിക്കുന്ന ആരെങ്കിലും തെറ്റിദ്ധരിച്ചാലോ.

'കള്ളൻ, കള്ളൻ, കള്ളൻ' എന്ന് രാമായണക്കിളി ചിലയ്ക്കുന്നത് കേട്ടാണ് ഞാൻ ചിന്തയിൽ നിന്നുമുണർന്നത്. രാമായണക്കിളി അതുതന്നെ വീണ്ടും ആവർത്തിച്ചുകൊണ്ടിരുന്നു. ഞാൻ തിണ്ണയിലേക്കിറങ്ങി. മുറ്റത്ത് രോഷമടക്കി തത്തയേയും നോക്കി നിൽക്കുന്ന അഴകപ്പൻ.

"അപ്പുറം ഉങ്കൾക്ക് എന്നുടെ വീട്ടിക്ക് പാർക്കണമെങ്കിൽ അന്ത തത്തയെ കൊന്നിടണം." അഴകപ്പൻ പറഞ്ഞു.

അധികാര ഭാവത്തിൽ അഴകപ്പൻ തിണ്ണയിൽകിടന്ന കസേരവലിച്ച് അതിൽ കാലൻമേൽകാലും വച്ചിരുന്നു. കറുത്ത ശരീരത്തോടുള്ള പ്രതിഷേധം പോലെ വെള്ളമുണ്ടും ഷർട്ടും ഷാളുമാണ് വേഷം. നെറ്റിയിൽ നീളത്തിൻ വരച്ച ഒരു കുറിയുമുണ്ട്.

എന്തു ചെയ്യണമെന്നറിയാതെ ഞാൻ നിന്നിടത്തുതന്നെ നിന്നു. അയാളുടെ കറുത്തുരുണ്ട കണ്ണുകൾ ആർത്തിയോടെ എന്റെ വയറിലാണ്

തങ്ങിനിൽക്കുന്നതെന്ന് മനസ്സിലായപ്പോൾ ഞാൻ സാരി വലിച്ചിട്ടു. അപ്പോൾ എന്റെ മാറിടത്തിലേക്ക് കൗതുകത്തോടെ നോക്കി. പറ്റെവെട്ടിയ തലയിലൂടെ വിരലുകൾ ഓടിച്ചുകൊണ്ട് നാവു നീട്ടി ചുണ്ടുകൾ നനച്ചു.

"ഉങ്കളെ പാത്ത റൊമ്പ അഴകായിരിക്കുന്നു." അഴകപ്പൻ പറഞ്ഞു. "ഉങ്കളെ ഇങ്കെ എത്തിച്ചത് എന്നുടെ കടവുകൾ താനെ."

ഞാൻ ധൈര്യം സംഭരിച്ച് തിരക്കി. "നിങ്ങൾക്ക് എന്താണ് വേണ്ടത്.?"

"ഞാനെന്നശൊന്നതെന്ന് ഉങ്കൾക്ക് പുരിയതാ." അഴകപ്പൻ പറഞ്ഞു. രണ്ടു മാസത്തെ വാടകക്കുടിശ ഇരിക്കേ, നാളെ സായം കാലത്തിനു മുന്നാടി അത് തര മൂടിയാഞ്ഞാൽ ഉങ്കളെത്താ എനിക്കു വേണം.

അഴകപ്പൻ അടുത്തേക്കു വന്നു കൈയ്ക്കു പിടിച്ച് നല്ല പൊണ്ണ് ഉന്നെ തങ്കംപോലെ ഞാൻ നോക്കലാം."

കൂട്ടിൽകിടന്ന രാമായണക്കിളി "കള്ളൻ കള്ളൻ, കള്ളൻ" എന്നു പറഞ്ഞ് 'ശൂ, ശൂ' 'കി, കി' എന്ന് ഉച്ചത്തിൽ ചിരിക്കുവാൻ തുടങ്ങി.

അഴകപ്പൻ എന്റെ കൈയിൽ നിന്നും പിടിവിട്ട് തൂങ്ങിക്കിടന്ന കിളിക്കൂടെടുത്ത് മുറ്റത്തേക്കെറിഞ്ഞു. കിളി അവിടെ കിടന്നു. "കള്ളൻ കള്ളൻ" എന്നു ചിലച്ചുകൊണ്ടിരുന്നു.

തെല്ലുനേരം രാമായണക്കിളിയെ തന്നെ നോക്കി നിന്ന അഴകപ്പന്റെ ചുണ്ടുകളിൽ വന്യമായൊരു ചിരി വിടർന്നു. അയാൾ തിരിഞ്ഞ് "നാളെയ്ക്ക് സായം കാലം സന്ധിക്കലാം." എന്നു പറഞ്ഞ് ധൃതിയിൽ നടന്നകന്നു.

ശരീരമാകെ വിറച്ചുനിന്ന ഞാൻ മെല്ലെ സ്ഥലകാലബോധത്തിലേക്കു തിരിച്ചുവന്നു. രാമായണക്കിളി മുറ്റത്തുകിടന്ന് വിളിച്ചു 'അന്ന അന്ന'.

മുറ്റത്ത് കൂട്ടിൽകിടന്ന രാമായണക്കിളിയെ നോക്കിനിന്നപ്പോൾ മനസ്സ് മന്ത്രിച്ചു. വെറുമൊരു കൗതുകത്തിന്റെ പേരിൽ ഒരു കിളിയെ ജീവിതകാലം മുഴുവൻ കൂട്ടിൽ പിടിച്ചിട്ടതു തന്നെ വലിയതെറ്റ്. കൂട്ടരോടൊത്ത് പറന്നുനടക്കുവാനും ഇണചേരുവാനും ഇഷ്ടപ്പെട്ട ഭക്ഷണം കഴിക്കുവാനും കഴിയാതെ കൂട്ടിൽ കിടക്കുന്ന രാമായണക്കിളിയുടെ നിശ്ശബ്ദമായ പിരാക്കായിരിക്കാം എന്നെ വിധവയാക്കിയത്.

കൂടുതുറന്ന് രാമായണക്കിളിയെ പുറത്തെടുത്ത് 'നീ പൊക്കോ, എവിടേക്കെങ്കിലും പൊയ്ക്കോ, പിരാകി പിരാകി നീ എന്റെ ഹരിയേട്ടനെ കൊന്നില്ലേ? എനിക്കിനി നിന്നെ കാണേണ്ടാ.' രാമായണക്കിളിയെ ദൂരേക്ക് വലിച്ചെറിഞ്ഞു. രാമായണക്കിളി 'അന്ന അന്ന' എന്നു ചിലച്ചുകൊണ്ട് മുറ്റത്തുതന്നെ നിന്നു.

പരസഹായമില്ലാതെ രാമായണക്കിളിക്ക് ജീവിക്കുവാൻ കഴിയില്ല. നിത്യമായ പാരതന്ത്ര്യം അതിന്റെ നൈസർഗ്ഗികവാസനകളെ മുഴുവൻ മുരടിപ്പിച്ച് കളഞ്ഞിരിക്കുന്നുവെന്ന് മനസ്സിലാക്കി നിന്നപ്പോൾ അടുത്ത വീട്ടിലെ കണ്ടൻ പൂച്ച പൂച്ചെടികൾക്കിടയിൽ പതുങ്ങിയിരുന്ന് രാമായണക്കിളിയെ ആർത്തിയോടെ നോക്കുന്നത് കണ്ടു.

ഞാൻ നീട്ടിവിളിച്ചു ‘രാമായണക്കിളി.’ രാമായണക്കിളി ഒന്നു ചിറ കടിച്ചു. ഞാൻ രാമായണക്കിളിയുടെ അടുത്തേക്ക് ഓടി. കറുത്ത കണ്ടൻപൂച്ച നൊടിയിടകൊണ്ട് രാമായണക്കിളിയുടെ മേൽ ചാടിവീണു. രാമായണക്കി ളിയുടെ കഴുത്തിൽ കടിച്ചുപിടിച്ചു! വളരെ വേഗത്തിൽ ആയാസത്തോടെ മതിൽ ചാടി.

എന്തുചെയ്യണമെന്നറിയാതെ പതറിനിന്ന ഞാൻ രാമായണക്കിളി യുടെ ദീനരോദനം കേട്ടു. അതവിടമാകെ പ്രതിധ്വനിച്ചു. മെല്ലെ ആ ശബ്ദം അകന്നകന്ന് കുറഞ്ഞു കുറഞ്ഞു വന്നു.

കറുത്തിരുണ്ടുനിന്ന കർക്കിടകമാനം പെട്ടെന്ന് ഘോരമായി പെയ്യു വാൻ തുടങ്ങി. കാലം പിഴപ്പിച്ച കണക്കുപോലെ കാർമേഘക്കൂട്ടങ്ങൾക്കിട യിൽ ഒരിടിമുഴങ്ങി. അതിന്റെ നീണ്ടു നീണ്ടുപോകുന്ന മുഴക്ക ശബ്ദം കാതു കളിൽ ഭീകരമായി പ്രതിധ്വനിച്ചു.

10
ശില്പവും ശില്പിയുടെ മകളും

ഓഫീസിലെ ധൃതിപിടിച്ച ജോലികൾക്ക് താല്ക്കാലിമായി വിരാമമിട്ട് സായഹ്നത്തോടെ വീട്ടിലേക്ക് മടങ്ങുകയായിരുന്നു ശില്പ. തിരക്കുള്ള ബസ്സിന്റെ പിൻസീറ്റിൽ തെല്ല് ആലസ്യത്തോടെയിരുന്ന അവളുടെ ശ്രദ്ധ ചില കൃത്രിമമായി സൃഷ്ടിക്കുന്ന തിരക്കുകളിലേക്കു തിരിഞ്ഞു. അവരുടെ മനോവ്യാപാരവും ശരീരചലനവും എങ്ങനെയൊരു ചിത്രത്തിലേക്ക് ഹൃദ്യമായി പകർത്താമെന്നതിനെക്കുറിച്ച് അവൾ ചിന്തിച്ചു.

സെന്റർ ജംക്ഷനും പിന്നിട്ട് ഗാന്ധിപുരത്തെത്തിയപ്പോൾ ബസ് റോഡിന്റെ ഓരം ചേർത്തുനിർത്തി. റോഡിന്റെ മധ്യഭാഗത്തുകൂടി ഒരു ജാഥ കടന്നുവരുന്നു. അവൾ കണ്ണുയർത്തി അല്പം മുമ്പിലുള്ള ഗാന്ധിജിയുടെ ശില്പത്തിലേക്കുനോക്കി. അതൊരു പതിവാണ്. ഓരോ പ്രാവശ്യവും വലിയച്ഛൻ വർഷങ്ങൾക്കുമുമ്പ് കരിങ്കല്ലിൽ കൊത്തിയുണ്ടാക്കിയ ചിരിക്കുന്ന ഗാന്ധിജിയുടെ ശില്പവും കാണുന്നത് അവൾക്ക് പുതുമയായിരുന്നു.

ശില്പത്തിന്റെ കണ്ണുകൾ വെളുത്ത തുണികൊണ്ട് മൂടിക്കെട്ടിയിരിക്കുന്നു. വളരെയധികം ആളുകൾ അതിനുചുറ്റും നിന്നു മുദ്രാവാക്യം മുഴക്കുകയാണ്. അവരിലൊരാൾ കൈയുയർത്തി ശില്പത്തിന്റെ കണ്ണുകൾ മൂടിക്കെട്ടയിരുന്ന തുണി അഴിച്ചുമാറ്റി.

അല്പം അകലെയായി ആരെല്ലാമോ ചേർന്ന് ഒരു നായയെ കല്ലെറിഞ്ഞ് ഓടിക്കുകയാണ്. നായെ കണ്ടപ്പോഴേ ശില്പയ്ക്കു മനസ്സിലായി അത് ജീസ്ബലാണ്. അവൾ ബസ്സിൽ നിന്നും തിക്കിതിരക്കി പുറത്തേക്കിറങ്ങി. ജിസ്ബലിന്റെ അടുത്തേക്ക് പാഞ്ഞു.

ശില്പയെ കണ്ടപ്പോൾ ജിസ്ബൽ ഓടി അടുത്തേക്കു വന്നു. കുരച്ചും വാലാട്ടിയും അത് അവൾക്കുമുന്നിൽ നിന്ന് ബഹളംകൂട്ടി. അവസാനം അവളുടെ ചുരിദാറിന്റെ ഷാളിൽ കടിച്ചുപിടിച്ച് മുന്നോട്ടു നടന്നു.

ഗാന്ധിജിയുടെ ശില്പത്തിന്റെ മറുപുറത്തായി തളർന്നു കിടക്കുന്ന വൃദ്ധന്റെ അടുത്തുചെന്ന് നായ് നിന്നു. വലിയച്ഛനെ അപ്പോൾ മാത്രമാണ് അവൾ കണ്ടത്. അവളുടെ ഉള്ളിലൂടെ അനുമാനങ്ങളുടെ ഒരു കൊള്ളിയാൻ

പാഞ്ഞു. ചില നിമിഷങ്ങൾ പകച്ചുനിന്ന അവൾ വലിയച്ഛനെ പിടിച്ചുയർത്തി കൊണ്ട് തിരക്കി. "എന്തു പറ്റി വലിയച്ഛാ. ഇവിടെ എങ്ങനെയാണ് എത്തിയത്?"

മുദ്രാവാക്യം മുഴക്കുന്നവരിലെ നേതാവ് എന്നു തോന്നിക്കുന്നവൻ അടുത്തേക്കു വന്നു പറഞ്ഞു. "ഞങ്ങളുടെ അനുരഞ്ജന ജാഥ വരുന്നതിന് തൊട്ടുമുമ്പ് ഈ കിളവൻ ഗാന്ധിശില്പത്തിന്റെ കണ്ണുകൾ തുണികൊണ്ട് മൂടിക്കെട്ടി. എന്താണതിന്റെ അർത്ഥം. ഞങ്ങൾ കാണിക്കുന്നതെല്ലാം ആഭാസങ്ങളാണെന്നല്ലേ? ഞങ്ങൾ ഗാന്ധിയന്മാരാണ്. അതുകൊണ്ടും പ്രായത്തെ മാനിച്ചും മൂന്നുനാലു തല്ലുകൊടുത്തു മാറ്റിയതേയുള്ളൂ. ഇനിയിതാവർത്തിച്ചാൽ."

ശില്പ നിശ്ശബ്ദയായി വലിയച്ഛനെ താങ്ങിപിടിച്ചുകൊണ്ട് നിന്നു. മുന്നിലൂടെ കടന്നുപോയ ഓട്ടോയ്ക്ക് കൈകാണിച്ചു നിറുത്തി. അവൾ വലിയച്ഛനെ അതിനുള്ളിലേക്കു കയറ്റി. പിന്നാലെ അവളും കയറി. ഓട്ടോ മുന്നോട്ടെടുത്തപ്പോൾ അവരിൽ ചിലർ കൂവിക്കൊണ്ട് അതിന്റെ മുന്നിലേക്ക് ചാടി.

"അങ്ങനെയങ്ങ് പോയാൽ പറ്റില്ല. ഗാന്ധിജിയെ അവഹേളിച്ചതിന് കിളവൻ മാപ്പു പറയണം."

ശില്പ അവരെ ദയനീയമായി നോക്കികൊണ്ടപേക്ഷിച്ചു "പ്രായം ഏറെ ആയതിനാലാണെന്നു തോന്നുന്നു വലിയച്ഛന് ഓർമ്മക്കുറവുണ്ട്. പലപ്പോഴും എന്താണ് പ്രവർത്തിക്കുന്നത് പറയുന്നത് എന്നുപോലും അറിയില്ല. വലിയച്ഛനുവേണ്ടി ഞാൻ മാപ്പുചോദിക്കുന്നു."

അവിടെ കൂടിനിന്നവരിൽ പലരുടേയും കണ്ണുകൾ ആഗ്രഹഭാവത്തോടെ വടിവൊത്ത തന്റെ ശരീരത്തിൽ പതിക്കുന്നതിനെപ്പറ്റി അവൾ ബോധവതിയായിരുന്നു.

അവരിലൊരാൾ തിരക്കി "തന്റെ പേര് എന്താ?"

"ശില്പ"

"ജോലി"

"ചിത്രരചന"

"എവിടെയാ വീട്?"

"നാലടിയിലെ കുരിശുപള്ളിയിരിക്കുന്ന റോഡിൽ." അവൾ തുടർന്നു. "ഈ ഗാന്ധിപ്രതിമയുടെ ശിലിപി വലിയച്ഛനാണ്."

"ഓഹോ അപ്പോൾ ഇയാളാണല്ലേ മുഖ്യമന്ത്രിയിൽ നിന്നും പൊന്നാട സ്വീകരിച്ചത്. ചട്ടക്കാരൻ ഗീവർഗ്ഗീസ്." ശില്പ അതെയെന്ന അർത്ഥത്തിൽ തലയാട്ടി.

"തല്ക്കാലം എല്ലാവരുമൊന്ന് ഒതുങ്ങിനില്ക്ക് ഓട്ടോ പോയ്ക്കൊള്ളട്ടെ" അവരിലൊരാൾ പറഞ്ഞു.

അവർ ഇരുവശത്തേക്കുമായി ഒതുങ്ങിയപ്പോൾ ഓട്ടോ അവർക്കു മദ്ധ്യത്തിലൂടെ മുന്നോട്ട് നീങ്ങിത്തുടങ്ങി. എവിടെനിന്നോ ഓടിവന്ന് ജിസ്ബൽ അതിലേക്കു ചാടിക്കയറി.

വീട്ടിലെത്തിയ ശില്പ മുത്തച്ഛനെ കസേരയിലിരുത്തി. ചതവുള്ള ഭാഗത്ത് മുരിങ്ങയുടെകൂമ്പും ഉപ്പും മുട്ടയുടെ വെള്ളയിൽ ചേർത്ത് അരച്ചത് ഇട്ടുകൊടുത്തു.

അവൾ പരിഭവത്തോടെ ചോദിച്ചു. "ഞാനില്ലാത്തപ്പോൾ വലിയച്ഛ നോട് പുറത്തുപോകരുതെന്ന് എത്രയോ പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്."

"മോളെ നിന്നെ വിഷമിപ്പിക്കുന്നതിൽ ഈ വൃദ്ധന് ബുദ്ധിമുട്ടുണ്ട്. ഇരുന്നു മടുത്തപ്പോൾ പുറത്തേക്കിറങ്ങിയതാ. അപ്പോഴാ ഗാന്ധിയെ കണ്ടത്. കുറച്ചുനേരം നോക്കിനിന്ന് സംസാരിച്ചപ്പോൾ ഗാന്ധി അദ്ദേഹത്തിന്റെ ചില ബുദ്ധിമുട്ടുകളെപ്പറ്റി എന്നോടുപറഞ്ഞു. എന്താ പറഞ്ഞതെന്ന് മോൾക്കറി യുമോ? ഞാൻ ശില്പമായിട്ട് കൊത്തിവച്ചതുകൊണ്ടാണ് അദ്ദേഹത്തിന് ഇവിടെ നടക്കുന്നതുമുഴുവൻ കാണേണ്ടിവരുന്നത്. അദ്ദേഹത്തിന്റെ ഒരു മുഖ ഛായ ഉണ്ടാക്കാൻ അത്രവലിയ ആഗ്രഹമുണ്ടായിരുന്നെങ്കിൽ ഏതെങ്കിലു മൊരു കടൽക്കരയിലെ പൂഴിമണ്ണിൽ പോരായിരുന്നോ എന്നും ചോദിച്ചു. പിന്നെ പറയുകയാ കാശിനുവേണ്ടി ആയിരുന്നെങ്കിൽ ദേവിദേവന്മാരുടെ ശില്പം നിർമ്മിച്ചാൽ മതിയായിരുന്നല്ലോ. മനുഷ്യക്കുരുതിയും തെറിപ്പാട്ടും പണപ്പിരിവുമെല്ലാം അവർക്കല്ലേ വേണ്ടിയിരുന്നത്." അല്പസമയത്തെ ആലോചനയ്ക്കു ശേഷം വൃദ്ധൻ തുടർന്നു. "ഞാൻ ചെയ്ത തെറ്റിന് ഞാൻതന്നെ ഒരു പ്രായശ്ചിത്തം ചെയ്തുവെന്നേയുള്ളൂ. അ മഹാന്റെ കണ്ണു കൾ അല്പസമയത്തേക്കെങ്കിലും മൂടിയിരുന്നാൽ അത്രയും കുറച്ച് കണ്ടാൽ മതിയല്ലോ."

ശില്പ ആശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു. "മതി വലിയച്ഛ സംസാരി ച്ചത്. ഇപ്പോൾതന്നെ കിതയ്ക്കുവാൻ തുടങ്ങിയിരുന്നു."

ശില്പയുടെ തലയിൽ വാത്സല്യത്തോടെ തലോടിക്കൊണ്ട് വൃദ്ധൻ തുടർന്നു. "ഞാൻ മരിച്ചാൽ ഇനി മോൾക്ക് ആരാ ഉള്ളത്?. ഒരു നല്ല ചെറുപ്പ ക്കാരനെക്കൊണ്ട് നിന്റെ വിവാഹം നടത്തണം. അതിനുള്ള കഴിവൊന്നും ഈ വൃദ്ധനില്ലല്ലോ മോളെ."

"വലിയച്ഛനിപ്പോൾ എന്റെ വിവാഹത്തെപ്പറ്റിയൊന്നും ആലോചിച്ച് വിഷമിക്കേണ്ട. എല്ലാം ഈശ്വര നിശ്ചയംപോലെ നടക്കും."

"മോളെ പറയുന്നതിൽ പരിഭവിക്കരുത്. ഈ വലിയച്ഛനെ ഉപേക്ഷിച്ച് നീ എവിടെയെങ്കിലും പോയി രക്ഷപ്പെട്."

ശില്പ വൃദ്ധന്റെ വായ്പൊത്തിക്കൊണ്ട്. "അരുതാത്തതൊന്നും പറ യരുത് വലിയച്ഛാ."

സന്ധ്യാപ്രാർത്ഥനയ്ക്കായി മാതാവിന്റെ ചിത്രത്തിനുമുന്നിലെ മെഴു കുതിരികൾ കത്തിച്ചു. വിശുദ്ധഗ്രന്ഥം മുന്നിൽവച്ച് കൊന്തകൈയിലെടുത്ത് പ്രാർത്ഥനാപൂർവ്വം മാതാവിന്റെ കണ്ണുകളിലേക്ക് നോക്കി അവൾ നെറ്റിയിൽ കുരിശു വരച്ചു.

മാതാവിന്റെ ചൈതന്യമുള്ള ആ ചിത്രം കാണുമ്പോഴെല്ലാം അവളുടെ മനസ്സിൽ തെളിഞ്ഞു വരുന്ന രൂപം മറ്റൊന്നാണ്. ഒരിക്കലും കാണാത്ത അമ്മയുടെ അവ്യക്തമായ രൂപം. ഒപ്പം അച്ഛന്റെ വിയർപ്പ് പൊടിഞ്ഞ മങ്ങിയ മുഖവും.

വലിയച്ഛൻ പറഞ്ഞുള്ള അറിവേ അവൾക്ക് അച്ഛനെപ്പറ്റിയും അമ്മയെപ്പറ്റിയുമുണ്ടായിരുന്നുള്ളൂ. "നിന്റെ അച്ഛൻ എന്റെ ബാലൻ ഏറെ മിടുക്കനായിരുന്നു. പഠിക്കുന്ന കാലത്ത് ക്ലാസിൽ എന്നും ഒന്നാമൻ. കോളെജിലെത്തിയതോടെ ചിത്രശില്പ രചനയ്ക്ക് നിരവധി പുരസ്കാരങ്ങൾ അവനെ തേടിയെത്തി."

ഒരിക്കൽ മുംബൈയിൽ ഒരു ചിത്രരചനാമത്സരത്തിന് പോയി തിരിച്ചുവരുമ്പോൾ സമ്മാനങ്ങൾക്കൊപ്പം ഒരു മറാട്ടിപെൺകുട്ടിയുമുണ്ടായിരുന്നു. മുംബൈയിൽ വച്ച് അവളെ വിവാഹം കഴിച്ചു എന്നുമാത്രമേ പറഞ്ഞുള്ളൂ. ഭാഷ അറിയാത്തതിനാൽ അവളോടു ചോദിച്ചുകൂടതലൊന്നും മനസ്സിലാക്കാൻ കഴിഞ്ഞില്ല. എന്തായാലും അതോടെ അവൻ പഠനം നിറുത്തി. ശില്പ നിർമ്മാണത്തിൽ മാത്രം മുഴുകി. എങ്ങനെയും പണം സമ്പാദിക്കണമെന്ന ചിന്തയേ അവനുണ്ടായിരുന്നുള്ളൂ. നിന്നെ പ്രസവിച്ച അന്നുതന്നെ നിന്റെ അമ്മ മരിച്ചു. ചോരക്കുഞ്ഞായ നിന്നെയുമെടുത്ത് ബാലൻ ആശുപത്രി വിട്ടു. പരിശുദ്ധമാതാവിന്റെ പള്ളിയിലെ അവൻ നിർമ്മിച്ച മാതാവിന്റെ ശില്പത്തിനു ചുവട്ടിൽ നിന്നെയും കിടത്തി നാടുവിട്ടതാ. പിന്നെ അവനെ ആരും കണ്ടിട്ടില്ല. അവനെപ്പോലെ തന്നെ ആ മാതാവും ഏറെ പ്രസിദ്ധയായിരുന്നു. യാചിക്കുന്നവർക്ക് നിർലോഭം അനുഗ്രഹങ്ങൾ ചൊരിയുന്നവൾ എന്ന നിലയിൽ. മാതാവിന്റെ മുന്നിൽ ചോരക്കുഞ്ഞായിക്കിടന്ന നിന്നെ അവിടെയുള്ള കന്യാമഠത്തിലെ സിസ്റ്റേഴ്സാണ് എടുത്തു വളർത്തിയത്. നീ മെല്ലെ പിച്ചവച്ച് നടക്കുവാൻ തുടങ്ങിയപ്പോൾ നിന്നെയുമെടുത്ത് ഇവിടേക്കു വരുകയായിരുന്നു ഞാൻ.

"മോളേ ശില്പേ, പ്രാർത്ഥനാ കഴിഞ്ഞെങ്കിൽ ടി.വി. വയ്ക്ക്" വലിയച്ഛന്റെ വാക്കുകൾ കേട്ടാണ് അവൾ ചിന്തയിൽ നിന്നുമുണർന്നത്. "ദാ വലിയച്ഛാ വരുന്നു." അവൾ നെറ്റിയിൽ കുരിശുവരച്ച് പ്രാർത്ഥന അവസാനിപ്പിച്ച് ടി.വി.യുടെ അടുത്തേക്ക് നടന്നു. കാർട്ടൂൺ ചിത്രങ്ങൾ വരുന്ന ചാനൽ ട്യൂൺചെയ്തു വച്ചു. അതൊരു പതിവാണ്. വലിയച്ഛനൊപ്പമിരുന്ന് രാത്രിസമയത്ത് അല്പം കാർട്ടൂൺ കാണുന്നത്. ടി.വി.യുടെ സ്ക്രീനിൽ ചിത്രങ്ങൾ തെളിഞ്ഞപ്പോൾ അവളുടെ ചിന്തകൾ മറ്റൊരു വഴിക്ക് തിരിഞ്ഞു. ഉച്ചയ്ക്ക് ഊണുകഴിച്ചുകൊണ്ടിരുന്നപ്പോൾ സഹപ്രവർത്തകനായ വിശാഖ് പറഞ്ഞ കമന്റ് അവൾ ഒരിക്കൽകൂടി ഓർത്തുപോയി.

എനിക്ക് ചട്ടക്കാരികളെ വലിയ ഇഷ്ടമാണ്. പൂച്ചക്കണ്ണും ചെമ്പിന്റെ കളറും മാത്രമല്ല അവരെ ഇഷ്ടപ്പെടുവാനുള്ള കാരണം അവരുടെ സിരകളിലൂടെ ഒഴുകുന്നത് പാശ്ചാത്യനിറമുള്ള രക്തമല്ലേ. ആ രക്തത്തിനൊരു

പ്രത്യേകതയുണ്ട്. അതുള്ളവർ കാമകലയിൽ വല്ലഭകളാണ് എന്നാതാ മതം. ഒരു പുതിയ അറിവു പകർന്നുകിട്ടിയതിന്റെ ആവേശത്തിൽ ഐശ്വര്യയും പറഞ്ഞു. 'വിശാഖിന് ചട്ടക്കാരികളെ അത്ര ഇഷ്ടമാണെങ്കിൽ നമ്മൾക്ക് ഇവിടെത്തന്നെ ഒരാലോചന നടത്താം.' ഒരു വിക്ടൻ ചിരിയോടെ വിശാഖ് തുടർന്നു. 'ഇഷ്ടം എന്നു പറഞ്ഞാൽ വിവാഹം കഴിക്കുവാനൊന്നുമല്ല, വെറുതെയൊന്നു പ്രണയിക്കുവാൻ. ഞാനൊരു സത്യംകൂടി പറയാം, നമ്മളുടെ നാട്ടിലെ പെണ്ണുങ്ങൾക്ക് പ്രണയം പ്രണയം എന്നു പറഞ്ഞു നടക്കാനെ അറിയൂ. പ്രണയിക്കാനറിഞ്ഞുകൂടാ.'

പുറത്തുനിന്നും ആരോ വിളിക്കുന്ന ശബ്ദം കേട്ട് ശില്പ ചിന്തകളിൽ നിന്നും ഉണർന്നു. ജിസ്ബൽ നിർത്താതെ കുരയ്ക്കുവാനും തുടങ്ങി. രാത്രിയായാൽ പിന്നെ വാതിൽ തുറക്കുന്ന പതിവില്ല. മദ്യപാനം കഴിഞ്ഞു വരുന്നവർക്ക് ചിലപ്പോൾ രാജ്യസ്നേഹം കൂടും. മറ്റുചിലപ്പോൾ ചട്ടക്കാരിയോടുള്ള സ്നേഹവും. ശില്പ ജനാലയിലൂടെ പുറത്തേക്ക് നോക്കി. വൈദ്യുതി ബൾബിന്റെ പ്രകാശത്തിൽ അവൾകണ്ടു, കുറെയധികം പുരുഷന്മാർ മുറ്റത്തേക്ക് കയറി വരുന്നു.

കുരച്ചുകൊണ്ടിരിക്കുന്ന നായയെ ഓടിക്കാൻ അവരിൽ ചിലർ കൈയ് ഉയർത്തി എറിയുന്നതായി ആംഗ്യം കാണിച്ചും നിലത്തു ചവിട്ടി ശബ്ദമുണ്ടാക്കിയും ശ്രമിച്ചുകൊണ്ടിരുന്നു.

ശില്പ ജിസ്ബൽ എന്നു വിളിച്ചപ്പോൾ, നായ് അനുസരണയോടെ വീടിന്റെ പിൻഭാഗത്തേക്ക് പോയി.

അവരിലൊരാൾ ശബ്ദമുയർത്തി പറഞ്ഞു. 'വാതിൽ തുറക്ക്. ഞങ്ങൾക്ക് ചിലത് പറയുവാനുണ്ട്.'

“ഞങ്ങൾ നിന്നെ കാണാൻ വന്നതൊന്നുമല്ല. ഗാന്ധിജിയെ അവഹേളിച്ചതിന്, ഗാന്ധിയന്മാരായ ഞങ്ങളുടെ മുഖത്ത് കരിവാരി എഴുതിയതിന് നിങ്ങൾ ശിക്ഷ അനുഭവിച്ചേ മതിയാകൂ.”

“വലിയച്ഛനു നല്ല സുബോധമില്ല. ഒന്നും ബോധപൂർവ്വമായിരുന്നില്ല. വലിയച്ഛന്റെ തന്നെ ശില്പത്തോട് അദ്ദേഹത്തിനു തോന്നിയ ഒരു വൈകാരിക താല്പര്യം, അതിനെയങ്ങനെയങ്ങ് കണ്ടാൽപോരെ?”

“ഞങ്ങൾ ഇന്ത്യക്കാർക്ക് ഉപദേശം തരാൻ നീയാരാ?”

ശില്പ ജനാലയിലൂടെ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ വൃദ്ധൻ വാതിൽ തുറന്ന് അവരുടെ മുന്നിലേക്കു ചെന്നു.

“എന്താ പറഞ്ഞത് നിങ്ങൾ ഇന്ത്യക്കാരെന്നോ? പഠിച്ചുകൊണ്ടിരിക്കുമ്പോൾ നമ്മുടെരാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി തെരുവീഥിയിലിറങ്ങിയവനാണു ഞാൻ. അന്ന് നിങ്ങൾക്കറിയുമോ? ഈ കൈകൾകൊണ്ട് ആ മഹാന്റെ കൈകളിൽ സ്പർശിച്ചിട്ടുണ്ട് ഞാൻ. രാജ്യസ്നേഹത്തിന്റെ പേരും പറഞ്ഞ് അതിനൊരലങ്കാരമായി ഗാന്ധിജിയുടെ ചിത്രം ഉയർത്തിപ്പി

ടിച്ചു നടക്കുന്ന നിങ്ങളിൽ ആർക്കെങ്കിലും ആ മഹാത്മാവിന്റെ പേര് പൂർണ്ണ മായിട്ടറിയുമോ.?”

ശില്പ ഓടിവന്ന് വൃദ്ധനെ പിടിച്ചുകൊണ്ട് “വലിയച്ഛാ എന്തൊക്ക യാണീ പറയുന്നത്.”

“കണ്ടോ, വയസ്സൻ ബോധപൂർവ്വം ചെയ്തതാണ്. ഇതിന്റെ ശിക്ഷ നിങ്ങൾ അനുഭവിച്ചില്ലെങ്കിൽ ഭാരതമാതാവ് ക്ഷമിക്കയില്ല.”

ബഹളം കേട്ട് അയൽവീട്ടുകളിലെ ആളുകൾ പുറത്തേക്ക് ഇറങ്ങി നിന്നു നോക്കി.

"ഞങ്ങളെ അപമാനിച്ചതിനും ഗാന്ധിജിയെ അവഹേളിച്ചതിനും എതിരെ ഒരു പ്രതിഷേധയോഗം നാളെ ഗാന്ധിപ്രതിമയ്ക്കു മുന്നിൽ ചേരു ന്നുണ്ട്. ഈ കിളവൻ അവിടെനിന്നും ക്ഷമ പറയണം. അല്ലെങ്കിൽ നിങ്ങളി വിടെ സമാധാനമായി താമസിക്കില്ല."

"ചെയ്തത് തെറ്റാണെന്ന് എനിക്കറിയാം. വലിയച്ഛനുവേണ്ടി നാളെ ഞാനവിടെ വന്നു ക്ഷമ പറഞ്ഞുകൊള്ളാം. വലിയച്ഛൻ പറയുന്നതും പ്രവർത്തിക്കുന്നതും എന്താണെന്ന് അദ്ദേഹത്തിനു തന്നെ ഓർമ്മയില്ല. നല്ല നിശ്ചയമില്ല."

അവർ അല്പസമയം അതിനെപ്പറ്റി ആലോചിച്ചു. പിന്നെ ശില്പ തന്നെ ക്ഷമ പറഞ്ഞാൽ മതിയെന്നു സമ്മതിച്ച് തിരിച്ചു നടന്നു.

വലിയച്ഛൻ അവളോടുകയർത്തു: “നീ എന്തിനാണ് കണ്ട ഇരപ്പാ ളികളുടെ മുന്നിൽപോയി ക്ഷമപറയുന്നത്? ഇവനൊക്കെ വെറും കീടമാടീ കീടം.”

ശില്പ വലിയച്ചനേയും കൂട്ടി വീട്ടിനുള്ളിലേക്ക് കയറി വാതിലടച്ചു.

വലിയച്ഛനെ വീണ്ടും ടി.വിയുടെ മുന്നിലിരുത്തി. അല്പം ആശ്വാസ ത്തിനായി വെളിച്ചമില്ലാത്ത മുറിയിലെ കസേരയിൽ പോയി ചാരിക്കിടന്നു. അവളുടെ മനസ്സ് മറ്റൊരു പ്രശ്നത്തിന്റെ പരിഹാരത്തിനായി പരതിക്കൊ ണ്ടിരുന്നു. നാളെ മുതൽ ഓഫീസിൽ പോകുമ്പോൾ വലിയച്ഛനെ എന്തുചെയ്യും?

യോഗസ്ഥലത്ത് ക്ഷമ പറഞ്ഞതിനുശേഷം ശില്പ വേഗത്തിൽ വീട്ടി ലേക്കു മടങ്ങി. വലിയച്ഛനെ ഒറ്റയ്ക്ക് വീട്ടിൽ അടച്ചിട്ടിരിക്കുന്നതിനെപ്പറ്റി ഓർത്തപ്പോൾ അവളുടെ ഉള്ളുരുകി. തുറന്നുവിട്ടാൽ യോഗസ്ഥലത്തു വന്നു ബഹളം വയ്ക്കും. അതുമല്ലെങ്കിൽ മറ്റെന്തെങ്കിലും വികൃതികൾ ഒപ്പിക്കും.

ഗയിറ്റിന്റെ അടുത്തെത്തിയപ്പോൾ തന്നെ വീടിനുള്ളിൽ നിന്നും ശബ്ദം കേട്ടു, അവളെ കണ്ട ജിസ്ബൽ അടുത്തേക്കു വന്ന് വാലാട്ടി. കാലിൽ നക്കി. അവൾ മുതുകിൽ തലോടി. വേഗംതന്നെ പൂട്ടിയിട്ടിരുന്ന വാതിൽ തുറന്നു. അകത്തുകയറിയപ്പോൾ ഷെൽഫിലെ പുസ്തകങ്ങൾ മുഴു വനും വാരിവലിച്ച് നിരത്തിയിട്ടിരിക്കുന്നു. വരച്ചുവച്ചിരിക്കുന്ന ചിത്രങ്ങളെല്ലാം പിച്ചിക്കീറിയിരിക്കുന്നു.

എന്തുചെയ്യണമെന്നറിയാതെ പതറിനിന്ന അവളുടെ കണ്ണുകൾ നിറഞ്ഞു. വലിയച്ഛൻ അടുത്ത മുറിയിൽ നിന്നും കൈയിലൊരു ചുറ്റികയും ഉളിയുമായി മുന്നിലേക്കു വന്നു. "മോളെ ഞാൻ ഗാന്ധിപറഞ്ഞതുപോലെ ചെയ്യുവാൻ പോകുകയാണ്. വലിയൊരു യക്ഷിയുടെ ശില്പമുണ്ടാക്കണം. ഇവിടെയുള്ളവർക്ക് ആരാധിക്കാൻ ഉത്സവങ്ങൾ നടത്താൻ."

"വലിയച്ഛാ." അവൾ തെല്ല് ശാസനയോടെ വിളിച്ചു. വൃദ്ധൻ അതു ശ്രദ്ധിക്കാതെ തുറന്നിട്ട വാതിലിലൂടെ പുറത്തേക്കിറങ്ങി. അവൾ പിന്നാലെയും.

പതിവില്ലാതെ അവിടേക്കുകയറിവരുന്ന വീട്ടുടമസ്ഥനെകണ്ട് അവൾ ആശ്ചര്യപ്പെട്ടു. "വരൂ അങ്കിൾ അകത്തേക്കിരിക്കാം."

"ഞാൻ വന്നത് നല്ലതല്ലാത്ത ഒരു കാര്യം പറയാനാണ്. ശില്പ ഇന്നുതന്നെ ഇവിടെനിന്നും ഇറങ്ങിത്തരണം."

അല്പസമയത്തെ മൗനത്തിനുശേഷം അവൾ പറഞ്ഞു. "ഞാൻ വാടകയെല്ലാം കൃത്യമായിതരുന്നില്ലെയങ്കിൾ"

"അതല്ല പ്രശ്നം. പാർട്ടിക്കാര് വിളിച്ചുപറഞ്ഞു, ഇനി നിങ്ങളെ ഇവിടെ താമസിപ്പിക്കരുതെന്ന്."

"പെട്ടെന്ന് ഇങ്ങനെ വന്നു പറഞ്ഞാൽ ഞാൻ എന്താ ചെയ്യുക?. കഴിഞ്ഞ ഇരുപതിലധികം വർഷമായി ഞങ്ങൾ ഇവിടെയല്ലേ താമസിക്കുന്നത്? മറ്റൊരു വീട് കണ്ടെത്തുന്നതുവരെ, ഒരു മാനുഷിക പരിഗണനയുടെ പേരിലെങ്കിലും"

"ഇതൊന്നും എന്നെ ബാധിക്കുന്ന പ്രശ്നങ്ങളല്ല. ഇന്ന് ഇപ്പോൾ തന്നെ ഇവിടെനിന്നും ഇറങ്ങണം."

"അങ്കിൾ എന്തുപറഞ്ഞാലും ഇവിടെനിന്നും ഇപ്പോൾ ഇറങ്ങാൻ പറ്റില്ല. സുബോധമില്ലാത്ത വലിയച്ഛനുമായി ഞാൻ എവിടെപ്പോകും."

അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ മൂന്ന് റൗഡികൾ അവിടേക്കുവന്നു. അവരിലെ നേതാവെന്ന് തോന്നിക്കുന്നവൻ ശില്പയുടെ കൈയ്ക്കുപിടിച്ച് അല്പം മാറ്റിനിർത്തി. ജിസ്ബൽ അവന്റെനേരെ കുരച്ചുകൊണ്ട്ചാടി. ശില്പ ശാസനയോടെ ജിസ്ബൽ എന്നുവിളിച്ചപ്പോൾ നായ് പിൻതിരിഞ്ഞു.

റൗഡികൾ വീടിനുള്ളിലേക്കുകയറി വീട്ടുപകരണങ്ങൾ ഒന്നൊന്നായി നടുറോഡിലേക്ക് വലിച്ചെറിഞ്ഞുതുടങ്ങി.

എല്ലാറ്റിനുമവസാനം ശില്പയേയും വൃദ്ധനേയും അവർപിടിച്ച് നടുറോഡിലേക്ക് തള്ളിയിറക്കി വീടിന്റെ ഗയിറ്റ് താഴിട്ടുപൂട്ടി. നടുറോഡിൽ കിടക്കുന്ന വീട്ടുസാധനങ്ങൾക്കുമുന്നിൽ ജിസ്ബൽ ഒരു കാവൽക്കാരനെപ്പോലെ കുത്തിയിരുന്നു.

ഇരുണ്ടുകൂടിയിരുന്ന മാനത്തുകൂടി മിന്നൽപിണരുകൾപാഞ്ഞു. ഒന്നിനുപുറകെ ഒന്നായി ഇടിനാദം മുഴങ്ങിക്കൊണ്ടിരുന്നു. ചാറിത്തുടങ്ങിയ മഴത്തുള്ളികൾക്ക് ശക്തിയേറി. വൃദ്ധൻ ആഹ്ലാദത്തോടെ മഴയത്തുകൂടി ഓടി നടന്നു.

നനഞ്ഞുകുതിർന്ന വസ്ത്രങ്ങൾ ശില്പയുടെ ശരീരത്തോട് ഒട്ടിക്കിടന്നു. അവൾ വസ്ത്രങ്ങൾ അല്പാല്പമായി ചുരുട്ടിപിഴിഞ്ഞു. ശരീരത്തിൽ ഒട്ടിക്കിടന്ന തുണിപിടിച്ച് നേരെയിടാൻ ശ്രമിച്ചുകൊണ്ടിരുന്നു.

അടുത്തവീടുകളിൽനിന്നും പുറത്തേക്കുനീണ്ട തലകൾ മെല്ലെ ഉള്ളിലേക്കുവലിഞ്ഞു. ചിലർ ജനൽപാളികൾ അല്പമായിതുറന്ന് അവളുടെ നനഞ്ഞ് വിറയ്ക്കുന്ന ശരീരത്തിലേക്ക് നോക്കി. ജിസ്ബൽ അവരെനോക്കി പല്ലിളിച്ച് മുരണ്ടു. മെല്ലെ അതൊരു കാലൻകൂവലായി പരിണമിച്ചു. അതിനുപ്രതിധ്വനിയായി മറ്റൊരു നായ് വിദൂരതയിൽനിന്നും ഓലിയിട്ടു.

കേരളാ കൾച്ചർ

മറിയ കേരളത്തിൽ കണ്ടത്

ചെറുകഥാസമാഹാരം

ജോസ് കെ. മാനുവൽ

വർത്തമാനകാലത്തെ യാഥാർത്ഥ്യങ്ങളിൽനിന്ന് കേരളസംസ്കാരത്തെ നോക്കികാണുന്ന പത്ത് കഥകളുടെ സമാഹാരം. മലയാളമണ്ണിന്റെ ഗൃഹാതുരത്വവും നന്മയും ഓർമ്മകളിലൊതുക്കാൻ മാത്രം വിധിക്കപ്പെട്ട ഒരുപറ്റം മനുഷ്യരെ അതേ തീവ്രതയോടെ അവതരിപ്പിക്കുന്നതാണ് ഇതിലെ ഓരോ കഥയും. അനുഭവങ്ങളുടെ തലങ്ങളിൽ നിന്ന് നമ്മിലേക്ക് ആഴ്ന്നിറങ്ങുന്ന നേർക്കാഴ്ചകളുടെ നിമിഷങ്ങളൊരുക്കുന്ന കഥകളുടെ ഈ സമാഹാരം മലയാളകഥാലോകത്തെ വേറിട്ട അനുഭവമാണ്.

TURN BOOKS

Stories

ISBN 978-81-925373-9-9

₹75.00 MRP $ 3.00

കേരളാ കൾച്ചർ

മറിയ കേരളത്തിൽ കണ്ടത്

ജോസ് കെ. മാനുവൽ



TURN BOOKS

ഡോ. ജോസ് കെ. മാനുവൽ

കോട്ടയം ജില്ലയിലെ മരങ്ങാട്ടുപിള്ളിയിൽ ജനിച്ചു. മദിരാശി സർവ കലാശാലയിൽനിന്ന് എം.എ., എം.ഫിൽ., പിഎച്ച്.ഡി. ബിരുദങ്ങൾ. മഹാത്മാഗാന്ധി സർവകലാശാലയിൽ പോസ്റ്റ് ഡോക്ടറൽ ഫെലോ. കൃതി കൾ: തിരക്കഥാരചന കഥയും സിദ്ധാന്തവും, സിനിമയുടെ പാഠങ്ങൾ: വിശകലനവും വീക്ഷണവും, സിനിമയിലെ ശരീരഭാഷ: ഒരു രസാനുഭവ സിദ്ധാന്തപഠനം, നാടകവും സിനിമയും: ഒരു താരതമ്യ വിശകലനം, ന്യൂ ജനറേഷൻ സിനിമ, കഥയും തിരക്കഥയും, മലയാ ളഭാഷയും സാഹിത്യവും, തിരക്കഥാ സാഹിത്യം:സൗന്ദര്യവും പ്രസക്തിയും, ന്യൂ ജനറേഷൻ സിനിമ (പഠനങ്ങൾ) നവമാധ്യമങ്ങൾ, ഭാഷ സാഹിത്യം സംസ്കാരം (എഡി.) അഭിലോഷിക, യഹൂര-ഒരു കമ്യൂണിസ്റ്റിന്റെ കഥ (നോവലുകൾ) കാലത്തി നൊപ്പം ഒരു പെൺകുട്ടി, കഥയ്ക്കുമുകളിലൂടെ ഡൈവുചെയ്ത് കഥാകൃത്ത്, ഹർത്താൽ ഒരു കേരളീയോത്സവം (ചെറുകഥാസമാഹാരങ്ങൾ). മികച്ച ചലച്ചിത്രഗ്രന്ഥത്തിനുള്ള കേരളസംസ്ഥാന ചലച്ചിത്ര അവാർഡും (2003, 2010) ഫിലിം ക്രിട്ടിക്സ് അവാർഡും (2003, 2005) ലഭിച്ചിട്ടുണ്ട്. സാംസ്കാരിക സഹകരണ സമിതിയുടെ മികച്ച വൈജ്ഞാ നിക ഗ്രന്ഥത്തിനുള്ള അവാർഡ്, പൊൻകുന്നം വർക്കി കഥാ അവാർഡ്, തകഴി കഥാ അവാർഡ്, കാവ്യവേദി നോവൽ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. വിലാസം: അ സിസ്റ്റന്റ് പ്രൊഫ സർ, സ്കൂൾ ഓഫ് ലെറ്റേഴ്സ്, മഹാത്മാഗാന്ധി സർവകലാശാല, കോട്ടയം, ഫോൺ:9446924323

ഇ-മെയിൽ: kjosemanuel@gmail.com

കേരളാ കൾച്ചർ -
മറിയ കേരളത്തിൽ കണ്ടത്

ചെറുകഥാസമാഹാരം

ജോസ് കെ. മാനുവൽ

TURN
BOOKS

Malayalam Language
Kerala Culture - Maria Keralathil Kandathu
Short Stories
Author **Dr. Jose K.Manuel**
Copy Right to the Author
First Published - December 2016

Cover Design : Joseph Francis, Pala

Printed in India
Vibgyor Imprints, Calicut - 673 004

Publishers
Turn Books, P.B. No.1, Teekoy
Kottayam, Kerala - 686 580, India
Email: turnbooks4u@gmail.com
Web Site: www.turnbooksgroup.com
Tel: 9495200006, +914822280007/08/09

Distributors
Turn Books Hub, Kottayam - 580
Email: turnbookshub@gmail.com
Tel: 9846486439

Turn Books Library Cataloguing in Publication Data
80p. 21cm Demy $^{1}/_{8}$
ISBN-978-81-925373-8-2
Author : Dr. Jose K.Manuel
Story
8M3. 010.MAN

No part of this publication may be reproduced or transmitted in any form or by any means without prior written permission of the publishers.

ISBN: 978 - 81 - 925373 -8-2

Price : **₹ 75**

tbi-012-dec016-ien-1000-dpd-03-54.5-01k-132

പ്രസാധകക്കുറിപ്പ്

വർത്തമാനകാല മലയാള ചെറുകഥാസാഹിത്യരംഗത്തെ ഏറ്റവും വിഹ്വലവും ഉള്ളുരുക്കവുമുള്ള ശബ്ദമാണ് ജോസ്.കെ.മാനുവലിന്റേത്. മാറ്റപ്പെട്ട മലയാള സംസ്കാരത്തിനുള്ളിൽപ്പെട്ട് അസ്തിത്വ നിർണ്ണയം നടത്താൻ പാടുപെടുന്നവരുടെയും ചൂഷണം ചെയ്യപ്പെടുന്നവരുടെയും ജീവിതമാണ് ഡോ. ജോസിന്റെ കഥകളുടെ വൈകാരിക പരിസരം. *കഥയ്ക്ക് മുകളിലൂടെ ഡൈവ് ചെയ്ത് കഥാകൃത്ത്, കാലത്തിനൊപ്പം ഒരു പെൺകുട്ടി, മറുപക്ഷ കഥകൾ, ഹർത്താൽ ഒരു കേരളീയ ഉത്സവം* തുടങ്ങിയ കഥാസമാഹാരങ്ങൾക്കു ശേഷം ചടുലമായ പ്രതിപാദനരീതികൊണ്ടും നവമായ കഥാബിംബ നിർമ്മിതികൊണ്ടും കാലിക പ്രസക്തിയുള്ള പത്ത് കഥകളുടെ സമാഹാരമാണ് *കേരള കൾച്ചർ - മറിയ കേരളത്തിൽ കണ്ടത്.* അറുപതാണ്ട് തികയുന്ന കേരളത്തിന്റെയും അതിനെ തീവ്രവികാരത്തോടെ നെഞ്ചിലേറ്റുന്ന മലയാളിയുടെയും അസ്തിത്വവ്യഥ ബൗദ്ധികസംവാദത്തിന് വിധേയമാക്കുന്ന കഥകളാണ് ഈ സമാഹാരത്തെ സജീവമാക്കുന്നത്. പുത്തൻ കഥാപരിസരവും വായനാനുഭവവും പ്രദാനം ചെയ്യുന്ന ഈ കഥാസമാഹാരം വായനക്കാർക്കായി സമർപ്പിക്കുന്നു.

12.12.2016

നേവി ജോർജ്

കഥകൾ

1. കേരള കൾച്ചർ - മറിയ കേരളത്തിൽ കണ്ടത് ...7
2. റിയാലിറ്റിഷോ ...17
3. അപരിചിതൻ വസ്ത്രം വലിച്ചുകീറുന്നു ...23
4. ബലാൽസംഗം കലയും തന്ത്രവും ...27
5. ക്യാമറ ...32
6. സ്ത്രീ: ചിന്ത രാഷ്ട്രീയം ലൈംഗികത ഒരു സംവാദം ...38
7. തിരസ്കരിക്കപ്പെട്ട ചരിത്രം ...45
8. സ്വാതന്ത്ര്യത്തിന്റെ ഉത്സവം ...54
9. രാമായണക്കിളി ...65
10. ശില്പവും ശില്പിയുടെ മകളും ...73

1
കേരളാ കൾച്ചർ-മറിയ കേരളത്തിൽ കണ്ടത്

ഇലവിങ്കൽ വീട്ടിൽ അന്ന് ആഘോഷമായിരുന്നു. സാന്ദ്ര മറിയ തോമസിനെ കാണാൻ വന്ന ചെറുക്കനും വീട്ടുകാർക്കും അവളെ ഇഷ്ടമായി. സാന്ദ്രയ്ക്കും പ്രഥമ ദർശനത്തിൽ തന്നെ പറ്റെവെട്ടിയ മുടിയും കുറ്റിരോമങ്ങളുമുള്ള, മെലിഞ്ഞ് നീണ്ട ആനന്ദ് പോളിനെയും ഇഷ്ടമായി.

സാന്ദ്രയുടെ അമ്മ മറിയ റോസ് തോമസ് അടുത്ത ബന്ധുക്കളോടും സുഹൃത്തുക്കളോടും മകളുടെ വിവാഹക്കാര്യത്തെപ്പറ്റി സംസാരിച്ചു. തൊട്ടടുത്ത ഞായറാഴ്ച എല്ലാവരെയും കൂട്ടി ചെറുക്കന്റെ വീട്ടിൽ പോകുവാൻ നിശ്ചയിച്ചു. അമേരിക്കയിലെ സോഫ്റ്റ് വെയർ കമ്പനിയിൽ ജോലി ചെയ്യുന്ന സാന്ദ്രയ്ക്ക് ലീവ് കുറവായതുകൊണ്ട് വിവാഹം വേഗത്തിൽ നടത്തുന്നതിനെ പറ്റിയുള്ള ചർച്ചകളും സജീവമായി.

ഫേസ്ബുക്കിലെത്തിയ സാന്ദ്ര സേർച്ച് ചെയ്ത് ആനന്ദ് പോളിലെത്തി. ഒരുപാട് സുഹൃത്തുക്കളും അവരുടെ സന്ദേശങ്ങളുമുള്ള പ്രൊഫയൽ. അവിടെ ആനന്ദ് പോളിന്റെ നിരവധി ഫോട്ടോകളും വീഡിയോകളുമുണ്ട്. ഹോട്ട് ഗുഡ്മോർണിങ്കൊണ്ടും സ്വീറ്റ് നൈറ്റുകൾകൊണ്ടും നിറഞ്ഞ ഫയലിലൂടെ ആശ്ചര്യത്തോടെ കണ്ണോടിച്ചു.

ഫേസ്ബുക്കിലെ ആനന്ദ് പോളിന്റെ ഫയൽ മറിയായ്ക്ക് സാന്ദ്ര കാണിച്ചുകൊടുത്തു. മറിയ ശ്വാസമടക്കിപ്പിടിച്ച് അതെല്ലാം കണ്ടു. അസ്വസ്ഥത ഉള്ളിലൊതുക്കി വീടിനുള്ളിലൂടെ വെരുക് പ്രയാണം നടത്തി.

ടെലിവിഷൻ ചാനലുകൾ ഒന്നൊന്നായി സാന്ദ്ര മാറ്റിക്കൊണ്ടിരുന്നു. മലയാളം ചാനലുകൾ കൗതുകത്തോടെ ശ്രദ്ധിച്ചു. മലയാളവും ഇംഗ്ലീഷും ചേർത്ത് കൊഞ്ഞ കലർത്തി സംസാരിക്കുന്ന അവതാരികമാർ. നിലവാരമില്ലാത്ത സീരിയലുകൾ, കോമഡിയാണെന്നു പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കേണ്ട ഷോകൾ, സംഗീതത്തെ വികലമാക്കുന്ന പരിപാടികൾ, ചർച്ചകളുടെ പേരിൽ പൊങ്ങച്ചം വിളമ്പുന്നവർ, ഏറ്റുമുട്ടലുകളിലേക്ക് എത്തുന്ന സംവാദങ്ങൾ... എല്ലാം കണ്ട് മടുത്തപ്പോൾ സാന്ദ്ര മലയാളം വാർത്ത ചാനലിലേക്കു പോയി.

മന്ത്രിയുടെ ലൈംഗികാഭാസത്തിന്റെ വീഡിയോചിത്രങ്ങൾ, അതിനെ പറ്റിയുള്ള വിശദമായ വാർത്ത. സ്കൂൾ വിദ്യാർത്ഥിനിയെ പോലീസുകാർ കൂട്ടമാനഭംഗം ചെയ്തതിന്റെ ഞെട്ടിക്കുന്ന വാർത്ത. വിദ്യാർത്ഥിനിയെ മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചതിന്റെയും മരണവുമായി മല്ലടിക്കുന്നതിന്റെയും ദൃശ്യങ്ങൾ. മെഡിക്കൽ കോളേജിനു മുന്നിൽ പ്രതിഷേധവുമായി നിൽക്കുന്ന ജനക്കൂട്ടത്തിന്റെ ലൈവ് പ്രതികരണങ്ങൾ. മാധ്യമങ്ങൾക്കുമുന്നിൽ നിർവികാരതയോടെ ഇരിക്കുന്ന വിദ്യാർത്ഥിനിയുടെ അച്ഛനും അമ്മയും ഇളയ സഹോദരനും. ആ ദൈന്യതയും ഹൃദയശൂന്യമായ പ്രവർത്തനങ്ങളും കാണാൻ വയ്യാത്തതിനാൽ സാന്ദ്ര മറ്റൊരു വാർത്ത ചാനലിലേക്ക് പോയി.

എക്സ്ക്ലൂസീവായി വരുന്ന വാർത്ത ശ്രദ്ധിച്ചു. കൊച്ചിയിൽ നടന്ന ഭൂമിതട്ടിപ്പാണ് വാർത്തയ്ക്കാധാരം. വ്യാജ ആധാരമുണ്ടാക്കി കോടികൾ തട്ടിച്ച സംഘമാണ് പിടിയിലായത്. തട്ടിപ്പുകേസിൽ പിടിയിലായവരിൽ മുൻമന്ത്രിയുടെ മകനുമുണ്ട്. പിടിയിലായവരെ കൊച്ചിയിലെ ഒരു ഫ്ളാറ്റിൽ നിന്നും പോലീസ് കൊണ്ടുവരുന്ന ദൃശ്യങ്ങളാണ് ടെലിവിഷൻ സ്ക്രീനിൽ അപ്പോൾ തെളിഞ്ഞത്. നാലു യുവാക്കളെയും ഏഴ് യുവതി കളെയുമാണ് ഒരുമിച്ച് പുറത്തേക്കുകൊണ്ടുവരുന്നത്. അവരിൽ ചിലർ നിറമുള്ള തുണി കൊണ്ട് മുഖം മൂടിക്കെട്ടിയിരുന്നു.

അറസ്റ്റ് ചെയ്തു പുറത്തേക്കു കൊണ്ടുവരുന്നവരുടെ പേരുകൾക്കിടയിൽ ആനന്ദ് പോൾ എന്നു കേട്ടപ്പോൾ സാന്ദ്ര സെറ്റിയിലൊന്ന് ഇളകിയിരുന്നു. ആകാംക്ഷയോടെ സ്ക്രീനിലേക്ക് നോക്കിയിരുന്നു. അറസ്റ്റ്ചെയ്തു കൊണ്ടുപോകുന്നവരെ കാണാൻ തിക്കിത്തിരക്കുന്ന പുരുഷാരം. അവരിൽ ചിലർ സ്ത്രീകളെ തോണ്ടുകയും പിച്ചുകയുംചെയ്തു. ആൾക്കൂട്ടത്തിനിടയിൽ നിന്നുമൊരാൾ പിന്നിൽ പോകുന്നവന്റെ മുഖംമൂടി വലിച്ചുമാറ്റി. അവന്റെ സൗമ്യമായ മുഖം സ്ക്രീനിൽ തെളിഞ്ഞുനിന്നു - ആനന്ദ് പോൾ.

ഒരു വയ്യാവേലിയിൽനിന്നും രക്ഷപ്പെട്ടതിന്റെ ആശ്വാസത്തിൽ മറിയ സർവ്വ ഈശ്വരന്മാർക്കും നന്ദി പറഞ്ഞു. സാന്ദ്രയെ വാത്സല്യപൂർവ്വം ചേർത്തുപിടിച്ചപ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞു. തന്നെയും മകളെയും തനിച്ചാക്കി മരണത്തിലൂടെ അദൃശ്യനായ ഭർത്താവിനെ ഊഷ്മളതയോടെ സ്മരിച്ചു. അവരുടെ പൊന്നുമകൾക്ക് ഒരാപത്തും വരുത്തരുതേയെന്ന് സ്വർഗ്ഗത്തിലിരുന്ന് ഈശ്വരനോട് പറയണേയെന്ന് മനസ്സുകൊണ്ട് നിർദ്ദേശിച്ചു.

സമ്പത്തിന്റെ പെരുപ്പവും ഏകമകളെന്ന ആകർഷണത്തവും അമേരിക്കയിൽ പോകാനുള്ള അവസരവുമെല്ലാം ചേർന്നപ്പോൾ സാന്ദ്ര വിലപിടിപ്പുള്ള യുവതിയായി. അറിഞ്ഞും കേട്ടും വിവാഹാലോചനകൾ ധാരാളം വന്നുകൊണ്ടിരുന്നു.

ഒരു ദിവസം സാന്ദ്രയേയും കൂട്ടി മറിയ കാറിൽ യാത്രചെയ്തു. കേരളത്തിന്റെ മനോഹരമായ ഭൂപ്രകൃതി കാണുകയും ആളുകളുടെ ലാളിത്യമുള്ള സ്വഭാവം അനുഭവിക്കുകയും ചെയ്യുമ്പോൾ സാന്ദ്രയുടെ മനസ്സ്

ഊഷ്മളമാകുമെന്ന ചിന്തയാണ് മറിയത്തിനുണ്ടായിരുന്നത്. യാത്രയ്ക്കിട യിൽ കേരളത്തിന്റെ രുചിയൂറുന്ന നാടൻ ഭക്ഷണങ്ങൾ സാന്ദ്രയ്ക്ക് മേടിച്ചു കൊടുക്കണമെന്നുമുണ്ട്.

മറിയാ ഓടിക്കുന്ന കാറിന്റെ ഇടതുവശത്ത് മുൻസീറ്റിൽതന്നെയാണ് സാന്ദ്രയിരിക്കുന്നത്. കേരളത്തിലെ ഗ്രാമങ്ങൾ നഗരവൽക്കരണത്തിന് വിധേ യമായതിനെ പറ്റിയും നെൽപാടങ്ങൾ നികത്തി കെട്ടിടങ്ങൾ പണിയുന്ന തിന്റെ ദൂഷ്യവശങ്ങളെപ്പറ്റിയുമാണ് മറിയാ സംസാരിച്ചുകൊണ്ടിരുന്നത്. റോഡ് തടസ്സപ്പെടുത്തി മുന്നോട്ടുപോകുന്ന സമരജാഥകണ്ട് കാറ് നിറുത്തി. നാല് സമരക്കാർ അവിടേക്കുവന്ന് സമരഫണ്ടിലേക്ക് ഉദാരമായി സംഭാവന നല്കുവാൻ ആവശ്യപ്പെട്ടു.

“എന്തിനാണ് സമരം?” മറിയ തിരക്കി. “മുൻ മന്ത്രി പി.വി. കാർത്തി യുടെ മകനെ ഭൂമി തട്ടിപ്പുകേസിന്റെ പേരിൽ അകാരണമായി അറസ്റ്റു ചെയ്തതിനെതിരെയാണ് സമരം.” സമരക്കാരിലൊരാൾ പറഞ്ഞു.

“കുറ്റം ചെയ്തവനെ അറസ്റ്റ് ചെയ്തതിനെതിരെ സമരം നടത്താൻ നിങ്ങൾക്കെന്താ കാര്യം?” മറിയ രോഷത്തോടെ ചോദിച്ചു.

“തർക്കിച്ച് നിൽക്കുവാൻ സമയമില്ല.” അവരിലൊരാൾ പറഞ്ഞു. “പിരിവ് തന്നില്ലെങ്കിൽ ടയറിന്റെ കാറ്റുംകുത്തി ചില്ലും പൊട്ടിച്ചിട്ടേ ഞങ്ങൾ പോകൂ.”

മറ്റൊരാൾ ടയറിന്റെ കാറ്റ് കുത്തിവിടാൻ തുടങ്ങിയപ്പോൾ സാന്ദ്ര ഇടപെട്ടു. ബാഗിൽ നിന്നും ഗാന്ധിജിയുടെ ചിത്രമുള്ള അഞ്ഞൂറു രൂപയെ ടുത്ത് അവർക്ക് നീട്ടിക്കൊണ്ടു പറഞ്ഞു. “ഇതാ പിരിവ്. ഞങ്ങളെ ഉപദ്രവി ക്കരുത്.”

സമരക്കാർ പിരിവും വാങ്ങി സന്തോഷത്തോടെ തിരിഞ്ഞു നടന്നു. ദേഷ്യപ്പെട്ടിരിക്കുന്ന മറിയായെ സമാധാനിപ്പിച്ചുകൊണ്ട് സാന്ദ്ര പറഞ്ഞു. ‘‘അഞ്ഞൂറ് രൂപയല്ലേ പോയുള്ളൂ. അവർ കാറിന്റെ ചില്ല് തല്ലിപ്പൊട്ടിക്കു കയോ നമ്മളെ ഉപദ്രവിക്കുകയോ ചെയ്താലുള്ള നഷ്ടം ഇതിലും എത്രയോ വലുതായിരിക്കും.”

മറിയ അതിന് സമാധാനമൊന്നും പറഞ്ഞില്ല. മനസ്സിൽ ഉയർന്നു വന്ന രോഷമൊതുക്കി കാറ് മുന്നോട്ടെടുത്തു. ഗട്ടറുകൾ നിറഞ്ഞ വഴിയിലൂടെ മെല്ലെ യാണ് പോയിക്കൊണ്ടിരുന്നത്. വലിയ കുഴിയുള്ള റോഡിന്റെ ഒരു വശത്ത് വാഴ നട്ടിരിക്കുന്നു. മറു വശത്തെ കുഴിയിലെ ചെളിവെള്ളത്തിൽ നാലഞ്ച് കുട്ടികൾ കളിക്കുന്നു. അതെല്ലാം ക്യാമറയിൽ പകർത്തുന്ന ‘ഓണം’ ചാന ലിലെ ജോലിക്കാർ. അവരെയും കടന്ന് മുന്നോട്ടുചെന്നപ്പോഴാണ് റോഡ് ബ്ലോക്കായത്. കാറിൽനിന്നും പുറത്തിറങ്ങി തിരക്കിയപ്പോഴാണ് ബ്ലോക്കിന്റെ കാര്യം മനസ്സിലായത്. സർക്കാരിന്റെ മദ്യഷോപ്പിനു മുന്നിലെ ക്യൂ റോഡിനെ നടുവെ മുറിച്ചിരിക്കുന്നു. മദ്യം ലഭിക്കാതെ ക്യൂ നിൽക്കുന്നവർ റോഡിൽ നിന്നും മാറില്ലെന്ന നിലപാടിലാണ്. പോലീസ് സ്ഥലത്ത് എത്തിയെങ്കിലും പ്രത്യേകിച്ച് കാര്യമൊന്നും ഉണ്ടായില്ല.

ഒരു വിധത്തിൽ ആ ബ്ലോക്കിൽ നിന്നും രക്ഷപെട്ട് മുന്നോട്ട് പോയി. വഴിയരികിലെ നല്ലൊരു റസ്റ്റോറന്റിനു മുന്നിൽ കാർ നിർത്തി. റസ്റ്റോറന്റിനുള്ളിൽ പ്രവേശിച്ച് തിരക്കിയപ്പോഴാണ് അവിടെ കേരളീയ രീതിയിലുള്ള ഭക്ഷണങ്ങൾ ഇല്ലെന്നറിയുന്നത്. ബംഗാളി, ആന്ധ്ര, തുടങ്ങിയ സംസ്ഥാനങ്ങളിലെ ഭക്ഷണമാണ് അവിടെ ലഭിക്കുന്നത്.

റെസ്റ്റോറന്റിൽ നിന്നും പുറത്തിറങ്ങിയപ്പോൾ ഇരുവിഭാഗം തൊഴിലാളികൾ തമ്മിൽ നടക്കുന്ന സംഘർഷമാണ് കണ്ടത്. അന്വേഷിച്ചപ്പോൾ കേരളത്തിലെയും ബംഗാളിലെയും തൊഴിലാളികൾ തമ്മിലാണ്. തൊട്ടടുത്ത് പണി നടക്കുന്ന കെട്ടിടത്തിനു മുന്നിലിറക്കിയ സിമന്റിനും കമ്പിക്കും നോക്കുകൂലി നൽകണമെന്ന ആവശ്യവുമായി കേരളത്തിലെ തൊഴിലാളികളെത്തി. തർക്കത്തിനൊടുവിൽ ഇരു വിഭാഗവും തമ്മിൽ അടിവീഴുകയായിരുന്നു.

പണിയെടുത്തും നല്ല ഭക്ഷണം കഴിച്ചും ആരോഗ്യ ദൃഢഗാത്രന്മാരായ ബംഗാളിലെ തൊഴിലാളികൾ കേരളത്തിലെ തൊഴിലാളികളെ പൊതിരെ തല്ലി. അവർ ദുർബലമായ ശബ്ദത്തിൽ കരഞ്ഞുകൊണ്ട് ഓടുന്ന കാഴ്ച അവിടെ നിന്ന കേരളീയരെ രസിപ്പിച്ചു. കാഴ്ചക്കാരിലൊരാൾ സംഘട്ടനത്തെ താത്ത്വികമായി വിശകലനംചെയ്ത് പറഞ്ഞു. "കേരളത്തിലെ മടിയൻമാരായ തൊഴിലാളി സഖാക്കളെ ബംഗാളിലെ ഊർജ്ജസ്വലരായ സഖാക്കൾ കൈകാര്യം ചെയ്തു. സഖാക്കൾ തമ്മിൽ നടന്ന വർഗ്ഗ സംഘർഷത്തിൽ നമ്മൾക്കെന്തു കാര്യം?"

പ്രതികരണങ്ങൾ വാചക കസർത്തിൽ പുരോഗമിക്കുന്നതിനിടയിൽ മറിയ അവിടെ നിന്നും സാന്ദ്രയേയും കൂട്ടി വീട്ടിലേക്ക് തിരിച്ചു. മഴ ചെറുതായി ചാറിത്തുടങ്ങി. ചാറ്റൽ മഴയിൽ ഹോണടിച്ച് പാഞ്ഞുപോകുന്ന ടിപ്പർ ലോറികൾ. ഇത്രയധികം ടിപ്പർ ലോറികൾ എങ്ങോട്ടാണ് പോകുന്നതെന്ന സാന്ദ്രയുടെ ചോദ്യത്തിന് ഒരുത്തരവും നൽകുവാൻ മറിയായ്ക്കില്ലായിരുന്നു. റോഡിലെ ഒരു വലിയ വളവ് തിരിഞ്ഞ് ചെന്നപ്പോൾ കൂട്ടിയിട്ടിരിക്കുന്ന മാലിന്യങ്ങൾ. ചീഞ്ഞ നാറ്റം വമിക്കുന്ന ആ മാലിന്യക്കൂമ്പാരത്തിനിടയിലൂടെ കാറോടിച്ചുകൊണ്ടുപോകുവാൻ മറിയ നന്നായി പണിപ്പെട്ടു.

വീട്ടിലെത്തിയപ്പോൾ സന്ധ്യകഴിഞ്ഞു. മഴ നല്ലതുപോലെ പെയ്തുതുടങ്ങി. കാറ്റിനും പതിവിൽ കവിഞ്ഞ് ശക്തിയുണ്ടായിരുന്നു. അടുത്ത ദിവസം സാന്ദ്രയെ കാണുവാൻ വരുന്ന ചെറുക്കനെപ്പറ്റിയും അവരുടെ വീട്ടുകാരെപ്പറ്റിയും മറിയ ഫോണിലൂടെ പലരോടും അഭിപ്രായം ആരാഞ്ഞു.

എം.ബി.ബി.എസ് പാസായ പോൾ മാത്യു പെണ്ണ് കാണാൻ ഇലവിങ്കൽ വീട്ടിലെത്തി. വെളുത്ത് സുന്ദരനാണ് പോൾ മാത്യു. അധികമൊന്നും സംസാരിക്കാത്ത പ്രകൃതം. പോളിന്റെ അച്ഛൻ കോളെജ് അധ്യാപകനും അമ്മ ബാങ്ക് ഓഫീസറുമാണ്. പോളിനും സാന്ദ്രയ്ക്കും പരസ്പരം ഇഷ്ടമായി. തൊട്ടടുത്ത ദിവസം തന്നെ ബന്ധുക്കളെയും കൂട്ടി പോളിന്റെ വീട്ടിൽ മറിയ പോയി. നല്ല വീടും പരിസരവും. വീട്ടുകാരും ബന്ധുക്കളുമെല്ലാം സൗമ്യശീലർ. ഏറ്റവും അടുത്ത ദിവസം വിവാഹം ഉറപ്പിക്കാൻ തന്നെ നിശ്ചയിച്ചു.

സന്ധ്യ മയങ്ങിത്തുടങ്ങിയ സമയത്ത് മറിയായുടെ മൊബൈൽ ഫോണിലേക്ക് ഒരു കോൾവന്നു. "പോൾ മാത്യുവിനെക്കുറിച്ച് ഒന്നുകൂടി അന്വേഷിച്ചിട്ടുവേണം മകളുടെ വിവാഹം ഉറപ്പിക്കാൻ കോട്ടയം മെഡിക്കൽ കോളെജിൽ പഠിച്ചിരുന്ന സമയത്ത് റാഗിങ്ങിന്റെ പേരിൽ പോൾചെയ്ത ക്രൂരത എന്തെന്നന്വേഷിക്കണം."

എന്തുചെയ്യണമെന്നറിയാതെ മറിയ അല്പ സമയം പതറിനിന്നു. വിളിച്ച നമ്പരുമായി ബന്ധപ്പെടുവാൻ ശ്രമിച്ചു. ഇന്റർനെറ്റിലെ സ്കൈഫിലൂടെയാണ് വിളിച്ചതെന്ന് അപ്പോഴാണ് മനസ്സിലായത്. അജ്ഞാതമായ ഫോൺകോൾ വന്നതിനെപ്പറ്റി സാന്ദ്രയോടും മറിയ സംസാരിച്ചു.

ചില പരിചയങ്ങൾവച്ച് മെഡിക്കൽ കോളെജിൽ അന്വേഷിച്ചപ്പോൾ മറിയ ഞെട്ടി. റാഗിങ്ങിന്റെ പേരിൽ ജൂനിയറായെത്തിയ ദളിത് വിദ്യാർത്ഥിനിയെ മൂന്ന് സുഹൃത്തുക്കളോടൊപ്പം മാനഭംഗപ്പെടുത്തിയവനാണ് പോൾ മാത്യു. അച്ഛൻ മാത്യു പൗലോസിന്റെ രാഷ്ട്രീയ സ്വാധീനവും പണച്ചെലവും കൊണ്ട് കേസ് ഒരു വിധത്തിൽ ഒതുക്കി തീർത്തുവത്രേ.

മകളുടെ ജീവിതം തിരിച്ചു കിട്ടിയതിന്റെ ആശ്വാസത്തിൽ മറിയ ദീർഘമായൊന്നു നെടുവീർപ്പെട്ടു. പോൾ മാത്യുവുമായി വിവാഹം ആലോചിച്ച ബന്ധുവിനോട് അടക്കാനാവാത്ത നീരസം തോന്നി. നീരസം ശക്തമായ ഭാഷയിൽ ഫോണിലൂടെ അറിയിച്ചു. ബന്ധുവായ സതീശ് ലൂക്കായുടെ പ്രതികരണം സൂചിക്കുത്തുകളുടെ വേദന ജനിപ്പിക്കുന്നവയായിരുന്നു... "പഠിച്ചിരുന്ന കാലത്ത് യാദൃച്ഛികമായി സംഭവിച്ചുപോയ ഒരു കുസൃതി... ദളിത് യുവതികളെ നമ്മളുടെ അപ്പൻ അപ്പൂപ്പന്മാർ പാടത്തും പറമ്പിലും പണിയെടുക്കാൻ വരുമ്പോൾ ആവോളം ഉപയോഗിച്ചിട്ടുണ്ട്. പോളിന്റെ കാര്യത്തിൽ മാധ്യമങ്ങൾ നൽകിയ അമിതപ്രാധാന്യവും പെൺകുട്ടി നൽകിയ കേസുമാണ് പ്രശ്നങ്ങൾ വഷളാക്കിയത്.... നിങ്ങളുടെ മകൾ പഠിച്ചതും വിദേശത്തല്ലേ? അങ്ങനെയൊരു യുവതിയെ ഇവിടെയുള്ളവർക്കും സംശയമാണ്..."

സതീഷ് ലൂക്കോയുടെ പ്രതികരണവും ന്യായീകരണവും കേൾക്കാൻ താല്പര്യമില്ലാതെ മറിയ മൊബൈൽ ഫോൺ കട്ട് ചെയ്തു. അറിയാതെ അവരുടെ മിഴികൾ നിറഞ്ഞൊഴുകിക്കൊണ്ടിരുന്നു.

പ്രഭാതത്തിൽ സാന്ദ്രയേയും കൂട്ടി മറിയ പള്ളിയിൽ പോയി. കുരിശിൽ ആണി തറച്ചു രക്തം ഒലിപ്പിച്ച് തൂങ്ങികിടക്കുന്ന ക്രിസ്തുവിന്റെ രൂപത്തിനു മുന്നിൽ മനസ്സുരുകി പ്രാർത്ഥിച്ചു. 'ശത്രുക്കളിൽനിന്നും അപകടങ്ങളിൽ നിന്നും ഞങ്ങളെ രക്ഷിക്കണമേ. അരുതായ്കയും ആപത്തും സംഭവിക്കരുതേ...'

തിരിച്ച് വീട്ടിലേക്കുപോകുന്ന വഴി പോലീസ് സംഘം അവരെ തടഞ്ഞുനിർത്തി. മദ്യപിച്ചിട്ടുണ്ടോയെന്ന് ഊതിനോക്കിച്ചു. സീറ്റ് ബെൽറ്റ് ഇടാത്തതിന് ഫൈനടപ്പിച്ചു. പാവപ്പെട്ട ടാക്സി ഡ്രൈവർമാരുടെ കൈകളിൽ

നിന്നും കണക്കു പറഞ്ഞ് പണം പിടുങ്ങുന്ന പോലീസുകാരെ സാന്ദ്ര കൗതുകത്തോടെ നോക്കി. കാറ് മുന്നോട്ടെടുത്തപ്പോൾ സാന്ദ്രപറഞ്ഞു. “പോലീസുകാർ നമ്മളോട് മാന്യമായിട്ടാ പെരുമാറിയത്.”

നാലുംകൂടിയ കവലയിലെത്തിയപ്പോൾ മത്സരിച്ച് മതപ്രചരണം നടത്തുന്നവരുടെ ബാനറുകളും പോസ്റ്ററുകളും കണ്ടു. അതിനൊപ്പം തന്നെ രാഷ്ട്രീയ പാർട്ടികളുടെ പോസ്റ്ററുമുണ്ടായിരുന്നു. വീട്ടിലേക്കുള്ള യാത്രയ്ക്കിടയിൽ ഒരു നല്ല ചെറുക്കനെ കണ്ടെത്തുന്നതിന്റെ ബുദ്ധിമുട്ടുകളെപ്പറ്റി മറിയ സംസാരിച്ചുകൊണ്ടിരുന്നു. ഈശ്വരഹിതംപോലെയേ എല്ലാം സംഭവിക്കുകയുള്ളു എന്ന നെടുവീർപ്പോടെയാണ് ആ സംഭാഷണം അവസാനിച്ചത്.

ഐശ്വര്യ മാരേജ് ബ്യൂറോയിൽനിന്നും മറിയായുടെ മൊബൈലിലേക്ക് ഒരു കോൾ വന്നു. "കൊച്ചിയിൽ ബിസിനസുള്ള അരുൺ സ്കറിയ നാളെ മോളെ കാണാൻ വരും. നല്ല സാമ്പത്തികം. നല്ല കുടുംബം. ചെറുക്കന് ഇംഗ്ലീഷ് സാഹിത്യത്തിൽ എം.എ. ബിരുദമുണ്ട്." മൊബൈലിലൂടെ തുടർന്ന് പറഞ്ഞു. "ചെറുക്കനും പെണ്ണിനും തമ്മിൽ ഇഷ്ടപ്പെട്ടാൽ നമ്മൾക്ക് കൂടുതൽ കാര്യങ്ങൾ അന്വേഷിക്കാം."

മറിയ എന്തെങ്കിലും പറയുന്നതിനുമുമ്പ് മാരേജ് ബ്യൂറോക്കാരൻ കോൾ കട്ട് ചെയ്തു. എന്തുചെയ്യണമെന്ന ചോദ്യത്തോടെ മറിയ മെല്ലെ സാന്ദ്രയെ നോക്കി. അമ്മയുടെ ഇഷ്ടത്തിന് അംഗീകാരംനൽകി സാന്ദ്ര മന്ദഹസിച്ചു.

ഇലവിങ്കൽ വീടിന് മുന്നിൽ ഒരു ബി.എം.ഡബ്ലിയു കാർ വന്നു നിന്നു. അതിൽനിന്നും ആദ്യം ഐശ്വര്യ മാരേജ്ബ്യൂറോയിലെ ജോലിക്കാരനിറങ്ങി. അയാൾ വീടിനുള്ളിലേക്കു ചെന്നു. ചെറുക്കനെ കാണിക്കുന്നതിനുമുമ്പുള്ള ഫീസ് മറിയായുടെ കൈയിൽ നിന്നും കണക്കുപറഞ്ഞ് മേടിച്ചു.

ബ്യൂറോക്കാരൻ പറഞ്ഞപ്പോളാണ് ഡ്രൈവിങ് സീറ്റിൽനിന്നും അരുൺ സ്കറിയ പുറത്തേക്കിറങ്ങിയത്. വെളുത്ത് ഉയരമുള്ള സുന്ദരനായ അരുണിനെ കണ്ടപ്പോൾ തന്നെ മറിയായ്ക്ക് ഇഷ്ടമായി. അവൾ മനസ്സിൽ ഓരോ കണക്കുകൾ കൂട്ടി. എന്തെങ്കിലും ചില്ലറ കുഴപ്പങ്ങളുണ്ടെങ്കിലും അരുണിന് മോളെ ഇഷ്ടമാകുകയാണെങ്കിൽ വിവാഹം ഉറപ്പിക്കണം. സ്വഭാവം നന്നായിരുന്നാൽ മാത്രം മതിയായിരുന്നു.

അരുണിനെ സ്വീകരിച്ച് വീടിനുള്ളിലിരുത്തി. പതിവുപോലെ കാപ്പി കൊടുത്ത് സാന്ദ്ര ചെറുക്കനെ കണ്ടു. പരസ്പരം സംസാരിക്കാനായി അടുത്തുള്ള കസേരയിൽ തന്നെയിരുന്നു. സാന്ദ്രയും അരുണും പരസ്പരം സംസാരിക്കുന്നതു കണ്ടപ്പോൾ മറിയായ്ക്ക് അടക്കാനാവാത്ത സന്തോഷം തോന്നി. ‘രണ്ടുപേരും തമ്മിൽ നല്ല ചേർച്ച.’ മറിയ മനസ്സിൽ ഉറപ്പിച്ച് പറഞ്ഞു. ‘ഈശ്വരൻ ഇവരെ തമ്മിൽ വേർപെടുത്താതിരിക്കട്ടെ.’

അരുൺ യാത്ര പറഞ്ഞിറങ്ങി. മറിയ കൗതുകത്തോടെ സാന്ദ്രയെ നോക്കി ചോദിച്ചു. എന്താ നിന്റെ അഭിപ്രായം?

സാന്ദ്ര കണ്ണടച്ച് നാണത്തോടെ ചിരിച്ചു. തെല്ല് സമയത്തെ മൗന ത്തിനുശേഷം പറഞ്ഞു. "അരുൺ പോകുന്നതിനു മുമ്പ് എന്നോട് ഐ.ലൗ.യൂ എന്നു പറഞ്ഞു."

മറിയ സന്തോഷമൊതുക്കി തിരക്കി... “നിന്റെ അഭിപ്രായമെന്താ?”

സാന്ദ്ര ഊഷ്മളതയോടെ മറിയത്തിന്റെ കണ്ണുകളിലേക്ക് നോക്കി.. “അമ്മ സമ്മതിക്കുകയാണെങ്കിൽ...”

“അമ്മ സമ്മതിക്കുകയാണെങ്കിൽ?” മറിയ ആകാംക്ഷയോടെ ചോദിച്ചു.

സാന്ദ്ര വർദ്ധിച്ച സന്തോഷത്തോടെ മറിയായെ കെട്ടിപ്പിടിച്ചു. അരു ണിന്റെ അഭിപ്രായം തന്നെയാ എനിക്കും. നാണത്തിൽ കുതിർന്ന ചിരിയോടെ പറഞ്ഞു.

മറിയ അരുണിനെ പറ്റി അന്വേഷിച്ചു തുടങ്ങി. അറിഞ്ഞ വാർത്ത കളെല്ലാം ഞെട്ടിക്കുന്നതായിരുന്നു. മലയാളത്തിലെ രണ്ട് ന്യൂ ജനറേഷൻ സിനിമയുടെ നിർമ്മാതാവും സംവിധായകനുമാണ് അരുൺ. ശ്രദ്ധേയമായ മൂന്നു നാല് സംഗീത ആൽബങ്ങൾ ഇറക്കിയിട്ടുണ്ട്. മദ്യവും മയക്കുമരുന്നും ശീലമാണ്. ലൈംഗികതയെ തുറന്ന പുസ്തകമായി കാണുന്ന സ്വഭാവമാ ണുള്ളത്.

മാരേജ് ബ്യൂറോക്കാരനോട് മറിയ രോഷത്തോടെ സംസാരിച്ചു. "ഇത്തരം വിവാഹാലോചനയുമായി മേലിൽ ഈ പടി കയറിപ്പോകരുത്."

മറിയ ഫോൺ വിളി നിർത്തി തിരിഞ്ഞ് നോക്കുമ്പോൾ കൈയിൽ വെള്ളം നിറച്ച ഗ്ലാസുമായി നിൽക്കുന്ന സാന്ദ്രയെയാണ് കണ്ടത്. അവൾ ആ ഗ്ലാസ് മനോഹരമായ ഗ്രാനൈറ്റ് തറയിലേക്കിട്ടു. ഗ്ലാസ് ചിന്നിച്ചിതറി. അതിലെ വെള്ളം തറയിൽ വീണ് നിരന്നു. സാന്ദ്ര ചിരിച്ചുകൊണ്ട് പറഞ്ഞു. “ഒരു സ്വപ്നം തകർന്നതിന്റെ ദൃശ്യബിംബം.”

അവർക്കിടയിൽ അസ്വസ്ഥജനകമായ മൗനം വളർന്നു.

ഓരോന്ന് ചിന്തിച്ച് മുറിയിലെ കട്ടിലിൽ അലസമായി കിടന്ന സാന്ദ്ര യുടെ മൊബൈൽ ഫോണിലേക്ക് ഒരു കോൾ വന്നു. സാന്ദ്ര ഫോണെടു ത്തു. അങ്ങേ തലയ്ക്കൽ അരുൺ സ്കറിയ. "എനിക്ക് പറയാനുള്ളത് മുഴു വൻ കേൾക്കണം. ഇടയ്ക്കുവെച്ച് ഫോൺ കട്ടാക്കരുത്." അരുൺ തുടർന്ന് പറഞ്ഞു. “പ്രഥമദർശനത്തിൽ തന്നെ നമ്മൾ തമ്മിൽ ഇഷ്ടമായി. ഇഷ്ട പ്പെടുന്നവർ എന്തിനാണ് പ്രണയം, ശരീരം, രതി ഇവയ്ക്കപ്പുറമുള്ളവയെ പ്പറ്റി ചിന്തിക്കുന്നത്.... നീ അക്വേറിയത്തിൽ വളരുന്ന ഒരു പെൺമത്സ്യമാണ്. ഞാൻ നിന്നെ വിശാലമായ ശുദ്ധജല തടാകം കാണിക്കാം. നിന്റെ സ്ത്രീത്വ ത്തിൽ നിന്നും സാന്ദ്രമായ സംഗീതം ഉതിർക്കാം. സ്വാതന്ത്ര്യത്തിന്റെയും സർഗ്ഗാത്മകതയുടെയും പുതുലോകം കാണിച്ചു തരാം. നിന്റെ ആനന്ദം അത് എപ്പോഴും വർദ്ധിച്ചുകൊണ്ടേയിരിക്കും. സാന്ദ്രേ.. മോളെ നിനക്ക് ലോക ത്തെപ്പറ്റി, സാധ്യതകളെപ്പറ്റി നിന്റെ ശരീരത്തെപ്പറ്റി മനസ്സിനെപ്പറ്റി എന്തറി യാം.. അറിവ് മനുഷ്യനെ ജ്ഞാനിയാക്കുന്നു. ജ്ഞാനികൾ ലോകത്തെ നയി

ക്കുന്നു... ആരെതിർത്താലും ഞാൻ നിന്നെ സ്വന്തമാക്കും. അതിനുവേണ്ടി എന്തു ധീരകൃത്യവും ചെയ്യുവാൻ ഞാൻ തയ്യാറാണ്. നാളെ ഞാൻ തന്റെ വീട്ടിൽവരും. അപ്പോൾ എന്നോടൊപ്പം ഇറങ്ങിവരണം. അല്ലെങ്കിൽ ഈ രാജകുമാരന് രാജകുമാരിയെ തട്ടിക്കൊണ്ടു പോരേണ്ടി വരും..." അരുൺ സ്കറിയ പറഞ്ഞതു മുഴുവൻ സാന്ദ്ര കേട്ടു. അവന്റെ സംഭാഷണം ഒഴുകിയെത്തിയ ഫോൺ കൈവെള്ളയ്ക്കകത്തു ഞെരുക്കി പിടിച്ചു. ആകുലതകളോടെ ഫോൺ നെഞ്ചോടു ചേർത്തുപിടിച്ചു.

വിവരങ്ങൾ അറിഞ്ഞ മറിയ പെട്ടെന്നുതന്നെ ഒരു തീരുമാനത്തിലെത്തി. ഉടൻതന്നെ അമേരിക്കയ്ക്ക് തിരിച്ചുപോണം. ആരെയും ഒന്നും അറിയിക്കാതെ പോകുന്നതാണ് സുരക്ഷിതമെന്ന് അവർക്കു തോന്നി.

നേരം വെളുക്കുന്നതിനുമുമ്പ് അവർ നെടുമ്പാശേരി എയർപോർട്ടിലേക്ക് കാറിൽ യാത്ര തിരിച്ചു. ആറുമണി കഴിഞ്ഞപ്പോൾ സിപോർട്ട് എയർപോർട്ട് റോഡിലെത്തി. അവർ യാത്രചെയ്യുന്ന കാറിനു മുന്നിൽ ഒരു തുറന്ന ജീപ്പ് വന്നു നിന്നു. അതിൽ നിറയെ അരോഗദൃഢഗാത്രൻമാരായ യുവാക്കളാണ്. അപകടം മണത്ത മറിയ കാറിൽനിന്നും പുറത്തിറങ്ങി. ബഹളം വച്ച് അതുവഴി പോയ വാഹനങ്ങൾ തടഞ്ഞുനിർത്തി. വാഹനങ്ങളിൽ നിന്നും പലരും പുറത്തേക്കിറങ്ങി.

ആൾക്കൂട്ടത്തിനിടയിൽനിന്നും നാലു യുവാക്കൾ ക്യാമറയുമായി വന്നു. മറ്റൊരു യുവാവ് അവർക്ക് നിർദ്ദേശങ്ങൾ നൽകുകയാണ്. അവിടേക്കു വന്ന ബി.എം.ഡബ്ലിയു കാറിൽനിന്നും അരുൺ സ്കറിയ പുറത്തേക്കിറങ്ങി. സൂട്ടും കോട്ടുമാണ് വേഷം.

ക്യാമറയുമായെത്തിയ യുവാക്കൾക്ക് നിർദ്ദേശം നൽകിക്കൊണ്ടിരുന്ന യുവാവ് അവിടെ കൂടിയിരുന്നവരോടായി നയത്തിൽ സംസാരിച്ചു. "തിരുവോണമെന്ന പുതിയ സിനിമയുടെ ഷൂട്ടിങ്ങാണ് നടക്കുന്നത്. തിരുവോണ ദിവസം തറവാട്ടിലുള്ള അച്ഛനോടും അമ്മയോടുമൊപ്പം സദ്യ ഉണ്ണാൻ പോകുന്ന യുവതിയെ നടുറോഡിലിട്ട് ക്രൂരമായി റെയിപ്പ് ചെയ്യുന്ന രംഗമാണ് ചിത്രീകരിക്കാൻ പോകുന്നത്. നിങ്ങൾ ഒതുങ്ങി മാറിനിന്ന് ഞങ്ങൾക്കു വേണ്ട പിൻതുണ നൽകണം."

ചൂണ്ടുവിരലിൽ കാറിന്റെ താക്കോൽ കറക്കിക്കൊണ്ട് അരുൺ സ്കറിയ മറിയയുടെയും സാന്ദ്രയുടെയും അടുത്തേക്കു ചെന്നു. വിജയഭാവത്തിൽ ചിരിച്ചു. യുവാവിന്റെ നിർദ്ദേശമനുസരിച്ച് ആ രംഗങ്ങളെല്ലാം വിവിധ വീക്ഷണ ദിശകളിൽ നിന്ന് ക്യാമറകളിൽ പകർത്തുകയാണ്.

"ആഗ്രഹിക്കുന്നത് നേടിയേ ഞാൻ അടങ്ങൂ...." അരുൺ സന്തോഷമൊതുക്കി പറഞ്ഞു. "നിങ്ങൾ എത്ര ബഹളം വെച്ചാലും ഇവരൊന്നും അനങ്ങില്ല. ഇത് തിരുവോണമെന്ന സിനിമയുടെ ഷൂട്ടിങ്ങാണ്."

അരുൺ സാന്ദ്രയുടെ കയ്യിൽ കയറിപ്പിടിച്ചു. അടക്കാനാവാത്ത രോഷത്തോടെ മറിയ അരുണിന്റെ കരണത്തടിച്ചു. "റാസ്ക്കൽ വിടെടാ...

എന്റെ മോളെ..." മറിയ രോഷത്തോടെ ചോദിച്ചു. "നിനക്കും അമ്മയും പെങ്ങൻമാരുമൊക്കെയില്ലേ?"

അതുകേട്ട് അരുൺ ചിരിച്ചുകൊണ്ട് പറഞ്ഞു. "ഇത് പഴയ ഡയലോഗാ". മറിയ അവിടെ കൂടിനിന്നവരോട് അപേക്ഷിച്ചു. "ഞങ്ങളെ രക്ഷിക്ക്. ഇതൊരു കെണിയാണ്. കുറഞ്ഞപക്ഷം പോലീസിനെയെങ്കിലും വിളിക്കൂ."

യുവാവ് ക്യാമറാമാൻമാർക്ക് നിർദ്ദേശം നൽകിക്കൊണ്ടിരുന്നു. "സക്കിർ നീ ക്യാമറ പാൻചെയ്ത് പശ്ചാത്തലവും കൂടിയെടുക്കണം. പൊതുജനത്തിന്റെ പ്രതികരണം കൂടി ശ്രദ്ധയോടെ എടുക്കണം. മഹീ... നീ ക്ലോസപ്പ് ഷോട്ടിൽ നായികയുടെ അമ്മയുടെ പ്രതികരണം ഒപ്പിയെടുക്കണം. അവരുടെ മിഴികൾ ഇപ്പോൾത്തന്നെ നിസ്സഹായതയോടെ നിറഞ്ഞു കവിയും. വേണുക്കുട്ടാ.... നീ നായികയുടെ പ്രതികരണമാണ് ഷൂട്ടു ചെയ്യേണ്ടത്. പ്രമോദ് ഇവിടെ നടക്കുന്ന സംഭവങ്ങളെല്ലാം ലോങ് ഷോട്ടിൽ എടുത്താൽ മതി..."

അരുൺ ശക്തിയായി മറിയായേ പിന്നിലേക്കു തള്ളി. അവരുടെ നെഞ്ചിൽ ഷൂകൊണ്ട് ചവിട്ടി. ഒരു കൈകൊണ്ട് സാന്ദ്രയെ ചേർത്ത് പിടിച്ച് കൗതുകത്തോടെ പറഞ്ഞു. "നിനക്കെന്നെ സ്നേഹിച്ചുകൂടെ... നിനക്കുവേണ്ടിയാണ് ഞാനീ ത്യാഗമെല്ലാം അനുഷ്ഠിക്കുന്നത്. .. ഈ ശരീരംകൊണ്ട് ഇതൊക്കെയല്ലാതെ പിന്നെയെന്താ ഒരു പ്രയോജനം..." തെല്ല് മാറ്റിയിട്ടിരിക്കുന്ന ആംബുലൻസ് കാണിച്ചുകൊണ്ടു പറഞ്ഞു. "നിന്നെ അതിൽ കയറ്റി ഈ കൊച്ചി നഗരത്തിലൂടെ പായിക്കും. അപ്പോൾ നിന്റെ ചുണ്ടുകളും എന്റെ ചുണ്ടുകളും നിന്റെ കൈകളും എന്റെ കൈകളും നിന്റെ ഉടലും എന്റെ ഉടലും നിന്റെ മനസ്സും എന്റെ മനസ്സും സംഘർഷ ഉത്സവത്തോടെ ഒന്നായി ആനന്ദ ലഹരിയിൽ ആറാടും."

റോഡിൽനിന്നും പിടഞ്ഞെഴുന്നേറ്റ മറിയ ബാസ്റ്റഡ് എന്ന് അലറിക്കൊണ്ട് അരുണിനെ ആക്രമിച്ചു. അരുൺ സാന്ദ്രയെ വിട്ട് മറിയായെ കയറിപ്പിടിച്ചു. തലമുടിക്കുത്തിന് പിടിച്ച് ഒന്നു വട്ടംചുറ്റിച്ചു. സാന്ദ്ര ഇതിനിടയിൽ ഓടിച്ചെന്ന് മീൻ നിറച്ചിരുന്ന ഓട്ടോയുടെ പിന്നിൽ കിടന്നിരുന്ന കത്തി കൈയിലെടുത്തു. അതുമായി ഓടിച്ചെന്ന് അരുണിനെ പിന്നിൽ നിന്നും വെട്ടി. "നാറ്റ ഷിറ്റ്..."എന്നു പറഞ്ഞ് പിന്നെയും വെട്ടി. ക്യാമറാമാൻമാരും അവർക്ക് നിർദ്ദേശം നൽകിക്കൊണ്ടിരുന്ന യുവാവും പകച്ചുപോയി. അരുൺ വേദനയോടെ വിളിച്ചുകൂവി... "ചതിച്ചല്ലോടാ... നോക്കിനിൽക്കാതെ എന്നെ രക്ഷിക്ക്..." സാന്ദ്ര പിന്നെയും അരുണിനെ വെട്ടി.

പകച്ചുനിന്ന അരുണിന്റെ ആൾക്കാർ കർമ്മനിരതരായി. അവർ ആംബുലൻസിൽ അരുണിനെ വലിച്ചുകയറ്റി. ആംബുലൻസ് സൈറൺ മുഴക്കി പാഞ്ഞു.

സാന്ദ്ര ഓടിച്ചെന്ന് മറിയായെ ചേർത്തുപിടിച്ച് ആശ്വസിപ്പിച്ചു. അവിടെ തിങ്ങിക്കൂടിയ ജനങ്ങൾ നാലുവശത്തേക്കും പിൻവലിഞ്ഞു. നിറുത്തിയിട്ടിരുന്ന വാഹനങ്ങൾ മുന്നോട്ട് ചീറിപ്പാഞ്ഞു. സാന്ദ്ര താങ്ങിപ്പിടിച്ച് മറിയായെ കാറിൽ കയറ്റി.

എയർപോർട്ടിലേക്ക് യാത്ര ചെയ്യുന്നതിനിടയിൽ അവർ നിശ്ശബ്ദരായിരുന്നു. ദീർഘമായ നിശ്ശബ്ദതയെ മുറിച്ച് സാന്ദ്ര പറഞ്ഞു. "തെരുവിൽ നടന്ന സിനിമ പെട്ടെന്ന് തീർന്നതുകൊണ്ട് നമ്മൾക്ക് ഫ്ളൈറ്റ് കിട്ടും... കേരളത്തിലേക്കുള്ള ഈ യാത്ര ശരിക്കും ഒരു സാഹസികാനുഭവമായിരുന്നു."

മറിയായുടെ മനസ്സ് പലവിധ ചിന്തകളാൽ കലുഷിതമായിരുന്നു. 'ശരിക്കും കേരളം മാറിപ്പോയി. എന്താണ് കേരളത്തിന്റെ മാറ്റം എനിക്ക് മാത്രം ഉൾക്കൊള്ളാൻ കഴിയാത്തത്. കേരളത്തിൽനിന്നും ഇനിയൊരു വിവാഹം സാന്ദ്രയ്ക്കുവേണ്ട. ഒരപകടത്തിൽനിന്നും രക്ഷപെട്ടിട്ടും, ഒരുവനെ നിരത്തിൽ വെട്ടിവീഴ്ത്തിയിട്ടും അവൾ എത്ര ശാന്തമായാണിരിക്കുന്നത്. ശരിക്കും അവളാണ് കേരളത്തിന്റെ സംസ്കാരം പഠിച്ചത്. 'ഷിറ്റ്' എന്ന് തെറി പറഞ്ഞപ്പോഴും സാന്ദ്ര അതിനെ മലയാളീകരിക്കാൻ 'നാറ്റം' എന്ന പദം കൂട്ടി ചേർത്തില്ലേ?... തീട്ടത്തിന്റെ നാറ്റം....'

2

റിയാലിറ്റി ഷോ

കൊച്ചിയിലെ പ്രമുഖമായ ഒരു ഫൈവ്സ്റ്റാർ ഹോട്ടൽ. അതിന്റെ ലോബി വിശാലവും ആധുനിക സൗന്ദര്യം പ്രദർശിപ്പിക്കുന്നതുമാണ്.

ലോബിയിൽ വച്ചിരിക്കുന്ന വലിയ ടെലിവിഷൻ സ്ക്രീനിൽ സിനിമ ഓടുന്നുണ്ട്. അപ്പോൾ സ്ക്രീനിൽ തെളിഞ്ഞത് നായകനായ ഫഹദ് ഫാസിലിന്റെ പുല്ലിംഗം നായികയായ റിമാകല്ലുങ്കൽ ഛേദിച്ച് കളഞ്ഞ് അവനെ കട്ടിലിൽ വരിഞ്ഞ് കെട്ടിയിരിക്കുന്ന രംഗമാണ്.

ലോബിയിലിരുന്ന് ആകാംക്ഷയൊതുക്കി സിനിമകാണുന്നത് കുറച്ച് പുരുഷന്മാരാണ്. അവരിൽ ചിലർ ദീർഘമായി നെടുവീർപ്പിടുന്നതും ലിംഗ ഭാഗത്ത് അറിയാതെ തടവിനോക്കുന്നതും അനിഷ ശ്രദ്ധിച്ചു. അവരെ തീർത്തും അവഗണിച്ച് അവൾ മുന്നോട്ടുനടന്നു.

പുറത്ത് മഴ തിമിർത്തു പെയ്യുകയാണ്. കാറ്റിനും പതിവിൽ കവിഞ്ഞ മൂളൽ ശബ്ദമുണ്ട്. പ്രകൃതി ആകെക്കൂടി ഇരുണ്ടാണിരിക്കുന്നത്. മഴയും കാറ്റും ഇരുളിമയും സംയോജിച്ച രൗദ്രഭാവത്തെ അനിഷ നിരീക്ഷിച്ചു. ആരെയും ഗൗനിക്കാതെ, ആരെയും കാത്തുനില്ക്കാതെ അവൾ വേഗത്തിൽ നടന്ന് മഴയിലേക്കിറങ്ങി. മാനത്തുനിന്നും ഉരുണ്ടുകൂടിയ ഇടിയുടെ ശബ്ദം മുരണ്ടുമുരണ്ടു നിന്നു. ചലനാത്മകമായ ദൃശ്യങ്ങളും തുടർച്ചയുള്ള ശബ്ദവുമെല്ലാമായി പ്രകൃതി വൈകാരിക തീവ്രമായ അന്തരീക്ഷം നിർമ്മിക്കുന്നതായി അനിഷയ്ക്കു തോന്നി.

മഴയിൽകുളിച്ച് നനുനനുത്ത കാറ്റിന്റെ സ്പർശമറിഞ്ഞ് അനിഷ നടക്കുകയാണ്. അപ്പോൾ അവളുടെ മനസ്സ് മനുഷ്യരെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരുന്നു. പ്രകൃതിയെ കീഴടക്കുകയും മെരുക്കുകയും ചെയ്തത് മനുഷ്യരോ? അതോ പുരുഷൻ മാത്രമോ? പ്രകൃതി സ്ത്രീയും അതിന്റെ രൗദ്രഭാവം പുരുഷനുമാണെന്ന് ആരാണ് കല്പ്പിച്ചത്? പ്രകൃതിയുടെ ഭാവനിയമത്തിനുമുന്നിൽ പകച്ചുനിൽക്കാനല്ലാതെ എന്തുചെയ്യുവാനാണ് മനുഷ്യന് കഴിയുക?

പ്രകൃതിയുടെ തീവ്ര ദൃശ്യവിരുന്ന് ഉൾക്കൊണ്ട് നടക്കുന്നതിനിടയിൽ അനിഷ നിശ്ചയിച്ചു. രാത്രിയിൽ കിടക്കുവാൻ സുരക്ഷിതമായൊരിടം കണ്ടെത്തണം. രാത്രിയിൽ മാത്രമല്ല പകലും കേരളത്തിലെ ഓരോ നിര

ത്തിലും ഇടങ്ങളിലും കാത്തിരിക്കുന്ന അപകടങ്ങൾ ഏറെയാണ്. സ്ത്രീ ശരീരങ്ങൾ നേരിടുന്ന അതിക്രമങ്ങൾതന്നെ ഞെട്ടിക്കുന്നതാണ്.

വനാന്തരങ്ങളിൽ മൃഗങ്ങളെ വേട്ടയാടിയിരുന്ന അതേ ഉത്സാഹത്തോടും ആവേശത്തോടും കൂടിയാണ് ഈ സമൂഹത്തിൽ സ്ത്രീശരീരങ്ങൾ വേട്ടയാടപ്പെടുന്നത്. പലപ്പോഴും കൂടെയുള്ളവരും രക്തബന്ധമുള്ളവരും വേട്ടക്കാരാവുന്നു. മാധ്യമങ്ങൾ സ്ത്രീപീഡനങ്ങളെ അതിന്റെ സ്വഭാവത്തിനനുസരിച്ച് ആഘോഷിക്കുന്നു. സ്ത്രീയുടെ ബുദ്ധി, വൈകാരികത, സാമൂഹ്യപ്രതിബദ്ധത തുടങ്ങിയവയെ തിരസ്കരിച്ച് ശരീരം നിർമ്മിച്ചെടുക്കുന്ന കാമാവസ്ഥയുടെ കാഴ്ചകളെ പ്രദർശനവിധേയമാക്കുന്ന അവസ്ഥയും വേദനയുണർത്തുന്നതു തന്നെയാണല്ലോ.

തീവ്രമായ ഓരോ ചിന്തകൾക്കൊടുവിൽ അനിഷ 'മോചന'മെന്ന വനിതാ ഹോസ്റ്റലിലെത്തി. സുഹൃത്തായ ഹേമയുടെ മുറിയിൽ ഓരോന്ന് ചിന്തിച്ചു മലർന്നുകിടന്നു. സ്ത്രീകൾ എപ്പോഴും മലർന്നുകിടന്ന് നക്ഷത്രമെണ്ണാൻ വിധിക്കപ്പെട്ടവർ മാത്രമാണല്ലോയെന്ന ചിന്ത അവളെ വലയം ചെയ്തു നിന്നു.

ആനന്ദ് 'മോചന'ത്തിലെത്തിയപ്പോൾ അനിഷയ്ക്ക് ആശ്ചര്യമൊന്നും തോന്നിയില്ല. പ്ലസ്ടൂവിൽ പഠിക്കുന്ന ആനന്ദിന് ചേച്ചിയോട് കാപട്യമില്ലാത്ത സ്നേഹം മാത്രമാണുള്ളത്.

''ചേച്ചിയെന്താ മൊബൈൽഫോൺ പോലും എടുക്കാതെ, ആരോടും ഒന്നും പറയാതെ ഇവിടേക്കുവന്നത്." ആനന്ദ് പരിഭവമൊതുക്കി കുട്ടിത്തത്തെ മറച്ചുവച്ച് തുടർന്നു. "അച്ഛനും അമ്മയും വല്ലാത്ത വിഷമത്തിലാ."

അവനതു പറഞ്ഞപ്പോൾ അനിഷയ്ക്ക് പൊട്ടിച്ചിരിക്കാൻ തോന്നി. അതിനെ നിയന്ത്രിച്ചുകൊണ്ട് യുക്തിപൂർവ്വം പറഞ്ഞു. "റിയാലിറ്റിഷോയുടെ എലിമിനേഷൻ റൗണ്ടിൽ എല്ലാവരേയും ഞെട്ടിക്കുന്ന പെർഫോമൻസ് രൂപീകരിക്കുന്നതിന്റെ ആത്മസംഘട്ടനത്തിലാണ് ഞാൻ." അനിഷ വാത്സല്യമൊതുക്കി പറഞ്ഞു., "മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ചില്ലെങ്കിലും നമ്മളുടെ പെർഫോമൻസ് മറ്റുള്ളവർ ശ്രദ്ധിക്കണമല്ലോ?"

"അതൊക്കെ നമുക്ക് ആലോചിച്ച് തീരുമാനിക്കാം". ഉത്സാഹത്തോടെ ആനന്ദ് പറഞ്ഞു. "ചേച്ചിക്ക് ആ ഹോട്ടൽ ഇഷ്ടമായില്ലെങ്കിൽ മറ്റൊന്ന് എടുക്കാം. അച്ഛനും അമ്മയും പ്രത്യേകം പറഞ്ഞു. ചേച്ചിക്ക് ഇഷ്ടമില്ലാത്തതൊന്നും അവരുട ഭാഗത്തുനിന്നും ഉണ്ടാകില്ലെന്ന്".

"ഞാനൊരു സർഗ്ഗസംഘർഷത്തിലാണ്." അനിഷ കരുതലോടെ പറഞ്ഞു. "നാളെ ഞാൻ ഹോട്ടലിൽ എത്തിക്കൊള്ളാം. ഇന്നൊരുദിവസം ഹേമയുടെ മുറിയിൽ സർഗ്ഗസംഘർഷങ്ങളുമായി ഇരിക്കട്ടെ".

മൊബൈൽഫോൺ അനിഷയ്ക്കു നൽകിക്കൊണ്ട് ആനന്ദ് ചോദിച്ചു. "അച്ഛനോടും അമ്മയോടും എന്തുപറയണം"?

"മൊബൈൽ ഉണ്ടല്ലോ." അനിഷ ആത്മധൈര്യത്തോടെ പറഞ്ഞു "ഞാൻ പരിധിക്കുള്ളിൽ തന്നെയുണ്ടെന്ന് പറഞ്ഞുകൊള്ളൂ".

ആനന്ദ് തെല്ല് വല്ലായ്മയോടെ അനിഷയോട് യാത്രയും പറഞ്ഞ് അവിടെനിന്നും തിരിഞ്ഞുനടന്നു.

മനസ്സിൽ രൂപപ്പെട്ടുവന്ന പുതിയ പെർഫോമൻസിനും ജീവിതത്തിനു മിടയിൽ അനിഷ വല്ലായ്കയോടെ നിന്നു.

'ന്യൂജനറേഷൻ പെർഫോമൻസ്' എന്ന റിയാലിറ്റി ഷോയിലെ കലാകാരന്മാരും അണിയറപ്രവർത്തകരും താമസിക്കുന്ന ഹോട്ടലിൽ അനിഷയെത്തി. അവൾക്കടുത്തേക്ക് മെല്ലെ അമ്മ ചെന്നു. അച്ഛൻ ഒളികണ്ണിട്ടു നോക്കി തെല്ല് മാറിനിൽക്കുകയാണ്. പ്രൊഡ്യൂസറുടെ മുഖത്ത് രോഷഭാവമാണ്. ഉടൻതന്നെ ഷൂട്ടുതുടങ്ങാമെന്ന നിർദ്ദേശവുമായി ഡയറക്ടറെത്തി.

"എല്ലാവരുംകൂടി തട്ടിക്കൂട്ടിയ കോമഡി പെർഫോമൻസിനോട് എനിക്ക് താല്പര്യമില്ല". അനിഷ അവരെ അമ്പരപ്പിച്ചുകൊണ്ടു പറഞ്ഞു. "ഞാനൊരു പെർഫോമൻസിന്റെ ഔട്ട്ലൈൻ പറയാം. എലിമിനേഷൻ റൗണ്ടിൽ ആ പേർഫോമൻസ് അവതരിപ്പിക്കാനേ ഞാനുള്ളൂ".

"ഷൂട്ട് മാറ്റിവയ്ക്കുന്ന പ്രശ്നമില്ല''. പ്രൊഡ്യൂസർ രോഷത്തോടെ നയം വ്യക്തമാക്കി. "ഇത്രയും സന്നാഹങ്ങൾ ഇവിടെ ഒരുക്കുവാൻ പണം മുടക്കിയത് ഞാൻ മാത്രമാണ്. എല്ലാ അർത്ഥത്തിലും നഷ്ടം എനിക്കുമാത്രമാണ്."

അവർക്കിടയിലെ തർക്കം വളർന്ന് വലുതായി. തർക്കസ്ഥലത്തേക്ക് പലരും എത്തിക്കൊണ്ടിരുന്നു. അനിഷയുടെ പക്ഷം ന്യായമാണെന്ന് ഭൂരിപക്ഷവും തലകുലുക്കി സമ്മതിച്ചു. അവരുടെ പിൻബലത്തിൽ അനിഷ പറഞ്ഞു: "ഈ പ്രൊഡ്യൂസർക്ക് ഒരു നഷ്ടവും വരാതെ ചിത്രീകരിക്കാവുന്ന പെർഫോമൻസാണ് പറയാൻ പോകുന്നത്".

എഴുതി തയ്യാറാക്കിയ പാഠത്തിന്റെ രൂപത്തിൽതന്നെ അനിഷ പെർഫോമൻസിനെപ്പറ്റി പറഞ്ഞുതുടങ്ങി.

റിയാലിറ്റിഷോയിലെ കലാകാരന്മാരും അവരുടെ കുടുംബവും താമസിക്കുന്ന ഈ ഹോട്ടൽ, എലിമിനേഷൻ റൗണ്ടിലെത്തിയ അനിഷ, ഈ ഞാൻ തന്നെ ഒരു പൂമ്പാറ്റയേപ്പോലെ അവരുടെ സ്നേഹവും പ്രോത്സാഹനവും സ്വീകരിച്ച് പാറിനടക്കുന്നു. ഒടുവിൽ പ്രിയസഹോദരൻ ആനന്ദിനൊപ്പം താമസിക്കുന്ന മുറിയിലേക്ക് ആനന്ദത്തോടെ പ്രവേശിക്കുന്നു. അവിടെ അച്ഛനും അമ്മയുമുണ്ട്. അവരുടെ മുഖത്ത് സന്തോഷത്തിനുമപ്പുറത്ത് തന്ത്രങ്ങൾ മെനഞ്ഞതിന്റെ വിജയഭാവമാണുള്ളത്.

അച്ഛൻ അത്യാവശ്യം വാങ്ങിക്കേണ്ട സാധനങ്ങൾ വാങ്ങാൻ ആനന്ദിനേയും കൂട്ടി പുറത്തേക്കിറങ്ങി. ഞാൻ ആ മുറിയിലെ വലിയ കണ്ണാടിക്കു മുന്നിൽ ശരീരംകൊണ്ട് ഓരോ ഭാവവും ഭാഷയും സൃഷ്ടിച്ചു നിന്നു. അമ്മ അവിടേക്ക് വന്ന് എന്റെ പ്രകടനങ്ങളെ പ്രോത്സാഹിപ്പിച്ചു. പിന്നെ

നയപരമായി സംസാരിച്ചുതുടങ്ങി. വൈശികതന്ത്രത്തെപ്പറ്റി, വൈശാലിയുടെ ബുദ്ധിയേയും ശരീരത്തേയുംപറ്റി, വർത്തമാനകാലത്ത് ബുദ്ധിയും ശരീരവുമുപ യോഗിച്ച് പണമുണ്ടാക്കിയ സ്ത്രീരത്നങ്ങളെപ്പറ്റിയെല്ലാം. പണമാണ് എറ്റവും വലുതെന്നും പ്രശസ്തിയാണ് പണസമ്പാദനത്തിനുള്ള മാർഗ്ഗമെന്നും യുക്തി കൾ നിരത്തി സ്ഥാപിച്ചു. ഈശ്വരനും വിശ്വാസങ്ങളുമെല്ലാം കേവലം സങ്കല് പ്പങ്ങൾ മാത്രമാണ്. ബുദ്ധിയുള്ളവർ അതില്ലാത്തവരെ നിയന്ത്രിച്ചു നിർത്തു വാൻ വിനിയോഗിക്കുന്ന സങ്കല്പം.

സൗന്ദര്യമുള്ള ശരീരവും ബുദ്ധിപൂർവ്വമുള്ള പ്രവർത്തനങ്ങളും നട ത്തുന്ന സ്ത്രീകളാണ് ലോകത്തെ വിരൽത്തുമ്പിൽ നിറുത്തുന്നത്. സ്ത്രീകൾക്കുമുന്നിൽ എന്നും തളരുന്ന പോരാളികൾ മാത്രമാണ് പുരുഷ ന്മാർ. അവരുടെ തകർച്ചയേയും വീഴ്ചയേയും മറച്ചുവയ്ക്കാൻ രൂപീകരിച്ച കല്പ്പനയാണ് സ്ത്രീയുടെ ചാരിത്രം.

ഇപ്പോൾ ഇവിടെ നടക്കുന്നത് റിയാലിറ്റി ഷോയ്ക്കുമുമ്പുള്ള ഒരു റിഹേഴ്സലായി കണ്ടാൽ മതി. ചെറിയൊരു മൗനത്തിനുശേഷം അമ്മ പറഞ്ഞു. “അമ്മയുടെ യുക്തിയിലേക്കും ബുദ്ധിയിലേക്കും തന്ത്രത്തി ലേക്കും എന്റെ മോളും ഉയരണം.” റിയാലിറ്റിഷോയെന്ന് പറഞ്ഞ് മുൻകൂട്ടി റിക്കാർഡുചെയ്തുവയ്ക്കുന്ന പെർഫോമൻസുപോലെതന്നെയാ സമ്മാ നവും, അതു മുൻകൂട്ടി നിശ്ചയിച്ചു വയ്ക്കും.”

പ്രൊഡ്യൂസർ വരുമ്പോൾ ചെയ്യേണ്ട കാര്യങ്ങൾ അമ്മ പറഞ്ഞു.

പ്രൊഡ്യൂസർ മുറിയിലേക്കുവന്നു. പാത്തുംപതുങ്ങിയുമാണ് വരവ്. കാപട്യമുള്ള ആ മുഖത്ത് കറുത്തകാമം നിറഞ്ഞിരുന്നു. അമ്മ പറഞ്ഞതി നേക്കാളും നന്നായി ഞാൻ പെർഫോം ചെയ്യുവാൻ തുടങ്ങി. തൊട്ടും തലോ ടിയും സ്വീകരിച്ചിരുത്തി. ചേർത്തുപിടിച്ച് കവിളിൽ ഊഷ്മളമായ ചുംബനം നൽകി. പ്രൊഡ്യൂസറുടെ ആവേശമുള്ള ആ ആലിംഗനത്തിൽനിന്നും തെന്നി മാറി. പിന്നെ കൊഞ്ചിക്കുഴഞ്ഞ് ഓരോന്ന് സംസാരിച്ചു. എന്റെ പെർഫോ മൻസുകണ്ട് അമ്മ അങ്ങനെ രസിച്ചുനിൽക്കുകയാണ്. അമ്മയെ പിടിച്ച് മുന്നി ലേക്കുനിറുത്തി വാനോളം പുകഴ്ത്തി സംസാരിച്ചു. പ്രൊഡ്യൂസർ അസ്വ സ്ഥനായി തുടങ്ങിയപ്പോൾ ഗ്ലാസിൽ മദ്യം നിറച്ചുകൊടുത്തു. ഒരു ഗ്ലാസ് മദ്യം അമ്മയ്ക്കും നൽകി. ഞാൻ പ്രൊഡ്യൂസറുടെ ഗ്ലാസിൽനിന്നും ഒരു സിപ്പെടുത്ത് രുചിയോടെ ഇറക്കി. ബാക്കി മദ്യം അദ്ദേഹത്തിന്റെ വായിൽ ഒഴിച്ചുകൊടുത്തു. മദ്യത്തിന്റെ ലഹരി സിരകളിൽ പകർന്നുതന്ന ഉന്മേഷ ത്തിൽ ഞാൻ വസ്ത്രങ്ങൾ ഓരോന്നായി പറിച്ചെറിഞ്ഞു. പ്രൊഡ്യൂസർ നിയ ന്ത്രണം വിട്ട് എന്നെ കടന്നുപിടിച്ചു. അപ്പോൾ ഞാൻ അമ്മയോടു പറഞ്ഞു ഞങ്ങളെ പിടിച്ചു കട്ടിലിൽ കിടത്താൻ.

ഇവിടെ വെച്ച് അമ്മ എനിക്കു പറഞ്ഞുതന്ന പെർഫോമൻസിന് മാറ്റംവരുത്തുവാൻ നിശ്ചയിച്ചു. തുടർന്ന് ഞാൻ നിശ്ചയിച്ച പെർഫോ മൻസാണ് സംഭവിച്ചത്. മുറിയിലെ കറന്റ് ഒന്നാകെ ഓഫാക്കി. മുറിയിൽ

മുഴുവൻ ഇരുട്ടാണ്. ഇരുട്ടിന്റെ മറയത്ത് ആവാഹിച്ചെടുത്ത ധൈര്യത്തിൽ പ്രൊഡ്യൂസർ ഉത്സാഹവാനും തുടർന്ന് അക്രമകാരിയുമായി. അപ്പോളയാൾ അമ്മയെ കീഴ്പ്പെടുത്തുവാനുള്ള ശ്രമത്തിലാണ്. ഇതിനിടയിൽ ഞാൻ വലിച്ചെറിഞ്ഞ വസ്ത്രങ്ങൾ തപ്പിപ്പിടിച്ചെടുത്ത് ശരീരത്തിലണിഞ്ഞ് വേഗംതന്നെ മുറിയിൽനിന്നും പുറത്തേക്കിറങ്ങി. വാതിലടച്ച് അതിൽചാരി ദീർഘനിശ്വാസത്തോടെ കണ്ണടച്ചുനിന്നു. അപ്പോൾ അകത്തെ മുറിയിൽനിന്നും ആവേശകരമായ സ്ത്രീശരീരാക്രമണത്തിന്റെ ശബ്ദങ്ങൾ കേൾക്കാം. കണ്ണുതുറന്നു നോക്കുമ്പോൾ അച്ഛനെയാണ് കണ്ടത്. അച്ഛൻ സിഗരറ്റ് വലിക്കുന്നു. അത് ഒരു ശീലമല്ലാത്തത് കൊണ്ടാണെന്നു തോന്നുന്നു പുക ആഞ്ഞ് വലിക്കുകയും പുറത്തേക്ക് ഊതുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഒന്നും സംസാരിക്കാതെ അച്ചന്റെ മുഖത്തേക്ക് നിർവികാരതയോടെ, പിന്നെ പുച്ഛത്തോടെ നോക്കിക്കൊണ്ട് ഞാൻ അവിടെനിന്നും വേഗത്തിൽ മുന്നോട്ടുനടന്നു.

ഹോട്ടലിന്റെ ലോബിയിൽ ഞാനെത്തി. അവിടത്തെ വിശാലമായ ഇടത്തിലിരുന്ന് ടെലിവിഷൻ കാണുന്ന പുരുഷന്മാർ. അവരുടെ കണ്ണ് എന്റെ ശരീരത്തിലും ടെലിവിഷന്റെ സ്ക്രീനിലും മാറിമാറി വീണുകൊണ്ടിരുന്നു. ഞാനും ടെലിവിഷന്റെ സ്ക്രീനിലേക്ക് നോക്കി. 22 ഫീമെയിൽ കോട്ടയമെന്ന സിനിമയാണ് അതിൽ തെളിയുന്നത്. വഞ്ചകനായ നായകന്റെ ലിംഗം ഛേദിച്ച് നായിക പ്രതികാരംചെയ്യുന്ന രംഗം. ഞാനപ്പോൾ പ്രതികാരത്തെപ്പറ്റി ചിന്തിച്ചു. തല്ലാം, കൊല്ലാം, വികലാംഗനാക്കാം. പിന്നെയുള്ള ജീവിതം പ്രതികാരം തീർത്ത സ്ത്രീക്ക് എങ്ങനെയുള്ളതായിരിക്കും?

അവരുടെ നോട്ടത്തേയും ഭാവത്തേയും അവഗണിച്ച് പുറത്ത് തിമിർത്തുപെയ്യുന്ന മഴയിലേക്കിറങ്ങി. പ്രകൃതി രൗദ്രമാണ്. ഞാൻ മഴയിൽ നനഞ്ഞുകുളിച്ച് വേഗത്തിൽ മുന്നോട്ടുനടന്നു. വഴിവക്കിൽ നിന്ന പുരുഷന്മാരുടെ നോട്ടം ശരീരത്തിൽ തറച്ചപ്പോൾ ഭയത്തോടെ മുന്നോട്ടോടി. അവരിൽ ചിലർ എന്റെ പിന്നാലെയുണ്ട്. ഓടുന്നതിനിടയിൽ ഞാൻ പലവട്ടം വീണു. പിന്നെയും എഴുന്നേറ്റ് ഓടി. ഓട്ടത്തിനിടയിൽ പേടിച്ചരണ്ട് ഞാൻ ചോദിച്ചു. ഒരു സ്ത്രീയുടെ ജീവിതമെങ്കിലും നിങ്ങൾക്ക് രക്ഷിച്ചുകൂടെ? നമ്മളുടെ ഈ ഭൂമി മലയാളത്തിൽ സ്ത്രീകളെ പീഡിപ്പിക്കുന്നവർ മാത്രമല്ല രക്ഷിക്കുന്നവരുമുണ്ടെന്ന് തെളിയിച്ചുകൂടെ? ഈ ഷോയിൽ വിജയിച്ചാൽ എന്റെ ജീവിതം രക്ഷപ്പെട്ടേക്കാം. അതിൽനിന്നു കിട്ടുന്ന പണം ഒരു നിമിത്തവും പ്രശസ്തി അതിനൊരു കാരണവുമാകാം.

വായിലേക്ക് ഒലിച്ചിറങ്ങിയ മഴവെള്ളം ഞാൻ ആർത്തിയോടെ കുടിച്ചിറക്കി. മുഖത്തുകൂടി ഒലിച്ചിറങ്ങിയ മഴവെള്ളം തുടച്ചെറിഞ്ഞു. ചിന്നിച്ചിതറി മുഖത്തേക്ക് വീണൊട്ടിയ മുടിയിഴകൾ കൈവിരലുകൾകൊണ്ട് കോന്തി പിന്നിലേക്കിട്ടു. മഴയിൽ നനഞ്ഞൊട്ടിനിന്ന് നിറകണ്ണുകളോടെ ഇടറിയ ശബ്ദത്തിൽ പറഞ്ഞു. (ISS<ANISHA>) എന്ന വിലാസത്തിൽ എനിക്ക് വോട്ട് രേഖപ്പെടുത്തൂ. ഒരുകിതപ്പിനു ശേഷം ഇടറിയ ശബ്ദത്തിൽ യാചനയോടെ

പറഞ്ഞു. എന്റെ വിലാസം ഒരിക്കൽക്കൂടി പറയാം. നനഞ്ഞൊട്ടിയ ശരീരത്തിന്റെ സ്ത്രീഭാവം കൈകൾക്കൊണ്ട് മറയ്ക്കാൻ വൃഥാ ശ്രമിച്ചുപൊട്ടിക്കരഞ്ഞുപറഞ്ഞു. 'പ്ലീസ് വോട്ട് ഫോർ...'

അനിഷ അവതരിപ്പിക്കാൻ പോകുന്ന പെർഫോമൻസിന്റെ ലഘു വ്യാഖ്യാനം കേട്ട് അവിടെ കൂടിയിരുന്നവർ കോരിത്തരിച്ചു. അച്ഛൻ പഴുത്തിരുമ്പിൽ കടിച്ചതുപോലെ പല്ലിളിച്ചിരുന്നു. പ്രൊഡ്യൂസർ ഒരു വിടനെപ്പോലെ നാലുചുറ്റും നോക്കി. കേൾവിക്കാരിലൊരാൾ പ്രതികരിച്ചു. "ഉഗ്രൻ, ഇതിനെ വെല്ലാൻ ഇനിയൊരു പെർഫോമൻസില്ല". മറ്റൊരാൾ ഓടിച്ചെന്ന് അനിഷയെ ചേർത്തുപിടിച്ച് അഭിനന്ദിച്ചു. "പെൺകുട്ടികളായാൽ ഇങ്ങനെ വേണം".

അനിഷ പറഞ്ഞ പെർഫോമൻസിന്റെ ആഖ്യാനത്തെപ്പറ്റിയുള്ള ചർച്ച സജീവമായി തുടങ്ങുന്നതിനിടയിൽ പ്രോഗ്രാം കോ-ഓർഡിനേറ്റർക്ക് ഒരു സംശയം തോന്നി. "ഇത് കഥയാണോ അതോ അനിഷയുടെ ജീവിതം തന്നെയാണോ?"

"ഇത്തരം ബാലിശമായ ചോദ്യങ്ങൾക്ക് ഇവിടെ ഒരു പ്രസക്തിയുമില്ല". മന്ദസ്മിതമൊതുക്കി അനിഷ പറഞ്ഞു. "എലിമിനേഷൻ റൗണ്ടിൽ ഒന്നാംസ്ഥാനം ലഭിക്കുന്ന പെർഫോമൻസിനുമാത്രമാണ് പ്രസക്തി. അതാണ് റിയാലിറ്റി."

3

അപരിചിതൻ വസ്ത്രം വലിച്ചുകീറുന്നു

ഇംഗ്ലണ്ടിലെ മ്യൂസിയം തിയേറ്ററിൽ 'ദ് ആർട്ട് ഓഫ് ബോഡി ഷോ' എന്നു പേരിട്ട ശരീരനാട്യാവതരണത്തിനുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയായി. ബോഡി ഷോ നടത്തുന്ന ഇന്ത്യൻസംഘത്തെ നയിക്കുന്നത് ശരീരഭാഷകളുടെ രംഗഭാഷ്യത്തെപ്പറ്റി പിഎച്ച്.ഡി പ്രബന്ധം രചിച്ച കോട്ടയത്ത്കാരി സുനിത മാത്യുമാമനാണ്.

ഭാരതത്തിൽ അവതരണം നിഷേധിച്ച ദ ആർട്ട് ഓഫ് ബോഡി ഷോ എന്ന കലയുടെ അവതരണം മറ്റൊരു രാജ്യത്തു നടത്തുന്നതുകൊണ്ടുതന്നെ വാർത്തകൾക്ക് ഏറെ പ്രചാരം ലഭിച്ചു.

ശീതികരിച്ച മ്യുസിയം തിയേറ്ററിലെ അറുന്നൂറ്റിയൻപതു സീറ്റുകളും കാണികളാൽ നിറഞ്ഞു. അതിൽ കലാസ്നേഹികളും, മാധ്യമപ്രവർത്തകരും, പൊതുപ്രവർത്തകരുമെല്ലാമുണ്ട്. കാണികളുടെ ആകാംക്ഷയ്ക്ക് അന്ത്യം സൃഷ്ടിച്ചുകൊണ്ട് വേദിയുടെ യവനിക മെല്ലേ ഉയർന്നു. രംഗമണ്ഡപം പൂർണ്ണമായും ഇരുട്ടിൽ ലയിച്ചുനിൽക്കുകയാണ്. കത്തിച്ചുപിടിച്ച കോൽ വിളക്കുമായി സുനിത രംഗമണ്ഡപത്തിലേക്ക് പ്രവേശിച്ചു. രംഗമണ്ഡപത്തന്റെ വശങ്ങളിലായി സ്ഥാപിച്ചിരുന്ന മൺവിളക്കുകളിലെ തിരികൾ ഒന്നൊന്നായി കോൽവിളക്കുകളിലെ ദീപംകൊണ്ട് തെളിയിച്ചു. വേദി പൂർണ്ണമായും മൺവിളക്കിന്റെ സ്വാഭാവികപ്രഭയിൽ തെളിഞ്ഞുനിന്നു. അതിനു നടുവിൽ മനോഹരമായ ഉടയാടകൾ ധരിച്ച് പുഞ്ചിരിവിടർത്തി സുനിത നിന്നു.

കാണികളുടെയെല്ലാം ശ്രദ്ധ പൂർണ്ണമായും സുനിതയിലാണ്. സുനിത സ്ഫുടമായ കേംബ്രിഡ്ജ് ഇംഗ്ലിഷിൽ ദ് ആർട്ട് ഓഫ് ബോഡി ഷോ എന്നു പേരിട്ട ശരീരനാട്യാവതരണത്തെപ്പറ്റി വളരെ ലഘുവായി വിശദീകരിച്ചു.

മനുഷ്യർ ഉണ്ടെന്നതിന്റെ തെളിവാണ് അവരുടെ ശരീരം. ആ ശരീരത്തിന്റെ ശക്തി, സൗന്ദര്യം, ബുദ്ധി, വഴക്കം, സാധ്യത തുടങ്ങിയവ എന്തെന്നറിയുന്നവൻ ഇന്നുവരെ കുറവാണ്. അതറിയുന്ന മനുഷ്യർ ആനന്ദത്തിന്റെ ഭാഗമായി നിൽക്കുന്നു. പരാജയപ്പെടുന്ന, നിന്ദിക്കപ്പെടുന്ന, പീഡനങ്ങൾ അനുഭവിക്കുന്ന മനുഷ്യർ ദു:ഖദുരിതത്തിന്റെ ഓരോ ഭാഗങ്ങളാണ്.

എല്ലാ കലകളുടെ അവതരണത്തിലും മനുഷ്യശരീരം ചെലുത്തുന്ന സ്വാധീനം അതിതീവ്രവും തീക്ഷ്ണവുമാണ്. മനുഷ്യശരീരത്തിന്റെ നിയ താവസ്ഥ നഗ്നമാണ്. ധരിക്കുന്ന വസ്ത്രങ്ങൾ സാമൂഹ്യക്രമത്തിന്റേയോ, ആചാരച്ചിട്ടയുടേയോ ഭാഗമാണ്. നിരന്തരം മാറിമാറി വസ്ത്രങ്ങൾ ധരിക്കുന്ന മനുഷ്യർ പലതും മറച്ചുവയ്ക്കുവാൻ ശീലിക്കുന്നതിനൊപ്പം കാപട്യത്തിന്റെ സംരക്ഷകർ കൂടിയാകുന്നു.

നാട്യാചര്യനായി ഭാരതീയർ അംഗികരിച്ച് ആദരിക്കുന്ന വ്യക്തി യാണ് ഭരതമുനി. അദ്ദേഹത്തിന്റെ നാട്യശാസ്ത്രഗ്രന്ഥത്തിൽ സത്യത്തിന്റെ പൊരുൾ തേടലാണ് കലയുടെ ലക്ഷ്യമെന്നും വ്യക്തമാക്കുന്നുണ്ട്. സൗന്ദ്യ രാനുഭൂതി സൃഷ്ടിക്കുകയും രസിപ്പിക്കുകയും ഉദ്ബോധിപ്പിക്കുകയുമാണ് കലയുടെ ധർമ്മം. അതിലേക്കായി സൃഷ്ടിച്ചെടുത്ത കലാരൂപമാണ് ഇവിടെ അവതരിപ്പിക്കുന്നത്.

ശരീരം സുന്ദരമാണ്. നഗ്നത ആ സൗന്ദ്യത്തിന്റെ പൂർണ്ണാവസ്ഥ യാണ്. കേവലമായ നഗ്നശരീരം സൗന്ദര്യവും അർത്ഥവും ഉത്പാദിപ്പിക്കു ന്നില്ല. ജീവനും ചലനവുമുള്ള ശരീരമാണ് ഒന്നിനുപുറകെ ഒന്നായി അർത്ഥോൽപ്പാദനം നടത്തുന്നത്. ഇവിടെ അവതരിപ്പിക്കുന്ന പ്രകടനരൂപം ഒരു കലമാത്രമാണെന്ന കാര്യം വിസ്മരിക്കരുത്.

സുനിത വേദിയുടെ ഒരു വശത്തേക്ക് മാറിനിന്നു, കറുത്ത് പൂർണ്ണ നഗ്നയായ ഒരു യുവതി പൂച്ചനടത്തത്തോടെ വേദിയിലേക്കു പ്രവേശിച്ചു. മൺവിളക്കിലെ ദീപങ്ങളുടെ ശോഭയിൽ കുളിച്ച് അവളുടെ എണ്ണതേച്ചുമി നുക്കിയ ശരീരം തിളങ്ങി. അവൾ രണ്ടുവട്ടം വേദിയിലൂടെ അങ്ങോട്ടു മിങ്ങോട്ടും പൂച്ചനടത്തം ആവർത്തിച്ചു. തുടർന്ന് പ്രേക്ഷകരെ കൈയുയർത്തി ചിരിച്ച് അഭിവാദ്യം ചെയ്തു.

മുൻകൂട്ടി ചിട്ടപ്പെടുത്തിയ സംഗീതത്തിന്റെ ആർദ്രതാളം അവിടേക്ക് അലയലച്ചെത്തി. ആ സംഗീതത്തിനനുസരിച്ച് സുന്ദരി അപാരമായ ശരീര വഴക്കങ്ങളെ പ്രയോജനപ്പെടുത്തി ചിട്ടപ്പെടുത്തിയെടുത്ത നാട്യാവതരണം നടത്തിത്തുടങ്ങി. ആ യുവതി സ്ത്രീശരീരത്തിന്റെ മൃദുലമായ ചലനങ്ങൾ വരെ അവതരിപ്പിക്കുന്ന നാട്യത്തിന് അർത്ഥം പകർന്നുകൊണ്ടിരുന്നു.

അവതരണത്തിന്റെ ഒരു ഘട്ടത്തിൽ വെളുത്ത് ആരോഗ്യദൃഢ ഗാത്രമായ നഗ്നശരീരത്തോടെ ഒരു യുവാവ് വേദിയിലേക്ക് പ്രവേശിച്ചു. സദസ്യരെ വണങ്ങിയ യുവാവ് സവിശേഷമായ സംഗീതത്തിനനുസരിച്ച് ശരീരനാട്യം അവതരിപ്പിച്ചുതുടങ്ങി. ഈ സമയത്ത് യുവതി പ്രകടനം അവ സാനിപ്പിച്ച് ഒരു മൺവിളക്കിനുമുന്നിൽ ഒരു പ്രതിമപോലെ നിന്നു. വേദി യുടെ ഒരു വശത്തായി സംവിധായികയായ സുനിത എല്ലാം വീക്ഷിച്ചുകൊ ണ്ടും നിയന്ത്രിച്ചുകൊണ്ടും നിൽക്കുകയാണ്. സംഗീതം നിലയ്ക്കുന്ന സമ യങ്ങളിൽ അവതരിപ്പിക്കുന്ന ശരീരപ്രകടനങ്ങളെപ്പറ്റി സുനിത വളരെ മൃദു വായ ശബ്ദത്തിൽ ഒന്നോ രണ്ടോ വാചകങ്ങൾ പറയും. വേദിയുടെ ചില

ഭാഗങ്ങളിലായി ഉറപ്പിച്ചിരുന്ന ക്യാമറകൾ ശരീരപ്രകടനങ്ങൾ രേഖപ്പെടുത്തിക്കൊണ്ടിരുന്നു.

വെളുത്ത പുരുഷനും കറുത്ത സ്ത്രീയും ചേർന്നവതരിപ്പിക്കുന്ന ശരീരനൃത്താവതരണഘട്ടം തുടങ്ങി. ഭാരതീയമായ അർദ്ധനാരീശ്വര സങ്കല്പ്പത്തെപ്പറ്റി സുനിത പറഞ്ഞു. തുടർന്ന് സംഗീതാവതരണത്തിന് വേഗതയേറി. യുവാവിന്റേയും യുവതിയുടേയും യൗവനയുക്തമായ ശരീരം അസാമാന്യവേഗതയിൽ അതിശയിപ്പിക്കുന്ന വഴക്കത്തോടെ തൊട്ടുരുമ്മി ഇടകലർന്ന് ശരീരനൃത്താവതരണം നടത്തിതുടങ്ങി.

അവതരണത്തിന്റെ ഓരോ നിമിഷത്തിലും പ്രേക്ഷകരുടെ ഭാവപ്രതികരണങ്ങൾ സുനിത നിരീക്ഷിച്ചുകൊണ്ടിരുന്നു. ഏറെ യുവാക്കളും എതിർലിംഗത്തിൽപ്പെട്ട അവതാരകരുടെ അവയവസൗന്ദര്യമാണ് പ്രാധാന്യത്തോടെ ആസ്വദിക്കുന്നതെന്നു വ്യക്തമായി. മധ്യവയസ്സുകഴിഞ്ഞവർ ശരീരനാട്യാവതരണത്തിന്റെ നിയതമായ അവസ്ഥതന്നെയാണ് ആസ്വദിക്കുന്നതെന്ന് സുനിതയ്ക്ക് അവരുടെ ഭാവങ്ങളിൽ നിന്നും വായിച്ചെടുക്കുവാൻ കഴിഞ്ഞു.

അനുക്രമമായി ശരീരനൃത്താവതരണത്തിന്റെ രീതിയും സ്വഭാവവും പരിവർത്തനപ്പെട്ടുകൊണ്ടിരുന്നു. വെളുത്ത പുരുഷനും കറുത്ത സ്ത്രീയും അവതരിപ്പിച്ച ശരീരനൃത്താവതരണം പുരോഗമിക്കുന്നതിനിടയിൽ വെളുത്ത സ്ത്രീയും കറുത്ത പുരുഷനും രംഗവേദിയിലേക്കു വന്നു പ്രകടനങ്ങൾ നടത്തിതുടങ്ങി. അവതരണം മൂർദ്ധന്യത്തിലേക്ക് എത്തിയപ്പോൾ അഞ്ച് പുരുഷൻമാരും അഞ്ചുസ്ത്രീകളും അതിൽ കറുത്തവരും വെളുത്തവരുമുണ്ട്. ഉയരമുള്ളവരും അത്രതന്നെ ഉയരമില്ലാത്തവരുമുണ്ട്.

വ്യത്യസ്ത ശരീരങ്ങൾ വ്യത്യസ്തരീതികളിൽ ക്രമമായും ക്രമരഹിതമായും അവതരിപ്പിച്ച പ്രകടനം സമാപിക്കുന്നതിനു മുമ്പ് അവർക്കിടയിൽ സംവിധായകയായ സുനിത കടന്നുചെന്നു. വിവസ്ത്രകർക്കിടയിൽ വസ്ത്രം ധരിച്ച യുവതി!

സുനിതയ്ക്ക് ഇരുവശവുമായി പ്രകടനക്കാർ സവിശേഷമായ രീതിയിൽ അണിനിരന്നപ്പോൾ വേദിയിലെ മൺവിളക്കുകൾ ഒന്നൊന്നായി അണഞ്ഞുതുടങ്ങി. നാട്യവേദി പൂർണ്ണമായും ഇരുളിൽ മുങ്ങിക്കഴിഞ്ഞപ്പോൾ സുനിത ആവർത്തിച്ചു പറഞ്ഞു: "ഇത് ഒരു കലാവതരണം മാത്രമാണ്."

പ്രേക്ഷകർക്കിടയിൽ നിന്നും അംഗീകാരത്തിന്റെ ഉജ്ജ്വലമായ കരഘോഷങ്ങൾ ഉയർന്നുതുടങ്ങിയപ്പോൾ യവനിക അവർക്കുമുന്നിൽ താണു.

നഗ്നരായ ശരീരനാട്യാവതാരകരോട് മനോഹരമായ വസ്ത്രങ്ങൾ ധരിച്ച് പ്രേക്ഷകർക്കിടയിലേക്ക് ചെല്ലുവാനും ആശയവിനിമയം നടത്തുവാനും സുനിത നിർദ്ദേശിച്ചു.

ശരീരനാട്യാവതാരകർ പ്രേക്ഷകർക്കിടയിലേക്കിറങ്ങിച്ചെന്ന് അവരുമായി സൗഹൃദസംഭാഷണങ്ങൾ നടത്തി. സുനിത മൊബൈൽ ഫോണിലൂടെ ഇന്ത്യയിലുള്ള ചില സുഹൃത്തുക്കളുമായി അവതരണത്തിന്റെ വിജ

യവിശേഷങ്ങൾ പങ്കുവച്ചു. ഇന്ത്യയിൽ അതൊരു വാർത്തയാക്കുവാനുള്ള നിർദ്ദേശങ്ങളും നൽകി.

വേദിയിൽ ഉറപ്പിച്ചിരുന്ന ഡിജിറ്റൽ ക്യാമറകളിൽ നിന്നും നാട്യാവതരണം രേഖപ്പെടുത്തിയ മെമ്മറികാർഡുകളെല്ലാം സുനിത ഭദ്രമായെടുത്തു. അല്പം പോലും സമയം കളയാതെ കംപ്യൂട്ടർ റൂമിലേക്ക് പ്രവേശിച്ചു. നാട്യാവതരണം ആദ്യംമുതൽ അവസാനംവരെ മനോഹരമായി ക്രമീകരിച്ചെടുത്തു. സുനിതയുടെ സ്വന്തം രൂപത്തെ മാത്രം അതിൽ നിന്നും മായിച്ചുകളഞ്ഞു.

സുനിതയുടെ മനസ്സിൽ ഉത്സാഹത്തിന്റെ അദൃശ്യനാട്യങ്ങൾ അമൂർത്തമായ പ്രകടനങ്ങൾ നടത്തിക്കൊണ്ടിരുന്നു. പുതിയൊരു വെബ്സൈറ്റിലൂടെ നിമിഷങ്ങൾക്കൊണ്ട് തന്റെ കലാരൂപം ലോകവ്യാപകമായി കാണുകയും ചർച്ചചെയ്യുകയും ചെയ്യുന്നതിനെപ്പറ്റി ഓർത്തപ്പോൾ സുനിതയുടെ മനസ്സിലെ അമൂർത്തമായ നാട്യപ്രകടനങ്ങൾ താണ്ഡവഭാവം കൊണ്ടാടി. ഇന്ത്യയിലെ വികലനിയമത്തിന്റെ അർത്ഥരാഹിത്യത്തെപ്പറ്റി ചിന്തിച്ചു. പാരമ്പര്യത്തിന്റെയും നിഷേധപ്രവർത്തനത്തിന്റേയും അടിമത്വത്തിൽനിന്നും വിട്ടുമാറാത്ത അതിന്റെ വരണ്ട രൂപമാണ് സുനിതയുടെ മനസ്സിൽ തെളിഞ്ഞത്. മാതൃരാജ്യത്തോട് ഒറ്റയാൾ ബുദ്ധിയോടെ നടത്തിയ കലായുദ്ധം ജയിച്ചതിന്റെ ആഹ്ളാദത്തോടെ കംപ്യൂട്ടർ ഇന്റർനെറ്റിലേക്ക് കണക്ട് ചെയ്തു. രേഖപ്പെടുത്തി ക്രമീകരിച്ച ദൃശ്യങ്ങൾ അപ്ലോഡു ചെയ്യുന്നതിനായി പുതിയൊരു വെബ്സൈറ്റഡ്രസ് സൃഷ്ടിച്ചു. അത് ഇന്റർനെറ്റിലേക്ക് കൊടുത്തപ്പോഴാണറിയുന്നത് അങ്ങനെയൊരു വെബ്സൈറ്റഡ്രസുണ്ടെന്ന്. സുനിത ആ സൈറ്റിലേക്കുചെന്നു. അവൾ അമ്പരന്നുപോയി.

സുനിത സംവിധാനംചെയ്ത ശരീരനാട്യാവതരണമാണ് ആ സെറ്റിലുള്ളത്. അതിന് ഒരു പ്രത്യേകതയുണ്ട്. നഗ്നയായി നിന്ന് അവതരണത്തെ നിയന്ത്രിക്കുന്നത് സുനിതയാണ്. അവതരണം നടത്തുന്നവരെല്ലാം വസ്ത്രങ്ങൾ ധരിച്ചിരിക്കുന്നു.

ശീതീകരിച്ച മുറിയിലിരുന്നിട്ടും സുനിതയുടെ ശരീരം വിയർത്തൊലിച്ചു. കർച്ചീഫുകൊണ്ട് മുഖവും ശരീരവുമെല്ലാം തുടച്ചുകൊണ്ട് സുനിത ഇന്റർനെറ്റിനു മുന്നിൽ നിന്നും എഴുന്നേറ്റ് പുറത്തേക്കിറങ്ങി.

അവതരിപ്പിക്കുന്ന നാട്യങ്ങളെക്കാൾ എത്രയോ അധികമാണ് അവതരിപ്പിക്കാത്തനാട്യങ്ങളെന്ന് സുനിത ചിന്തിച്ചുനോക്കി. ആ നാട്യങ്ങൾ മനുഷ്യർ കാണുകയും ആസ്വദിക്കുകയും ചെയ്യുന്നു എന്ന സത്യത്തിനു മുന്നിൽ വല്ലായ്കയൊതുക്കി നിൽക്കുവാനേ സുനിതയ്ക്ക് കഴിഞ്ഞുള്ളൂ.

4
ബലാൽസംഗം കലയും തന്ത്രവും

തൊഴിൽരഹിതരുടെ എണ്ണം അനുദിനം കേരളത്തിൽ ഏറുകയാണ്. മാറി മാറി വരുന്ന ഗവൺമെന്റുകൾ തൊഴിൽ രഹിതർക്ക് തൊഴിൽ നൽക്കുന്നതിനായുള്ള പ്ലാനും പദ്ധതിയും പ്രഖ്യാപിക്കുന്നു. പ്രഖ്യാപനങ്ങൾ അങ്ങനെ തുടരുന്നതല്ലാതെ പ്രവർത്തനങ്ങൾ ഒന്നും അവരുടെ ഭാഗത്തു നിന്നും ഉണ്ടാകാറില്ല.

രാഷ്ട്രീയക്കാർ തൊഴിൽരഹിതർക്കുവേണ്ടി സമരങ്ങൾ നടത്തുമ്പോൾ സമുദായങ്ങൾ പ്രസംഗങ്ങളിലൂടെ ചിലതു പ്രവർത്തിക്കുന്നെന്നു വരുത്തിതീർക്കുന്നു. തങ്ങളുടെ സമുദായത്തിന് നീതിലഭിക്കുന്നില്ലെന്ന് ന്യായങ്ങൾ നിരത്തി മുറവിളികൂട്ടുന്നു. മത്സരപരീക്ഷകൾ വിജയിക്കാനുള്ള കോച്ചിങ് ക്ലാസുകളാണ് അവർ സംഘടിപ്പിക്കുന്നത്. മനോഹരമായ വാക്ചാതുര്യത്തോടെ സമുദായങ്ങൾ മത്സരിച്ച് മത്സരപരീക്ഷാ വിജയത്തിനുള്ള കോച്ചിങ് ക്ലാസുകൾ സംഘടിപ്പിക്കുമ്പോൾ ശബ്ദം താഴ്ത്തിപ്പറയും എല്ലാ ജോലികളിലും നമ്മുടെ സമുദായക്കാർ വരേണ്ടതുണ്ട്. അങ്ങനെ അറിവിനൊപ്പം സമുദായസ്നേഹവും അവർ തൊഴിൽരഹിതർക്ക് പകർന്നുനൽകുന്നു. പ്രതിഫലമായി അത്രയൊന്നും കോലാഹലങ്ങളില്ലാതെ കനത്ത ഫീസ് തൊഴിൽ രഹിതരിൽ നിന്നും ഈടാക്കുന്നു.

തൊഴിൽ രഹിതർക്ക് തൊഴിൽ ലഭിക്കാത്തതിനൊപ്പം ചൂഷണം ചെയ്യപ്പെടുന്നതിന്റെ ഒരു ചിത്രം മാത്രമാണിത്. തൊഴിൽരഹിതർക്ക് ചെയ്യുവാൻ കഴിയുന്ന മാന്യമായ തൊഴിലാണ് വിദ്യാഭ്യാസം. കേരളത്തെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസത്തിന്റെ തോത് പടിപടിയായി ഉയർന്ന് ഏതാണ്ട് എല്ലാവരും തന്നെ അക്കാദമിക വിദ്യാഭ്യാസത്തിന്റെ ഉന്നത നിലയിലെത്തിയവരാണ്.

എം.എയും എം.ഫിലും കഴിഞ്ഞാൽ പിന്നെ നടത്താവുന്ന പഠനം പിഎച്ച്.ഡിയാണല്ലോ. പിഎച്ച്.ഡിക്ക് ചേരുന്നത് എളുപ്പമാണ്. ഒരു വിഷയം കണ്ടെത്തുന്നതാണ് പ്രശ്നം. കാരണം എല്ലാ വിഷയങ്ങളിലുംതന്നെ ഒന്നിലധികം ഗവേഷണങ്ങൾ നടന്നുകഴിഞ്ഞു.

തൊഴിൽരഹിതനായ കർണ്ണൻ എം.എയും എം.ഫിലും കഴിഞ്ഞ് പിഎച്ച്.ഡിക്ക് യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റിൽ ചേർന്നു. കർണ്ണൻ ഏതു വിഷയത്തെപ്പറ്റിപ്പറഞ്ഞാലും മേൽനോട്ടം വഹിക്കുന്ന സുശീലൻ സാറിന് അത് അംഗീകരിക്കുവാൻ കഴിയുമായിരുന്നില്ല. കാരണം ലളിതം. കർണ്ണൻ പറയുന്ന വിഷയങ്ങളിലെല്ലാം ഒന്നിലധികം പിഎച്ച്.ഡി ബിരുദങ്ങൾ നല്കി ക്കഴിഞ്ഞിരിക്കുന്നു. സാഹിത്യം, സംസ്കാരം, ചരിത്രം, സിദ്ധാന്തം, ശരീര ഭാഷ, ഉത്താരാധുനികത, ഘടനവാദം, അപനിർമ്മാണം, അതികഥാസങ്കേ തങ്ങൾ തുടങ്ങിയ മേഖലകളെപ്പറ്റിയും ഒന്നിലധികം ഗവേഷണ ബിരുദങ്ങൾ തന്നെ നൽക്കിക്കഴിഞ്ഞു.

കർണ്ണന്റെ ചിന്തകൾ വിഷയങ്ങൾ കണ്ടെത്തുന്നതിൽനിന്നും പിന്മാറി സുശീ ലൻ മാഷിന്റെ പ്രീതി സമ്പാദിക്കുന്നതിലായി. സാറ് അനുവദിച്ചാൽ ഏതു വിഷയത്തിലും ഗവേഷണം ചെയ്യാവുന്നതേയുള്ളൂ. സുശീലൻ സാറിന്റെ പ്രീതി സമ്പാദിക്കുവാനുള്ള ശ്രമത്തിനിടയിലാണ് സാറിന്റെ ഇഷ്ടവിഷയ ത്തെപ്പറ്റി അറിയുവാൻ കഴിഞ്ഞത്. സ്ത്രീസംബന്ധമായ വിഷയങ്ങൾ! പ്രത്യേ കിച്ച് ജാരസംഗമങ്ങളുടേയും ബലാൽസംഗങ്ങളുടേയും വർത്തമാനങ്ങൾ. ജാരസംഗമങ്ങൾ നടത്തുന്നവരോടും ബലാൽസംഗങ്ങൾ നടത്തുന്നവരോടും സാറിനെന്നും ആദരവായിരുന്നു.

ഒരു ദിവസം കർണ്ണൻ തന്ത്രപൂർവ്വം അവൻ കണ്ടെത്തിയ പുതിയ വിഷയത്തെപ്പറ്റി സുശീലൻ പറഞ്ഞു. 'ബലാൽസംഗം കലയും തന്ത്രവും കേരള സംസ്കാരത്തെ മുൻനിറുത്തി ഒരു പഠനം'. വിഷയം സുശീലൻ ഇഷ്ടപ്പെട്ടു വെന്നു മാത്രമല്ല, ആ വിഷയത്തെപ്പറ്റി മണിക്കൂറുകളോളം വാചാലമായി സംസാരിക്കുകയും ചെയ്തു. സാഹിത്യഗവേഷണത്തിന്റെ മേഖലയിൽ പുതിയൊരു വിഷയം കണ്ടെത്തിയവാർത്ത സുശീലൻ സാറ് സഹപ്രവർത്തകരെ മുഴു വൻ അറിയിക്കുകയും ചെയ്തു.

പിഎച്ച്.ഡി പ്രബന്ധത്തെ നാലുഭാഗങ്ങളായിട്ടാണ് തിരിച്ചിരിക്കു ന്നത്. ബലാൽസംഗത്തിന്റെ ചരിത്രവും വർത്തമാനവും, സാഹിത്യത്തിലെ ബലാൽസംഗങ്ങൾ, സംസ്കാരചരിത്രത്തിലെ ബലാൽസംഗങ്ങൾ, ബലാൽ സംഗത്തിന്റെ കാലികപ്രസക്തി എന്നിവയാണ് പ്രബന്ധത്തിന്റെ പ്രധാന പ്പെട്ട നാലു ഭാഗങ്ങൾ. ഓരോ ഭാഗത്തിനും പല അധ്യായങ്ങളും ഉപമേഖല കളുമുണ്ട്. ഈ നാലു ഭാഗങ്ങൾ കൂടാതെ ആമുഖവും ഉപസംഹാരവും പ്രബന്ധത്തിന്റെ ഭാഗമായുണ്ട്.

ബലാൽസംഗത്തിന്റെ ചരിത്രത്തെയും വർത്തമാനത്തെപ്പറ്റിയും പറയുമ്പോൾ ഹവ്വയെ സാത്താൻ പ്രലോഭിച്ചതും സീതയെ രാവണൻ തട്ടി യെടുത്തതും പ്രലോഭിച്ചതുമെല്ലാം ബലാൽസംഗത്തിന്റെ ചരിത്രപശ്ചാത്ത ലമുള്ള ഇതിഹാസവശമാണ്. തുടർന്ന് ഓരോരോ ഇതിഹാസകൃതികളിലെ ബലാൽസംഗങ്ങൾ ചിത്രീകരിക്കുന്നു. സാഹിത്യചരിത്രത്തിലെ ബലാൽസം ഗങ്ങളിൽ രാജഭരണം, ഏകാധിപത്യം, ജനാധിപത്യം തുടങ്ങിയ ഭരണക്രമ

ത്തിൽ ബലാൽസംഗങ്ങൾ സംഭവിക്കുന്നതിനെപ്പറ്റി കൃതികളിൽ വന്ന പ്രതി പാദനത്തെ അടിസ്ഥാനമാക്കിയാണ് പഠനം. തുടർന്നാണ് ബലാൽസംഗ ത്തിന്റെ കാലിക പ്രസക്തിയിലേക്ക് വരുന്നത്. പ്രശസ്തി നേടുവാനുള്ള, ശ്രദ്ധതിരിക്കുവാനുള്ള പ്രയോഗമായിട്ടാണ് കാലികമായി ബലാൽ സംഗ ങ്ങളെ ഉപയോഗിക്കുന്നത്. ബലാൽസംഗത്തെ കലയായി ചിത്രീകരിച്ച് അവ തരിപ്പിക്കുന്ന സിഡികൾ ഏറെ കാഴ്ചക്കാരെ ആകർഷിക്കുന്ന കലാമാധ്യ മമാണ് വിഡിയോയുമായി ബലാൽസംഗങ്ങൾ ആഘോഷിക്കുന്നവരും ഏറെ യാണ്. അമേരിക്കൻ പ്രസിഡന്റുമുതൽ കേരളത്തിലെ മന്ത്രിമാർ വരെ നീണ്ടു നിൽക്കുന്ന വിപുലമായ കാലികോപയോഗ സംഭവമാണ് ബലാൽ സംഗം.

ഗവേഷണത്തിന്റെ ഉപസംഹാരത്തിൽ ബലാൽസംഗത്തെ സ്വകാ രകലയായും രേഖപ്പെടുത്തുന്ന കലയായും ചത്രീകരിക്കുന്നു. ഒരു വ്യക്തി സ്ത്രീയോ പുരുഷനോ മറ്റൊരു സ്ത്രീയെയോ പുരുഷനെയോ ബലമായി ശാരീരികബന്ധത്തിന് വിധേയമാക്കുന്നതാണ് ബലാൽസംഗം. സ്വന്തം ഇഷ്ടപ്രകാരം ചെയ്യുന്ന ഇത്തരം പ്രവൃത്തിയെ സ്വകാര്യകലയെന്നും പറയു മ്പോൾ സി.ഡികളിലും മറ്റും രേഖപ്പെടുത്തി വിപണനം ചെയ്യുന്നതിന് രേഖ പ്പെടുത്തുന്ന കലയെന്നാണ് പറയുന്നത്. ബലാൽസംഗങ്ങളെക്കുറിച്ച് പത്ര മാസികകളിലും ഇന്റർനെറ്റിലെ സൈറ്റുകളിലുമെല്ലാം വരുന്ന വാർത്തകൾ, ചിത്രീകരണങ്ങൾ, ചർച്ചകൾ തുടങ്ങിയവയെ ബലാൽസംഗസാഹിത്യമെ ന്നാണ് പറയുന്നത്. കാലികമായി കേരളത്തിലെ പത്രമാസികകൾ, ടെലിവി ഷൻചാനലുകൾ തുടങ്ങിയവയെല്ലാം ബലാൽസംഗ വിഷയങ്ങൾ ഏറെ കൈകാര്യം ചെയ്യുന്നു. യാഥാർത്ഥത്തിൽ ലോകസാഹിത്യത്തിലെ തന്നെ ഒരു ശക്തമായ വിഭാഗമായി ബലാൽസംഗസാഹിത്യം വളരുന്നു. ഈ സാഹിത്യം അച്ചടിസാഹിത്യം, സൈബർസാഹിത്യം എന്നീ രണ്ട് കൈവഴി കളിലൂടെയാണ് വളരുന്നത്.

വളരെ അടുക്കോടും ചിട്ടയോടും കൂടി നിരവധി സംഭവങ്ങളും ഒപ്പം ഉദ്ധരണങ്ങൾ ഉൾപ്പെടുത്തി ചെയ്ത ഗവേഷണകൃതി മനോഹരമായിരിക്കു മെന്ന് സുശീലൻസാറുതന്നെ സമ്മതിച്ചു. സുശീലൻസാറിന്റെ സമ്മതം കർണ്ണനെ സന്തോഷവാനുമാക്കി.

പ്രബന്ധം സമർപ്പിക്കുന്നതിനായി എത്തിയപ്പോൾ സുശീലൻ സാറ് കർണ്ണനോട് ഒരു ചോദ്യം ചോദിച്ചു. "കർണ്ണന് ബലാൽസംഗത്തെപ്പറ്റി എന്ത റിയാം?"ചോദ്യം കേട്ട കർണ്ണൻ പതറി നിന്നു. സുശീലൻസാറ് സ്വതസി ദ്ധമായ ചിരിയോടെ തുടർന്നു. "അനുഭവംകൊണ്ട് ആർജ്ജിച്ചെടുത്ത അറി വുമായി വന്നാൽ മാത്രമേ പ്രബന്ധം സമർപ്പിക്കാൻ പറ്റുകയുള്ളൂ."

കർണ്ണൻ പരാജിതനെപ്പോലെ സുശീലൻസാറിന്റെ മുന്നിൽ നിന്നു. പിന്നെ ധൈര്യം സംഭരിച്ച് തന്റെ ഭാഗം ന്യായീകരിച്ചു. "സാർ ഇതൊരു പഠ നമല്ലേ. അതിന് അനുഭവത്തിന്റെ ആവശ്യമുണ്ടോ?"

"അനുഭവമില്ലാത്തവൻ വിഡ്ഢിയാണ്" സുശീലൻസാറ് തുടർന്നു. "ഒരു വിഡ്ഢിയുടെ പ്രബന്ധം സമർപ്പിക്കുവാൻ എങ്ങനെ സമ്മതിക്കാനാവും."

"ഭാവനാസമ്പന്നരല്ലേ സാർ കവിതകളും കഥകളുമെഴുതുന്നത്." കർണ്ണൻ ന്യായീകരിച്ചു പറഞ്ഞു. "അവരെല്ലാവരും അനുഭവിച്ചറിഞ്ഞതോ കണ്ടറിഞ്ഞതോ ആയ കാര്യങ്ങളാണല്ലോ എഴുതുന്നത്."

"അത് അവരുടെ കാര്യം" "സുശീലൻ പരിഹാസത്തോടെ തുടർന്നു. "ഇതൊരു അധികാരിക പഠനമാണ്. അനുഭവമുണ്ടെങ്കിലേ ആ പഠനം അംഗീകരിക്കാൻ കഴിയൂ."

കർണ്ണൻ ഉത്തരം മുട്ടി വിനീതനായി നിന്നു.

സുശീലൻ വിജയഭാവത്തിൽ തുടർന്നു. "പ്രബന്ധം മുഴുവൻ ഒരു പ്രാവശ്യംകൂടി പകർത്തിയെഴുതി കൊണ്ടുവരൂ. അപ്പോൾ സമർപ്പിക്കണോ വേണ്ടയോ എന്ന് ഞാനന്ന് ആലോചിക്കാം."

അറുന്നൂറിലധികം വരുന്ന പ്രബന്ധപേജുകൾ പകർത്തിയെഴുന്നതിന്റെ ഗതികേടുകളെ പറ്റി ചിന്തിച്ചുകൊണ്ട് കർണ്ണൻ അല്പസമയം നിന്നു. പിന്നെ വിനീതനായി തിരക്കി. "സാറിന് അനുഭവമുണ്ടെങ്കിൽ പറഞ്ഞാൽ മതി. അത് ഞാനീ പ്രബന്ധത്തിൽ ചേർത്തുകൊള്ളാം."

അതിന്റെ ഉത്തരമായി സുശീലൻ സാറ് ഒരു മണ്ടൻ ചിരി ചിരിച്ചു.

പ്രബന്ധം അവതരിപ്പിക്കണമെങ്കിൽ ഇനി ഒറ്റവഴിയേയുള്ളൂ. സുശീലൻ സാറിനെ സന്തോഷിപ്പിക്കണം.

സുശീലൻസാറ് തന്റെ ബലാൽസംഗ അനുഭവങ്ങളെപ്പറ്റി വാചാലനായി.

സുശീലൻ സാറുപറയുന്നതുമുഴുവൻ കള്ളമാണെന്ന് കർണ്ണനു മനസ്സിലായി. എന്നിട്ടും സാറ് പറയുന്നതുമുഴുവൻ ആശ്ചര്യം പ്രകടിപ്പിച്ച് കേട്ടിരുന്നു. ഇതുവരെ ഒരു നിയമത്തിനും പൊതുജനത്തിനും കണ്ടുപിടിക്കാനോ തെളിയിക്കാനോ കഴിയാത്ത വിധത്തിലാണ് ബലാൽസംഗങ്ങൾ നടത്തിയതെന്നുകൂടി പറയുവാൻ സുശീലൻ സാറ് മറന്നില്ല.

കർണ്ണൻ ഗതികേടുകളെ ശപിച്ചുകൊണ്ട് പ്രബന്ധം പകർത്തിയെഴുതിത്തുടങ്ങി. രണ്ടാഴ്ചത്തെ കഠിനപ്രയത്നത്തിനുശേഷം വീണ്ടും സുശീലൻസാറിനെ കാണുവാൻ ഡിപ്പാർട്ടുമെന്റിലെത്തി. അപ്പോഴാണ് ദാരുണമായ സംഭവം നടന്നത്. ഡിപ്പാർട്ടുമെന്റിലെ ഒരു വിദ്യാർത്ഥിനിയെ മാനഭംഗപ്പെടുത്താൻ സുശീലൻ സാർ ശ്രമിച്ചു. സംഭവം വൻ വിവാദമായി. സുശീലൻസാറിനെ പിടിച്ച് ലോക്കപ്പിലിട്ടു. മാധ്യമങ്ങൾ ആഘോഷിച്ചു. എല്ലാത്തിനും ഒടുവിൽ സുശീലൻ ലോക്കപ്പിലായി.

കർണ്ണൻ വിനീതഭാവത്തോടെ പോലീസ്സ്റ്റേഷനിലെ ലോക്കപ്പിനു മുന്നിലെത്തി. അവിടെ ലോക്കപ്പിനുള്ളിൽ ചെറിയൊരു കൗപീനം മാത്രമുടുത്തു കിടക്കുന്ന സുശീലൻ.

ഗുരുവും ശിഷ്യനും അങ്ങനെ തന്നെ അല്പസമയം മുഖാമുഖം നോക്കിനിന്നു. മൗനത്തെ മുറിച്ചുകൊണ്ട് കർണ്ണൻ തിരക്കി: "ഇത്രയും പരിചയമുണ്ടെന്ന് പറഞ്ഞ സാറിന് എങ്ങനെ ഇങ്ങനെയൊരബന്ധം പറ്റി.?"

"ബലാൽസംഗങ്ങൾ എത്രനടത്തിയെന്നു പറഞ്ഞിട്ടും ഒരു കാര്യവുമില്ല." സുശീലൻ പറഞ്ഞു. "പിടിക്കപ്പെടുമ്പോഴാണ് നമ്മുടെ കഴിവ് ചുറ്റുമുള്ളവർ അറിയുന്നത്. ഇന്ന് എല്ലാ പത്രങ്ങളിലും ടി.വി. ചാനലുകളിലും ഞാനല്ലേ ഹീറോ." എനിക്ക് ശക്തമായ ലിംഗവും പുരുഷത്വവുമുണ്ടെന്ന് സമൂഹം മുഴുവനും ഒരാഘോഷം പോലെയറിഞ്ഞില്ലേ?"

കർണ്ണൻ സമാധാനമൊന്നും പറയാൻ കഴിയാതെ നിന്നു. അപ്പോൾ സുശീലൻ സാറ് പറഞ്ഞു. "ഇനി ആ പ്രബന്ധം ഞാൻ തന്നെ പ്രസിദ്ധീകരിച്ചുകൊള്ളാം. കർണ്ണൻ ബലാൽസംഗത്തെ സാഹിത്യവശത്തെപ്പറ്റി മറ്റൊരു പ്രബന്ധമെഴുതിക്കൊള്ളൂ."

കർണ്ണൻ അല്പസമയം കൂടി വിവിധവികാരങ്ങളോടെ സുശീലൻ സാറിനെ നോക്കിനിന്നു. പിന്നെ ഒന്നും പറയാതെ അവിടെനിന്നും തിരിഞ്ഞ് നിശ്ശബ്ദം നടന്നു. അപ്പോൾ എവിടെ നിന്നെല്ലാമോ ബലാൽസംഗം ചെയ്യപ്പെടുന്ന സഹജീവികളുടെ രോദനം കർണ്ണന്റെ കാതുകളിൽ എത്തിക്കൊണ്ടിരിക്കുന്നു.

5

ക്യാമറ

ചിത്രങ്ങളും കാഴ്ചകളും പാട്ടും കഥയുമെല്ലാം വിനീഷിന് ഇഷ്ട മാണ്. സിനിമകൾ ആവേശത്തോടെ കണ്ടു. ടെലിവിഷനിലെ വൈവിദ്ധ്യ മുള്ള കാഴ്ചകൾ കൗതുകമൊതുക്കി നിരീക്ഷിച്ചു. കുത്തിക്കുറിക്കുന്ന കൊച്ചു കവിതകളും ചെറുകഥകളും വരയ്ക്കുന്ന ചിത്രങ്ങളും 'ചിറക്' എന്ന ബ്ലോഗിൽ പോസ്റ്റ് ചെയ്തു.

വിനിഷിന്റെ അച്ഛൻ രമേശൻ നായർ ഒരു ണയൻ-ഡി ക്യാമറ മേ ടിച്ചു. ഇഷ്ടമുള്ളതെല്ലാം പകർത്തിക്കൊള്ളുവാൻ പറഞ്ഞ് രമേശൻ നായർ ക്യാമറ വിനീഷിന് നൽകി.

കൈയിൽകിട്ടിയ ക്യാമറകൊണ്ട് ഒരു ഡോക്യുമെന്ററി എടുക്കുവാൻ വിനീഷ് നിശ്ചയിച്ചു. ദാരിദ്ര്യത്തേയും ഇല്ലായ്മയേയും തോൽപ്പിച്ച് മികച്ച ബാലതാരത്തിനുള്ള ദേശീയപുരസ്കാരം നേടിയ നോയലിനെപ്പറ്റി തന്നെ യായിരിക്കണം ഡോക്യുമെന്ററിയെന്നും ഉറപ്പിച്ചു.

ഗാന്ധി നിവാസ് കോളനിയിലാണ് നോയൽ താമസിക്കുന്നത്. അവൻ പഠിക്കുന്നത് സ്ഥലത്തെ ഗവൺമെന്റ് സ്കൂളിലാണ്. വിനീഷ് പഠി ക്കുന്നത് നഗരത്തിലെ ഏറ്റവും മുന്തിയ ഇംഗ്ലീഷ് മീഡിയം സ്കൂളിലും. നോയലിന്റെ അമ്മ വിനീഷിന്റെ വീട്ടിൽ ഇടയ്ക്കൊക്കെ അടുക്കളപ്പണിക്കും മറ്റുമായി വരുമായിരുന്നു. അമ്മയോടൊപ്പം വിനീഷിന്റെ വീട്ടിലെത്തുന്നത് നോയലിന് വലിയ ഇഷ്ടമായിരുന്നു. ആ കാഴ്ചയാണ് അവരെത്തമ്മിൽ സുഹൃത്തുക്കളാക്കിയത്. സിനിമയിലഭിനയിച്ച് ദേശീയപുരസ്കാരവും പ്രശ സ്തിയും നേടിയെങ്കിലും വിനീഷിനുചുറ്റും ഇല്ലായ്മയുടെ കഷ്ടതകളാണുള്ളത്.

ഡോക്യുമെന്ററിയിൽ അവതരിപ്പിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാ ണെന്ന് മനസ്സിൽ ഒരു രൂപരേഖയുണ്ടാക്കി. ആദ്യംകാണിക്കേണ്ടത് ഗാന്ധി നിവാസ് കോളനി. ആ കോളനിയിലുള്ള കുടിലുകൾ. ആ കുടിലുകളിലെ മനുഷ്യരുടെ ജീവിതം. ഡോക്യുമെന്ററി ചിത്രം പിടിക്കുന്നതറിഞ്ഞ് ഓടിവ രുന്ന നോയൽ. അവനെപ്പറ്റിത്തന്നെയാണ് ചിത്രമെന്നറിയുമ്പോൾ മുഖത്ത് വിടരുന്ന ആശ്ചര്യം. നോയലിന്റെ വീട്. അമ്മ, അച്ഛൻ തുടങ്ങിയവരുടെ പ്രതി കരണങ്ങൾ. പ്രകൃതിയോടും സഹജീവികളോടുമുള്ള അവന്റെ കാരുണ്യം.

പഠിക്കുന്ന സ്കൂൾ, സ്കൂളിലെ സഹപാഠികൾ, അധ്യാപകർ. സിനിമയോടും ഇതരകലകളോടുമുള്ള അവന്റെ മനോഭാവം. നോയലിന് ദേശീയപുരസ്കാരം നേടിക്കൊടുത്ത സിനിമയുടെ സംവിധായകൻ സിദ്ധാർത്ഥ് ശിവയുമായുള്ള അഭിമുഖം. കുറഞ്ഞനാളുകൊണ്ട് സിദ്ധാർത്ഥ് ശിവയും നോയലും തമ്മിലുണ്ടായ ആത്മബന്ധം.എല്ലാറ്റിനുമൊടുവിൽ പ്രാരാബ്ദങ്ങളുടെ ഭാണ്ഡവും പേറി ജീവിതത്തോട് ഒരുപിടി സ്വപ്നങ്ങളുമായി മല്ലടിക്കുന്ന നോയൽ. നല്ല ദൃശ്യങ്ങളും ഉചിതമായ വിവരണവും കോർത്തിണക്കിയാൽ 'ക്യാമറ' എന്ന് പേരിടുവാൻ ഉദ്ദേശിച്ചിരിക്കുന്ന ഡോക്യുമെന്ററി നന്നാവുകതന്നെ ചെയ്യുമെന്ന് വിനീഷിന്റെ മനസ്സ് ആവേശത്തോടെ പറഞ്ഞുകൊണ്ടിരുന്നു.

പ്രഭാതത്തിൽതന്നെ ക്യാമറയുമായി വിനീഷ് ഗാന്ധിനിവാസ് കോളനിക്കുമുന്നിലെത്തി. അതിന്റെ മുന്നിൽ സ്ഥാപിച്ചിരിക്കുന്ന ഗാന്ധിജിയുടെ പ്രതിമ വിവിധ വീക്ഷണ ദിശകളിൽനിന്ന് ക്യാമറയിലേക്ക് ഒപ്പിയെടുത്തു. നീലാകാശത്തുകൂടി ചിലച്ചുകൊണ്ടു പറന്നുപോകുന്ന വെള്ള കൊറ്റികളെ ക്യാമറയിലേക്ക് പകർത്തി. അടുത്തടുത്ത് സ്ഥിതിചെയ്യുന്ന സൗന്ദര്യമില്ലാത്ത വീടുകൾ. അതിന്റെ അസൗകര്യങ്ങൾ കണക്കിലെടുക്കാതെ ഓടിക്കളിക്കുന്ന കുട്ടികൾ. വൃത്തിഹീനമായി മാലിന്യങ്ങൾ കൂമ്പാരം കൂട്ടിയിരിക്കുന്നു. അതിന്റെ മുകളിൽനിന്ന് മാലിന്യങ്ങൾ കൊത്തിവലിക്കുന്ന കാക്കകൾ. മലിനജലമൊഴുകുന്ന ചാല്. അതിലേക്ക് പന്ത് എടുക്കുവാൻ ഇറങ്ങുന്ന നാലഞ്ച് കുട്ടികൾ.... തുടങ്ങിയവയെല്ലാം വേഗം തന്നെ ക്യാമറയിലേക്ക് പകർത്തി. മാലിന്യങ്ങളുടേയും മലത്തിന്റെയും രൂക്ഷഗന്ധം പകർത്താൻ കഴിയില്ലല്ലോ എന്നാലോചിച്ചു. മനസ്സിൽ തന്നെ അതിനുള്ള പരിഹാരവും കണ്ടെത്തി. ഒരാൾ മാലിന്യക്കൂമ്പാരങ്ങളെനോക്കി അസ്വസ്ഥതയോടെ മൂക്കുപൊത്തിയാൽ രൂക്ഷഗന്ധത്തിന്റെ സാന്നിദ്ധ്യം കാഴ്ചക്കാർക്കും ബോധ്യമാകും.

'വിനീഷ്' എന്ന് ശബ്ദത്തിൽ വിളിച്ചുകൊണ്ട് അങ്ങ് ദൂരെനിന്നും ഓടിവരുന്ന നോയൽ. ക്യാമറ അങ്ങോട്ടുതിരിച്ച് നോയലിന്റെ ഓട്ടം ചിത്രീകരിക്കുകയാണ് വിനീഷ്. ഓട്ടത്തിനിടയിൽ ഒരുകല്ലേൽ ചവിട്ടി തെന്നി നോയൽ ഇടുങ്ങിയവഴിയിലേക്ക് വീണു. വിനീഷ് അതെല്ലാം അങ്ങനെതന്നെ ചിത്രീകരിച്ചു. നോയൽ പിടഞ്ഞെഴുന്നേറ്റ് ശരീരത്തിൽ പറ്റിയ അഴുക്കുകൾ തട്ടിക്കളഞ്ഞ് വീണ്ടും ഓടിവരികയാണ്.

നോയൽ കിതച്ചുകൊണ്ട് വിനീഷിന്റെ അടുത്തെത്തി. വിനീഷ് ക്യാമറയിൽ രേഖപ്പെടുത്തിയ ദൃശ്യങ്ങൾ നോയലിനു കാണിച്ചുകൊടുത്തു. "നീ വലിയൊരു സംവിധായകനാകും. ഈ ദൃശ്യങ്ങൾക്കൊക്കെ എന്തൊരു ഭംഗിയാ". നോയൽ പറഞ്ഞു. "നീയൊരു സംവിധായകനായിട്ടുവേണം എനിക്ക് നായകനായിട്ട് അഭിനയിക്കാൻ".

വിനീഷ് ചിരിച്ചുകൊണ്ടുപറഞ്ഞു. "നിന്നെ ഞാൻ വില്ലനേ ആക്കുകയുള്ളൂ."

"അതെന്താ നീ അങ്ങനെപറഞ്ഞത്" നോയൽ ആകാംക്ഷയോടെ തിരക്കി.

"നിനക്ക് സ്ത്രീവിഷയങ്ങളിൽ അൽപ്പം താല്പര്യം കൂടുതലല്ലേ?" വിനീഷ് തുടർന്നു. "സിനിമയിലെ നായികയെ റെയിപ്പ് ചെയ്യുന്നത് വില്ലനാ. നായകൻ ചുമ്മാ നോക്കിനിന്നതിനുശേഷം വില്ലനിട്ട് രണ്ട് ഇടികൊടുക്കും. അത്രതന്നെ".

"നീയെന്നെ അത്തരക്കാരനായിട്ടാണോ കാണുന്നത്?" നോയൽ ചോദിച്ചു. "ന്യൂജനറേഷൻ സിനിമയിലെല്ലാം നായകൻതന്നെയല്ലേ വില്ലൻ?"

അവർ അങ്ങനെ ഓരോന്ന് സംസാരിച്ചുകൊണ്ട് നോയലിന്റെ വീട്ടിലേക്ക് നടന്നു. വൃത്തി തീരെയില്ലാത്ത വഴികളിലൂടെയും വീടുകളുടെ മുന്നിലൂടെയും നടന്നപ്പോൾ വിനീഷിന് വല്ലായ്ക തോന്നി.

"ഇങ്ങനെയും കുറെ മനുഷ്യർ ജീവിക്കുന്നുണ്ട്". നോയൽ പറഞ്ഞു "വിനീഷേ നീയൊക്കെ ജീവിക്കുന്നത് ഭൂമിയിലെ സ്വർഗ്ഗത്തിലാ. എങ്ങനെയെങ്കിലും കുറെ പണമുണ്ടാക്കിയിട്ടുവേണം ഇവിടെനിന്നും മാറിതാമസിക്കുവാൻ".

അവർ നടന്ന് നോയലിന്റെ വീട്ടിലെത്തി. മറ്റു കുടിലുകളുമായി താരതമ്യം ചെയ്യുമ്പോൾ നോയലിന്റെ വീട് വളരെ ഭേദപ്പെട്ടതാണ്. അല്പ്പം ഉയർന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന ആ വീട്ടിൽനിന്നു നോക്കിയാൽ ചേരിയിലെ കുറെയധികം വീടുകൾ കാണാം. പലവീടുകളിലേയും അടുപ്പുകളിൽ വിറകുകത്തിക്കുന്നതിന്റെ പുകയുയർന്ന് അന്തരീക്ഷത്തിൽ ലയിച്ചു നിൽക്കുന്നു.

"നിന്റെ അമ്മയും അച്ഛനും?" വിനീഷ് ആകാംക്ഷയോടെ തിരക്കി.

"അച്ചൻ ജോലിക്ക് പോയതാ. ഇന്നലെ പോയിട്ട് തിരിച്ചുവന്നില്ല. ഇനി നാളെയേ വരൂ. അമ്മ രാവിലെതന്നെ പെങ്ങളുടെ അടുത്തുപോയി. അവൾക്ക് രണ്ടു ദിവസമായിട്ട് പനിയാ. നോയൽ പതിഞ്ഞ ശബ്ദത്തിൽ പറഞ്ഞു.

"അച്ഛൻ, അമ്മ,പെങ്ങൾ എല്ലാവരുടേയും സാന്നിദ്ധ്യംകൂടി എന്റെ ഡോക്യുമെന്ററിയുടെ ഭാഗമായിരുന്നു". വിനീഷ് പറഞ്ഞു.

ഒരു സ്ത്രീയുടെ അലമുറയിട്ടുള്ളകരച്ചിൽ പിന്നെ വാക്കുകൾക്ക് വ്യക്തത വരാത്ത ആക്രോശം.... അത് പുളിച്ച തെറിക്ക് വഴിമാറുകയാണ്. ബഹളം കേട്ടപ്പോഴേ കാര്യമെന്താണെന്ന് നോയലിന് മനസ്സിലായി. അവൻ വിനീഷിനേയുംകൂട്ടി വീടിനുള്ളിലേക്കു കയറി. അസൗകര്യങ്ങളുടെ നടുവിൽ വിനീഷ് വല്ലായ്മയോടെ നിന്നു.

"അപ്പുക്കണ്ണൻ ആ സ്ത്രീയെ ഉപദ്രവിക്കാൻ ശ്രമിക്കുന്നതാ". നോയൽ തണുത്ത ശബ്ദത്തിൽപറഞ്ഞു. "അയാളൊരു മൃഗമാണ്. മറ്റുള്ളവരെ ഉപദ്രവിക്കുന്നതും അവരുടെ വിഷമതകൾ കാണുന്നതും വലിയ സന്തോഷമാ".

അല്പ്പം തുറന്ന ജനാലയിലൂടെ വിനീഷ് പുറത്തേക്കുനോക്കി. കുടിലിനു മുന്നിൽനിന്ന് അലമുറയിട്ടു കരയുന്ന സ്ത്രീയെ കണ്ടു. അവരുടെ രണ്ടുകണ്ണുകളും കലങ്ങി ചുമന്നിരിക്കുന്നു. ആ കണ്ണുകളിൽ കണ്ണുനീരില്ല.

എണ്ണമയമില്ലാത്ത തലമുടി പാറിപ്പറന്നു കിടക്കുന്നു. മുഷിഞ്ഞമുണ്ടും കീറിത്തുടങ്ങിയ ബ്ലൗസുമാണ് വേഷം. വിനീഷ് ജനാലയിലൂടെ ആ സ്ത്രീയുടെ രൂപം ക്യാമറയിൽ പകർത്തി. അപ്പോൾ അവന്റെ മനസ്സു പറഞ്ഞു 'ഒരു ചേരിയുടെ ആത്മാംശമുള്ള പരിച്ഛേദം. ഡോക്യുമെന്ററി നന്നാവുകതന്നെ ചെയ്യും. നോയലിനെ ലോകം പുത്തൻ മനോഭാവത്തോടെ കാണുകയുംചെയ്യും.'

സ്ത്രീ ഭർത്താവിനോട് പരാതിപറയുകയും കോപിച്ച് അലമുറയിടുകയുമാണ്. "മുഖത്ത് മീശയുംവെച്ച് ആണാണെന്നു പറഞ്ഞുനടന്നിട്ട് കാര്യമില്ല. എന്നെയും മകളെയും സംരക്ഷിക്കാനുള്ള ചുണവേണം. ഇവിടുത്തെ പൊറുതി ഇനി തുടരാനാവില്ല. പ്രാണനും മാനത്തിനും അല്പ്പമെങ്കിലും സുരക്ഷിതത്ത്വമുള്ള എവിടേക്കെങ്കിലും പോകാം".

ഒരു പുരുഷൻ ആ കുടുലിനുള്ളിൽ നിന്നും പുറത്തേക്കു വന്നു. ദാരിദ്ര്യം ചെറുതായി ചിത്രപ്പണിനടത്തിയ രൂപം. മുഖത്തെ രോമങ്ങൾ കുറ്റിച്ച് നിൽക്കുന്നു. മുഷിഞ്ഞ കാവിമുണ്ടും കീറിയചുമന്ന ബനിയനുമാണ് വേഷം. അയാൾ ഭാര്യയുടെ കണ്ണുകളിലേക്ക് വല്ലായ്മയോടെ നോക്കി. അപ്പുക്കണ്ണൻ അവരെ ശ്രദ്ധിച്ച് തെല്ല് മാറി മറ്റൊരു കുടിലിന്റെ മൂലയിൽ നിൽക്കുകയാണ്. വിനീഷ് ആ ദൃശ്യങ്ങളെല്ലാം ക്യാമറയിൽ പകർത്തിക്കൊണ്ടിരുന്നു. ക്യാമറയിൽ അപ്പുക്കണ്ണനെ രേഖപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അയാൾ കാർക്കിച്ച് നിലത്തേക്കുതുപ്പി. നോയൽ പതിഞ്ഞ ശബ്ദത്തിൽ വിനീഷിനെ പിന്തിരിപ്പിക്കാനായി പറഞ്ഞു. "നീയിപ്പോൾ കാണിക്കുന്നത് വലിയ അപകടമാ. അപ്പുക്കണ്ണനെങ്ങാനും കണ്ടാൽ ക്യാമറയും കാണില്ല. ജീവനും കാണില്ല".

"നീ മിണ്ടാതിരുന്നാൽ മതി. നമ്മളിവിടെയുള്ള വിവരം ആർക്കുമറിയില്ല" വിനീഷ് പതിഞ്ഞ ശബ്ദത്തിൽ പറഞ്ഞു. പുരുഷൻ രണ്ടും കല്പിച്ച് അപ്പുക്കണ്ണന്റെ അടുത്തേക്കു വേഗത്തിൽ നടന്നു. ചുറ്റുമുള്ളവർ ഭീതിയൊതുക്കി നോക്കി നിൽക്കുകയാണ്. അപ്പുക്കണ്ണൻ പുച്ഛത്തോടെ നാലുചുറ്റും കണ്ണോടിച്ചു.

"ഉപദ്രവിക്കരുത്. ഞങ്ങളും ജീവിച്ചുകൊള്ളട്ടെ" കൈകൾകൂപ്പി പുരുഷൻ കെഞ്ചി "എന്റെ മോള്, അവൾ ചെറിയ കുട്ടിയല്ലേ. അവളെ ഉപദ്രവി ക്കരുത്".

പുരുഷൻ കൈകൾകൂട്ടി കെഞ്ചി സംസാരിക്കുന്നതിനിടയിൽ അപ്പുക്കണ്ണൻ കാലുയർത്തി അയാളുടെ നെഞ്ചിൻകൂടിൽ ചവിട്ടി. മുഷ്ടിചുരുട്ടി മൂക്കിനിട്ട് ഇടിച്ചു. ഒരു രോദനത്തോടെ നിലത്തേക്കുവീണ പുരുഷനെ അപ്പുക്കണ്ണൻ ചവിട്ടിക്കൊണ്ടിരുന്നു. മൂക്കിലൂടെയും വായിലൂടെയും രക്തമൊലിച്ച് അയാൾ അർദ്ധപ്രാണനായിക്കിടന്നു.

സ്ത്രീ അലറിക്കരഞ്ഞുകൊണ്ട് അവിടേക്കുചെന്നു. "എന്റെ ഭർത്താവിനെ ഒന്നുംചെയ്യരുതേ" എന്ന് ദീനശബ്ദത്തിൽ പറഞ്ഞു.

സ്ത്രീയുടെ മുടിക്ക് പിടിച്ച് അപ്പുക്കണ്ണൻ ഒരുവട്ടം കറക്കി. എന്നിട്ട് പതിഞ്ഞ ശബ്ദത്തിൽ പറഞ്ഞു. "മൂത്തുനരച്ച് നാറിയ നിന്നെ ആർക്കു

വേണടീ. അടങ്ങിയൊതുങ്ങിക്കഴിഞ്ഞാൽ പ്രാണൻ ശരീരത്തിൽ കാണും. നിന്നെയൊക്കെ കൊന്നുതള്ളുന്നത് കറിയിൽനിന്നും കറിവേപ്പില എടുത്തു കളയുന്നതുപോലെയേ ഉള്ളൂ". സ്ത്രീയുടെ ബ്ലൗസ് അയാൾ വലിച്ചുകീറി യെറിഞ്ഞു. അവരുടെ നഗ്നമായ മാറിടത്തിലേക്ക് കാർക്കിച്ചുതുപ്പി. അവളെ പിടിച്ച് അടുത്തുള്ള അഴുക്കു ചാലിലേക്കുതള്ളി.

വിനീഷ് ശ്വാസമടക്കി എല്ലാം ക്യാമറയിൽ പകർത്തുകയാണ്. അവനു പിന്നിൽ നിർവികാരതയോടെ നോയൽ നിന്നു.

അപ്പുക്കണ്ണൻ അവരുടെ കുടിലിനുള്ളിലേക്കു കയറി. അവരുടെ ആറുവയസ്സുള്ള മകളെ തോളിലെടുത്തിട്ടു പുറത്തേക്കുവന്നു. ആ കുട്ടി ഭയ ന്നുവിറച്ച് കരയുകയാണ്. കുടിലിനുള്ളിൽനിന്നും പുറത്തേക്കു തലയിട്ട് എത്തിനോക്കിയവർ തലപിൻവലിച്ച് കുടിലുകൾക്കുള്ളിലേക്ക് ഒതുങ്ങി.

അഴുക്കുചാലിൽനിന്നും തപ്പിത്തടഞ്ഞ് കയറിവന്ന സ്ത്രീ ഭർത്താ വിനെ നിലത്തുനിന്നും ഉയർത്താൻ ശ്രമിച്ചു. കഴിയാതെവന്നപ്പോൾ അയാ ളുടെ തലയെടുത്തു മടിയിൽവച്ചു. അവരുടെ തൊണ്ടയിൽനിന്നും ഹൃദയ ഭേദകമായ രോദനം ഉയർന്നുകൊണ്ടിരുന്നു. ആ രോദനത്തിന് പ്രതിധ്വനി യെന്നപോലെ അപ്പുക്കണ്ണന്റെ കൂരയിൽനിന്നും അവരുടെ മകളുടെ ദീന രോദനവും കേൾക്കാം.

വിനീഷ് തെല്ലു ദൂരെയുള്ള ഗാന്ധിപ്രതിമയുടെ നേർക്ക് ക്യാമറ തി രിച്ചു. ക്യാമറ അങ്ങനെ നിശ്ചലമാക്കി നിറുത്തിയപ്പോൾ രോദനത്തിന്റെ ശബ്ദങ്ങൾ അതിൽ രേഖപ്പെടുത്തിക്കൊണ്ടിരുന്നു. വിനീഷ് ക്യാമറ ഓഫാ ക്കി. വല്ലായ്മയോടെ അങ്ങനെതന്നെ കുറെ സമയം നിന്നു. അവിടെനിന്നും പുറത്തേക്കിറങ്ങി മുന്നോട്ടുനടന്നു. നോയൽ നിശ്ശബ്ദനായി വിനീഷിന് പിന്നാലെ നടന്നു.

അവർ നടന്ന് ഗാന്ധിപ്രതിമയുടെ അടുത്തെത്തി. വിനീഷ് ആ പ്രതി മയെ ഒരുവട്ടംകൂടി നോക്കി. അപ്പോൾ ചിലമ്പിച്ച ശബ്ദത്തിൽ നോയൽ പറഞ്ഞു. "സ്വാതന്ത്ര്യം സമ്പത്തുള്ളവർക്കും സൗകര്യങ്ങൾ ഉള്ളവർക്കും മാത്രമുള്ളതാണ്. ഈ കോളനിയിൽ അല്ലെങ്കിൽ ഇതുപോലുള്ള കോളനി കളിൽ ആർക്കാണ് സ്വാതന്ത്ര്യമുള്ളത്?".

"എന്റെ പെങ്ങൾ ഈ കോളനി കണ്ടിട്ടേയില്ല. എനിക്കെന്റെ പെങ്ങളെ കാണുവാനും അവളോടൊപ്പം കളിക്കാനും കഴിയാറില്ല" നോയൽ വിതുമ്പൽ അടക്കിപറഞ്ഞു. ഇന്നു നീ കണ്ടില്ലേ അതുപോലെ പിച്ചിചീന്തു മെന്നുള്ളതുകൊണ്ടാ ഇവിടേക്ക് കൊണ്ടുവരാത്തത്. ഞങ്ങൾക്ക് സമാധാ നമായി ജീവിക്കാനുള്ള അന്തരീക്ഷം സൃഷ്ടിച്ചു തരുവാൻ ആർക്കാണ് കഴിയുക".

"ടെലിവിഷൻ ചാനലുകളിലും സിനിമയിലും മാത്രമാണ് ഞാനി തുപോലുള്ള ക്രൂരത കണ്ടിട്ടുള്ളത്. എങ്ങനെയാണ് മനുഷ്യർക്ക് ഇതുപോ ലെയുള്ള ക്രൂരത ചെയ്യുവാൻ കഴിയുന്നത്?" വിനീഷ് ചോദിച്ചു.

ജീവിതത്തെപ്പറ്റി, അതിന്റെ ദുരന്താവസ്ഥയെപ്പറ്റിയെല്ലാം സംസാരിച്ചുകൊണ്ട് അവർ നടന്നു. ഒരു നദിക്കു മുകളിലുള്ള പാലത്തിലെത്തിയപ്പോൾ വിനീഷ് നടത്തം നിറുത്തി. നോയൽ അസ്വസ്ഥനായി നിൽക്കുന്ന വിനീഷിനെ ശ്രദ്ധിച്ചു. അവനെ സമാധാനിപ്പിച്ചുകൊണ്ട് പറഞ്ഞു: "ജീവിതം ടെലിവിഷനിലെ സീരിയലുപോലെയോ സിനിമപോലെയോ ആണ്. തെല്ലുമുമ്പ് നീ കണ്ടതെല്ലാം അതിലെ ഒരു കാഴ്ചയായി പരിഗണിച്ചാൽമതി".

നോയൽ പാലത്തിന്റെ ഒരുവശത്തേക്കു നടന്നു. കൈയിലിരുന്ന ക്യാമറ നദിയിലെ ജലത്തിലേക്കിട്ടു. വല്ലായ്മ ഒതുക്കിനിൽക്കുന്ന വിനീഷിനോടു പറഞ്ഞു: "മനുഷ്യദുരിതങ്ങൾ ക്യാമറയിൽ പകർത്തുന്നത് എനിക്കിഷ്ടമല്ല."

അവർക്കിടയിൽ നിശ്ശബ്ദത മുറവിളികൂട്ടിക്കൊണ്ടിരുന്നു.

6

സ്ത്രീ:ചിന്ത, രാഷ്ട്രീയം, ലൈംഗികത ഒരു സംവാദം

ഭാരതീയ സ്ത്രീ സുന്ദരിയാണ്, സുശീലയാണ്. ചാരിത്രവതിയും ഭർത്താവിനെ മാനിക്കുന്ന കുടുംബിനിയുമാണ്. സ്ത്രീക്ക് കാല്പനിക പരിവേഷം നൽകിയപ്പോൾ പല വിശേഷണങ്ങളും ഭൂഷണമായി ലഭിച്ചു. കാര്യത്തിൽ മന്ത്രിയും കർമ്മത്തിൽ ദാസിയും രൂപത്തിൽ ലക്ഷ്മിയും ശയനമുറിയിൽ ശ്രേഷ്ഠ വേശ്യയുമായി.

ഫെമിനിസം വിപുലമായ സാഹിത്യസിദ്ധാന്തമായി വളർന്നു. ഭരണഘടനയിൽ സ്ത്രീകൾക്ക് പ്രത്യേക അധികാരങ്ങളും അവകാശങ്ങളും എഴുതിചേർത്തു. തൊഴിൽ മേഖലയിൽ പുരുഷനുതുല്യ സ്ഥാനംനൽകി. വോട്ടവകാശം സ്ത്രീക്കും പുരുഷനും തുല്യപ്രാധാന്യത്തോടെ നൽകി. വിവാഹപ്രായത്തിന്റെ കാര്യത്തിൽ സ്ത്രീക്ക് പതിനെട്ടുവയസ്സും പുരുഷന് ഇരുപത്തിയൊന്ന് വയസ്സും കുറഞ്ഞ പ്രായമായി നിശ്ചയിച്ചു. എന്തുകൊണ്ടാണ് ഇങ്ങനെ ഒരു വിവേചനം നടന്നതെന്നതിനെക്കുറിച്ച് ആരെങ്കിലും ചിന്തിക്കുകയോ വേവലാതിപ്പെടുകയോ ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ തന്നെ അതിനെ നിസ്സാരവൽക്കരിക്കുന്ന മൗനമാണ് സംഭവിച്ചിട്ടുള്ളത്.

മുസ്ലീം സമുദായത്തിലെ സ്ത്രീകളുടെ വിവാഹപ്രായം പതിനാറാക്കണമെന്ന വാദവുമായി ആ സമൂഹത്തിലെ ഒരു വിഭാഗം രംഗത്തുവരുകയുണ്ടായല്ലോ? അതിന്റെ പശ്ചാത്തലത്തിൽ നടന്ന ഒരു സംവാദം ഉത്തരം കിട്ടാത്ത നിരവധി ചോദ്യങ്ങളിലാണ് അവസാനിച്ചതത്രേ.

കൊച്ചിയിൽവെച്ചു നടക്കുന്ന തുറന്ന സംവാദത്തിൽ ജീവിതത്തിന്റെ വിവിധ തുറകളിൽപ്പെട്ട അഞ്ചുപേരാണ് പങ്കെടുക്കുന്നത്. സംവാദം കാണുവാനായി എത്തിയവർക്ക് അതിനൊടുവിൽ സംവാദത്തിൽ അഭിപ്രായങ്ങൾ നിരത്തി ഇടപെടാവുന്നതാണ്. സംവാദം സംഘടിപ്പിച്ചിരിക്കുന്നത് ലോ കോളെജിലെ വിദ്യാർത്ഥികളാണ്. ലൈവായി സംവാദം പ്രക്ഷേപണംചെയ്യാനായി ഓണം, മലയാളി വാർത്ത തുടങ്ങിയുള്ള ടെലിവിഷൻ ചാനലിലെ ജേർണലിസ്റ്റുകൾ എത്തിയിട്ടുണ്ട്.

സംവാദത്തിൽ പങ്കെടുക്കുന്നവർ; സാമൂഹ്യപ്രവർത്തകനായ ഭാസുര ചന്ദ്രൻ, പ്രസിദ്ധ സിനിമാതാരം ആഷിഷ്, സാഹിത്യകാരനായ രവി പ്രസാദ്, ഓട്ടോറിക്ഷ ഡ്രൈവറായ രാജപ്പൻ, വിദ്യാർത്ഥി നേതാവായ അരുൺ ഗോപാൽ എന്നിവരാണ്. സംവാദം നിയന്ത്രിക്കുന്നത് പ്രമുഖ മോഡലായ നിഷാപ്രഭയാണ്. ആഡിറ്റോറിയത്തിൽ വിവിധ പ്രായത്തിലും തൊഴിൽ മേഖലയിലുംപെട്ട സ്ത്രീപുരുഷന്മാരെക്കൊണ്ട് നിറഞ്ഞിരുന്നു.

സംവാദത്തിൽ പങ്കെടുക്കുന്ന ഓരോരുത്തരെയായി നിഷാപ്രഭ സദസ്സിന് പരിചയപ്പെടുത്തി. സംവാദത്തിന്റെ ലക്ഷ്യത്തെപ്പറ്റി ചുരുക്കിപ്പറഞ്ഞു. “സമൂഹത്തിനുള്ളിലും നിയമത്തിനു മുന്നിലും സ്ത്രീക്ക് തികഞ്ഞ അംഗീകാരമുണ്ടെന്നു പറയുമ്പോഴും കോരനു പിന്നെയും കഞ്ഞി കുമ്പിളിൽ തന്നെ എന്നു പറയുന്നതുപോലെ പീഡനവും പാർശ്വവൽക്കരണവും തുടർന്നുകൊണ്ടേയിരിക്കുന്നു. ഈ അവസ്ഥയിലേക്ക് സമൂഹത്തിന്റെ കണ്ണ് തിരിക്കാനും സ്ത്രീക്ക് ന്യായമായ പ്രാമുഖ്യം ലഭിക്കുന്നതിനുമായിട്ടാണ് ലോകോളെജ് വിദ്യാർത്ഥികൾ ഈ സംവാദം സംഘടിപ്പിച്ചിരിക്കുന്നത്. സംവാദത്തിൽ പങ്കെടുക്കുന്ന ഓരോരുത്തരും അവരവരുടെ അഭിപ്രായങ്ങൾ വളരെ ചുരുക്കി പറഞ്ഞതിനുശേഷം ചൂടുള്ള സംവാദത്തിലേക്ക് പ്രവേശിക്കാം. ആദ്യമായി സാമൂഹ്യപ്രവർത്തകനായ ഭാസുരചന്ദ്രൻ സംസാരിക്കുന്നതാണ്.”

ഭാസുരചന്ദ്രൻ തികഞ്ഞ ആർജ്ജവത്തോടെ പറഞ്ഞുതുടങ്ങി. “സ്ത്രീ രത്നമാണ്. അവളെ പരിരക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ട ചുമതല സമൂഹത്തിനും പുരുഷനുമുണ്ട്. സ്ത്രീകൾക്കുനേരെ അനുദിനം നടന്നുവരുന്ന അതിക്രമങ്ങൾ ദാരുണവും നീചവുമാണ്. എല്ലാക്കാലത്തും സ്ത്രീകൾക്കു നേരെ ആക്രമണങ്ങളും പീഡനങ്ങളും നടന്നിട്ടുണ്ട്. ഈ കാലഘട്ടത്തിൽ മാധ്യമങ്ങൾ അവയെല്ലാം കൊണ്ടാടുന്നതുകൊണ്ട് പൊതുസമൂഹം അറിയുന്നെന്നുമാത്രം. അധികാരത്തിന്റെ വിവിധ മേഖലകളിൽ സ്ത്രീകൾക്ക് സംവരണം നൽകിയതോടെ അവരും മുഖ്യധാരയിലേക്ക് പ്രവേശിച്ചു തുടങ്ങി. കുടുംബം ഒരു നല്ല നിർമ്മിതിയാണ്. ആ നിർമ്മിതിയുടെ ചുക്കാൻ എന്നും സ്ത്രീകളുടെ കൈകളിലാണ്. അതുകൊണ്ടാണ് പൂമുഖ വാതിൽക്കൽ സ്നേഹം വിടർത്തുന്ന പൂന്തിങ്കളായി ഗായകഭാവന സ്ത്രീയെ കല്പ്പിച്ചിരിക്കുന്നത്. സ്ത്രീകൾ അനുദിനം അനുഭവിക്കുന്ന പീഡനങ്ങളെക്കുറിച്ചു മാത്രമേ നമ്മൾ ചർച്ച ചെയ്യുന്നുള്ളൂ. അവരുടെ പ്രാധാന്യത്തെക്കുറിച്ച്, സാധ്യതകളെക്കുറിച്ച് ആരെങ്കിലും ചിന്തിക്കാറുണ്ടോ? വിദ്യാഭ്യാസത്തിൽ, വസ്ത്രധാരണത്തിൽ, തൊഴിൽമേഖലയിൽ, ഭക്ഷണക്രമത്തിൽ എല്ലാം സ്ത്രീകൾക്ക് പുരുഷനൊപ്പം സ്വാതന്ത്ര്യമുള്ളതിനെപ്പറ്റി ആരെങ്കിലും ചിന്തിക്കാറുണ്ടോ? അനാവശ്യമായ വിവാദങ്ങളല്ല ഉള്ളതിനെ നീതിപൂർവ്വം വിലയിരുത്തുവാനുള്ള ആർജ്ജവമാണ് വേണ്ടത്.”

‘‘ഭാസുരചന്ദ്രന്റെ അഭിപ്രായങ്ങൾ നമ്മൾ കേട്ടുകഴിഞ്ഞു.’’ നിഷാപ്രഭ പറഞ്ഞു. “ഇനി നമുക്ക് പ്രസിദ്ധ സിനിമാതാരം ആഷിഷിന്റെ

അഭിപ്രായങ്ങൾ കേൾക്കാം. ധീരോദാത്തരായ നിരവധി പുരുഷ കഥാപാത്രങ്ങൾക്ക് തിരശ്ശീലയിൽ ജീവൻ നൽകിയ പ്രതിഭ കൂടിയാണ് ആഷിഷ്."

"പൊതുവെ സമൂഹം പുരുഷ മേൽക്കോയ്മയിൽ അധിഷ്ഠിതമാണ്. തലമുറകളിലൂടെ കടന്നുവന്ന ഈ ആധിപത്യത്തെ ഒറ്റ ദിവസംകൊണ്ട് തച്ചുടയ്ക്കാനാവുമെന്ന് തോന്നുന്നില്ല. വർത്തമാനകാല കേരളത്തിൽ വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയ മേഖലകളിൽ സ്ത്രീകൾക്ക് പ്രഖ്യാപിത വിലക്കുകളില്ല. ലൈംഗികമായുണ്ടാകുന്ന അരാജകത്വത്തിന്റെ പേരിൽ സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്നു എന്നത് യാഥാർത്ഥ്യമായി നിൽക്കുമ്പോൾ തന്നെ അവർക്ക് പ്രതികരിക്കുവാനും പ്രതിഷേധിക്കുവാനും നീതി ലഭിക്കുവാനുമുള്ള വേദികൾ ഇന്ന് ഏറെയാണ്. മാധ്യമസാക്ഷരതയിലൂടെ മുന്നേറുന്ന ഒരു സ്ത്രീസമൂഹത്തെയാണ് ഇനി നമ്മൾക്ക് ആവശ്യം. സ്ത്രീ വിമോചന പ്രസ്ഥാനമായ ഫെമിനിസം വരെ ഇന്ന് സൈബർ ഫെമിനിസത്തിൽ എത്തിനിൽക്കുകയാണല്ലോ."

"ആഷിഷിന്റെ അഭിപ്രായങ്ങൾക്ക് താല്കാലിക വിരാമമിടാം" നിഷാപ്രഭ ഉത്സാഹത്തോടെ തുടർന്നു. ഇനി നമ്മൾക്ക് സാഹിത്യകാരനായ രവി പ്രസാദിന്റെ അഭിപ്രായങ്ങൾ ആരായാം."

"മനോഹരമായൊരു പുഷ്പം. അതിലെ തേൻ നുകരുവാനെത്തുന്ന പ്രാണികൾ, വണ്ടുകൾ, തേനീച്ചകൾ തുടങ്ങിയവ പുഷ്പത്തെ നശിപ്പിക്കുകയല്ല അതിന്റെ സാധ്യതകൾ പ്രകൃതി നിയമത്തിനനുസരിച്ച് ആരായുകയാണ്. സ്ത്രീശരീരം സുന്ദരമാണ്. വികാരം ഊഷ്മളമാണ്. അത് സാഹിത്യത്തിന് വൈവിദ്ധ്യമുള്ള സൃഷ്ടികൾ നിർമ്മിക്കുവാനുള്ള അസംസ്കൃത വസ്തുവാണ്. ശരീരഭാഷയിൽ, ശരീരശാസ്ത്രത്തിൽ, ശരീര നിർമ്മിതിയിലെല്ലാം സ്ത്രീപുരുഷ വ്യത്യാസം വിലമതിക്കേണ്ടതാണ്. സ്ത്രീ അബലയും പുരുഷൻ പ്രബലനുമാണ്. സ്ത്രീ ലാസ്യവതിയും പുരുഷൻ താണ്ഡവ പ്രകൃതിയുള്ളവനുമാണ്. സംഘർഷമാണ് ഓരോ സാഹിത്യകൃതിയുടെയും നിർമ്മിതിക്കാസ്പദം. ഈ പശ്ചാത്തലത്തിൽ സ്ത്രീയും പുരുഷനും തമ്മിലുള്ള വ്യത്യസ്തതയിലൂടെ, ചേർച്ചയില്ലായ്മയിലൂടെ സംഘർഷം രൂപീകരിക്കുകയാണ് ഓരോ സാഹിത്യകൃതിയും ചെയ്യുന്നത്. ജീവിതത്തിന്റെ പ്രതിഫലനമാണ് സാഹിത്യം. പ്രകൃതിനിയമമനുസരിച്ച് സ്ത്രീക്കും പുരുഷനും തുല്യത അസാധ്യമാണ്. നിയമത്തിലൂടെയും ബോധപൂർവ്വമായ ബോധനത്തിലൂടെയും തുല്യത കൊണ്ടുവരുവാനുള്ള ശ്രമം തുടരാം. ഇത്രയും പറയുമ്പോൾ എന്നെ ഒരു സ്ത്രീവിരുദ്ധനായി കാണരുത്. സത്യാന്വേഷിയായ എഴുത്തുകാരനായി കണ്ടാൽ മതി."

രവി പ്രസാദിനെ കൂടുതലൊന്നും പറയാനനുവദിക്കാതെ സംവാദത്തിൽ പങ്കെടുക്കുവാൻ എത്തിയിരുന്ന പൊതുജനം കൂവി. 'ഓണം', 'വാർത്ത', 'മലയാളി' തുടങ്ങിയ ടെലിവിഷൻ ചാനലുകൾ ജനങ്ങളുടെ പ്രതികരണങ്ങൾ ആവേശത്തോടെ പകർത്തിക്കൊണ്ടിരുന്നു. പ്രതിഷേധക്കാരെ നിയന്ത്രിക്കാൻ ശ്രമിച്ചുകൊണ്ട് അവതാരികയായ നിഷാപ്രഭ രംഗത്തുവന്നു.

"അഭിപ്രായങ്ങൾ അഭിപ്രായങ്ങൾ മാത്രമാണ്. അത് വ്യക്തിനിഷ്ഠമാണ്. രവി പ്രസാദിന്റെ അഭിപ്രായങ്ങൾ അദ്ദേഹത്തിന്റേതുമാത്രമാണ്. ജീവിതത്തെ വൈകാരികതയിൽ ചാലിച്ച് സംഘർഷഭരിതമായി അവതരിപ്പിക്കുന്ന എഴുത്തുകാരന്റെ മനോഭാവം കൂടിയായി ഈ അഭിപ്രായത്തെ കാണാവുന്നതാണ്." നിഷാപ്രഭ പ്രതിഷേധക്കാരെ ശാന്തമാക്കിക്കൊണ്ട് തുടർന്നു. "നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങൾ പറയാനുള്ള അവസരമുണ്ട്. ഇപ്പോൾ നമ്മൾക്ക് ഓട്ടോ ഡ്രൈവറായ രാജപ്പന്റെ അഭിപ്രായങ്ങൾ ശ്രദ്ധിക്കാം."

"എന്റെ അഭിപ്രായത്തിൽ സ്ത്രീ രാജ്ഞിയാണ്. ലോകത്തെ നിയന്ത്രിക്കുന്നതുതന്നെ സ്ത്രീകളാണ്. ചരിത്രത്തിലേക്ക് കണ്ണോടിച്ചപ്പോൾ ലോകത്തുണ്ടായിട്ടുള്ള പല മഹായുദ്ധങ്ങളുടെയും പിന്നിൽ ബുദ്ധിയും സൗന്ദര്യവുമുള്ള സ്ത്രീയാണുള്ളത്. വൻ ചാരപ്രവർത്തനങ്ങൾ, കൊടിയ അഴിമതികൾ തുടങ്ങിയവയുടെ പിന്നിലും സ്ത്രീസാന്നിദ്ധ്യമല്ലേ ഉള്ളത്. ഒരു രാഷ്ട്രത്തിന്റെ, സമൂഹത്തിന്റെ ഏറ്റവും അടിസ്ഥാന യൂണിറ്റായ കുടുംബത്തിലേക്കുവരാം. ആരാണ് കുടുംബം നിയന്ത്രിക്കുന്നത്?. സവിശേഷ ബുദ്ധിയുള്ള സ്ത്രീകൾ സ്നേഹംകൊണ്ടും സഹനംകൊണ്ടും പുരുഷനെ നിയന്ത്രിച്ച് നിറുത്തി അവർക്കിഷ്ടമുള്ളതുപോലെ കാര്യങ്ങൾ നടത്തുന്നു. സ്ത്രീകൾക്ക് യാതൊരു തെളിവുമില്ലാതെ ഏതൊരു പുരുഷനെതിരെയും പരാതികൊടുക്കുവാനുള്ള നിയമമുണ്ട്. നിയമത്തിന്റെ മുഴുവൻ സംരക്ഷണവും സ്ത്രീക്ക് അവകാശപ്പെട്ടതാണ്. ഈ പശ്ചാത്തലത്തിൽ സ്ത്രീസ്വാതന്ത്ര്യത്തെ പറ്റിയുള്ള ചർച്ചകൾക്ക് പ്രസക്തിയേയില്ല.

"നന്ദി മിസ്റ്റർ രാജപ്പൻ. സ്ത്രീകളെ പറ്റിയുള്ള താങ്കളുടെ അഭിപ്രായം ഇതുവരെ നടന്ന അഭിപ്രായപ്രകടനങ്ങളിൽനിന്നും വളരെ ഭിന്നമായിരുന്നു." നിഷാപ്രഭ പറഞ്ഞു.

ആഡിറ്റോറിയത്തിൽ സംവാദം ശ്രദ്ധിച്ചുകൊണ്ടിരുന്നവരുടെ ഭാഗത്തുനിന്നും ചില പ്രതിഷേധങ്ങൾ ശക്തമായി ഉയർന്നുവന്നു. സ്ത്രീകളുടെ വിവാഹ പ്രായത്തെപ്പറ്റിയുള്ള ചർച്ചയിൽ അതിനെപ്പറ്റിയുള്ള ഒരു പ്രതിപാദനവും സംവാദത്തിൽ പങ്കെടുത്തവരുടെ ഭാഗത്തുനിന്നും ഉണ്ടാവാത്തതിനാലാണ് പ്രതിഷേധമുയർന്നത്.

"ഇവിടെ കൂടിയിരിക്കുന്ന ഓരോരുത്തർക്കും അഭിപ്രായങ്ങൾ പറയുവാനുള്ള അവസരം നൽകുന്നതാണ്. വളരെ സജീവമായി മുന്നേറുന്ന ഈ സംവാദത്തെ തകർക്കരുതെന്ന് അഭ്യർത്ഥിക്കുന്നു. ഇനി സംസാരിക്കുവാനുള്ളത് വിദ്യാർത്ഥി നേതാവായ അരുൺ ഗോപാലാണ്. സ്ത്രീകളുടെ വിവാഹപ്രായത്തെപ്പറ്റി അരുൺ ഗോപാൽ തീർച്ചയായും അഭിപ്രായം പറയുമെന്ന് പ്രതീക്ഷിക്കുന്നു. യുവത്വമുള്ള അഭിപ്രായങ്ങൾ നിരത്തുന്നതിനായി ശ്രീ അരുൺ ഗോപാലിനെ ക്ഷണിക്കുന്നു." നിഷാപ്രഭ ഊർജ്ജസ്വലതയോടെ പറഞ്ഞു നിർത്തി.

“ഇന്ത്യയിൽ ശൈശവ വിവാഹം നടക്കുന്നത് മുസ്ലീം സമുദായ ത്തിനിടയിൽ മാത്രമല്ല. ഹിന്ദു ക്രിസ്ത്യൻ സമുദായങ്ങൾക്കിടയിലും വ്യാപ കമായി ശൈശവ വിവാഹം നടക്കുന്നുണ്ട്. ഇപ്പോൾ ശൈശവ വിവാഹ ത്തിന്റെ ദുരന്തഭരിതമായ ഉത്തരവാദിത്വം ഒരു സമുദായത്തിനുമേൽ ചുമ ത്തുവാനുള്ള സംഘടിത ശ്രമമാണ് നടക്കുന്നത്. അതിനു നമ്മൾ ഉത്തരം നൽകേണ്ടത് പുതിയ നിയമത്തിലൂടെയാണ്. കുറഞ്ഞ വിവാഹപ്രായം സ്ത്രീക്ക് ഇരുപത്തിയൊന്നും പുരുഷന് ഇരുപത്തിനാലുമാക്കണം.” അരുൺ ഗോപാലിന്റെ അഭിപ്രായത്തെ പിൻതുണച്ചുകൊണ്ട് സംവാദത്തിൽ സംബ ന്ധിക്കാനെത്തിയവരുടെ ഭാഗത്തുനിന്നും നീണ്ടുനിന്ന കരഘോഷം ഉയർന്നു. വിദ്യാർത്ഥികൾ നൃത്തംവച്ചും ചൂളമടിച്ചും ആ അഭിപ്രായത്തെ പിൻതുണച്ചു. ആ പ്രതികരണങ്ങൾ ഒപ്പിയെടുക്കുവാൻ ചാനലുകാരും ശ്രമിച്ചുകൊണ്ടി രുന്നു. നിഷാപ്രഭ ഇടപെട്ട് രംഗം ഒരുവിധം ശാന്തമാക്കി. അരുൺ ഗോപാൽ ആത്മവിശ്വാസത്തോടെ തുടർന്നു. “വിദ്യാഭ്യാസമില്ലാത്ത, ദാരിദ്ര്യം നില നിൽക്കുന്ന, അന്ധവിശ്വാസമുള്ള, സാമൂഹ്യബോധമില്ലാത്ത, രാഷ്ട്രസ്നേ ഹമില്ലാത്തവരാണ് ശൈശവ വിവാഹത്തെ അംഗീകരിക്കുന്നത്. വിവാഹം മാത്രമല്ല ജീവിതം. സ്ത്രീകളെപ്പറ്റിയുള്ള പുരുഷന്മാരുടെ ആകുലതകൾ മാത്രമുള്ള തല്ല ജീവിതം. അതിനുമപ്പുറത്ത് ശാസ്ത്രപുരോഗതി, രാഷ്ട്രപു രോഗതി, ബൗദ്ധികവികാസം തുടങ്ങിയ ഒരുപാട് കാര്യങ്ങളുണ്ട്.”

“നമ്മൾ ഇവിടെ സംഘടിപ്പിച്ചിരിക്കുന്ന സംവാദം ശ്രദ്ധേയമായ ഒരു വഴിത്തിരിവിലേക്ക് എത്തിയിരിക്കുന്നു.'' നിഷാപ്രഭ ആവേശത്തോടെ പറഞ്ഞു. “ഇന്നുവരെ ആരും ചിന്തിക്കാത്ത രീതിയിൽ വിവാഹപ്രായം ഉയർത്തണമെന്നു പറഞ്ഞ അരുൺ ഗോപാലിന്റെ അഭിപ്രായം കേരളത്തിൽ മാത്രമല്ല ഇന്ത്യയിൽതന്നെ സജീവ ചർച്ചാ വിഷയമാകും. ഇനി നമുക്ക് ഇവിടെ കൂടിയിരിക്കുന്നവരുടെ അഭിപ്രായങ്ങൾ ആരായാം. ആദ്യമായി അഭി പ്രായം പറയുവാനായി യുവ കവയിത്രി സാവിത്രി തമ്പിയെ ക്ഷണിക്കുന്നു.

സാവിത്രി മൈക്ക് കൈയിൽ വാങ്ങിയതിനുശേഷം കൂസലില്ലായ്മ യോടെ നാലുചുറ്റും നോക്കി. ദീർഘമായൊരു നിശ്വാസത്തിനുശേഷം പറഞ്ഞുതുടങ്ങി. “ഈ ചർച്ചതന്നെ ശുദ്ധ അസംബന്ധമാണ്. സ്ത്രീകളുടെ വിവാഹപ്രായത്തെപ്പറ്റിയുള്ള അഭിപ്രായം ആരായേണ്ടത് സ്ത്രീകളോടു തന്നെയാണ്. വിദ്യാർത്ഥി പ്രതിനിധിയായ അരുൺ ഗോപാലൊഴിച്ച് ബാക്കി യെല്ലാവരും വിവാഹിതരും നാല്പതുകൾ പിന്നിട്ടവരുമാണ്. ബുദ്ധിക്കും ശരീ രത്തിനും വാർദ്ധക്യം ബാധിച്ച ഇവർക്ക് യുവതികളുടെ അവസ്ഥയെപ്പറ്റി പറയാൻ എന്ത് അവകാശമാണുള്ളത്.? ചർച്ചയുടെ അഥവാ സംവാദത്തിന്റെ വിഷയം സ്ത്രീകളുടെ വിവാഹപ്രായമാണ്. അവർ സംസാരിച്ചത് എന്തിനെ പറ്റിയാണ്? തോക്കില്ലാതെ വെടിവയ്ക്കുന്ന മുത്തശ്ശിക്കഥയിലെ കിഴവനെ പ്പോലെയാണ് അവരുടെ സംസാരം. ഇതുപോലെ അഭിപ്രായവും നിലപാ ടുമില്ലാത്ത പുരുഷന്മാരുടെ ലിംഗം ഛേദിക്കണമെന്നാണ് എന്റെ അഭിപ്രായം.”

സാവിത്രി തമ്പിയെ പറയാൻ അനുവദിക്കാതെ ശബ്ദമുയർത്തി മധ്യവയസ്ക്കനായ പീതാംബരൻ രംഗത്തുവന്നു. അവതാരികയായ നിഷാ പ്രഭയുടെ കൈയിൽ നിന്നും മൈക്ക് തട്ടിപ്പറിച്ചു. രോഷംകലർന്ന ശബ്ദത്തോടെ പീതാംബരൻ സംസാരിച്ചുതുടങ്ങി. “ഇറുകിയ ജീൻസും മുറുകിയ ടീ ഷർട്ടുമിട്ട് അവയവങ്ങൾ പെരുപ്പിച്ച് ഇളക്കിയാട്ടി നടക്കുന്ന സാവിത്രി കവയിത്രിയെ പോലെയുള്ളവർക്ക് പ്രദർശന രോഗത്തിന് ചികിത്സവേണം. കൃത്യസമയത്ത് ചികിത്സ തേടിയില്ലെങ്കിൽ വികാരവും കൈയൂക്കുമുള്ള പുരുഷന്മാർ കയറി യങ്ങ് കൈകാര്യം ചെയ്യും. പിന്നെക്കിടന്ന് തൊണ്ടപൊട്ടി രോദനം നടത്തിയിട്ടൊന്നും ഒരു കാര്യവുമില്ല.”

പിതാംബരൻ ഇത്രയും പറഞ്ഞു തീർന്നതും ആഡിറ്റോറിയത്തിനു നടുവിൽ നിന്നും എഴുന്നേറ്റുവന്ന ശാലിനിയെന്ന യുവതി അയാളുടെ കരണത്തിനിട്ട് അടിച്ചു. “സ്ത്രീയെ വെറും ശരീരമായും ഭോഗ ഉപകരണമായും കാണുന്ന നിന്നെപ്പോലെയുള്ള രോഗികളാണ് പ്രശ്നക്കാർ. അവർക്കാണ് ചികിത്സ ആവശ്യം.”

‘ഓണം’, ‘വാർത്ത’, ‘മലയാളി’ തുടങ്ങിയ ടെലിവിഷൻ ചാനലുകൾ അവിടെ നടക്കുന്ന സംഭവങ്ങൾ ലൈവായി പ്രക്ഷേപണം ചെയ്തുകൊണ്ടിരുന്നു. സംവാദം കേൾക്കാൻ വന്ന ഒരു വിഭാഗം ആകാംക്ഷയൊതുക്കി അതെല്ലാം നോക്കിനിന്നു. അല്പ്പസമയംകൊണ്ടുതന്നെ ഇരുവിഭാഗങ്ങളായി സ്ത്രീകളും പുരുഷന്മാരും ചേരിതിരിഞ്ഞു. വെല്ലുവിളികൾക്കും ചീത്ത വിളികൾക്കുമൊടുവിൽ ഉന്തുംതള്ളും തുടങ്ങി. നിഷാപ്രഭ ശബ്ദമുയർത്തി അവരോട് ശാന്തരായിരിക്കുവാൻ അപേക്ഷിച്ചു. “ഇത് വെറുമൊരു സംവാദം മാത്രമല്ലേ. നമ്മൾ തമ്മിൽ തല്ലിയതുകൊണ്ട് ഏതെങ്കിലും പ്രശ്നത്തിന് ശാശ്വതപരിഹാരമുണ്ടാകുമോ?”

ഉന്തിനും തള്ളിനുമിടയിൽപ്പെട്ട് സാവിത്രിയുടെ വസ്ത്രങ്ങൾ ഭാഗികമായി കീറി. വിവസ്ത്രയായ ശാലിനി നിലവിളിച്ചുകൊണ്ട് ആഡിറ്റോറിയത്തിന് പിൻഭാഗത്തേക്ക് ഓടി. ചാനലുകാർ വസ്ത്രംനഷ്ടപ്പെട്ട സ്ത്രീകൾക്കു ചുറ്റും വട്ടമിട്ട് നിന്ന് ചൂടുള്ള ദൃശ്യങ്ങൾ പകർത്തിക്കൊണ്ടിരുന്നു. പുരുഷന്മാർ പൂർണമായും സ്ത്രീകളെ ആക്രമിച്ചോടിച്ച് ആധിപത്യം പുലർത്തുന്ന ഒരു ഘട്ടം സംജാതമായി. അപ്പോഴേക്കും ഒരു വിഭാഗം പുരുഷന്മാർ സ്ത്രീകൾക്ക് പിൻതുണയുമായെത്തി. അവർ സ്ത്രീകളെ ആക്രമിക്കുന്ന പുരുഷന്മാരെ കൈകാര്യം ചെയ്തു തുടങ്ങി. സംവാദത്തിൽ പ്രധാന പങ്കുവഹിച്ച ഭാസുരചന്ദ്രൻ, ആഷിഷ്, രവി പ്രസാദ്, അരുൺ ഗോപാൽ തുടങ്ങിയവരെ ലോകോളെജിലെ വിദ്യാർത്ഥികൾ സുരക്ഷിതമായൊരിടത്തേക്ക് മാറ്റി. രാജപ്പൻ ആരുടേയും സഹായം സ്വീകരിക്കാൻ തയ്യാറാകാതെ അവിടെ നടക്കുന്ന അടിപിടി രസിച്ചു കണ്ടുകൊണ്ടിരുന്നു. നാലഞ്ച് വണ്ടികളിൽ പോലീസ് സ്ഥലത്തെത്തി. അടിപിടികൂടുന്ന പുരുഷന്മാരെ അവർ ലാത്തി വീശി പേടിപ്പിച്ച് ഓടിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു.

ഓട്ടോയിൽ കയറി അവിടെനിന്നും മെല്ലെ പോകുവാൻ തുടങ്ങിയ രാജപ്പന്റെ അടുത്തേക്ക് ഓണം ചാനലിലെ സുദേവനും ക്യാമറാമാനും എത്തി. "ഇവിടെ നടന്ന സംവാദത്തെയും അതിനുശേഷം നടന്നുകൊണ്ടിരിക്കുന്ന ഈ അടിപിടിയെയും പറ്റി താങ്കളുടെ അഭിപ്രായമെന്താ?" സുദേവൻ ചോദിച്ചു.

"സംവാദത്തിനിടയിൽ ഞാൻ പറഞ്ഞത് സത്യമാണെന്ന് വീണ്ടും തെളിഞ്ഞിരിക്കുന്നു. ഇപ്പോൾ പുരുഷന്മാർ തമ്മിൽ നടത്തുന്ന ഈ അടിപിടിക്കു പിന്നിലും സ്ത്രീകൾ തന്നെയല്ലേ? യഥാർത്ഥത്തിൽ പുരുഷന്മാർക്കാണ് സാക്ഷരത ആവശ്യം. സ്ത്രീയുടെ പേരിൽ വെറുതെ കലഹിച്ച് കഴിയാനുള്ളതല്ല ജീവിതമെന്ന് പറഞ്ഞുകൊടുക്കണം."

ഓട്ടോയിൽ വീണ്ടും മുന്നോട്ടു പോകുവാൻ തുടങ്ങിയ രാജപ്പനെ തടഞ്ഞു നിറുത്തിക്കൊണ്ട് സുദേവൻ തിരക്കി. "നിങ്ങൾ നല്ലൊരു താത്വികനെപ്പോലെയാണ് സംസാരിച്ചത്. യഥാർത്ഥത്തിൽ ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം നിർദ്ദേശിക്കാൻ നിങ്ങൾക്കു കഴിയുമോ? നിങ്ങളിപ്പോൾ എങ്ങോട്ടാണ് പോകുന്നത്?"

രാജപ്പൻ പുച്ഛത്തോടെ സുദേവനെ അടിമുടിയൊന്നുനോക്കി. ക്യാമറാമാനെ മാറ്റി നിറുത്തി സുദേവനെ ഓട്ടോയിൽ കയറ്റി ഓട്ടോ അല്പം മാറ്റിനിറുത്തി. "ചുമ്മാ ക്യാമറയും തൂക്കിപ്പിടിച്ച് ഇല്ലാത്ത പ്രശ്നങ്ങൾ സൃഷ്ടിച്ചും ഉള്ള പ്രശ്നങ്ങൾ പെരുപ്പിച്ചും ജീവിക്കാൻ നോക്കാതെ അന്തസ്സായി ആണത്തത്തോടെ സമൂഹത്തിൽ ജീവിക്കാൻ നോക്ക്." രാജപ്പൻ ഉറച്ച ശബ്ദത്തിൽ പറഞ്ഞു. "അപ്പോൾ സമൂഹത്തിലെ പകുതി പ്രശ്നങ്ങൾ തീരും. കലഹിക്കുന്ന സ്ത്രീകളെ കാണുമ്പോഴും സംഘർഷമുണ്ടാകുമ്പോഴും എന്റെ മനസ്സും ശരീരവും ചൂടുപിടിക്കും. അതു തണുത്തില്ലെങ്കിൽ ഞാൻ വല്ല അവിവേകവും ചെയ്തുപോകും."

ഒന്നും മനസ്സിലാകാതെ നോക്കിനിന്ന സുദേവന്റെ കണ്ണുകളിലേക്ക് നോക്കി രാജപ്പൻ പറഞ്ഞു. പണം കൊടുത്ത് സ്ത്രീയുടെ ശരീരവും സ്നേഹവും മേടിക്കാൻ പോകുകയാ." സുദേവന്റെ പിടലിക്ക് പിടിച്ച് തള്ളി താഴെയിട്ടിട്ട് രാജപ്പൻ ഓട്ടോ ഓടിച്ച് പോയി. പോകുന്നതിനിടയിൽ കാർക്കിച്ച് പുറത്തേക്കു തുപ്പി. പിന്നെ ആത്മഗതം പറഞ്ഞു. "സ്ത്രീ സ്വാതന്ത്ര്യം, വിവാഹപ്രായം, സാമൂഹ്യ നീതി... മണ്ണാങ്കട്ട...?"

7

തിരസ്കരിക്കപ്പെട്ട ചരിത്രം

കാറിന്റെ പിൻസീറ്റിലിരുന്ന് പകുതി താഴ്ത്തിയ ചില്ലിനു മുകളിലൂടെ വെളിയിലേക്ക് ഞാൻ നോക്കിക്കൊണ്ടിരുന്നു. മുഖത്തേക്ക് സമൃദ്ധമായി അടിച്ചുകൊണ്ടിരുന്ന കാറ്റിന്റെ സ്പർശം അങ്ങനെയേ ആസ്വദിച്ചു. കണ്ണിൽ പെടുന്ന വൃക്ഷങ്ങൾ, വീടുകൾ തുടങ്ങിയ എല്ലാ കാഴ്ചകളും പിന്നിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നതിനിടയിൽ മനസ്സും വർഷങ്ങൾക്ക് പിന്നിലേക്ക് പോയി. സംഭവബഹുലമായ ജീവിതത്തിലെ പല കാഴ്ചകളും അനുഭവങ്ങളും വ്യക്തരൂപം പ്രാപിക്കാതെ പ്രജ്ഞയുടെ തിരശ്ശീലയിൽ മറഞ്ഞു.

താല്കാലികമായി കെട്ടിയുണ്ടാക്കിയ പന്തലിലിരുന്ന് മുദ്രാവാക്യം മുഴക്കുന്ന തൊളിലാളികളെ കണ്ടപ്പോൾ, അവരുടെ ശക്തമായ മുദ്രാവാക്യങ്ങളുടെ ശബ്ദം കാതുകളിൽ പ്രതിധ്വനിച്ചപ്പോൾ, ചിന്തകൾ വ്യക്തമായൊരു ദിശയിലേക്കു തിരിഞ്ഞു.

കോൺഗ്രസ് പ്രവർത്തകനായ അച്ഛനോടൊപ്പം നടന്നുതീർത്ത ജാഥകൾ, ഇരുന്ന് മുദ്രാവാക്യം മുഴക്കിയ സത്യാഗ്രഹങ്ങൾ. ഗാന്ധിജിയുടെ നിർദ്ദേശപ്രകാരം നടത്തിയ നിയമനിഷേധങ്ങൾ. സാധാരണക്കാരന്റെ ബോധവൽക്കരണത്തിനായി സംഘടിപ്പിച്ച യോഗങ്ങളും പ്രസംഗങ്ങളും. എല്ലാത്തിന്റേയും അടിയിലെ പ്രേരകശക്തി രാജ്യത്തിന്റെ സ്വാതന്ത്ര്യമായിരുന്നു.

അവസാനം രാജ്യം സ്വതന്ത്രമായി. സ്വാതന്ത്രദിനപ്പുലരിയുടെ ആഘോഷങ്ങൾക്കിടയിലും എല്ലാം നഷ്ടപ്പെട്ട ചിലരുടെയെങ്കിലും ദു:ഖങ്ങൾ അറിയുവാൻ ചിലരെങ്കിലും ശ്രമിച്ചു. സ്വാതന്ത്ര്യസമരത്തിൽ വീരമൃത്യു വരിച്ച ബാലകൃഷ്ണന്റെ വിധവയെ ആശ്വസിപ്പിക്കുവാനെത്തിയ അച്ഛൻ, അവരുടെ മകളെ വിവാഹം കഴിക്കുവാൻ എന്നോട് പറഞ്ഞു.

ഒരു പറ്റം ദേശസ്നേഹികളുടേയും ചില ബന്ധുക്കളുടേയും സാന്നിദ്ധ്യത്തിൽ സാവിത്രിയുടെ കഴുത്തിൽ മംഗല്യമാല ചാർത്തി. ദേശീയപതാകയെ സാക്ഷിയാക്കി നടത്തിയ ആ വിവാഹത്തിന്റെ പ്രാർത്ഥനാഗാനം ദേശീയഗാനം തന്നെയായിരുന്നു.

വിവാഹത്തിരക്കുകൾ കഴിഞ്ഞ് ക്ഷണിക്കപ്പെട്ടവരും അഭ്യുദയകാംക്ഷികളും പോയിക്കഴിഞ്ഞപ്പോൾ അനുഗ്രഹത്തിനായി ഞങ്ങൾ അച്ഛന്റെ അടുത്തെത്തി. പാദങ്ങൾ തൊട്ടു നമസ്കരിച്ചു നിന്നപ്പോൾ അച്ഛൻ പറഞ്ഞു.

"നിങ്ങൾ സ്വാതന്ത്ര്യത്തിന്റെ ദമ്പതികളാണ്. മതാചാരങ്ങളിലോ മനുഷ്യാചാരങ്ങളിലോ കൊരുത്തിടുന്ന ഒരു ജന്മമായിരിക്കരുത് നിങ്ങളുടെ. നിങ്ങളുടെ സന്തതികളെ രാജ്യസ്നേഹികളായിവളർത്തുക." എന്റെ ചുമലിൽ കൈകൾവച്ച് വാത്സല്യത്തോടെ അച്ഛൻ തുടർന്നു രാജ്യത്തിന് ബ്രിട്ടീഷ്കാരിൽനിന്നുമേ സ്വാതന്ത്ര്യം ലഭിച്ചിട്ടുള്ളു. ദാരിദ്ര്യത്തിൽനിന്നും അജ്ഞതയിൽനിന്നും ഇവിടുത്തെ സാധാരണക്കാരന് ഇനിയും സ്വാതന്ത്ര്യം ലഭിച്ചിട്ടില്ല. അതവർക്ക് പകർന്നുകൊടുക്കുവാൻ ഇനിയുള്ള കാലം നീ യത്നിക്കണം. അതായിരിക്കണം നീ എനിക്കുതരുന്ന ദക്ഷിണ."

സാവിത്രിയുടെ കരങ്ങളിൽ പിടിച്ചുകൊണ്ട് അച്ഛൻ തുടർന്നു "ഭർത്താവിനെ നേർവഴിക്ക് നയിക്കേണ്ടതിന്റെ പൂർണ്ണ ഉത്തരവാദിത്വം നിന ക്കാണ്. തെക്കേപ്പറമ്പിന് മുകളിലുള്ള വീട് വെറുതെ കിടക്കുകയാണല്ലോ. നിങ്ങൾ അവിടെ താമസിച്ചുകൊള്ളു." താക്കോൽക്കൂട്ടം ഞങ്ങൾക്കുനേരെ നീട്ടിക്കൊണ്ട് തുടർന്നു. "അവിടെ മഹാത്മജിയുടെ പേരിൽ ഒരു സ്കൂൾ തുടങ്ങണം. സൗജന്യമായി കുട്ടികൾക്ക് വിദ്യ പകർന്നുകൊടുക്കണം. കഴി യുമെങ്കിൽ സാമ്പത്തികമായി വിഷമിക്കുന്നവർക്ക് സൗജന്യഭക്ഷണവും താമസവും ഏർപ്പെടുത്തണം."

കാലങ്ങൾ കടന്നുപൊയിക്കൊണ്ടിരുന്നു. അച്ഛൻ കാലയവനികയ് ക്കുള്ളിൽ മറഞ്ഞു. സ്വാതന്ത്ര്യസമരസേനാനിയായ കെ.എം.മേനോന്റെ പ്രതി മകൾ പലയിടത്തും അനാച്ഛാദനംചെയ്യപ്പെട്ടു. അദ്ദേഹത്തിന്റെ സ്വാതന്ത്ര്യ സമരസേനാനിയായ പുത്രനെ സമൂഹം ആദരിച്ചു. ഗവൺമെന്റു കൾ മാറി മറിഞ്ഞ് വന്നുകൊണ്ടിരുന്നു. ജനങ്ങളുടെ മനോഭാവങ്ങളിൽ കാതലായ വ്യതി യാനം സംഭവിച്ചുതുടങ്ങി. മതങ്ങൾ അവർക്കിടയിലെ ഏറ്റവും സ്വാധീനശ ക്തിയുള്ള ഒന്നായിത്തീർന്നു. സാംസ്കാരിക രാഷ്ട്രീയ സമ്മേളനങ്ങളിൽ മുൻ സ്വാതന്ത്ര്യസമരസേനാനിയായ എനിക്ക് അനർഹമായ സ്ഥാനങ്ങൾ ലഭിച്ചു തുടങ്ങി. രാഷ്ട്രീയക്കാരും മതനേതാക്കളും എന്റെ സൗഹൃദത്തി നായി മത്സരിച്ചു. കൃത്യമായ തീരുമാനങ്ങൾ എടുക്കുവാൻ കഴിയാത്ത എന്റെ സംശയമനോഭാവത്തെയും അവസരത്തിനൊത്ത് മാറുന്ന നിലപാടിനെയും ഉയർന്ന വ്യക്തിത്വത്തിന്റെ ഒരു ഭാഗമായി സമൂഹം അംഗീകരിച്ചു.

ചെറിയ തോതിൽ തുടങ്ങിയ സ്കൂളിന് ശാഖകൾ പലതായി. എന്റെ മക്കൾ പാശ്ചാത്യരാജ്യങ്ങളിലെ പെരുമയുള്ള സർവ്വകലാശാലകളിൽ പോയി വാണിജ്യതന്ത്രത്തിൽ ബിരുദങ്ങൾ സമ്പാദിച്ചു. സ്വാതന്ത്ര്യത്തിന്റെ ഭാഗ മായി തുടങ്ങിയ ചെറിയൊരു പ്രസിദ്ധീകരണം വളർന്ന് ഏറെ പ്രചാരമുള്ള ദിനപത്രമായി.

രാഷ്ട്രീയക്കാരുടേയും പ്രമുഖരുടേയും പ്രിയഭാജനമായ ഞാൻ അഴിമതിക്കാരനാണോ? പൊതുജനത്തിന്റേയും നിയമത്തിന്റേയും മുമ്പിൽ അന്യായമായി ഒന്നും ഞാൻ സമ്പാദിച്ചിട്ടില്ല.

മക്കൾ വളർന്നപ്പോൾ അവർ ബിസിനസ്സുകൾ ഏറ്റെടുത്തു. ഓരോ വർഷവും സാമ്പത്തിക അടിത്തറ വിപുലവും ശക്തവുമാക്കുവാൻ തന്ത്ര ങ്ങൾ മെനഞ്ഞുകൊണ്ടിരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നപേരിൽ അന്യസംസ്ഥാനങ്ങളിൽ കച്ചവടസൗധങ്ങൾ പടുത്തുയർത്തി. കൃത്രിമമായ വാർത്തകൾ തുടർച്ചയായി കൊടുത്ത് പത്രത്തിൽ നിന്നുമുള്ള വരുമാനം ക്രമാതീതമായി ഉയർത്തി. അവസരോചിതമായി പല ടെലിവിഷൻ ചാനലു കളും സ്വന്തമാക്കി. രാജ്യസ്നേഹം പറച്ചിലും ജനോപകാരപ്രദമായ യത്ന ങ്ങളും പത്രങ്ങളിലെ ലേഖനങ്ങളിലും മുഖപ്രസംഗങ്ങളിലുമായി ചുരുങ്ങി. കർഷകരുടെ ഉത്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുവാൻ വേണ്ടി തുട ങ്ങിയ ചെറിയ യൂണിറ്റ് വ്യവസായശാലകൾ ഇന്ന് അവരെ ചൂഷണം ചെയ്യുന്ന പടുകൂറ്റൻ ഫാക്ടറികളായി പരിണമിച്ചു.

നിർമ്മൽ തോണ്ടി വിളിച്ചപ്പോഴാണ് ഞാൻ ചിന്തകളിൽ നിന്നുമു ണർന്നത്. പാലസ് ഹില്ലിന്റെ താഴ്വാരത്തിൽ എത്തിയിരിക്കുന്നു. ഞങ്ങൾക്ക് അഭിമുഖമായി ഉയർന്നു നിൽക്കുന്ന പച്ചപ്പ് നിറഞ്ഞ കുന്ന് ചൂണ്ടിക്കാണി ച്ചുകൊണ്ട് ഞാൻ നിർമ്മലിനോട് പറഞ്ഞു. "ഇതാണ് പാലസ് ഹിൽ. ഏറെ ചരിത്രങ്ങൾ നിദ്രയിലാണ്ടുകിടക്കുന്ന സ്ഥലമാണിത്."

കാറിന്റെ ഡോർ തുറന്ന് പുറത്തേക്കിറങ്ങിയപ്പോൾ എനിക്കെന്റെ തൊണ്ണൂറ് വയസ്സ് പൂർണ്ണമായും അനുഭവപ്പെട്ടു. ഡ്രൈവർ വേഗം തന്നെ വാക്കിങ്സ്റ്റിക്ക് എന്റെ കൈയിൽ തന്നു. അത് ഭൂമിയിൽ അമർത്തികുത്തി നിർമ്മലിന്റെ അടുത്തേക്ക് ചെന്നു.

"ഗ്രാൻപാ ക്ഷീണിച്ചെങ്കിൽ നമ്മുക്ക് പ്രോഗ്രാം ക്യാൻസൽ ചെയ്യാം."

ഞാൻ മനസ്സിൽ കരുതി. അഞ്ചുവയസ്സുകാരൻ നിർമ്മൽ ഈ പ്രായ ത്തിൽ എങ്ങനെ യാഥാർത്ഥ്യത്തിന്റെ തലത്തിലെത്തി. കളിച്ചും ചിരിച്ചും കഴിയേണ്ട ബാല്യം ഇന്നത്തെ കുട്ടികൾക്ക് കൈമോശം വന്നിരിക്കുന്നുവോ?

"മോൻ കേട്ടിട്ടുണ്ടോ ആറും അറുപതും ഒരുപോലെയാണെന്ന്."

"അതുകൊണ്ടാണല്ലോ ഞാൻ ഗ്രാൻപായോടൊപ്പം വന്നത്." നിർമ്മൽ ഗൗരവത്തിൽ പറഞ്ഞു.

ആ ഗൗരവം എനിക്ക് ഏറെ കൗതുകമായി.

"ഞാനും മോനും കൂടി പാലസ് ഹില്ലിന്റെ മുകളിലേക്കു പോകുക യാണ്. അല്പം കഴിയുമ്പോൾ കരുതിയിരിക്കുന്ന ഭക്ഷണവുമായി നീ അവി ടേക്കു വരണം." ഞാൻ ഡ്രൈവറോട് പറഞ്ഞു.

നൂറ്റാണ്ടുകൾക്കു മുമ്പ് വെള്ളക്കാർ പാകിയ കരിങ്കല്ലുകൾ ഇളകി ത്തുടങ്ങിയ വഴിയിലൂടെ ഞാനും നിർമ്മലും പാലസ് ഹില്ലിന്റെ മുകളിലേക്കു നടന്നു തുടങ്ങി. "പണ്ടൊക്കെ പാലസ്ഹില്ലിന്റെ നിറുകയിലെത്താൻ എനിക്ക് അഞ്ചുമിനിറ്റ് മതിയായിരുന്നു. എന്റെ വിവാഹം കഴിഞ്ഞ് ഞാൻ സാവിത്രി ദേവിയെയും കൂട്ടി ആദ്യമായി കയറിയതും ഈ കുന്നാണ്."

"ഗ്രാൻപായുടെ ഹണിമൂൺ ഈ പാലസ്ഹില്ലിന്റെ മുകളിൽ വച്ചായിരുന്നുവോ?" നിർമ്മൽ തിരക്കി.

നിർമ്മലിന്റെ നിഷ്കളങ്കമായ ആന്വേഷണം കേട്ട് എനിക്ക് ചിരിയടക്കുവാൻ കഴിഞ്ഞില്ല. "ബ്രിട്ടീഷുകാർ ഇതിന്റെ മുകളിൽ വന്ന് കൊട്ടാരം പണിതപ്പോൾ മുതലാണ് ഇത് പാലസ്ഹില്ലായത്. അതിനുമുമ്പ് ഇതിന്റെ പേര് നാടുകാണി എന്നായിരുന്നു. ഇതിന്റെ മുകളിൽനിന്ന് നോക്കിയാൽ ഈ നാട് മുഴുവൻ കാണുവാൻ കഴിയും."

"എത്രകണ്ടാലും നമുക്കീ ഇന്ത്യയിലുള്ള സ്ഥലങ്ങളല്ലേ കാണാൻ കഴിയൂ." നിർമ്മൽ സംശയിച്ചു.

"യാത്രാസൗകര്യങ്ങൾ അത്രയൊന്നുമില്ലായിരുന്ന കാലത്ത്, മനുഷ്യർ പ്രകൃതിയെ ഇഷ്ടപ്പെടുകയും ആസ്വദിക്കുകയും ചെയ്തിരുന്ന കാലത്ത് അതൊരു വലിയ കാഴ്ചതന്നെയായിരുന്നു കുട്ടീ."

"ഗ്രാൻപാ മുമ്പ് പറഞ്ഞില്ലേ ഇവിടെ ചരിത്രം ഉറങ്ങുന്നുവെന്ന്. എന്തു ചരിത്രമാണിവിടെ ഉറങ്ങുന്നത്?"

"നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യചരിത്രം തന്നെ." നടന്നുകൊണ്ട് ഞാൻ പറഞ്ഞുതുടങ്ങി.

ബ്രിട്ടീഷുകാർ ഇവിടെവന്ന് കൊട്ടാരം പണികഴിച്ചതോടെ നാടുകാണി ഹിൽ പാലസായി. ഒരുപാടു ക്രൂരതയുടെ ചരിത്രം ഈ ഹിൽപാലസിനു പറയുവാനുണ്ട്. നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യസമര ചരിത്രം പോലും ഈ പ്രദേശത്തോട് ബന്ധപ്പെട്ടുകിടക്കുന്നു.

ആയിരത്തി എണ്ണൂറ്റി അമ്പതുകളിൽ വെല്ലസി ആൻഡ്രോസ് സായിപ്പ് ഇവിടെ ചെറിയൊരു കൊട്ടാരം പണിത് താമസവും ഭരണവും തുടങ്ങി. തന്ത്രശാലിയും ക്രൂരനുമായിരുന്നു ആറരഅടിയിലധികം ഉയരമുള്ള വെല്ലസി സായിപ്പ്. നിസ്സാരതെറ്റുകൾക്കു പോലും കടുത്ത ശിക്ഷവിധിച്ചിരുന്നു. ബ്രിട്ടീഷുകാർക്കെതിരെയുള്ള നീക്കങ്ങൾക്ക് കഴുമരം തന്നെയായിരുന്നു ശിക്ഷ.

വെല്ലസി സായിപ്പിന്റെ ആരാച്ചാരനായിരുന്നു വാണിയൻ. കാഴ്ചയിൽ പരുക്കൻ. വൃദ്ധരായ മാതാപിതാക്കളും എട്ട് മക്കളുമുള്ള വലിയ കുടുംബമായിരുന്നു വാണിയന്റേത്. ദാരിദ്ര്യമാണ് വാണിയനെ ആരാച്ചാരാകുവാൻ പ്രേരിപ്പിച്ചത്.

എട്ടുമക്കളിൽ ഒരാൾ മാത്രമാണ് ആൺതരിയായിട്ട് ഉണ്ടായിരുന്നത്. ഗോവർദ്ധനൻ. വാണിയാൻ ആരാച്ചാരനായതിൽ ഏറ്റവും കൂടുതൽ പ്രതിഷേധിച്ചത് ഗോവർദ്ധനനാണ്. മനുഷ്യജീവികളുടെ പ്രാണൻ എടുക്കുന്നതിനു പ്രതിഫലമായി കിട്ടുന്ന പണംകൊണ്ട് താൻ ഭക്ഷണം കഴിക്കുകയില്ലെന്ന് ഗോവർദ്ധനൻ തീർത്തു പറഞ്ഞു. അങ്ങനെ ഗോവർദ്ധനന്റെ കിടപ്പ് വീട്ടിലും ഭക്ഷണം പുറത്തുമായി.

ഭാരതീയരെ നിഷ്ക്കരുണം വെല്ലസി സായിപ്പിന്റെ ഉത്തരവനുസരിച്ച് തൂക്കികൊല്ലുന്നതിൽ ഗോവർദ്ധനൻ ഏറെ ദു:ഖിച്ചു. ഒരിക്കൽ വാണിയനുമായി വാക്കുതർക്കത്തിലേർപ്പെടുകയും അത് അടിപിടിയിൽ കലാശിക്കുകയും ചെയ്തു.

ഇന്നത്തെപോലെ അന്ന് വിനോദോപാധികൾ ഒന്നുമില്ല. എല്ലാ ആഴ്ചയിലും ക്ഷേത്രത്തിൽ കലാപരിപാടികൾ അരങ്ങേറിയിരുന്നു. ഗോവർദ്ധനന്റെ സംഗീതം അതിലെ പ്രധാന ഇനമായിരുന്നു.

ഒരിക്കൽ ഗോവർദ്ധനൻ പാടിക്കൊണ്ടിരുന്നപ്പോൾ അതിൽ മതിമറന്ന് നാടുവാഴി കണിപ്പിള്ളയുടെ മകൾ ലക്ഷ്മിക്കുട്ടി നൃത്തമാടി. അതോടെ ഗോവർദ്ധനന്റേയും ലക്ഷ്മിക്കുട്ടിയുടേയും രഹസ്യപ്രണയം വെളിവായി.

തന്റെ മകൾ ഗോവർദ്ധനുമായി പ്രണയത്തിലാണെന്ന വിവരമറിഞ്ഞ കണിപ്പിള്ള ജ്വലിച്ചു. കണിപ്പിള്ളയുടെ വിശ്വസ്ത സേവകൻ രാമയ്യർ അദ്ദേഹത്തിന്റെ കോപത്തെ അടക്കുവാൻ പറ്റിയ തന്ത്രങ്ങൾ ഉപദേശിച്ചു കൊടത്തു. വെല്ലസിപ്രഭുവിനെ സ്വാധീനിച്ച് ഗോവർദ്ധനനെതിരെ രാജ്യദ്രോഹ കുറ്റം ചുമത്തി വധിപ്പിക്കുക. രാമയ്യരുടെ ഉപദേശം കണിപ്പിള്ളയുടെ കോപത്തെ ശമിപ്പിച്ചു.

ഒരു രാത്രി ലക്ഷ്മിക്കുട്ടിയെയും കണ്ട് മടങ്ങും വഴി കടവിൽ തോണിയും കാത്ത് നിന്ന ഗോവർദ്ധനനെ വെള്ളപട്ടാളത്തിലെ ചിലർ ചേർന്ന് പിടിച്ചുകൊണ്ടുപോയി.

രാത്രിയിൽ വാണിയന്റെ വീട്ടിൽ വെല്ലസിപ്രഭുവിന്റെ ദൂതനെത്തി. പാലസ് ഹില്ലിലേക്ക് എത്രയും വേഗം എത്തുവാനായി വെല്ലസി കല്പിച്ചതായറിയിച്ചു.

രാത്രിയിൽ യാത്രയില്ല എന്ന യാത്രപറച്ചിലോടെ വാണിയാൻ വീട്ടിൽ നിന്നും ഇറങ്ങി. ദൂതന്റെ പിന്നാലെ തൂക്കുവെളിച്ചത്തിൽ നടന്നു തുടങ്ങി.

പാലസ്ഹില്ലിലെത്തിയ വാണിയാനെ വെല്ലസിപ്രഭുതന്നെ സ്വീകരിച്ചു. കൊട്ടാരത്തിനകത്തേക്ക് ക്ഷണിച്ചു. വെല്ലസിപ്രഭുവിന്റെ സ്നേഹപ്രകടനങ്ങൾ വാണിയാനെ വീർപ്പുമുട്ടിച്ചു.

വിഭവസമൃദ്ധമായ മേശക്കുമുന്നിൽ വെല്ലസി പ്രഭുവിനോടൊപ്പമിരുന്ന് വാണിയാൻ ഭക്ഷണം കഴിക്കുന്നത് ആദ്യമാണ്. ഭൃത്യന്മാർ ഭക്ഷണം വിളമ്പികൊടുത്തപ്പോൾ വെല്ലസിപ്രഭുതന്നെ വാണിയാന് മദ്യംപകർന്നു കൊടുത്തു. അവിടേക്ക് കണിപ്പിള്ളയും കടന്നുവന്നു. അവർ മൂന്നുപേരും മത്സരിച്ച് എന്നതുപോലെ ഭക്ഷണവും മദ്യവും കഴിച്ചു.

ഭക്ഷണത്തിന്റെ അവസാനം ഉന്മത്തനായ വാണിയാനോട് വെല്ലസിപ്രഭു പറഞ്ഞു. "ഈ രാത്രിയിൽതന്നെ ഒരു രാജ്യദ്രോഹിയെ കഴുവിലേറ്റണം." വാണിയാൻ മദ്യത്തിന്റെ ലഹരിയിലായിരുന്നതിനാൽ സധൈര്യം വെല്ലിസിപ്രഭുവിനോട് പറഞ്ഞു. രാത്രിയിൽ ഒരാളെ കഴുവിലേറ്റുകയോ?

അത് എന്റെ ധർമ്മത്തിനു ചേരുന്നതല്ല. പ്രഭുവിനറിയുമോ, ഓരോ പ്രാവശ്യവും കുരുക്ക് പച്ചമനുഷ്യന്റെ കഴുത്തിൽ ഇടുമ്പോഴും ഞാൻ അനുഭവിക്കുന്ന ആത്മവ്യഥ. പൂജനടത്തി പ്രാർത്ഥിച്ചിട്ടേ കൊലപാതകമെന്ന കർമ്മം ഞാൻ അനുഷ്ഠിക്കാറുള്ളൂ. കൊല്ലപ്പെടുന്നവന്റെ ആത്മാവിന് മോക്ഷം ലഭിക്കുവാനുള്ള പ്രാർത്ഥന. അത് നടത്തുന്ന എനിക്ക് ശാപം കിട്ടാതിരിക്കുവാനുള്ള പ്രാർത്ഥന.

വെല്ലസിപ്രഭു നിസ്സാരമായി പറഞ്ഞു. ഇത്രയുംകാലം ഓരോ കൊലയ്ക്കും മുമ്പ് വാണിയാർ പ്രാർത്ഥിച്ചിട്ടുണ്ടല്ലോ. ഇന്നൊരു ദിവസം അതൊഴിവാക്കാം. കൊടും രാജ്യദ്രോഹിയെയാണ് നിങ്ങൾ കഴുവിലേറ്റാൻ പോകുന്നത്.

വാണിയാൻ സ്ഥലകാലബോധം നശിച്ചവനെപ്പോലെ പൊട്ടിച്ചിരിച്ചു. ചിരിയുടെ അവസാനം ഹൃദയവ്യഥയോടെ പറഞ്ഞു. കൊടും രാജ്യദ്രോഹി! അവർ ഈ മാതൃരാജ്യത്തിന്റെ സ്വാതന്ത്രത്തിനുവേണ്ടി പൊരുതുന്നവരാണ്. വെല്ലസിയുടെ നേരെ വിരൽ ചൂണ്ടി വാണിയാൻ തുടർന്നു. നിങ്ങളാണ് നേരും നെറിയുമില്ലാത്ത രാജ്യദ്രോഹി.

വെല്ലസി ഉൾക്ഷോഭം നിയന്ത്രിച്ചുകൊണ്ട് ഇംഗ്ലീഷ് ചുവയുള്ള മലയാളത്തിൽ പറഞ്ഞു. മിസ്റ്റർ വാണിയാൻ, പറയുന്ന ജോലി ചെയ്യുന്നതിൽ നാം നിങ്ങൾക്ക് മാന്യമായ പ്രതിഫലം തരുന്നില്ലേ? അതുമല്ലെങ്കിൽ നാം കെട്ടിപ്പടുക്കുന്ന സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ സാരഥികളല്ലേ കണിപ്പിള്ളയും നീയുമൊക്കെ.

വാണിയാന്റെ കണ്ണുകൾ നിറഞ്ഞു. ഇടറുന്ന സ്വരത്തിൽ പറഞ്ഞു. “ഞാനീ പണിചെയ്യുന്നത് ഇഷ്ടമായിട്ടല്ല. കെട്ടുപ്രായത്തിൽ നിൽക്കുന്ന പെൺമക്കളെ ഓർത്തിട്ടാണ്. അവർകൂടി എന്നെ വെറുത്തുതുടങ്ങി. ഈ തൊഴിൽ തുടരുവാൻ ഇനി വയ്യ. നാളെവന്ന് എന്നെ ഈ തൊഴിലിൽ നിന്നും ഒഴിവാക്കണമെന്നു പറയുവാനിരിക്കുകയായിരുന്നു.”

വെല്ലസിപ്രഭു കണിപ്പിള്ളയെ നോക്കി. പിന്നെ ഉൾമുറിയിലേക്കു നടന്നു. അല്പം കഴിഞ്ഞ് ഒരു കിഴിയുമായി തിരിച്ചെത്തി. കിഴി വാണിയാനുനേരെ നീട്ടിക്കൊണ്ട് പറഞ്ഞു. ഇത് മുപ്പതു വെള്ളിനാണയങ്ങളാണ്. ഇത് സ്വീകരിച്ച് എത്രയും പെട്ടന്ന് കൊലനടപ്പാക്കണം.

മടിച്ചുനിന്നവാണിയന്റെ കൈപിടിച്ച് അതിൽ വെള്ളിനാണയങ്ങളുടെ കിഴി വെല്ലസിപ്രഭു വെച്ചുകൊടുത്തു.

വാണിയാൻ കിഴിയിലേക്കും ജ്വലിക്കുന്ന വെല്ലസിപ്രഭുവിന്റെ മുഖത്തേക്കും മാറിമാറി നോക്കി. പൂജയും പ്രാർത്ഥനയുമില്ലാതെ അവസാനത്തെ കൊല ഇന്നുഞാൻ നടത്തുകയാണ്. ഈ പണംകൊണ്ട് മകളുടെ വിവാഹം ഞാൻ നടത്തും. പ്രഭു ഒരുപകാരം ചെയ്യണം. പണിയെടുത്തു ജീവിക്കാൻ അല്പം മണ്ണ് തരപ്പെടുത്തണം.

വെല്ലസിപ്രഭു ക്ഷോഭത്തോടെ കല്പിച്ചു. “ആദ്യം കൊല നടക്കട്ടെ. ബാക്കിയെല്ലാം നാം പിന്നീട് തീരുമാനിക്കാം.”

വാണിയാൻ വെല്ലസിപ്രഭുവിനെ വണങ്ങി അവിടെനിന്നും തിരിഞ്ഞു നടന്നു.

ഉയർത്തിപ്പിടിച്ചിരിക്കുന്ന പന്തത്തിന്റെ വെളിച്ചത്തിൽ കഴുമരം വ്യക്തമായി വാണിയാൻ കണ്ടു. അതിനടുത്ത് എട്ടൊമ്പത് വെള്ളപ്പട്ടാളക്കാർ ചേർന്ന് കഴുമരത്തിൻ കീഴിലേക്ക് കറുത്ത തുണികൊണ്ടുമൂടിയ ഒരു മനുഷ്യരൂപത്തെ കൊണ്ടുവന്നു നിറുത്തി. അതിന്റെ കൈകൾ പിന്നിലേക്കു ബന്ധിച്ചിരുന്നു.

വാണിയാൻ കുടുക്കെടുത്ത് അയാളുടെ കഴുത്തിലിട്ടു. അന്ന് ആദ്യമായി വാണിയാന്റെ കൈകൾ വിറച്ചു. വിറയ്ക്കുന്ന കൈകൾകൊണ്ടുതന്നെ കയർവലിച്ച് കുടുക്ക് കഴുത്തിലുറപ്പിച്ചു. നടന്നുചെന്ന് കഴുമരത്തിന്റെ അങ്ങേത്തലയ്ക്കലെ തടികൊണ്ടുള്ള ലിവറിൽ വലിച്ചു. തട്ട് താഴേക്ക് പോകുന്നതിന്റെ ഘോരശബ്ദം വാണിയാന്റെ കാതുകളിൽ പ്രതിധ്വനിച്ചു.

ഒരു പ്രതികരണവുമില്ലാതെ ഒന്നു ശബ്ദിക്കുകയോ ചലിക്കുകയോ ചെയ്യാതെ അയാൾ നിശ്ചലം കഴുമരത്തിൽ തൂങ്ങിക്കിടന്നു. ഒന്നു വിറയാർന്ന് നിശ്ചലമാകുന്ന പെരുവിരലിനെനോക്കി അയാൾ മരിച്ചുവെന്നുറപ്പുവരുത്തിയതിനുശേഷം നെറ്റിയിലെ വിയർപ്പുതുടച്ചുകൊണ്ട് വാണിയാൻ തിരിഞ്ഞുനടന്നുതുടങ്ങി. നടക്കുന്നതിനിടയിൽ അരയിൽ ഭദ്രമായി വച്ചിരിക്കുന്ന വെള്ളിനാണയങ്ങൾ അവിടെത്തന്നെയുണ്ടെന്നുറപ്പുവരുത്തി.

എതിരെ ചൂട്ടുകറ്റയും മിന്നിച്ച് വരുന്നത് ആരെന്നറിയുവാൻ വാണിയാൻ സൂക്ഷിച്ചുനോക്കി. മിന്നിനിന്ന ജ്വാലകളുടെ വെളിച്ചത്തിൽ അവരെ തിരിച്ചറിഞ്ഞു. ഭാര്യയും മൂത്ത രണ്ടു മക്കളുമാണ് വരുന്നത്. വാണിയാൻ വേഗം തന്നെ അവരുടെ അടുത്തെത്തി.

ഭാര്യ വാണിയാനോട് കാര്യങ്ങൾ പറഞ്ഞു. രാത്രിയിൽ വീട്ടിലേക്കു വരുന്ന വഴിക്ക് ഗോവർദ്ധനനെ വെള്ളപ്പട്ടാളക്കാർ പിടിച്ചുകൊണ്ടുപോയി.

ഭാര്യയുടെ വാക്കുകൾ കേട്ട വാണിയാന്റെ പ്രജ്ഞയിൽ മിന്നൽപ്പിണരുകൾ പാഞ്ഞു. 'ഭഗവതി ചതിച്ചോ' എന്നുവിലപിച്ചുകൊണ്ട് വാണിയാൻ തിരിഞ്ഞ് കഴുമരത്തിന്റെ അടുത്തേക്ക് പാഞ്ഞു.

കഴുമരത്തിൽനിന്നും ഇറക്കി മൂടിയിട്ടിരിക്കുന്ന ജഡത്തിന്റെ മൂടി മെല്ലേ വലിച്ചുമാറ്റി. പന്തത്തിന്റെ അരണ്ടവെളിച്ചത്തിൽ വാണിയാൻ ജഡത്തെ തിരിച്ചറിഞ്ഞു. ഗോവർദ്ധനൻ.

തരിച്ചിരുന്നുപോയ വാണിയാൻ അലമുറയിട്ടുകരയുന്ന ഭാര്യയുടേയും മക്കളുടേയും മുഖത്തേക്കു നോക്കി. സ്വന്തം കൈപ്പത്തികൾ വിടർത്തി ആത്മനിന്ദയോടെ അതിലേക്കു നോക്കി.

അവിടെനിന്നും എഴുന്നേറ്റ് ഭ്രാന്തമായ ഭാവത്തോടെ വാണിയാൻ കൊട്ടാരത്തിലേക്ക കുതിച്ചു. കൊട്ടാരത്തിന്റെ കവാടത്തിലേക്ക് വെള്ളിനാണയങ്ങൾ വലിച്ചെറിഞ്ഞുകൊണ്ട് ഇടറിയ സ്വരത്തിൽ വിളിച്ചുപറഞ്ഞു. 'ഭാരതമാതാ കീ ജയ്.'

വെല്ലസിപ്രഭു ഉൾമുറിയിൽ നിന്നും പുറത്തേക്കുവന്ന് പരിഹാസത്തിൽ തിരക്കി. 'എന്താ കൂലി തികഞ്ഞില്ലേ?'

വാണിയാൻ ഹൃദയവേദനയെ തടഞ്ഞുനിർത്തുവാൻ കഴിയാതെ പറഞ്ഞു. വെള്ളക്കാർ നേരും നെറിയുമില്ലാത്തവരാണെന്ന് പലരു പറഞ്ഞപ്പോഴും, ഞാനിത്രയും പ്രതീക്ഷിച്ചില്ല. പുത്രഹത്യ നടത്തിയ ഈ അപരാധം പൊറുക്കുവാൻ ഏതു ശക്തിക്കാണു കഴിയുക.

"നിന്ന് പുലമ്പാതെ പുറത്തുപോകൂ വാണിയാൻ" വെല്ലസി ആജ്ഞാപിച്ചു.

"ഇല്ല നിന്റെ ജീവൻ കൊണ്ടേ ഞാൻ പുറത്തേക്കുള്ളൂ" എന്നു പറഞ്ഞ് വാണിയാൻ മുന്നോട്ടുകുതിച്ചു.

വെല്ലസി സേവകരോട് കല്പ്പിച്ചു. ഈ ഭ്രാന്തനെ പിടിച്ച് ബന്ധിക്ക്.

അവിടേക്ക് വാണിയാന്റെ ഭാര്യയും പെൺമക്കളും നിലവിളിച്ചുകൊണ്ട് എത്തി.

പെൺകുട്ടികളെ കണ്ട വെല്ലസിപ്രഭുവിന്റെ കണ്ണുകൾ വിടർന്നു. അവരെ കാമഭാവത്തോടെ അടിമുടി നോക്കി. പ്രഭു മെല്ലെ നടന്ന് അവരുടെ അടുത്തെത്തി. "രാജ്യസ്നേഹിയായ വാണിയാനു തരുവാൻ ഈ സഹായമേയുള്ളൂ." എന്നുപറഞ്ഞ് പെൺകുട്ടികളുടെ തുണിയുരിയുവാൻ തുടങ്ങി.

സർവ്വശക്തിയുമെടുത്ത് മുന്നോട്ടുകുതിക്കുവാൻ ശ്രമിക്കുന്ന വാണിയാനെ പ്രഭുവിന്റെ സേവകർ മർദ്ദിച്ച് ഒതുക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. വെല്ലസി ഉത്തരവിട്ടു. "പകുതിമരിക്കുന്നിടംവരെ അവനെ മുക്കാലിയിൽ കെട്ടി ചമ്മട്ടിയ്ക്കടിക്ക്."

മുക്കാലിയിൽ കിടന്ന് മർദ്ദനം കൊണ്ടുകൊണ്ടിരുന്ന വാണിയാൻ പ്രഭുവിന്റെ കൊട്ടാരത്തിൽനിന്നും തന്റെ മകളുടെ ദയനീയമായ വിലാപങ്ങൾ കേട്ടു.

ഒരു രാത്രിമുഴുവൻ ചമ്മട്ടിയടികൊണ്ട വാണിയാൻ രക്തം വാർന്ന് മനസ്സുതകർന്ന് മരിച്ചു.

വെല്ലസിപ്രഭുവിന്റെ ക്രൂരതയുടെയും നെറികേടിന്റേയും വാർത്തയറിഞ്ഞാണ് ഗ്രാമമുണർന്നത്. മറ്റൊന്നുമാലോചിക്കാതെ കൈയിൽ കിട്ടിയ പത്തലും മറ്റായുധങ്ങളുമായി ഗ്രാമീണർ വെള്ളക്കാർക്കെതിരെ പാഞ്ഞടുത്തു. വെള്ളപട്ടാളത്തിന്റെ തോക്കുകൾക്ക് ഏറെപ്പേർ ഇരയായി. വെള്ളക്കാർക്കെതിരെയുള്ള പോരാട്ടത്തിന്റെ വാർത്തയറിഞ്ഞ് അടുത്തുള്ള ഗ്രാമത്തിൽ നിന്നും ആളുകൾ എത്തിക്കൊണ്ടിരുന്നു. മൂന്നുദിവസം നീണ്ടുനിന്ന ഉഗ്രപോരാട്ടത്തിനുശേഷം ജനം കൊട്ടാരം പിടിച്ചെടുത്തു. മർദ്ദനമേറ്റ് അവശനായെങ്കിലു വെല്ലസി എങ്ങനെയോ രക്ഷപ്പെട്ടു. ആ രോഷത്തിൽ ജനം കൊട്ടാരം തല്ലിത്തകർത്തു. അതിന്റെ അവശിഷ്ടങ്ങളാണീ കിടക്കുന്നത്. കൊട്ടാരത്തിന്റെ അവശിഷ്ടങ്ങൾ ഒന്നൊന്നായി നിർമ്മലിനു കാണിച്ചുകൊടുത്തുകൊണ്ട് ഞാൻ പറഞ്ഞു.

ഗ്രാൻപായ്ക്ക് ഭാവന വളരെ കുറവാ. ഇതിലും നല്ല കഥകൾ ഞാൻ പറഞ്ഞുതരാമെന്ന് നിർമ്മൽ പറഞ്ഞു

“കുട്ടി ഇത് കഥയല്ല നമ്മളുടെ രാജ്യത്തിന്റെ എഴുതപ്പെടാത്ത ഒരു പാടു ചരിത്രങ്ങളിലൊന്നുമാത്രമാണ്.” ഞാൻ തിരുത്തി.

“കഥകൾ പറയുമ്പോൾ ഏറ്റവും പുതിയ കഥകൾ തന്നെ പറയണം” നിർമ്മൽ പറഞ്ഞു. “ഭാവന കാണുമ്പോൾ മനസ്സിനെ കാല്പനികമാക്കുവാൻ കഴിയുന്ന ഭാവനകൾ കാണണം. ഒരുദാഹരണം പറയാം. അനനോവയും ഷാരുഖാനും നായിക നായകന്മാരായി അഭിനയിക്കുന്നു. സച്ചിനും ലാറയും അതേപടത്തിൽ തന്നെ വേഷമിടുന്നു. കരുത്തും സൗന്ദര്യവും മാറ്റുരയ്ക്കുന്ന രംഗങ്ങൾ.”

“എനിക്ക് ഷാരുഖാനേയും സച്ചിനെയും മനസ്സിലായി. ആരാണ് അനനോവയും ലാറയും.?”

ഗ്രാൻപായ്ക്ക് അവരെ അറിയില്ലേ?. ഡിജിറ്റൽ ആനിമേഷൻ വിദ്യയിലൂടെ സൃഷ്ടിച്ച സുന്ദരിമാർ. ഇന്ന് ലോകത്തിൽ ഏറ്റവും കൂടുതൽ ആരാധകരുള്ളത് ഇവർക്കാണ്.

ഒന്നും കേൾക്കുവാനും ഉൾക്കൊള്ളുവാനും തയ്യാറാല്ലാത്ത ഈ തലമുറയെ സൃഷ്ടിച്ചത് ഞാൻ കൂടിയാണല്ലോ. തിരുത്തണം എനിക്ക് തിരുത്തണം.

വളരെക്കാലമായി ശരീരത്തിന്റെ ഒരു ഭാഗമായി കൈയിലിരുന്ന വാക്കിങ്സ്റ്റിക് ദൂരേക്കെറിഞ്ഞ് ഞാൻ വേഗത്തിൽ മുന്നോട്ട് നടന്നുതുടങ്ങി. അതിനിടയിലും നിർമ്മലിന്റെ കഥകൾ എന്റെ കാതുകളിൽ എത്തിക്കൊണ്ടിരുന്നു. എല്ലാം കൃത്രിമമായ പ്രണയകഥകൾ തന്നെ.

“അവിടേക്ക് ഭക്ഷണവും മറ്റുമായെത്തിയ ഡ്രൈവറോട് നിർമ്മൽ പറഞ്ഞു. ഗ്രാൻപാ പഴഞ്ചനാ. പാരമ്പര്യവും പറഞ്ഞിരിക്കാനേ അറിയൂ. ഒന്നും മനസ്സിലാകില്ല.”

8

സ്വാതന്ത്ര്യത്തിന്റെ ഉത്സവം

സ്വാതന്ത്ര്യത്തിന്റെയും മനുഷ്യാവകാശത്തിന്റെയും അവസാന വാക്ക് ഏതാണ്? ജനാധിപത്യം അല്ലാതെ എന്താണ്? ജനാധിപത്യത്തിൽ നിയമത്തിനുള്ള സ്ഥാനം? അതിനെപ്പറ്റി എന്തിന് ചിന്തിക്കണം? നിയമം നിയമപരമായി നടപ്പാക്കുമ്പോഴല്ലേ അതിന് പ്രസക്തിയുള്ളൂ? ഇങ്ങനെ ഓരോന്ന് ചിന്തിച്ചും അന്വേഷിച്ചും അതിന്റെ ഉത്തരങ്ങൾ സ്വയംകണ്ടെത്തിയും ആ കണ്ടെത്തലിൽ വിശ്വാസം ഉറയ്ക്കാതെയുമിരുന്ന അധ്യാപകനാണ് ചന്ദ്രമോഹൻ.

ചന്ദ്രമോഹന്റെ ചിന്തകൾക്കും അന്വേഷണങ്ങൾക്കും കാരണമായ സംഭവത്തെപ്പറ്റി അറിയാൻ ചരിത്രത്തിലേക്ക് പിൻതിരിഞ്ഞ് നടന്നുതുടങ്ങിയാൽ അധികദൂരം പോകേണ്ടതില്ല. ജനാധിപത്യപ്രക്രിയയുടെ എല്ലാമായ കഴിഞ്ഞൊരു ഇലക്ഷൻവരെ മാത്രം പോയാൽ മതി.

ഉദ്യോഗസ്ഥർക്ക് ഇലക്ഷൻഡ്യൂട്ടി ആകുലതകളുടേയും വിഹ്വലതകളുടേയും ചിന്തകളാണ് നൽകുന്നത്. കുരിശുചുമക്കുന്ന ഈ ചിന്തകൾക്കിടയിൽ ജനാധിപത്യത്തെപ്പറ്റിയുള്ള അവബോധം മറ്റെല്ലാം മറക്കാനുള്ള ഊർജ്ജം നല്കുന്നു.

ആ ഇലക്ഷനിലും ചന്ദ്രമോഹനും ഭാര്യ ഭാനുമതിക്കും ഡ്യൂട്ടി കിട്ടി. ഒരു വയസ്സുള്ള മോളെയും മൂന്നരവയസ്സുള്ള മോനെയും ഒരു ബന്ധുവീട്ടിലാക്കി. വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കാൻ ഉയർന്നകൂലി നല്കി ഒരു ജോലിക്കാരിയെ കണ്ടെത്തി.

ചന്ദ്രമോഹന് ഡ്യൂട്ടി കിട്ടിയത് ഒരു ഗവൺമെന്റ് സ്കൂളിലാണ്. ഭാനുമതിക്ക് ഡ്യൂട്ടി കിട്ടിയത് നഗരത്തിൽനിന്നും വളരെ അകലെയുള്ള ഗ്രാമത്തിലെ പബ്ലിക് ലൈബ്രറിഹാളിലാണ്. ചന്ദ്രമോഹൻ പ്രിസൈഡിങ് ഓഫീസറും ഭാനുമതി ഫസ്റ്റ് പോളിങ് ഓഫീസറുമായാണ് നിയമനം. ചന്ദ്രമോഹന്റെ കൂടെയുള്ള ഫസ്റ്റ് പോളിങ് ഓഫീസർ ഉൾപ്പെടെയുള്ള അഞ്ചു പേരും വനിതകളാണ്. ഭാനുമതിയുടെ ഗ്രൂപ്പിൽ വനിതകളായി അവരും മാധവിയുമാണുള്ളത്.

തിരഞ്ഞെടുപ്പ് സാമഗ്രികൾ ശേഖരിച്ച് വോട്ടെടുപ്പിന്റെ തലേദിവസംതന്നെ ഓരോ ഗ്രൂപ്പും അവരവരുടെ പോളിങ്സ്റ്റേഷനുകളിലേക്ക് പുറപ്പെട്ടു. നിർദ്ദേശിച്ചിരിക്കുന്നതുപോലെ പോളിങ് സ്റ്റേഷനുകൾ സംവിധാനം

ചെയ്തു. പോളിങ് സ്റ്റേഷനു വെളിയിൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെ നോട്ടീസുകൾ പ്രദർശനത്തിനായി ഒട്ടിച്ചു. പ്രിസൈഡിങ് ഓഫീസർ ഓരോ പോളിങ് ഓഫീസർമാരും ചെയ്യേണ്ട ജോലികളെപ്പറ്റി വിശദീകരിച്ചു. സായാഹ്നമായപ്പോഴേക്കും ആ ദിവസം ചെയ്യേണ്ട ജോലികൾ പൂർത്തിയായി. ഇനിയുള്ള ജോലി തിരഞ്ഞെടുപ്പ് സാമഗ്രികൾക്കും തയ്യാറാക്കിയ പോളിങ് സ്റ്റേഷനും സംരക്ഷണം നൽകുകയാണ്.

മാർച്ച് മാസത്തിൽ നടക്കുന്ന ആ തിരഞ്ഞെടുപ്പിനും നല്ല ചൂടായിരുന്നു. തിരഞ്ഞെടുപ്പിന്റെ ചൂടും തിരഞ്ഞെടുപ്പ് നടത്തുന്നവരുടെ ആകുലതകളും ഉൾക്കൊണ്ട് പ്രകൃതിയും പ്രതികരിച്ചുതുടങ്ങി. പതിവിന് വിപരീതമായി ചെറു ചൂടുകാറ്റ് വീശി. ആകാശത്തിലെ മേഘങ്ങൾ കിഴക്ക് ദിക്കിലേക്ക് പറന്നുപോകുകയും പകരം കറുത്തിരുണ്ട മേഘങ്ങൾ ഉരുണ്ടുകൂടി വരുകയും ചെയ്തു. മിന്നൽപിണരുകൾ പാഞ്ഞു. ഇടിനാദം മുഴങ്ങി. ഇതിനിടയിൽ ചന്ദ്രമോഹൻ മൊബൈൽ ഫോണിൽ ഭാനുമതിയെ വിളിച്ചു.

ഭാനുമതി അവരുടെ ആകുലതകൾ പറഞ്ഞുതുടങ്ങി. "മോൻ ഭക്ഷണം കഴിക്കാൻ കൂട്ടാക്കുന്നില്ലെന്നാണ് പറഞ്ഞത്. മോൾക്കാണെങ്കിൽ ചെറിയ പനിയും തുടങ്ങിയിട്ടുണ്ടെന്ന് പറഞ്ഞു. പനിമരുന്ന് ഒരു ചെറിയ ടീസ്പൂൺ കൊടുക്കാൻ ഞാൻ പറഞ്ഞിട്ടുണ്ട്. മഞ്ചാടിയുടേയോ മായാവിയുടേയോ സി.ഡി. ഇട്ടുകൊടുത്താലേ മോൻ ഭക്ഷണം കഴിക്കുകയുള്ളൂ. അത് ഇട്ടുകൊടുത്ത് കഥകളും പറഞ്ഞുകൊടുക്കുവാൻ ഞാൻ പറഞ്ഞു. ഈ നശിച്ച ഇലക്ഷൻ സമാധാനം കെടുത്തുകയാ... ഇവിടെ ടൊയ്ലെറ്റിൽ പോകാൻകൂടി സൗകര്യമില്ല. കൊതുകാണെങ്കിൽ വലിയൊരു സന്നാഹമായി രക്തംകുടിക്കാൻ മൂളിക്കൊണ്ട് കാത്തുനിൽക്കുകയാ.കൂടെയുള്ള ചിലർ ഭക്ഷണം കിട്ടുമോയെന്ന അന്വേഷണത്തിലാ. ഇവിടെ കറന്റില്ല. മൊബൈലിന്റെ ചാർജ് തീരാറായി. കുട്ടികളുടെ കാര്യം വിളിച്ച് അന്വേഷിച്ചോണേ... ഓ.. അവിടെ മോഹനേട്ടന് എന്തുണ്ട് വിശേഷങ്ങൾ?....."

ചന്ദ്രമോഹൻ ആശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു. "ഇലക്ഷൻ ഡ്യൂട്ടിയൊക്കെ നമ്മളുടെ ജോലിയുടെ ഭാഗംതന്നെയാ. ജീവിതത്തിലെ സൗകര്യങ്ങളെക്കുറിച്ച് കൂടുതൽ ചിന്തിക്കുമ്പോഴാ ചില അസൗകര്യങ്ങൾ ഉൾക്കൊള്ളാൻ കഴിയാതെവരുന്നത്. ജനാധിപത്യത്തിന്റെ മഹത്വവും പവിത്രതയും നിലനിർത്താൻ നമ്മൾ ചെയ്യുന്ന ഈ ചെറിയ ത്യാഗത്തിന് വിലമതിക്കാനാവാത്ത പങ്കാണുള്ളത്".

"ജനാധിപത്യം മണ്ണാങ്കട്ട". ഭാനുമതി ചെറുതായി രോഷംകൊണ്ടു. "ഇതൊക്കെ സ്കൂളിൽച്ചെന്ന് കുട്ടികളോട് പറഞ്ഞാൽ മതി...."

സംസാരിക്കുന്നതിനിടയിൽ ചന്ദ്രമോഹന്റെ ഫോൺ കട്ടായി. അപ്പോഴാണ് വീട്ടിൽനിന്നും ഫോൺ വന്നത്. വിളിച്ചത് അച്ഛനായിരുന്നു. അമ്മയ്ക്ക് ചെറിയ ശ്വാസതടസ്സം വന്നതുകൊണ്ട് ഹോസ്പിറ്റലിൽ കൊണ്ടുപോയി മരുന്ന് വാങ്ങിച്ചെന്നും പറഞ്ഞു. ബന്ധുവീട്ടിൽ വിളിച്ച് കുട്ടികളുടെ വിശേഷം

തിരക്കാമെന്നു കരുതിനിന്ന ചന്ദ്രമോഹന്റെ അടുത്തേക്ക് ഫസ്റ്റ് പോളിങ് ആഫീസർ വന്നു. അവരുടെപേര് സുഹറയെന്നാണ്. "സാറ് റൂമിലേക്ക് ഒന്നു വരുമോ? ഞങ്ങൾ അവിടെ റി–അറൈഞ്ച് ചെയ്തിരിക്കുന്നത് ശരിയാണോ യെന്ന് നോക്കിക്കെ?"

ചന്ദ്രമോഹൻ നടന്ന് സുഹറയോടൊപ്പം പോളിങ് സ്റ്റേഷനിലെത്തി. അവർ അതെല്ലാം മനോഹരമായി പുനർക്രമീകരിച്ചിരിക്കുന്നു.ചിലകാര്യങ്ങ ളോടുള്ള സ്ത്രീകളുടെ സമീപനം നയപരവും കലാപരവുമാണല്ലോയെന്ന് ചന്ദമോഹൻ ഓർമ്മിച്ചു. ശക്തമായ ഒരു മിന്നൽപ്പിണർ പായുകയും ഇടിനാദം മുഴങ്ങുകയുംചെയ്തു. കാറ്റിന്റെ അകമ്പടിയോടെ മഴ ചാറിത്തുടങ്ങി. മുറി യുടെ ജനാലകൾ തുറന്നടഞ്ഞു. അടുക്കിവച്ചിരുന്ന ചില കവറുകളും പ്രിസൈഡിങ് ഓഫീസറുടെ ഡയറിയും കാറ്റിൽപ്പറന്ന് നിലത്തേക്കുവീണു. വേഗംതന്നെ അവർ ജനാലകളും വാതിലുമടച്ച് കാറ്റിനെ പ്രതിരോധിച്ചു. പുറത്ത് മഴ ശക്തമായി പെയ്യുവാൻ തുടങ്ങി.

രാത്രി നല്ലതുപോലെ കനത്തു. മൊബൈൽഫോണിന്റെ ചാർജ് തീർന്നതുകൊണ്ട് ആരുമായും ബന്ധപ്പെടാൻ കഴിയാതെ ഭാനുമതി അസ്വ സ്ഥയായി. മാധവി പോളിങ് സ്റ്റേഷനടുത്തുള്ള ഒരു അകന്ന ബന്ധുവീട്ടി ലേക്കു പോയതോടെ ഭാനുമതി ഒറ്റയ്ക്കുമായി. പ്രിസൈഡിങ് ഓഫീസർ വിജയൻ ഒരു പ്രത്യേക സ്വഭാവക്കാരനാണ്. പ്രിസൈഡിങ് ഓഫീസർ ഒത്തിരി അധികാരമുള്ള ആളാണെന്നും മറ്റുള്ളവരെല്ലാം അയാളെ അക്ഷരം പ്രതി അനുസരിക്കണമെന്നുമുള്ള ചിന്തകളും പ്രവൃത്തിയുമാണ് വിജയനിൽ മുന്നിട്ടുനിൽക്കുന്നത്. മദ്യപിച്ച് ബഹളംവയ്ക്കുന്ന രാഷ്ട്രീയപ്പാർട്ടികളുടെ പ്രവർത്തകരുടെ ശബ്ദം അവിടെ കേൾക്കാമായിരുന്നു. പോളിങ് ഏജന്റിന്റെ സ്ലിപ്പ് മേടിക്കാൻവന്ന ചിലർ പുരുഷന്മാരോടൊപ്പമിരിക്കുന്ന ഭാനുമതിയെ കൗതുകക്കണ്ണുകളോടെയാണ് നോക്കിയത്. പതിനൊന്നു മണിക്കുശേഷം പുരുഷന്മാരെല്ലാം മുറിക്കുള്ളിൽക്കിടന്ന് ഉറങ്ങുവാൻ തുടങ്ങി. ഭാനുമതി ഒരു ബഞ്ചിൽ ഓരോന്ന് ചിന്തിച്ചുകൊണ്ടിരുന്നു. മകനേയും മകളേയും പറ്റി. വീട്ടി ലേക്ക്പോയിട്ടും ഒന്നുക്ഷണിക്കാൻപോലും മനസ്സുകാണിക്കാത്ത മാധവിയെ പ്പറ്റി... ജനാധിപത്യത്തെപ്പറ്റി... പുറത്ത് മദ്യപിച്ച് ബഹളംവയ്ക്കുകയും വൃത്തി കെട്ടപദങ്ങളും ഭാഷയുമുപയോഗിച്ച് സംസാരിക്കുന്നവരെപ്പറ്റി... ഭർത്താവി നെപ്പറ്റി... ഇനിയും വരാനിരിക്കുന്ന ഇലക്ഷൻ ഡ്യൂട്ടികളെപ്പറ്റി.. ഇലക്ഷനിൽ വിജയിക്കുന്നവരെപ്പറ്റി... പരാജയപ്പെടുന്നവരെപ്പറ്റി...

ഒരു പ്രിസൈഡിങ് ഓഫീസറെന്ന നിലയിൽ ചന്ദ്രമോഹൻ തീരു മാനം കൃത്യമായി പറഞ്ഞു. സ്ത്രീകൾക്കുവേണമെങ്കിൽ വീട്ടിൽ പോകാം. ഏഴുമണിക്ക് പോളിങ് തുടങ്ങേണ്ടതുകൊണ്ട് മറ്റു സജ്ജീകരണങ്ങൾ പൂർത്തിയാക്കുവാനായി ആറുമണിക്കു മുമ്പുതന്നെ എത്തണം". ഇലക്ഷൻ ഡ്യൂട്ടിക്ക് നിശ്ചയിച്ചിരിക്കുന്ന തുക ഓരോരുത്തർക്കും കൃത്യമായിതന്നെ കൊടുത്തു. പണം കൈപ്പറ്റിയതിന്റെ രേഖയായി സ്വീകരിക്കേണ്ട ഒപ്പ്

അടുത്ത ദിവസം നൽകിയാൽ മതിയെന്നു പറഞ്ഞു. പ്രമീള, വാസന്തി, മറിയ എന്നിവരുടെ ഭർത്താക്കന്മാർ അവിടെയെത്തിയിരുന്നു. മഴ നനയാതെ അവർ അല്പം മാറിനിൽക്കുകയാണ്. ഫസ്റ്റ് പോളിങ് ഓഫീസർ സുഹറയാണ്. സുഹറ എന്താണെങ്കിലും വീട്ടിലേക്ക് പോകുന്നില്ലെന്ന് മുമ്പുതന്നെ തീരുമാനിച്ചിരുന്നു. കൂടെയുള്ള മറ്റ് വനിതകൾ ചെയ്യുന്നതുപോലെ ചെയ്യാമെന്ന തീരുമാനത്തിലാണ് ശ്രീപ്രിയ.

അവരൊരു തീരുമാനത്തിലെത്തി. ശക്തമായ മഴയെയും ഇടിമിന്നലുകളേയും അവഗണിക്കാനാവില്ല.അതുകൊണ്ട് എല്ലാവരുംകൂടി സ്കൂളിൽ തന്നെ താമസിക്കുന്നതാണ് ബുദ്ധി. അല്പം അടച്ചുറപ്പുള്ള മുറിയിൽ സ്ത്രീകളെല്ലാം കൂടി കിടക്കാമെന്ന് തീരുമാനിച്ചു. അടച്ചുറപ്പുള്ള മുറിതുറന്ന് സ്ത്രീകൾ അകത്തേക്കു കയറി. മറിയ ഭയന്ന് 'അയ്യോ' എന്ന് ശബ്ദത്തിൽ നിലവിളിച്ചു. പൊടിപിടിച്ച ആ മുറിയുടെ മൂലയിൽ ഒരസ്തികൂടം! മുമ്പ് ലാബായി ഉപയോഗിച്ചിരുന്ന ആ മുറിയിൽ കിടക്കാൻ സ്ത്രീകൾ വിസമ്മതിച്ചു.

അടുത്ത മുറിയിൽനിന്നും ഒരു ചാക്ക് എടുത്തുകൊണ്ടുവന്ന് വിജയമോഹൻതന്നെ അസ്തികൂടത്തിന്റെ തലയോട്ടിമുതലുള്ള ഭാഗം മൂടിയിട്ടു. തുറന്നുകിടന്ന മറ്റ് സ്കൂൾ കെട്ടിടഭാഗത്തൊന്നും കിടക്കാൻ ഒരു സൗകര്യവുമുണ്ടായിരുന്നില്ല. എല്ലായിടവും നനഞ്ഞിരിക്കുന്നു.

സുഹറ ഒരു നിർദ്ദേശം മുന്നോട്ടുവച്ചു. ഇലക്ഷൻ സാമഗ്രികളുമായി പ്രിസൈഡിങ് ഓഫീസറും ഈ മുറിയിൽ തന്നെ കിടക്കണം.

ചന്ദ്രമോഹൻ ആദ്യം സുഹറയുടെ മുഖത്തേക്കും പിന്നീട് വാസന്തി, മറിയ, ശ്രീപ്രിയ, പ്രമീള എന്നിവരുടെ മുഖങ്ങളിലേക്കും നോക്കി. അതിനു ശേഷം പ്രമീള, വാസന്തി, മറിയ എന്നിവരുടെ ഭർത്താക്കൻമാരെ നോക്കി.

മറിയയുടെ ഭർത്താവ് ജോസഫൈൻ തീർത്തുപറഞ്ഞു. സാറുകൂടി ഈ മുറിയിൽ കിടക്കുന്നതാ നല്ലത്. ആർക്കെങ്കിലുമൊക്കെ പേടിയുണ്ടെങ്കിൽ അത് വർദ്ധിച്ചു വരാതിരിക്കാൻ ലൈറ്റ് ഓഫാക്കാതിരുന്നാൽ മതി.

അവർ സംസാരിച്ച് നിൽക്കുന്നിടത്തേക്ക് അരോഗ ദൃഢഗാത്രന്മാരായ എട്ട് പുരുഷന്മാർ വന്നു. അതിൽ രണ്ടുപേരുടെ ആവശ്യം പോളിങ് ഏജന്റുമാർക്കുള്ള പാസായിരുന്നു. മൂന്നുപേരുടെ ആവശ്യം ഇലക്ഷൻ ഡ്യൂട്ടിക്ക് വന്നവരല്ലാത്ത എല്ലാവരും പുറത്തു പോകണമെന്നായിരുന്നു. രണ്ടുപേർ വനിതാ പോളിംങ് ഓഫീസർമാരെ കാമ കൗതുകത്തോടെ നോക്കി. ഉള്ളിൽകിടക്കുന്ന മദ്യം അവരുടെ കൗതുകത്തിന് തീക്ഷ്ണത വർദ്ധിപ്പിച്ചു. ഇനിയുള്ള ഒരാൾ വനിതാ പോളിംങ് ഓഫീസർമാർക്കു വേണമെങ്കിൽ അയാളുടെ വീട്ടിൽ താമസിക്കാമെന്ന് കാര്യഗൗരവത്തോടെ പറഞ്ഞു.

നിർദ്ദേശം ജോസഫൈന്റേതായിരുന്നു. അല്പമെങ്കിലും കിടക്കാൻ കൊള്ളാവുന്ന മുറി ഇതേയുള്ളു. സാറ് ലേഡീസിനൊപ്പം ഈ മുറിയിൽത്തന്നെ കിടന്നാൽ മതി. ഞങ്ങൾ സ്കൂൾ ഗ്രൗണ്ടിന് പുറത്തുതന്നെയുണ്ട്. എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ മൊബൈലിൽ വിളിച്ചാൽ മതി.

കൂടുതലൊന്നും പറയാതെ ജോസഫൈൻ വാസന്തിയുടെ ഭർത്താവ് സുകുമാരനെയും പ്രമീളയുടെ ഭർത്താവ് അശോക് കുമാറിനെയും കൂട്ടി തിരിഞ്ഞു പുറത്തേക്കുപോകാൻ തയ്യാറായി നിന്നു. അവിടേക്കു വന്ന എട്ടുപേരോടും പുറത്തേക്ക് പോകണമെന്ന് ചന്ദ്രമോഹൻ നിർദ്ദേശിച്ചു. അവർ പരസ്പരം അല്പസമയം അതുമിതം പറഞ്ഞ് തർക്കിച്ചുകൊണ്ടിരുന്നു. അതിനുശേഷം അവിടേക്കുവന്ന എട്ടുപേരും പ്രമീള, മറിയ, വാസന്തി എന്നിവരുടെ ഭർത്താക്കന്മാരും പുറത്തേക്കുനടന്നു.

ചന്ദ്രമോഹൻ കാർഡ്ബോർഡ് വിരിച്ച് അടച്ചുറപ്പുള്ള മുറിയുടെ ഒരു മൂലയിൽ കിടന്നു. പോളിംങ്ങിനുള്ള സാധനങ്ങൾ ഭദ്രമായി അടുത്തുതന്നെ വച്ചു. സ്ത്രീകൾ കടലാസ് വിരിച്ചതിനുശേഷം അതിനുമുകളിൽ ബെഡ്ഷീറ്റ് വിരിച്ച് മറ്റൊരു വശത്ത് ഭിത്തിയോട് ചേർന്ന് തിരിഞ്ഞുകിടന്നു. ഉഗ്രനൊരു ഇടിനാദം മുഴങ്ങിയപ്പോൾ കറന്റും പോയി. മകൻ ഭക്ഷണം കഴിക്കാത്തത്, മകൾക്ക് പനിപിടിച്ചത്, അമ്മയുടെ ശ്വാസതടസ്സം തുടങ്ങിയവയെ പറ്റിയെല്ലാം ചിന്തിച്ച് ആറു സ്ത്രീകളോടൊപ്പം ഒരു മുറിയിൽ അതും സമൃദ്ധമായ ഇരുട്ടിൽ കിടക്കുന്നതിനെ പറ്റി ചന്ദ്രമോഹൻ ഓർമിച്ചു. അപ്പോൾ അടിക്കിപ്പിടിച്ച് ചിരിക്കാനാണ് തോന്നിയത്. ഭാനുമതി ഇത് അറിഞ്ഞാലുണ്ടാകുന്ന പുകിൽ എന്തായിരിക്കും? ഏതെങ്കിലും ചാനലുകാർ ഈ സംഭവം അറിയുകയും ഓരോരുത്തരായി മുറിയിൽനിന്നും പുറത്തേക്കിറങ്ങുന്നത് രേഖപ്പെടുത്തി പ്രദർശിപ്പിക്കുകയും ചെയ്താൽ? ഓർത്തപ്പോൾ ചന്ദ്രമോഹന്റെ ഓർമ്മകൾക്ക് മുകളിലൂടെ പരദൂഷണത്തിന്റെ ബുൾഡോസർ ഉരുണ്ടു.

എന്തോ തട്ടിവീഴുന്ന ശബ്ദം. പ്രമീള ശബ്ദത്തിൽ വലിയ വായിൽ അലറി. അവിടെ കിടന്ന എല്ലാവരുടെയും സിരകളിലൂടെ ഭയത്തിന്റെ രക്തം ചീറിപ്പാഞ്ഞു. ചന്ദ്രമോഹൻ തപ്പിത്തടഞ്ഞ് മൊബൈൽ കയ്യിലെടുത്തു. അതിന്റെ ലൈറ്റ് പ്രകാശിപ്പിച്ചു. ആ അരണ്ട വെളിച്ചത്തിന്റെ സഹായത്തോടെ ഒരു മെഴുകുതിരി കത്തിച്ചു. അസ്ഥികൂടം ചിന്നിചിതറി തറയിൽ കിടക്കുന്നു. അത് മൂടിയിരുന്ന ചാക്ക് തലയിലിട്ട് ഒരു രൂപം. കാല് തറയിൽ ഉറച്ചിട്ടുണ്ട്. ഭയന്നു വിറച്ചു നിൽക്കുന്ന സ്ത്രീകൾ. ചന്ദ്രമോഹൻ ധൈര്യം സംഭരിച്ച് നിലത്തു നിന്നും ഒരു തടിക്കഷണം കുനിഞ്ഞെടുത്തു ചാക്ക് തലയിലിട്ട് നിൽക്കുന്ന രൂപത്തിനിട്ട് എറിഞ്ഞു.

'അയ്യോ... എന്നെ ഒന്നും ചെയ്യരുതെ' എന്ന് കരഞ്ഞുകൊണ്ട് ആ രൂപം തലയിൽ നിന്നും ചാക്ക് എടുത്തുമാറ്റി. എല്ലാവരും സ്തംഭിച്ചുപോയി. വാസന്തിയുടെ ഭർത്താവ് സുകുമാരൻ.

വാസന്തി ഒഴിച്ചുള്ള വനിതാ പോളിംഗ് ഓഫീസർമാരുടെയെല്ലാം ചുണ്ടുകളിൽ പരിഹാസച്ചിരി വിടർന്നു. വാസന്തി ഏങ്ങിയേങ്ങി കരയുവാൻ തുടങ്ങി. കരയുന്നതിനിടയിൽ പറഞ്ഞു. "വിവാഹത്തിനുശേഷം എനിക്ക് സമാധാനം കിട്ടിയിട്ടില്ല... ഈ മനുഷ്യന് എപ്പോഴും സംശയമാ..."

ചന്ദ്രമോഹൻ ദീർഘമായൊന്ന് നിശ്വസിച്ചുകൊണ്ട് ചോദിച്ചു. "എങ്ങനെയാ ഈ മുറിയിൽ കടന്നത്?"

പിന്നിലേക്ക് വിരൽ ചൂണ്ടി സുകുമാരൻ പറഞ്ഞു. ദാ ആ ജനാല യുടെ വാതിലിളക്കി ജനൽക്കമ്പികൾ വളച്ച്...."

സുകുമാരന് വേണമെങ്കിൽ വാസന്തിയേയും കൂട്ടി പോകാം. ചന്ദ്ര മോഹൻ പറഞ്ഞു. അല്ലെങ്കിൽ സുകുമാരനും ഈ മുറിയിൽതന്നെ താമ സിച്ചുകൊള്ളു.

ഈ മനുഷ്യന്റെ കൂടെ ഞാനിനി പൊറുക്കില്ല. വാസന്തി രോഷ ത്തോടെ തുടർന്നു പറഞ്ഞു. ഇയാളുടെ സംശയം സഹിച്ച് സഹിച്ച് ഞാൻ മടുത്തു.

വാസന്തി ഒരു കൊടുങ്കാറ്റുപോലെ സുകുമാരന്റെ നേരെ അടുത്തു. രണ്ടുകൈകൾ കൊണ്ടും അയാളുടെ നെഞ്ചിൽ ഇടിച്ചു. പിന്നെ പിടിച്ചുവ ലിച്ച് സുകുമാരനെ വാതിലിന്റെ അടുത്തേക്ക് കൊണ്ടുവന്നിട്ട് അത് തുറന്ന് വെളിയിലേക്ക് സർവ്വശക്തിയും സംഭരിച്ച് തള്ളി. അപ്പോഴും മഴപെയ്തു കൊണ്ടിരിക്കുകയാണ്. ഇടിവാള് മിന്നിയപ്പോൾ മുറ്റത്ത് മലർന്നു കിടക്കുന്ന സുകുമാരൻ മെല്ലെ എഴുന്നേൽക്കുവാൻ ശ്രമിക്കുന്നത് അവർ കണ്ടു. ഇടി നാദം ശക്തിയോടെ മുഴങ്ങി. ഇതിനിടയിൽ വാസന്തി ആ മുറിയുടെ വാതിൽ അടച്ചുപൂട്ടി.

എല്ലാവരും വല്ലായ്കയോടെ നിൽക്കുകയാണ്. ആ രംഗം ലഘൂക രിക്കുവാനായി ചന്ദ്രമോഹൻ പറഞ്ഞു. "ഇങ്ങനെ മഴ തുടർന്നാൽ നാളെ ഇലക്ഷൻ നടക്കുന്ന കാര്യം സംശയമാ."

കാററ് വീണ്ടും ശക്തിയായി വീശി. മരങ്ങൾ വിണ്ടുകീറുന്നതും ഒടി ഞ്ഞുവീഴുന്നതുമായ ശബ്ദങ്ങൾ. മുറിയിലേക്ക് അതിക്രമിച്ചു കയറിയ കാററ് മെഴുകുതിരി കെടുത്തിക്കളഞ്ഞു. ഓരോരുത്തരും മൊബൈൽ ഫോൺ മിന്നിച്ച് വീണ്ടും കിടന്നു. ചന്ദ്രമോഹൻ ഭാര്യയെ പറ്റി മകളെ പറ്റി അമ്മയെ പറ്റിയെല്ലാം ചിന്തിച്ചുകൊണ്ടിരുന്നു. കാതടപ്പിക്കുന്ന ശബ്ദത്തോടെ ഇടി നാദം പിന്നെയും മുഴങ്ങി. ഭയപ്പെടുത്തുന്ന രീതിയിലുള്ള കാറ്റിന്റെ മുരങ്ങൽ ശബ്ദത്തിന് തീവ്രത കൂടിക്കൊണ്ടിരുന്നു. ഒരു സ്ത്രീ ചന്ദ്രമോഹന്റെ അടു ത്തേക്ക് വന്ന് കെട്ടിപ്പിടിച്ച് കിടന്നു. അവർ ചിലമ്പിച്ച ശബ്ദത്തിൽ പറഞ്ഞു. "എനിക്ക് പേടിയാകുന്നു..." എന്തുപറയണം എങ്ങനെ പ്രതികരിക്കണമെ ന്നറിയാതെ ചന്ദ്രമോഹൻ അങ്ങനെതന്നെ കിടന്നു. മനസ്സിനെ പാകപ്പെടുത്തി ശരീരത്തെ നിയന്ത്രിക്കുവാൻ ചന്ദ്രമോഹൻ ഓരോ കാര്യങ്ങൾ ചിന്തിച്ചു കൊണ്ടിരുന്നു. ഇലക്ഷനിൽ കള്ള വോട്ട് ചെയ്യുന്നത്, ചിലർ ചേർന്ന് പ്രിസൈ ഡിങ് ഓഫീസറെ മർദ്ദിക്കുന്നത്, പോലീസ് ലാത്തി വീശുന്നത് തുടർന്ന് ആകാശത്തേക്ക് വെടിവയ്ക്കുന്നത്.

മൊബൈലിൽ സെറ്റ് ചെയ്തുവച്ചിരുന്ന അലാറം നാല് മണിയായപ്പോൾ അടിച്ചു. മയക്കത്തിൽ നിന്നും ചാടി എഴുന്നേറ്റ ചന്ദ്രമോഹൻ അങ്ങനെതന്നെ അല്പ സമയം കിടന്നു. മറിയ മെഴുകുതിരി കത്തിച്ചു. ആ പ്രകാശത്തിൽ മുന്നിൽ നിൽക്കുന്ന സുഹറ, ശ്രീപ്രിയ, പ്രമീള, വാസന്തി തുടങ്ങിയവരെ അയാൾ കണ്ടു.

വാതിൽ തുറന്ന് നോക്കിയപ്പോൾ പുറത്ത് നല്ല ഇരുട്ടാണ്. മഴ ശമി ച്ചിരിക്കുന്നു. അവർക്കെല്ലാംകൂടി ഉപയോഗിക്കാൻ ആകെയുള്ളത് ഒരു ലാട്രി

നാണ്. അതും അവർ താമസിക്കുന്നിടത്തുനിന്നും അല്പം ദൂരത്തിലുമാണ്. എല്ലാ സ്ത്രീകളെയും ലാട്രിനിലെത്തിക്കുന്നതും തിരിച്ചുകൊണ്ടുവരുന്നതുമായ ജോലിയും ചന്ദ്രമോഹൻതന്നെ ചെയ്യേണ്ടിവന്നു. ആറുമണിയായപ്പോൾത്തന്നെ ബൂത്ത് ഏജന്റുമാർ വന്നുതുടങ്ങി. കൃത്യം ഏഴുമണിക്കുതന്നെ പ്രിസൈഡിങ് ഓഫീസറുടെ ഡിക്ലറേഷനോടെ വോട്ടെടുപ്പ് ആരംഭിച്ചു. പലപ്രാവശ്യം പലരുടെയും ഫോൺകോളുകൾ വന്നെങ്കിലും അതൊന്നും എടുക്കുവാനുള്ള സമയവും അവസരവും ചന്ദ്രമോഹന് ഉണ്ടായില്ല. കൃത്യം അഞ്ചുമണിക്കുതന്നെ വോട്ട് രേഖപ്പെടുത്തൽ അവസാനിച്ചു. വോട്ടിങ് യന്ത്രം പോളിങ് ഏജന്റുമാരുടെ സമ്മതത്തോടെ മുദ്രവച്ചു. സമ്മതിദായകർക്ക് നൽകിയ ബാലറ്റു പേപ്പറുകളുടെ എണ്ണം പരിശോധിച്ച് തിട്ടപ്പെടുത്തി. അതിന്റെ അക്കൗണ്ട് പോളിങ് ഏജന്റുമാർക്കു നൽകി. ഇലക്ഷൻ അവസാനിച്ചെന്നുള്ള പ്രിസൈഡിംഗ് ഓഫീസറുടെ പ്രഖ്യാപനം നടത്തി. ഡയറി നിയമാനുസൃതമായ രീതിയിൽ തയ്യാർ ചെയ്തു. തിരഞ്ഞെടുപ്പ് സംബന്ധിച്ച പേപ്പറുകൾ മുദ്രവച്ചു. സ്റ്റാറ്റ്യൂട്ടറി കവറുകളും സ്റ്റാറ്റ്യൂട്ടറി അല്ലാത്ത കവറുകളും തിരഞ്ഞെടുപ്പ് സാമഗ്രികളും പായ്ക്ക് ചെയ്തു. കാര്യങ്ങൾ ഒരുവിധം സമാധാനപരമായി പര്യവസാനിച്ചതിന്റെ ആശ്വാസത്തിൽ ചന്ദ്രമോഹൻ ദീർഘമായൊന്നു നിശ്വസിച്ചു. വോട്ടിങ് മിഷ്യനും ഇതര തിരഞ്ഞെടുപ്പ് സാമഗ്രികളും ശേഖരണകേന്ദ്രത്തിൽ കൊണ്ടുപോകാൻ വാഹനത്തിനായി കാത്തുനിന്നു. അപ്പോഴാണ് ഭാര്യയെ, മക്കളെ, അമ്മയെക്കുറിച്ചെല്ലാം ഓർമ്മിച്ചത്. പാൻസിന്റെ കീശയിൽ ഓഫാക്കിയിട്ടിരുന്ന മൊബൈൽ ഫോൺ ഓണാക്കി.

അച്ഛന്റെ കോളാണ് ആദ്യം വന്നത്. “ഞാൻ കുറെ നേരമായി നിന്നെ വിളിക്കുന്നു. അമ്മയ്ക്ക് നിന്നെ കാണണമെന്ന് ഒരേ നിർബന്ധം. ഏതോ ഒരു പ്രിസൈഡിങ് ഓഫീസറെ ചില പാർട്ടിക്കാര് തല്ലി അവശതയാക്കിയെന്ന് കേട്ടപ്പോൾ തുടങ്ങിയതാ. നീ വേഗം ഇവിടെ വരെ വരണം. അല്ലെങ്കിൽ അമ്മയ്ക്ക് ആദികയറി വല്ലതും...”

ചന്ദ്രമോഹൻ അമ്മയെപ്പറ്റി, അമ്മയുടെ വാത്സല്യത്തെപ്പറ്റി ചില നിമിഷങ്ങൾ ചിന്തിച്ചുനിന്നു. അപ്പോഴാണ് ഭാനുമതിയുടെ കോൾ വന്നത്. ചന്ദ്രമോഹൻ കോളെടുത്തു. ഭാനുമതി പറഞ്ഞുതുടങ്ങി. “മോൾക്ക് പനി കൂടുതലായിട്ട് ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തിരിക്കുകയാ... കരഞ്ഞ് കരഞ്ഞ് മോനും തളർന്നുറങ്ങിയെന്നാ പറഞ്ഞത്. ഞാനിപ്പോൾ ഇവിടെ നിന്നും ഹോസ്പിറ്റലിലേക്ക് പോകുകയാണ്. മോഹനേട്ടൻ എത്രയും പെട്ടെന്ന് അവിടെയെത്തണം.”

ചന്ദ്രമോഹൻ ആത്മസംഘർഷങ്ങളോടെ നിന്നു. മറിയായുടെയും വാസന്തിയുടെയും ഭർത്താക്കന്മാർ അവിടേക്കു വന്നു. മറിയായുടെ ഭർത്താവ് ജോസഫൈൻ പറഞ്ഞു. “തിരഞ്ഞെടുപ്പ് സാമഗ്രികൾ കൊടുക്കാൻ ശേഖരണ കേന്ദ്രത്തിലേക്ക് പ്രിസൈഡിങ് ഓഫീസറും ഫസ്റ്റ് പോളിംഗ് ഓഫീസറും പോയാൽ മതിയല്ലോ. ബാക്കിയുള്ളവർ സ്ത്രീകളായതുകൊണ്ട് ഇവിടുന്നു

തന്നെ വീട്ടിലേക്ക് പോകാൻ അനുവദിക്കണം.

ചന്ദ്രമോഹന് അടക്കാനാവാത്ത ദേഷ്യംവന്നു. പല്ലുകൾ കൂട്ടിക്കടിച്ച് അരിശം നിയന്ത്രിച്ചുകൊണ്ട് പറഞ്ഞു. പോയിക്കൊള്ളൂ. അതിന് ആരും തടസ്സം പറഞ്ഞില്ലല്ലോ.

ചന്ദ്രമോഹൻ അതുപറഞ്ഞതും വാസന്തി, ശ്രീപ്രിയ, മറിയ, പ്രമീള, എന്നിവർ ബാഗ് എടുത്തു. നേരത്തെ വീട്ടിൽ പോകാൻ അനുവദിച്ചതിന് നന്ദിയും പറഞ്ഞ് അവിടെനിന്നും ചിരിച്ച് കളിച്ച് പുറത്തേക്കു നടന്നു.

ചന്ദ്രമോഹൻ മെല്ലെ സുഹറയെ നോക്കി ചോദിച്ചു. “സുഹറയ്ക്ക് വീട്ടിൽ പോകേണ്ടെ?”

സുഹറ ചിരിച്ചുകൊണ്ട് പറഞ്ഞു. “ഞാൻ ഫസ്റ്റ് പോളിങ് ഓഫീസറല്ലേ? അങ്ങനെയങ്ങ് പോകാൻ പറ്റുമോ?”

ഏറെ നേരം കാത്തുനിന്നതിനു ശേഷമാണ് ശേഖരണ കേന്ദ്രത്തിലേക്ക് പോകാനുള്ള ബസ് വന്നത്. വോട്ടിങ് മിഷ്യനും മറ്റ് തിരഞ്ഞെടുപ്പ് സാമഗ്രികളുമായി അവർ തിക്കിത്തിരക്കി ബസിൽ കയറി. ശേഖരണ കേന്ദ്രത്തിലെത്തിയപ്പോൾ ചന്ദ്രമോഹനും സുഹറയും ഞെട്ടിപ്പോയി. വോട്ടിങ് മിഷ്യൻ കൊടുക്കുവാൻവേണ്ടി കാത്തുനിൽക്കുന്ന പ്രിസൈഡിങ് ഓഫീസർമാരുടെയും ഫസ്റ്റ് പോളിങ് ഓഫീസർമാരുടെയും ക്യൂവിന് ഇരുനൂറ്റിയമ്പത് മീറ്ററിലധികം നീളമുണ്ട്. ആ ക്യൂവിന്റെ പിന്നിലായി ചന്ദ്രമോഹനും സുഹറയും നിന്നു.

ചന്ദ്രമോഹൻ മൊബൈൽ ഫോണെടുത്ത് അച്ഛനെ വിളിച്ചു. അമ്മയുടെ കൈയിൽ ഫോൺ കൊടുക്കുവാൻ പറഞ്ഞു. അമ്മയുമായി അല്പസമയം സംസാരിച്ചു. “അമ്മേ എനിക്ക് പ്രശ്നമൊന്നുമില്ല... ആരും എന്നെ തല്ലുകയോ ഉപദ്രവിക്കുകയോ ഒന്നും ചെയ്തിട്ടില്ല. വോട്ടിങ് മിഷ്യൻ തിരികെ ഏല്പ്പിച്ചിട്ട് ഉടനെ വരാം...” ആ കോൾ കട്ടു ചെയ്തു കഴിഞ്ഞപ്പോൾ തന്നെ ഭാനുമതിയുടെ കോൾ വന്നു.

ഭാനുമതി വല്ലായ്കയോടെ പറഞ്ഞു തുടങ്ങി. “എത്രയും വേഗം ഹോസ്പിറ്റലിലേക്ക് വരണം. മോൾക്ക് നൂറ്റി ആറ് ഡിഗ്രി പനിയുണ്ട്. അവളുടെ വിറയലും കരച്ചിലും കാണുമ്പോൾ എനിക്ക് ഭയമാകുകയാ... മരുന്നുകൾ വാങ്ങിക്കാൻ അത്യാവശ്യമായി കുറെ പണവും ആവശ്യമുണ്ട്.”

“ഞാൻ ഉടനെതന്നെ വരാം.” ചന്ദ്രമോഹൻ പറഞ്ഞു. “വോട്ടിങ് മിഷ്യൻ കൊടുക്കുവാൻ ക്യൂവിൽ നിൽക്കുകയാണ്. നീ പറ്റുന്നതുപോലെ കാര്യങ്ങളൊക്കെ മാനേജ് ചെയ്യ്.” “ഒന്നും സംഭവിക്കില്ല.” സുഹറ ആശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു. “എല്ലാം ജീവിതത്തിന്റെ ഓരോ ഭാഗങ്ങളല്ലേ? നമ്മൾ ഇറങ്ങിത്തിരിച്ചതും ഒരു നല്ലകാര്യത്തിനാണല്ലോ. ജനാധിപത്യം ചൈതന്യത്തോടെ നിലനിർത്താൻ ചില ത്യാഗങ്ങളൊക്കെ സഹിക്കേണ്ടി വരും... ഇതും അതിന്റെ ഭാഗമാണെന്നു കരുതിയാൽ മതി...”

ചന്ദ്രമോഹൻ ഉത്തരമൊന്നും പറയാതെ മ്ലാനമായി പുഞ്ചിരിച്ചു. ഇടയ്ക്കൊക്കെ ഭാനുമതിയുടെ ഫോൺകോളുകൾ വന്നുകൊണ്ടിരുന്നു. അപ്പോ

ഴെല്ലാം അസ്വസ്ഥനാകുന്ന ചന്ദ്രമോഹനെ ഓരോന്ന് പറഞ്ഞ് സുഹറ ആശ്വസിപ്പിച്ചു.

രാത്രി മൂന്നു മണിയായപ്പോഴാണ് വോട്ടിംഗ് മിഷ്യനും ഇതര ഇലക്ഷൻ സാമഗ്രികളും ശേഖരണ കേന്ദ്രത്തിൽ ഏല്പ്പിക്കുവാൻ കഴിഞ്ഞത്. അവിടെ നിന്നും മകൾ കിടക്കുന്ന ഹോസ്പിറ്റലിലെത്താൻ ഏതാണ്ട് പതിനാറു കിലോമീറ്റർ ദൂരമുണ്ട്. ഒരു ഓട്ടോയിലാണ് ചന്ദ്രമോഹൻ ഹോസ്പിറ്റലിലേക്ക് യാത്ര തിരിച്ചത്.

ഹോസ്പിറ്റലിലെത്തിയപ്പോഴാണ് ചന്ദ്രമോഹന് കാര്യങ്ങളുടെ ഗൗരവം ശരിക്കും മനസ്സിലായത്. മകളുടെ പനി കുറയാതെ വഷളായി നിൽക്കുകയാണ്. ഭാനുമതി എന്തുചെയ്യണമെന്നറിയാതെ ഭ്രാന്ത് പിടിച്ച് നിൽക്കുന്ന അവസ്ഥയിലാണ്. പിന്നെ ചന്ദ്രമോഹൻ ഒരു ഓട്ടമായിരുന്നു. പണത്തിനുവേണ്ടി, ചില ബന്ധുക്കളുടെ സഹായത്തിന് വേണ്ടി, ഒരു വയസ്സുള്ള മകന്റെ പരിചരണത്തിനായി, വീട്ടിലെത്തി അമ്മയേയും അച്ഛനേയും ആശ്വസിപ്പിക്കാനായി, ഭാര്യയെ സമാധാനിപ്പിക്കാനായി... നാലു ദിവസങ്ങൾക്കുശേഷം മകളെ ഹോസ്പിറ്റലിൽ നിന്നും ഡിസ്ചാർജ് ചെയ്യുന്നതു വരെ ആ ഓട്ടം തുടർന്നു.

ജീവിതത്തിലെ ഒരു ദുരിതകാലഘട്ടം അവസാനിച്ചെന്ന സമാധാനത്തോടെ ഹോസ്പിറ്റലിൽനിന്നും കാറിൽ വീട്ടിലേക്ക് യാത്ര ചെയ്യുകയാണ് ചന്ദ്രമോഹനും കുടുംബവും അന്ന് വോട്ടെണ്ണലിന്റെ ദിവസം കൂടിയായിരുന്നു. കാറ് ഓടിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ ചന്ദ്രമോഹൻ പിൻസീറ്റിൽ മകനെ മടിയിൽ കിടത്തിയും, മകളെ ചേർത്തുപിടിച്ചും ചിന്തകളോടെയിരുന്ന ഭാനുമതിയോടു പറഞ്ഞു. “ജനാധിപത്യത്തിന്റെ എല്ലാ സൗഭാഗ്യങ്ങളും അനുഭവിക്കുന്ന നമ്മൾ അതിന്റെ വിലയറിയുന്നില്ല.”

“നിങ്ങൾ ഇപ്പോഴും യാഥാർത്ഥ്യത്തിന്റെ ലോകത്തിലാണോ ജീവിക്കുന്നത്.” ഭാനുമതി മെല്ലെ തുടർന്നു. “ഏത്, ആധിപത്യം വന്നാലും ഇവിടുത്തെ സാധാരണ ജനത്തിന് എന്തു വിലയാണുള്ളത്? എല്ലാ ജനങ്ങളെയും വിശ്വാസത്തിലെടുക്കാൻ കഴിയുന്ന ഏതെങ്കിലുമൊരു പ്രത്യയശാസ്ത്രമുണ്ടോ? അധികാരം അധികാരം മാത്രമാണ്. അധികാരികൾക്ക് വാഴുവാനുള്ള സുരക്ഷിതമായ പ്രക്രിയ മാത്രമാണ് എന്റെ നിരീക്ഷണത്തിൽ ജനാധിപത്യം.” ഭാനുമതി റോഡിന്റെ ഓരം ചേർന്ന് നിൽക്കുന്ന ജനങ്ങളിലേക്ക് ചന്ദ്രമോഹന്റെ ശ്രദ്ധതിരിച്ചുകൊണ്ട് തുടർന്നു. “ഇവരെ പണവും മദ്യവും കൊടുത്ത് ഈ രീതിയിൽ ചൂഷണം ചെയ്യുന്നതിൽ എന്തു ന്യായീകരണമാണുള്ളത്? ഓരോ ഇലക്ഷൻ മാമാങ്കം കഴിയുമ്പോഴും ക്ലേശമനുഭവിക്കുകയും പീഡനമനുഭവിക്കുകയും ചെയ്യുന്നവർ എത്ര അധികമാണ്...”

“നിന്റെ ചിന്തകൾ കേവലം ഒരു സ്ത്രീയുടേതു മാത്രമാണ്.” ചന്ദ്രമോഹൻ തുടർന്നു. ഏറെ സ്ത്രീകളും അവരെ പറ്റിയും അവർക്ക് വേണ്ടപ്പെട്ടവരെപ്പറ്റിയും മാത്രമെ പൊതുവെ ചിന്തിക്കാറുള്ളു. സമൂഹത്തെപ്പറ്റി രാഷ്ട്രത്തെ

പ്പറ്റി അതിന്റെ വ്യവസ്ഥകളെ പറ്റിയെല്ലാം ചിന്തിക്കുന്നവർക്കേ സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും വില മനസ്സിലാകുകയുള്ളൂ."

പുറത്തുനിന്നും ഉയർന്നുകേട്ട മുദ്രാവാക്യം വിളി ചന്ദ്രമോഹന്റെ സംഭാഷണത്തെ മുറിച്ചു. ഇലക്ഷനിൽ വിജയിച്ച സ്ഥാനാർത്ഥിയെ ഉയർത്തിപ്പിടിച്ച് ഒരു വലിയ ജനാവലി തുള്ളിച്ചാടിയും നൃത്തംവച്ചും മുദ്രാവാക്യങ്ങൾ വിളിച്ചും ആഘോഷിക്കുകയാണ്. വിജയിച്ച സ്ഥാനാർത്ഥിയെ കണ്ട ചന്ദ്രമോഹന്റെയും ഭാനുമതിയുടെയും നെറ്റി ചുളിഞ്ഞു. പവിത്രൻ. ഒരു സ്കൂൾ വിദ്യാർത്ഥിനിയെയും നാല് കുട്ടികളുള്ള ഒരു വീട്ടമ്മയേയും പീഡിപ്പിച്ചെന്ന് പറയുന്ന കേസിലെ പ്രതി. നാട്ടിലെ അറിയപ്പെടുന്ന കൊട്ടേഷൻ സംഘത്തിന്റെ സംരക്ഷകൻ... വാഹനമോഷണ സംഘത്തെ പലവട്ടം സംരക്ഷിക്കുകയും അവരെ ന്യായീകരിക്കുകയും ചെയ്തവൻ.

"നിങ്ങൾ പറയുന്ന ജനാധിപത്യത്തിന്റെ പുതിയ കാവൽക്കാരനാ ....." ഭാനുമതി രോഷത്തോടെ പറഞ്ഞു.

ചന്ദ്രമോഹൻ ദീർഘമായൊന്നു നെടുവീർപ്പെട്ടു.

"ജനങ്ങൾക്ക് അർഹിക്കുന്ന ഭരണാധികാരികളെ കിട്ടുമെന്നാണല്ലോ പറയുന്നത്." ഭാനുമതി തുടർന്നു. "ജനാധിപത്യത്തിന്റെ മറവിൽ നടക്കാൻ പോകുന്ന പൂരം കണ്ടറിഞ്ഞുകൊള്ളൂ....."

"നിന്റെ ഇപ്പോഴത്തെ രോഷം എനിക്ക് മനസ്സിലാക്കാൻ കഴിയുന്നുണ്ട്." ചന്ദ്രമോഹൻ കാര്യഗൗരവത്തോടെ പറഞ്ഞു. "ഓരോന്നിനും അതിന്റേതായ നന്മയുണ്ട്."

ഒരു സംഘം പ്രകടനക്കാർ കാറിന്റെ മുന്നിലേക്ക് കയറിനിന്നു. ചന്ദ്രമോഹൻ ബ്രേക്കിട്ട് കാറ് നിർത്തി. പ്രകടനക്കാരോട് അനുഭാവം പ്രകടിപ്പിച്ച് അവരെ ചിരിച്ചു കാണിച്ചു. പ്രകടനക്കാരിലൊരാൾ കാറിനുള്ളിലേക്ക് തലയിട്ട് വിജയം ആഘോഷിക്കാൻ പണം ആവശ്യപ്പെട്ടു.

ചുറ്റും വിജയപ്രകടനത്തിന്റെ രൂപത്തിൽ നിൽക്കുന്ന അപകടം ചന്ദ്രമോഹൻ മനസ്സിലാക്കി. ഷർട്ടിന്റെ പോക്കറ്റിൽനിന്നും ആയിരത്തിന്റെ നോട്ടെടുത്ത് അവർക്കു നേരെ നീട്ടി. ഇതേ സമയം കാറിന്റെ കാറ്റ് ആരോ കുത്തിവിടുന്ന ശബ്ദം കേട്ടു. വല്ലായ്കയോടെ പിന്നിലേക്കു നോക്കിയ ചന്ദ്രമോഹൻ കണ്ട കാഴ്ചകൾ വിചിത്രമായിരുന്നു. പ്രകടനത്തിനൊപ്പം നാമമാത്രമായ വസ്ത്രങ്ങളണിഞ്ഞ് നൃത്തം വയ്ക്കുന്ന സ്ത്രീകൾ. ആ സ്ത്രീകൾക്കിടയിൽ രണ്ടുമൂന്നു സിനിമാ–സീരിയൽ നടിമാരുമുണ്ട്. സ്ത്രീകളെ മുട്ടിയുരുമ്മിയും തൊട്ടുതലോടിയും ഒപ്പം നൃത്തം വയ്ക്കുന്ന പുരുഷന്മാർ. നൃത്തത്തിന് ഒഴുക്കും ചടുലതാളവും ലഭിക്കുന്നതിന് മദ്യം കഴിക്കുന്നവർ. ഈ രംഗങ്ങൾ ക്യാമറയിൽ പകർത്തുന്ന ടെലിവിഷൻ ചാനലുകളിലെ ജോലിക്കാർ.

ചുറ്റും കാണുന്ന കടകൾക്കുനേരെ കല്ലെറിഞ്ഞും വാഹനങ്ങൾ അടിച്ചുതകർത്തും വിജയം ആഘോഷിക്കുന്ന മറ്റൊരു വിഭാഗം. പടക്കം പൊട്ടിച്ചും പൂത്തിരികൾ കത്തിച്ചും ആഘോഷത്തിന് കൊഴുപ്പുകൂട്ടുന്ന ഒരു

വിഭാഗമുണ്ട്. അവർ ചിലപ്പോൾ പടക്കത്തിനൊപ്പം ചെറുബോംബുകളും പൊട്ടിക്കുന്നുണ്ട്. ആ ബോംബുകൾ എതിർ വിഭാഗത്തിൽ പ്രവർത്തിച്ചവരുടെ ശരീരം തകർത്തും പ്രാണനെടുത്തുമാണ് പൊട്ടുന്നത്. എല്ലാ ആഘോഷങ്ങൾക്കും നേതൃത്വം നൽകുന്നത് പവിത്രൻ തന്നെയാണ്.

ഭാനുമതിയുടെ കരച്ചിൽ കേട്ടപ്പോൾ ചന്ദ്രമോഹൻ കാഴ്ചകളിൽ നിന്നും കണ്ണെടുത്ത് അവരെ നോക്കി. ഞെട്ടിക്കുന്ന കാഴ്ചയാണ് കണ്ടത്. ഒരു പറ്റം പ്രവർത്തകർ അവരെയും കുട്ടികളെയും കാറിൽനിന്നും വലിച്ച് പുറത്തേക്കിടുകയാണ്. ഒന്നു പ്രതികരിക്കാനോ ശബ്ദിക്കാനോ കഴിയുന്നതിനുമുമ്പ് മററു ചിലർ ചേർന്ന് ചന്ദ്രമോഹനേയും കാറിൽ നിന്നും വലിച്ചു ചാടിച്ചു. കൊടികെട്ടിയിരുന്ന പത്തലുകൊണ്ട് അവരെ അടിച്ചുകൊണ്ടിരുന്നു. ഭാനുമതി, ചന്ദ്രമോഹൻ, കുട്ടികൾ എല്ലാവരും ഉച്ചത്തിൽ കരഞ്ഞു. അതിനിടയിൽ ചന്ദ്രമോഹൻ വിളിച്ചു പറഞ്ഞു. "ഞങ്ങളെ ഉപദ്രവിക്കരുത്. ഞങ്ങൾക്ക് ഒരു പാർട്ടിയും ഒരു പക്ഷവുമില്ല... സമാധാനത്തോടെ ജീവിക്കുന്ന സാധാരണ പൗരന്മാരാണ്..."

ആൾക്കൂട്ടത്തിൽ നിന്നും ഒരട്ടഹാസം ഉയർന്നു. ഒരുവൻ വിളിച്ചു പറഞ്ഞു. "പാർട്ടിയും... പക്ഷവുമില്ലാത്ത അരാഷ്ട്രീയവാദികൾ ഹാ...ഹാ... സമാധാനത്തോടെ ജീവിക്കുന്ന പൗരന്മാരാ എല്ലാ പ്രശ്നങ്ങളുടെയും കാരണക്കാർ... അവർക്ക് ആരുടെയും സഹായം വേണ്ടല്ലോ. ഇവിടുത്തെ സാധാരണ പൗരന്മാരുടെ അവസ്ഥയും മനസ്സും നിങ്ങളും അറിയണം..."

വിജയപ്രകടനം മുന്നോട്ടു പോയിക്കൊണ്ടിരുന്നു. ചന്ദ്രമോഹനും കുടുംബവും തനിച്ചായി. കാറിന്റെ ചില്ലുകൾ തകർത്തിരിക്കുന്നു. ടയറിന്റെ കാറ്റ് അഴിച്ചുവിട്ടിരിക്കുന്നു. ഭാനുമതി ദുഃഖവും രോഷവും ഒതുക്കിപ്പറഞ്ഞു. "നശിച്ച ഇലക്ഷൻ... ജനാധിപത്യം... മണ്ണാങ്കട്ട... സംസ്കാരമില്ലാത്ത റാസ്ക്കൽസ്."

ചന്ദ്രമോഹൻ ദീർഘമായൊന്നു നിശ്വസിച്ചു. അവിടേക്ക് ഒരു വൃദ്ധൻ നടന്നുവന്നു. അവരെ സമാധാനിപ്പിച്ചുകൊണ്ട് പറഞ്ഞു. "സാരമില്ല. ഇത്രയല്ലേ പറ്റിയുള്ളു. ഇതൊന്നും ഇലക്ഷന്റെയും ജനാധിപത്യത്തിന്റെയും കുഴപ്പമല്ല. വിവേകവും ബുദ്ധിയുമുള്ളവരെ തിരഞ്ഞെടുക്കാതെ അന്ധമായ രാഷ്ട്രീയ വിശ്വാസത്തിന്റെയും മതചിന്തകളുടെയും പിൻബലത്തിൽ ആഭാസന്മാരെ തിരഞ്ഞെടുക്കുന്നതുകൊണ്ട് സംഭവിക്കുന്നതാണ്. ആദ്യം ജനം മാറണം. ജനാധിപത്യത്തെപ്പറ്റി മനസ്സിലാക്കണം. അപ്പോഴെല്ലാം ശുഭമായി സംഭവിച്ചുകൊള്ളും."

കൂടുതലൊന്നും പറയാതെ വൃദ്ധൻ അവിടെനിന്നും നടന്നകന്നു. ചന്ദ്രമോഹൻ വൃദ്ധനെത്തന്നെ നോക്കിനിന്നു.

"ഏയ് മനുഷ്യാ, ആരെങ്കിലും എന്തെങ്കിലും പറയുന്നതും കേട്ട് വാപൊളിച്ച് നിന്നിട്ട് ഒരു കാര്യവുമില്ല" ഭാനുമതി രോഷത്തോടെ പറഞ്ഞു. "എന്നെയും കുട്ടികളെയും ഏതെങ്കിലും ഹോസ്പിറ്റലിൽ കൊണ്ടുപോകൂ."

9

രാമായണക്കിളി

രാമായണക്കിളി ചിറകിട്ടടിച്ച് 'രാമരാമാ'യെന്നു ജപിക്കുന്നതു കേട്ടാണ് മദ്ധ്യാഹ്ന ഉറക്കത്തിൽ നിന്നുമുണർന്നത്. അയലത്തെവീട്ടിലെ ടേപ്പ് റിക്കാർഡിൽ നിന്നും ഒഴുകിയെത്തിയ രാമായണവായനയും കാതുകളി ലെത്തി. അപ്പോഴാണ് രാമായണമാസം തുടങ്ങിയ കാര്യത്തെപ്പറ്റി ഓർമ്മിച്ചത്.

രാമായണക്കിളി കിടക്കുന്ന കൂട്ടിന്റെ അടുത്തേക്കു ചെന്നപ്പോൾ അതെന്നെ പേരു വിളിച്ചു. 'അന്ന, അന്ന,' അല്പനേരം അതിനെത്തന്നെ കൗതുകത്തോടെ നോക്കിനിന്നു. രാമായണക്കിളി വീണ്ടും ടേപ്പ്റിക്കാർഡിൽ നിന്നു ഒഴുകിയെത്തുന്ന രാമായണ പാരായണത്തിനനുസരിച്ച് ഓരോന്ന് ചില യ്ക്കുവാൻ തുടങ്ങി.

മോള് അകത്തുനിന്നും ഉറക്കമുണർന്ന് കരഞ്ഞപ്പോൾ രാമായണ ക്കിളി അവളെ വിളിച്ചു 'സുന്ദരി, സുന്ദരി,' അകത്തേക്കു നടന്ന് മോളേയു മെടുത്ത് ഞാൻ പുറത്തേക്കിറങ്ങി. അവൾ ഉച്ചയുറക്കംകഴിഞ്ഞ് അല്പസ മയം രാമായണക്കിളിയെ നോക്കിയിരിക്കുന്നത് ഒരു ശീലമാണ്. മോളെ കാണുമ്പോൾ രാമായണക്കിളി ഷൂളമടിച്ച് അവളുടെ ശ്രദ്ധയാകർഷിക്കു ന്നതും നിത്യസംഭവം തന്നെ.

'സീത സീത' എന്നു രാമായണക്കിളി ചിലച്ചപ്പോൾ എനിക്കു മന സ്സിലായി സീത വരുന്നുണ്ടെന്ന്. ഞാൻ തിരിഞ്ഞുനോക്കിയപ്പോൾ കൈയിൽ പുസ്തകവുമായി സീത അവിടേക്കു വരുന്നു. എസ്.എസ്. എൽ.സിക്കു പഠി ക്കുന്ന സീതയ്ക്ക് അവധിദിവസങ്ങളിലും വൈകുന്നേരങ്ങളിലും കണക്കും, ഇംഗ്ലിഷും പറഞ്ഞുകൊടുക്കുന്നത് ഞാനാണ്. രാത്രികാലങ്ങളിൽ എന്റെ കൂട്ടും അവൾതന്നെ.

'സുന്ദരി' സീത വിളിച്ചു.

മോള് അവളെ നോക്കി കുഞ്ഞരിപ്പല്ലുകൾ കാട്ടിചിരിച്ചു. പിന്നെ അവ ളുടെ നേരെ കൈകൾ നീട്ടി. സീത സുന്ദരിയെ എന്റെ കയ്യിൽ നിന്നും മേടിച്ച് അല്പസമയം ലാളിച്ചു. പിന്നെതിരക്കി "ഇന്നു വൈകുന്നേരമല്ലെ നഗര ത്തിലെ ഭവനരഹിതർക്ക് സർക്കാർ നിർമ്മിച്ചുകൊടുക്കുന്ന വീടുകളുടെ താക്കോൽ വിതരണം." സീത തുടർന്നു. "മന്ത്രിയും എം.പി.യുമുള്ള ചട ങ്ങിൽ ഇങ്ങനെയൊരവസരം കിട്ടിയത് ഭാഗ്യം തന്നെയാ"

"ഹരിയേട്ടന്റെ അഭാവത്തിൽ കിട്ടുന്ന ഒരംഗീകാരത്തിനും ഒരു ഭാഗ്യമില്ല മോളേ. എല്ലാവരും എന്നെ സ്നേഹിക്കുകയും അംഗീകരിക്കുകയും ചെയ്യുമ്പോൾ ഞാൻ ഹരിയേട്ടനെ കൂടുതലായി ഓർത്തുപോകുന്നു."

"സുന്ദരിയെ ഞാൻ വീട്ടിൽ കൊണ്ടുപോകുകയാണ്. അല്പം കഴിഞ്ഞ് കൊണ്ടുവരാം." സീത പറഞ്ഞു.

ഹരിയേട്ടനെപ്പറ്റി അങ്ങനെയോർത്തിരുന്നപ്പോൾ സീത സുന്ദരിയുമായി മെല്ലെ നടന്നു തുടങ്ങിയിരുന്നു.

മുറിയിലേക്കു ചെന്ന് അവിടെ വച്ചിരിക്കുന്ന ഹിരയേട്ടന്റെ ഫോട്ടോയിലും നോക്കി നിശ്ശബ്ദം നിന്നു. കൂട്ടിൽ കിടക്കുന്ന രാമായണക്കിളി കൂടുതൽ ഉത്സാഹത്തോടെ രാമായണം ചിലയ്ക്കുന്നതു കേൾക്കാം. അത് അങ്ങനെ കേട്ടുനിന്നപ്പോൾ രണ്ടുവർഷങ്ങൾക്കുമുമ്പുള്ള രാമായണമാസത്തിന്റെ ഊഷ്മളതയെപ്പറ്റി ഓർമ്മിച്ചു.

ഒരു രാമായണമാസത്തിലായിരുന്നു ഞങ്ങളുടെ വിവാഹം. അതും രജിസ്റ്റർ ആഫീസിൽ വച്ചു നടത്തിയ മിശ്രവിവാഹം. ഹിന്ദുവായ ഹരി ക്രിസ്ത്യാനിയായ എന്നെ ഇരുവീട്ടുകാരുടേയും എതിർപ്പിന്റെ മദ്ധ്യേവച്ച് വിവാഹം കഴിക്കുകയായിരുന്നു. ഒരുകോളെജ് പ്രണയത്തിന്റെ സാക്ഷാത്ക്കാരം കൂടിയായിരുന്നു ഞങ്ങളുടെ വിവാഹം.

പാരമ്പര്യത്തിന്റെ മഹത്വവും മതത്തിന്റെ നിയമവും പറഞ്ഞ് സ്വന്തം വീട്ടുകാർതന്നെ ആദ്യമെന്നെ മറന്നു. ബന്ധുജനങ്ങൾക്കും സമൂഹത്തിനും മുന്നിൽ കപടമായ അഭിമാനത്തിന്റെ കൊടി അവരുയർത്തിയത് എന്നെ പുറത്താക്കികൊണ്ടായിരുന്നല്ലോ.

ഞങ്ങളുടെ വിവാഹത്തിനു ഹരിയുടെ വീട്ടിലും എതിർപ്പായിരുന്നു. സുഹൃത്തുക്കളുടെ സഹായത്തോടെ വിവാഹം കഴിച്ച് ഹരിയുടെ വീട്ടിലെത്തിയപ്പോൾ അച്ഛൻ നിറഞ്ഞ മനസ്സോടെ ഞങ്ങളെ സ്വീകരിക്കുകയായിരുന്നു. ഹരിയുമൊത്തുള്ള ജീവിതത്തിനായി മതം മാറുവാനും ഞാൻ തയ്യാറായി. അച്ഛൻ പറഞ്ഞു "മതമല്ലേ മാറാൻ പറ്റൂ? ചെറുപ്പകാലം മുതൽ ശീലിച്ച വിശ്വാസപ്രമാണങ്ങളും ആചാരങ്ങളും മാറ്റുവാൻ കുട്ടിക്ക് കഴിയുമോ?" ഒരു മുറി എനിക്കു പ്രാർത്ഥനാമുറിയായി അനുവദിച്ചുകൊണ്ട് അച്ഛൻ പറഞ്ഞു. "ക്രിസ്ത്യാനിയുടേയും ഹിന്ദുവിന്റേയും ഈശ്വരൻമാർ തമ്മിൽ ഇവിടെയിരുന്ന് സമാധാനത്തോടെ സംഭാഷണങ്ങൾ നടത്തി രാജ്യത്തെ മതപീഡനങ്ങൾക്കും വൈരാഗ്യങ്ങൾക്കും ഒരറുതി കണ്ടെത്തട്ടെ."

അച്ഛനതു പറഞ്ഞപ്പോൾ എന്റെ സന്തോഷത്തിനതിരില്ലായിരുന്നു. ഏറെ ബഹുമാനത്തോടെ ഞാനാ പാദങ്ങൾ തൊട്ട് തലയിൽ വച്ചു. അപ്പോഴച്ഛൻ തുടർന്നു പറഞ്ഞു. "ഞങ്ങളുടെ ആചാരങ്ങളെയും വിശ്വാസങ്ങളെയും പുച്ഛിക്കാതെ ഉൾക്കൊള്ളുവാൻ മോളും ശ്രമിക്കണം."

എന്താണ് പറയേണ്ടതെന്നറിയാതെ കുഴങ്ങിനിന്ന എന്നെ അച്ഛന്റെ നിർദ്ദേശപ്രകാരം ഏട്ടത്തിയമ്മ അകത്തേക്കു നയിച്ചു.

ഒരു ദിവസം രാമായണപുസ്തകം കൈയിലെടുത്തു പിടിച്ചുകൊണ്ട് അച്ഛൻ ചോദിച്ചു. 'മോൾക്ക് രാമായണം വായിക്കാൻ തോന്നുന്നുണ്ടോ?'

പുസ്തകം മേടിച്ച് ഈണത്തിൽ രാമായണപാരായണം തുടങ്ങി. അക്ഷരശ്ലോകങ്ങൾ ചൊല്ലി പരിശീലിച്ച എന്റെ നാവിന് രാമായണവായനയും ഏറെ യോജിച്ചുനിന്നു. അന്നുമുതൽ അച്ഛനുവേണ്ടി രാമായണം വായിക്കുന്ന ജോലി ഞാൻ സ്വയം ഏറ്റെടുത്തു.

ഹരിയേട്ടനും ഞാനുംകൂടി തെക്കെ പറമ്പിലൂടെ കാഴ്ചകളും കണ്ട് വർത്തമാനവും പറഞ്ഞ് നടന്നപ്പോൾ മണ്ടയുണങ്ങിയ ഒരു തെങ്ങിന്റെ പൊത്തിൽ നിന്നും തല പുറത്തേക്കിട്ട് വായുംപൊളിച്ച് ഒരു തത്തക്കുഞ്ഞ് ശബ്ദം പുറപ്പെടുവിക്കുന്നതുകണ്ട് ഞാനതിനെ കൗതുകത്തോടെ നോക്കിനിന്നു.

ഹരിയേട്ടൻ തെങ്ങിന്റെ ചുവട്ടിൽ ചെന്ന് ഊക്കോടെ കുലുക്കിയപ്പോൾ മണ്ടയൊടിഞ്ഞ് താഴെ വീണു. അതിന്റെ പൊത്തിൽ നിന്നും താഴെ വീണ തത്തക്കുഞ്ഞിനെ പിടിച്ച് എനിക്കു തന്നുകൊണ്ട് പറഞ്ഞു. "ഞാൻ ലീവ്കഴിഞ്ഞ് പോകുമ്പോൾ നിനക്ക് മിണ്ടിപറഞ്ഞിരിക്കുവാൻ ഇതിനെ എടുത്തുകൊള്ളൂ". അതിന്റെ പച്ചക്കളറുള്ള ചെറുതൂവലുകളും കഴുത്തിലെ ചുവന്ന വളയങ്ങളും വളഞ്ഞ ചുണ്ടുകളും എനിക്കു കൗതുകമായി. ഞാനതിനേയും ചേർത്തുപിടിച്ച് ഹരിയേട്ടനോടൊപ്പം നടന്നു.

രാമായണമാസത്തിൽ കിട്ടിയ കിളിയായിതുകൊണ്ടും തുഞ്ചത്താചാര്യൻ രാമായണം ചൊല്ലികൊടുക്കുന്ന പരമ്പരയിൽപ്പെട്ട കിളിയായതുകൊണ്ടും ഞങ്ങൾ എല്ലാവരും ചേർന്ന് തത്തക്കുട്ടിക്കിട്ട പേരാണ് രാമായണക്കിളി.

ഹരിയേട്ടൻ ലീവും കഴിഞ്ഞ് തിരിച്ച് പട്ടാള ആഫിസിലേക്കുപോയി. കടുത്ത ഏകാന്തതയിൽ അച്ഛൻ മാത്രമായിരുന്നു എനിക്കൊരാശ്വാസം. ജ്യേഷ്ഠനും ജ്യേഷ്ഠത്തിക്കും ഞാനൊരന്യമതക്കാരിയായിരുന്നു. അർഹതയില്ലാത്തിടത്ത് അള്ളിപ്പിടിച്ച് കയറിവന്നതാണ് ഞാനെന്ന വിചാരവും അവർക്കുണ്ടായിരുന്നു. വീട്ടുജോലികളിൽ സഹകരിക്കുമ്പോൾ അതിന്റെ ആവശ്യമില്ലെന്നു പറഞ്ഞ് യുക്തിപൂർവ്വം അവരെന്നെ ഒഴിവാക്കുകയായിരുന്നു. രാമായണക്കിളിയോട് സംസാരിക്കുനതും അതിനെ ലാളിക്കുന്നതും എനിക്കൊരാശ്വാസമായി. ഒരു ദിവസം ഞാനതിനെ ഓരോരോ വാക്കുകൾ പറഞ്ഞു പഠിപ്പിക്കുമ്പോൾ അച്ഛൻ അവിടേക്കു വന്ന് കരിമ്പനയോല തന്നുകൊണ്ട് പറഞ്ഞു. "ഇതു കൊടുത്താൽ രാമായണക്കിളിയുടെ നാവിന്റെ കട്ടി കുറയും. പിന്നെയത് എളുപ്പത്തിൽ സംസാരിച്ചുകൊള്ളും."

കരിമ്പനയോലയും കൊത്തിമുറിച്ച് ചപ്പി ഞാൻ പറഞ്ഞുകൊടുത്ത ഓരോരോ വാക്കുകൾ രാമായണക്കിളി പഠിക്കുകയായിരുന്നു.

എനിക്ക് വയറ്റിലുണ്ടെന്നറിഞ്ഞപ്പോൾ ഹരിയേട്ടൻ സന്തോഷത്തോടെ എഴുതി. 'നമ്മുക്ക് പിറക്കാൻ പോകുന്ന സുന്ദരിയെകാണുവാൻ

ഞാനുടനെതന്നെ വരുന്നുണ്ട്. പ്രസവസമയത്തുവന്നാൽ അത് എനിക്കും നിനക്കും ആശ്വാസമാണല്ലോ?'

ഞാൻ ഹരിയേട്ടനെഴുതി 'പിറക്കാൻപോകുന്ന കുട്ടി പെണ്ണാണെന്ന് ഹരിയേട്ടൻ എങ്ങനെ നിശ്ചയിച്ചു? അവൻ ആണാണ്. ഞാനവന് ഭീമു എന്നു പേരുമിട്ടു.'

എന്റെ മുന്നിൽ വച്ച് മസിലുകൾ പിടിക്കുകയും എന്നെ പൊക്കിയെടുത്ത് വായുവിൽ കറക്കുകയും ചെയ്യുന്ന ഹരിയേട്ടനെ ഞാൻ ഭീമൻ എന്നു പരിഹസിച്ച് വിളിക്കാറുണ്ടായിരുന്നു.

പ്രസവത്തിനു മുമ്പ് ഹരിയേട്ടൻ എഴുതി. ലീവിന്റെ ചില പ്രശ്നങ്ങളുണ്ട് ഒരു മാസം കഴിഞ്ഞേ വരുവാൻ കഴുയുകയുള്ളൂ. നമുക്ക് പിറക്കാൻ പോകുന്ന കണ്മണി മോളാണെന്ന് ഞാൻ നിശ്ചയിച്ചതെങ്ങനെയെന്നോ? അമ്മ കൂടുതൽ സുന്ദരിയും ശാന്തശീലയുമാണെങ്കിൽ ആദ്യത്തെ കണ്മണി അമ്മയുടെ ഛായയിലുള്ള സുന്ദരിതന്നെയായിരിക്കും. അതിന്റെ മന:ശാസ്ത്രം ഞാൻ വരുമ്പോൾ പറഞ്ഞുതരാം. എന്റെ സുന്ദരിയെകാണുവാനും അവളുടെ അമ്മയുടെ അടുത്തിരിക്കുവാനും കൊതിയായിട്ട് എനിക്കിവിടെ ജോലിചെയ്യുവാൻ തന്നെ പ്രയാസമായിത്തുടങ്ങി. അന്നക്കുട്ടി നീ ചിരിക്കരുത് – അന്നക്കുട്ടിയെന്നു വിളിച്ചാൽ ഞാൻ ഹരിയേട്ടനോട് പിണങ്ങിയിരിക്കുക പതിവായിരുന്നല്ലോ – 'കഴിഞ്ഞ ദിവസം പരേഡിനിടയിൽ മാർച്ചുചെയ്യുന്നത് ഒന്നു പിഴച്ചു. മേജർ സാബ് കോപത്തോടെ തിരക്കി. "നമ്പർ സെവൻ സെവൻ എയ്റ്റ് ഹരിക്കെന്തുപറ്റി?" വരുവാൻ പോകുന്ന ശിക്ഷയുടെ കാഠിന്യത്തെപ്പറ്റി ഓർത്തപ്പോൾ ഞാൻ സത്യം തുറന്നു പറഞ്ഞു. സാർ, എന്റെ ഭാര്യയുടെ പ്രസവദിവസം അടുത്തുവന്നിരിക്കുകയാണ് ശ്വാസമടക്കി നിന്ന സഹപ്രവർത്തകരുടെ ചിരിപൊട്ടി. മേജർസാബ് അടുത്തേക്കു വന്നു തോളിൽ തട്ടി. ഹരി രണ്ടുദിവസത്തേക്കു ലീവെടുത്തോളൂ എന്നു നിർദ്ദേശിച്ചു. ആ ലീവിന്റെ സന്തോഷത്തിലാണ് ഞാൻ ഈ കത്തെഴുതുന്നത്'.

കത്ത് വായിച്ച എനിക്കു ചിരിയടക്കുവാൻ കഴിയുമായിരുന്നില്ല. നിറവയറിൽ കൈകൾ അമർത്തിവച്ച് ഏറെ നേരം ചിരിച്ചു.

ഹരിയേട്ടൻ പറഞ്ഞതുപോലെ തന്നെ പിറന്നത് സുന്ദരിയായിരുന്നു. വിവരമറിഞ്ഞ് ഹരിയേട്ടൻ എഴുതി. കാർഗിൽ യുദ്ധത്തിനുപോകുവാൻ എന്നെയും തിരഞ്ഞെടുത്തിട്ടുണ്ട് എന്റെ സുന്ദരിക്കും അവളുടെ അമ്മയ്ക്കും എന്റെ ചക്കരയുമ്മ.

ആ കത്തിന്റെ ചുവട്ടിലായി ഹരിയേട്ടൻ കുറിച്ചുവച്ചു. 'മാതൃരാജ്യത്തിന്റെ വിജയത്തിനായി ഉള്ളുരുകി പ്രാർത്ഥിക്കുക. അന്ന എനിക്കുവേണ്ടിയും എന്റെ സുന്ദരിക്കുവേണ്ടിയും ചെയ്യുന്ന ഏറ്റവും വലിയ ത്യാഗമായിരിക്കും ആ പ്രാർത്ഥന.' പിന്നീട് തീയ്യ് തിന്ന് കഴിച്ചുകൂട്ടിയ ആഴ്ചകളായിരുന്നു എന്റേത്. അച്ഛൻ വിഷമം ഉള്ളിലൊതുക്കി എന്നെ ആശ്വസിപ്പിക്കു

വാൻ ശ്രമിച്ചുകൊണ്ടിരുന്നു. അവസാനം അറിയുന്നത് ഹരിയേട്ടന്റെ മരണ വാർത്തയായിരുന്നു.

ഒരാഴ്ചയ്ക്കുശേഷം ഹരിയേട്ടന്റെ ജഡം വീട്ടിലെത്തിയെങ്കിലും ആ മുഖം പോലുമൊന്നു കാണുവാൻ കഴിഞ്ഞില്ല. എതിരാളികളുടെ വെടിയേറ്റ് ആ ശരീരം ചിന്നിച്ചിതറിയിരുന്നുവത്രേ.

ബോധം നശിച്ച ഞാൻ രണ്ടുദിവസങ്ങൾക്കു ശേഷം ഉണർന്നപ്പോൾ അറിഞ്ഞു. ഹരിയേട്ടന്റെ ശവദാഹം നടത്തിക്കഴിഞ്ഞ് അച്ഛൻ പുഴയിലെ ഒഴുക്കിലേക്കിറങ്ങി സ്വയം മൃത്യുവിനെ സ്വീകരിക്കുകയായിരുന്നുവെന്ന്.

രണ്ട് അപമൃത്യുകൾ സംഭവിച്ച വീട് ആഴ്ചകളോളം നിശ്ശബ്ദമായിരുന്നു. അതിനുശേഷം ജ്യേഷ്ഠൻ ജ്യോത്സ്യനെ വരുത്തി. ജ്യോത്സ്യൻ വന്നു കവടി നിരത്തി പ്രശ്നംവച്ചു. അനർത്ഥകാരണങ്ങൾ ആരാഞ്ഞു. 'ചൊവ്വാദോഷമുള്ള സ്ത്രീയെ വിവാഹം കഴിച്ചതാണ് അനുജന്റെ മരണത്തിനു കാരണം. യുദ്ധം അതിനൊരു നിമിത്തമായെന്നു മാത്രം. അന്യജാതിയിൽപ്പെട്ട സ്ത്രീ വീട്ടിൽ കാലുകുത്തിയതു മുതൽ ദേവീകോപമുണ്ട്. അതാണ് അച്ഛന്റെ മരണത്തിൽ കലാശിച്ചതെന്ന് ലക്ഷണങ്ങൾ സൂചിപ്പിക്കുന്നു. ഇതിന് ഉടൻ പരിഹാരം കണ്ടില്ലെങ്കിൽ ഇനിയും ഈ കുടുംബത്തിൽ അനർത്ഥങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കും.'

പണവും വാങ്ങി ജ്യോത്സ്യൻ പോയിക്കഴിഞ്ഞയുടൻ തന്നെ ജ്യേഷ്ഠൻ എന്റെ അടുത്തേക്ക് വന്നു. അല്പസമയത്തെ മൗനത്തിനശേഷം പറഞ്ഞു. 'ജ്യോതിഷി പറഞ്ഞത് അന്നയും കേട്ടുകാണുമല്ലോ. ഞാൻ ആരെയും കുറ്റപ്പെടുത്തുന്നില്ല. വന്നതെല്ലാം വിധിയെന്നു കരുതി സഹിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇനിയുമീവീട്ടിൽ അനർത്ഥങ്ങൾ ഉണ്ടായാൽ അത് താങ്ങുവാൻ പറ്റുന്നതല്ല. ജ്യേഷ്ഠൻ കാർക്കശ്യത്തോടെ മുഖത്തുനോക്കി പറഞ്ഞു. ലതയെ കെട്ടിച്ചയക്കുവാനുണ്ട്. അന്നയ്ക്കിപ്പോൾ സർക്കാരിൽനിന്നു നല്ലൊരു തുകയും ജോലിയും കിട്ടുമല്ലോ. ജീവിക്കുവാൻ അതുതന്നെ ധാരാളമല്ലേ? ഇനി വീതത്തിന്റെ കണക്കും പറഞ്ഞ് ഞങ്ങളെ ഉപദ്രവിക്കരുത്. വളർന്നുവരുന്ന എന്റെ ഉണ്ണിക്കുവേണ്ടി കൂടുതല്ലൊന്നും സമ്പാദിക്കുവാൻ എനിക്കു കഴിഞ്ഞിട്ടുമില്ല. ഹരിയെ പഠിപ്പിച്ചതും ജോലി നേടിക്കൊടുത്തതുമെല്ലാം എന്റെ അത്യധ്വാനത്തിന്റെ കൂടി ഫലമാണ്. അല്പസമയത്തെ മൗനത്തിനുശേഷം ജ്യേഷ്ഠൻ തുടർന്നു. മനുഷ്യത്ത്വപരമായി ഞാനും ഈ കുടുംബവും പ്രതീക്ഷിക്കുന്നു.'

അങ്ങനെ ഞാൻ ഹരിയുടെ വീട്ടിൽ നിന്നുമിറങ്ങി. ജ്യേഷ്ഠൻ കാണിച്ചുതന്ന ഈ വാടകവീട്ടിൽ എത്തുകയായിരുന്നു.

സർക്കാർ അനുവദിച്ചുതന്ന ഒരു ലക്ഷം രൂപ വീട്ടുപകരണങ്ങളും മറ്റ് സാധനങ്ങൾ വാങ്ങിയും വാടകകൊടുത്തും രണ്ട് മാസങ്ങൾക്കു മുമ്പു തന്നെ തീർന്നു കഴിഞ്ഞിരുന്നു. ആരുടേയും മുന്നിൽ കൈനീട്ടുവാൻ ആത്മാഭിമാനം എന്നെ അനുവദിക്കുന്നില്ല. സർക്കാർ തരാമെന്നു പറഞ്ഞ ബാങ്ക് ജോലിയും പ്രതീക്ഷിച്ച് ഞാൻ കാത്തിരിക്കുകയാണ്.

ഉദ്ഘാടനങ്ങൾക്കും മറ്റുപൊതുചടങ്ങുകൾക്കും എന്നെ പല രാഷ്ട്രീയക്കാരും സംഘടനകളും മാറി മാറി വിളിക്കുന്നു. അവരുടെയെല്ലാം സ്നേഹത്തിനും പ്രതീക്ഷയ്ക്കും മുന്നിൽ പറ്റില്ലെന്നു പറയാൻ ഇന്നുവരെ എനിക്കു കഴിഞ്ഞിട്ടില്ല. ഓരോ സ്ഥലത്തെത്തുമ്പോൾ ആശ്വാസവാക്കുകളും സ്നേഹപ്രകടനങ്ങളുമായെത്തുന്ന സാധാരണക്കാരും ഒരാശ്വാസം തന്നെയാണ്.

രണ്ടുമാസത്തെ വാടകക്കുടിശികയുണ്ടായിട്ടും ഈ വീടിന്റെ ഉടമസ്ഥനായ അഴകപ്പൻ ഇതുവരെ ഇവിടെയെത്തിയിട്ടില്ല. സീതയും അവളുടെ വീട്ടുകാരും പറഞ്ഞുള്ള അറിവേ എനിക്ക് അഴകപ്പനെപ്പറ്റിയുള്ളൂ. സീതയുടെ അച്ഛൻ പറഞ്ഞത് ശരിയായിരിക്കുമോ? ഞാൻ സംശയിച്ചു. പലിശയ്ക്ക് പണം കൊടുക്കലാണ് അഴകപ്പന്റെ ജോലി. സൗകര്യംപോലെ വീടുകൾ പണിതിട്ട് വാടകയ്ക്ക് കൊടുക്കുന്ന തൊഴിലുമുണ്ട്. അഴകനെപ്പറ്റി അവർപറഞ്ഞ മറ്റൊരു കാര്യവും മനസ്സിലുണ്ട്.

ഏതോ നാട്ടിൽനിന്നും പ്രേമിച്ച് വിവാഹം കഴിച്ച് ഈ നാട്ടിലെത്തിയ നവദമ്പതികൾ താമസിച്ചത് അഴകപ്പന്റെ നഗരത്തിലുള്ള ഒരു വീട്ടിലായിരുന്നു. ലോറി ഡ്രൈവറായിരുന്ന ഭർത്താവ് ഒരു ദിവസം തമിഴ്നാട്ടിൽ പോയപ്പോൾ അപകടത്തിൽ മരിച്ചു. വീടിന്റെ വാടക കൊടുക്കാൻ കഴിയാത്ത യുവതിയെ അഴകപ്പൻ തന്ത്രപൂർവ്വം വെപ്പാട്ടിയാക്കി അവിടെ താമസിപ്പിച്ചിരിക്കുന്നു. പൊള്ളാച്ചിയിൽ ഭാര്യയും മക്കളുമുള്ള അഴകപ്പന്റെ ചിന്നവീടാണതെന്നാണ് ഇവിടെയുള്ളവർ പറയുന്നത്. കാശും പ്രൗഢിയുമുള്ള തമിഴർക്ക് ചിന്ന വീടിന്റെ എണ്ണം മാന്യതയുടെ പര്യായമാണത്രേ.

പുതിയതായി നഗരത്തിൽ സർക്കാര് പണിത ഭവനങ്ങളുടെ താക്കോൽ ദാനം നിർവ്വഹിക്കുവാൻ ചെല്ലുമ്പോൾ അതിലൊന്ന് എനിക്കും തരാൻ പറയണം. തരാമെന്ന് പറഞ്ഞ ജോലിയെപ്പറ്റിയും തിരക്കണം. ഇനിയുമീ തമിഴന്റെ വീട്ടിൽ താമസിക്കുന്നത് ഉചിതമല്ല. എന്നെ സ്നേഹിക്കുന്ന ആരെങ്കിലും തെറ്റിദ്ധരിച്ചാലോ.

'കള്ളൻ, കള്ളൻ, കള്ളൻ' എന്ന് രാമായണക്കിളി ചിലയ്ക്കുന്നത് കേട്ടാണ് ഞാൻ ചിന്തയിൽ നിന്നുമുണർന്നത്. രാമായണക്കിളി അതുതന്നെ വീണ്ടും ആവർത്തിച്ചുകൊണ്ടിരുന്നു. ഞാൻ തിണ്ണയിലേക്കിറങ്ങി. മുറ്റത്ത് രോഷമടക്കി തത്തയേയും നോക്കി നിൽക്കുന്ന അഴകപ്പൻ.

"അപ്പുറം ഉങ്കൾക്ക് എന്നുടെ വീട്ടിക്ക് പാർക്കണമെങ്കിൽ അന്ത തത്തയെ കൊന്നിടണം." അഴകപ്പൻ പറഞ്ഞു.

അധികാര ഭാവത്തിൽ അഴകപ്പൻ തിണ്ണയിൽകിടന്ന കസേരവലിച്ച് അതിൽ കാലൻമേൽകാലും വച്ചിരുന്നു. കറുത്ത ശരീരത്തോടുള്ള പ്രതിഷേധം പോലെ വെള്ളമുണ്ടും ഷർട്ടും ഷാളുമാണ് വേഷം. നെറ്റിയിൽ നീളത്തിൻ വരച്ച ഒരു കുറിയുമുണ്ട്.

എന്തു ചെയ്യണമെന്നറിയാതെ ഞാൻ നിന്നിടത്തുതന്നെ നിന്നു. അയാളുടെ കറുത്തുരുണ്ട കണ്ണുകൾ ആർത്തിയോടെ എന്റെ വയറിലാണ്

തങ്ങിനിൽക്കുന്നതെന്ന് മനസ്സിലായപ്പോൾ ഞാൻ സാരി വലിച്ചിട്ടു. അപ്പോൾ എന്റെ മാറിടത്തിലേക്ക് കൗതുകത്തോടെ നോക്കി. പറ്റെവെട്ടിയ തലയിലൂടെ വിരലുകൾ ഓടിച്ചുകൊണ്ട് നാവു നീട്ടി ചുണ്ടുകൾ നനച്ചു.

"ഉങ്കളെ പാത്ത റൊമ്പ അഴകായിരിക്കുന്നു." അഴകപ്പൻ പറഞ്ഞു. "ഉങ്കളെ ഇങ്കെ എത്തിച്ചത് എന്നുടെ കടവുകൾ താനെ."

ഞാൻ ധൈര്യം സംഭരിച്ച് തിരക്കി. "നിങ്ങൾക്ക് എന്താണ് വേണ്ടത്.?"

"ഞാനെന്നശൊന്നതെന്ന് ഉങ്കൾക്ക് പുരിയതാ." അഴകപ്പൻ പറഞ്ഞു. രണ്ടു മാസത്തെ വാടകക്കുടിശ ഇരിക്കേ, നാളെ സായം കാലത്തിനു മുന്നാടി അത് തര മൂടിയാഞ്ഞാൽ ഉങ്കളെത്താ എനിക്കു വേണം.

അഴകപ്പൻ അടുത്തേക്കു വന്നു കൈയ്ക്കു പിടിച്ച് നല്ല പൊണ്ണ് ഉന്നെ തങ്കംപോലെ ഞാൻ നോക്കലാം."

കൂട്ടിൽകിടന്ന രാമായണക്കിളി "കള്ളൻ കള്ളൻ, കള്ളൻ" എന്നു പറഞ്ഞ് 'ശൂ, ശൂ' 'കി, കി' എന്ന് ഉച്ചത്തിൽ ചിരിക്കുവാൻ തുടങ്ങി.

അഴകപ്പൻ എന്റെ കൈയിൽ നിന്നും പിടിവിട്ട് തൂങ്ങിക്കിടന്ന കിളിക്കൂടെടുത്ത് മുറ്റത്തേക്കെറിഞ്ഞു. കിളി അവിടെ കിടന്നു. "കള്ളൻ കള്ളൻ" എന്നു ചിലച്ചുകൊണ്ടിരുന്നു.

തെല്ലുനേരം രാമായണക്കിളിയെ തന്നെ നോക്കി നിന്ന അഴകപ്പന്റെ ചുണ്ടുകളിൽ വന്യമായൊരു ചിരി വിടർന്നു. അയാൾ തിരിഞ്ഞ് "നാളെയ്ക്ക് സായം കാലം സന്ധിക്കലാം." എന്നു പറഞ്ഞ് ധൃതിയിൽ നടന്നകന്നു.

ശരീരമാകെ വിറച്ചുനിന്ന ഞാൻ മെല്ലെ സ്ഥലകാലബോധത്തിലേക്കു തിരിച്ചുവന്നു. രാമായണക്കിളി മുറ്റത്തുകിടന്ന് വിളിച്ചു 'അന്ന അന്ന'.

മുറ്റത്ത് കൂട്ടിൽകിടന്ന രാമായണക്കിളിയെ നോക്കിനിന്നപ്പോൾ മനസ്സ് മന്ത്രിച്ചു. വെറുമൊരു കൗതുകത്തിന്റെ പേരിൽ ഒരു കിളിയെ ജീവിതകാലം മുഴുവൻ കൂട്ടിൽ പിടിച്ചിട്ടതു തന്നെ വലിയതെറ്റ്. കൂട്ടരോടൊത്ത് പറന്നുനടക്കുവാനും ഇണചേരുവാനും ഇഷ്ടപ്പെട്ട ഭക്ഷണം കഴിക്കുവാനും കഴിയാതെ കൂട്ടിൽ കിടക്കുന്ന രാമായണക്കിളിയുടെ നിശ്ശബ്ദമായ പിരാക്കായിരിക്കാം എന്നെ വിധവയാക്കിയത്.

കൂടുതുറന്ന് രാമായണക്കിളിയെ പുറത്തെടുത്ത് 'നീ പൊക്കോ, എവിടേക്കെങ്കിലും പൊയ്ക്കോ, പിരാകി പിരാകി നീ എന്റെ ഹരിയേട്ടനെ കൊന്നില്ലേ? എനിക്കിനി നിന്നെ കാണേണ്ടാ.' രാമായണക്കിളിയെ ദൂരേക്ക് വലിച്ചെറിഞ്ഞു. രാമായണക്കിളി 'അന്ന അന്ന' എന്നു ചിലച്ചുകൊണ്ട് മുറ്റത്തുതന്നെ നിന്നു.

പരസഹായമില്ലാതെ രാമായണക്കിളിക്ക് ജീവിക്കുവാൻ കഴിയില്ല. നിത്യമായ പാരതന്ത്ര്യം അതിന്റെ നൈസർഗ്ഗികവാസനകളെ മുഴുവൻ മുരടിപ്പിച്ച് കളഞ്ഞിരിക്കുന്നുവെന്ന് മനസ്സിലാക്കി നിന്നപ്പോൾ അടുത്ത വീട്ടിലെ കണ്ടൻ പൂച്ച പൂച്ചെടികൾക്കിടയിൽ പതുങ്ങിയിരുന്ന് രാമായണക്കിളിയെ ആർത്തിയോടെ നോക്കുന്നത് കണ്ടു.

ഞാൻ നീട്ടിവിളിച്ചു 'രാമായണക്കിളി.' രാമായണക്കിളി ഒന്നു ചിറ കടിച്ചു. ഞാൻ രാമായണക്കിളിയുടെ അടുത്തേക്ക് ഓടി. കറുത്ത കണ്ടൻപൂച്ച നൊടിയിടകൊണ്ട് രാമായണക്കിളിയുടെ മേൽ ചാടിവീണു. രാമായണക്കി ളിയുടെ കഴുത്തിൽ കടിച്ചുപിടിച്ചു! വളരെ വേഗത്തിൽ ആയാസത്തോടെ മതിൽ ചാടി.

എന്തുചെയ്യണമെന്നറിയാതെ പതറിനിന്ന ഞാൻ രാമായണക്കിളി യുടെ ദീനരോദനം കേട്ടു. അതവിടമാകെ പ്രതിധ്വനിച്ചു. മെല്ലെ ആ ശബ്ദം അകന്നകന്ന് കുറഞ്ഞു കുറഞ്ഞു വന്നു.

കറുത്തിരുണ്ടുനിന്ന കർക്കിടകമാനം പെട്ടെന്ന് ഘോരമായി പെയ്യു വാൻ തുടങ്ങി. കാലം പിഴപ്പിച്ച കണക്കുപോലെ കാർമേഘക്കൂട്ടങ്ങൾക്കിട യിൽ ഒരിടിമുഴങ്ങി. അതിന്റെ നീണ്ടു നീണ്ടുപോകുന്ന മുഴക്ക ശബ്ദം കാതു കളിൽ ഭീകരമായി പ്രതിധ്വനിച്ചു.

10
ശില്പവും ശില്പിയുടെ മകളും

ഓഫീസിലെ ധൃതിപിടിച്ച ജോലികൾക്ക് താല്ക്കാലിമായി വിരാമമിട്ട് സായഹ്നത്തോടെ വീട്ടിലേക്ക് മടങ്ങുകയായിരുന്നു ശില്പ. തിരക്കുള്ള ബസ്സിന്റെ പിൻസീറ്റിൽ തെല്ല് ആലസ്യത്തോടെയിരുന്ന അവളുടെ ശ്രദ്ധ ചില കൃത്രിമമായി സൃഷ്ടിക്കുന്ന തിരക്കുകളിലേക്കു തിരിഞ്ഞു. അവരുടെ മനോവ്യാപാരവും ശരീരചലനവും എങ്ങനെയൊരു ചിത്രത്തിലേക്ക് ഹൃദ്യമായി പകർത്താമെന്നതിനെക്കുറിച്ച് അവൾ ചിന്തിച്ചു.

സെന്റർ ജംക്ഷനും പിന്നിട്ട് ഗാന്ധിപുരത്തെത്തിയപ്പോൾ ബസ് റോഡിന്റെ ഓരം ചേർത്തുനിർത്തി. റോഡിന്റെ മധ്യഭാഗത്തുകൂടി ഒരു ജാഥ കടന്നുവരുന്നു. അവൾ കണ്ണുയർത്തി അല്പം മുമ്പിലുള്ള ഗാന്ധിജിയുടെ ശില്പത്തിലേക്കുനോക്കി. അതൊരു പതിവാണ്. ഓരോ പ്രാവശ്യവും വലിയച്ഛൻ വർഷങ്ങൾക്കുമുമ്പ് കരിങ്കല്ലിൽ കൊത്തിയുണ്ടാക്കിയ ചിരിക്കുന്ന ഗാന്ധിജിയുടെ ശില്പവും കാണുന്നത് അവൾക്ക് പുതുമയായിരുന്നു.

ശില്പത്തിന്റെ കണ്ണുകൾ വെളുത്ത തുണികൊണ്ട് മൂടിക്കെട്ടിയിരിക്കുന്നു. വളരെയധികം ആളുകൾ അതിനുചുറ്റും നിന്നു മുദ്രാവാക്യം മുഴക്കുകയാണ്. അവരിലൊരാൾ കൈയുയർത്തി ശില്പത്തിന്റെ കണ്ണുകൾ മൂടിക്കെട്ടയിരുന്ന തുണി അഴിച്ചുമാറ്റി.

അല്പം അകലെയായി ആരെല്ലാമോ ചേർന്ന് ഒരു നായയെ കല്ലെറിഞ്ഞ് ഓടിക്കുകയാണ്. നായെ കണ്ടപ്പോഴേ ശില്പയ്ക്കു മനസ്സിലായി അത് ജീസ്ബലാണ്. അവൾ ബസ്സിൽ നിന്നും തിക്കിതിരക്കി പുറത്തേക്കിറങ്ങി. ജിസ്ബലിന്റെ അടുത്തേക്ക് പാഞ്ഞു.

ശില്പയെ കണ്ടപ്പോൾ ജിസ്ബൽ ഓടി അടുത്തേക്കു വന്നു. കുരച്ചും വാലാട്ടിയും അത് അവൾക്കുമുന്നിൽ നിന്ന് ബഹളംകൂട്ടി. അവസാനം അവളുടെ ചുരിദാറിന്റെ ഷാളിൽ കടിച്ചുപിടിച്ച് മുന്നോട്ടു നടന്നു.

ഗാന്ധിജിയുടെ ശില്പത്തിന്റെ മറുപുറത്തായി തളർന്നു കിടക്കുന്ന വൃദ്ധന്റെ അടുത്തുചെന്ന് നായ് നിന്നു. വലിയച്ഛനെ അപ്പോൾ മാത്രമാണ് അവൾ കണ്ടത്. അവളുടെ ഉള്ളിലൂടെ അനുമാനങ്ങളുടെ ഒരു കൊള്ളിയാൻ

പാഞ്ഞു. ചില നിമിഷങ്ങൾ പകച്ചുനിന്ന അവൾ വലിയച്ഛനെ പിടിച്ചുയർത്തി കൊണ്ട് തിരക്കി. "എന്തു പറ്റി വലിയച്ഛാ. ഇവിടെ എങ്ങനെയാണ് എത്തിയത്?"

മുദ്രാവാക്യം മുഴക്കുന്നവരിലെ നേതാവ് എന്നു തോന്നിക്കുന്നവൻ അടുത്തേക്കു വന്നു പറഞ്ഞു. "ഞങ്ങളുടെ അനുരഞ്ജന ജാഥ വരുന്നതിന് തൊട്ടുമുമ്പ് ഈ കിളവൻ ഗാന്ധിശില്പത്തിന്റെ കണ്ണുകൾ തുണികൊണ്ട് മൂടിക്കെട്ടി. എന്താണതിന്റെ അർത്ഥം. ഞങ്ങൾ കാണിക്കുന്നതെല്ലാം ആഭാസങ്ങളാണെന്നല്ലേ? ഞങ്ങൾ ഗാന്ധിയന്മാരാണ്. അതുകൊണ്ടും പ്രായത്തെ മാനിച്ചും മൂന്നുനാലു തല്ലുകൊടുത്തു മാറ്റിയതേയുള്ളൂ. ഇനിയിതാവർത്തിച്ചാൽ."

ശില്പ നിശ്ശബ്ദയായി വലിയച്ഛനെ താങ്ങിപിടിച്ചുകൊണ്ട് നിന്നു. മുന്നിലൂടെ കടന്നുപോയ ഓട്ടോയ്ക്ക് കൈകാണിച്ചു നിറുത്തി. അവൾ വലിയച്ഛനെ അതിനുള്ളിലേക്കു കയറ്റി. പിന്നാലെ അവളും കയറി. ഓട്ടോ മുന്നോട്ടെടുത്തപ്പോൾ അവരിൽ ചിലർ കൂവിക്കൊണ്ട് അതിന്റെ മുന്നിലേക്ക് ചാടി.

"അങ്ങനെയങ്ങ് പോയാൽ പറ്റില്ല. ഗാന്ധിജിയെ അവഹേളിച്ചതിന് കിളവൻ മാപ്പു പറയണം."

ശില്പ അവരെ ദയനീയമായി നോക്കികൊണ്ടപേക്ഷിച്ചു "പ്രായം ഏറെ ആയതിനാലാണെന്നു തോന്നുന്നു വലിയച്ഛന് ഓർമ്മക്കുറവുണ്ട്. പലപ്പോഴും എന്താണ് പ്രവർത്തിക്കുന്നത് പറയുന്നത് എന്നുപോലും അറിയില്ല. വലിയച്ഛനുവേണ്ടി ഞാൻ മാപ്പുചോദിക്കുന്നു."

അവിടെ കൂടിനിന്നവരിൽ പലരുടേയും കണ്ണുകൾ ആഗ്രഹഭാവത്തോടെ വടിവൊത്ത തന്റെ ശരീരത്തിൽ പതിക്കുന്നതിനെപ്പറ്റി അവൾ ബോധവതിയായിരുന്നു.

അവരിലൊരാൾ തിരക്കി "തന്റെ പേര് എന്താ?"

"ശില്പ"

"ജോലി"

"ചിത്രരചന"

"എവിടെയാ വീട്?"

"നാലടിയിലെ കുരിശുപള്ളിയിരിക്കുന്ന റോഡിൽ." അവൾ തുടർന്നു. "ഈ ഗാന്ധിപ്രതിമയുടെ ശിലിപി വലിയച്ഛനാണ്."

"ഓഹോ അപ്പോൾ ഇയാളാണല്ലേ മുഖ്യമന്ത്രിയിൽ നിന്നും പൊന്നാട സ്വീകരിച്ചത്. ചട്ടക്കാരൻ ഗീവർഗ്ഗീസ്." ശില്പ അതെയെന്ന അർത്ഥത്തിൽ തലയാട്ടി.

"തല്ക്കാലം എല്ലാവരുമൊന്ന് ഒതുങ്ങിനില്ക്ക് ഓട്ടോ പോയ്ക്കൊള്ളട്ടെ" അവരിലൊരാൾ പറഞ്ഞു.

അവർ ഇരുവശത്തേക്കുമായി ഒതുങ്ങിയപ്പോൾ ഓട്ടോ അവർക്കു മദ്ധ്യത്തിലൂടെ മുന്നോട്ട് നീങ്ങിത്തുടങ്ങി. എവിടെനിന്നോ ഓടിവന്ന് ജിസ്ബൽ അതിലേക്കു ചാടിക്കയറി.

വീട്ടിലെത്തിയ ശില്പ മുത്തച്ഛനെ കസേരയിലിരുത്തി. ചതവുള്ള ഭാഗത്ത് മുരിങ്ങയുടെകൂമ്പും ഉപ്പും മുട്ടയുടെ വെള്ളയിൽ ചേർത്ത് അരച്ചത് ഇട്ടുകൊടുത്തു.

അവൾ പരിഭവത്തോടെ ചോദിച്ചു. “ഞാനില്ലാത്തപ്പോൾ വലിയച്ഛ നോട് പുറത്തുപോകരുതെന്ന് എത്രയോ പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്.”

“മോളെ നിന്നെ വിഷമിപ്പിക്കുന്നതിൽ ഈ വൃദ്ധന് ബുദ്ധിമുട്ടുണ്ട്. ഇരുന്നു മടുത്തപ്പോൾ പുറത്തേക്കിറങ്ങിയതാ. അപ്പോഴാ ഗാന്ധിയെ കണ്ടത്. കുറച്ചുനേരം നോക്കിനിന്ന് സംസാരിച്ചപ്പോൾ ഗാന്ധി അദ്ദേഹത്തിന്റെ ചില ബുദ്ധിമുട്ടുകളെപ്പറ്റി എന്നോടുപറഞ്ഞു. എന്താ പറഞ്ഞതെന്ന് മോൾക്കറി യുമോ? ഞാൻ ശില്പമായിട്ട് കൊത്തിവച്ചതുകൊണ്ടാണ് അദ്ദേഹത്തിന് ഇവിടെ നടക്കുന്നതുമുഴുവൻ കാണേണ്ടിവരുന്നത്. അദ്ദേഹത്തിന്റെ ഒരു മുഖ ഛായ ഉണ്ടാക്കാൻ അത്രവലിയ ആഗ്രഹമുണ്ടായിരുന്നെങ്കിൽ ഏതെങ്കിലു മൊരു കടൽക്കരയിലെ പൂഴിമണ്ണിൽ പോരായിരുന്നോ എന്നും ചോദിച്ചു. പിന്നെ പറയുകയാ കാശിനുവേണ്ടി ആയിരുന്നെങ്കിൽ ദേവിദേവന്മാരുടെ ശില്പം നിർമ്മിച്ചാൽ മതിയായിരുന്നല്ലോ. മനുഷ്യക്കുരുതിയും തെറിപ്പാട്ടും പണപ്പിരിവുമെല്ലാം അവർക്കല്ലേ വേണ്ടിയിരുന്നത്.” അല്പസമയത്തെ ആലോചനയ്ക്കു ശേഷം വൃദ്ധൻ തുടർന്നു. “ഞാൻ ചെയ്ത തെറ്റിന് ഞാൻതന്നെ ഒരു പ്രായശ്ചിത്തം ചെയ്തുവെന്നേയുള്ളൂ. അ മഹാന്റെ കണ്ണു കൾ അല്പസമയത്തേക്കെങ്കിലും മൂടിയിരുന്നാൽ അത്രയും കുറച്ച് കണ്ടാൽ മതിയല്ലോ.”

ശില്പ ആശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു. “മതി വലിയച്ഛ സംസാരി ച്ചത്. ഇപ്പോൾതന്നെ കിതയ്ക്കുവാൻ തുടങ്ങിയിരുന്നു.”

ശില്പയുടെ തലയിൽ വാത്സല്യത്തോടെ തലോടിക്കൊണ്ട് വൃദ്ധൻ തുടർന്നു. “ഞാൻ മരിച്ചാൽ ഇനി മോൾക്ക് ആരാ ഉള്ളത്?. ഒരു നല്ല ചെറുപ്പ ക്കാരനെക്കൊണ്ട് നിന്റെ വിവാഹം നടത്തണം. അതിനുള്ള കഴിവൊന്നും ഈ വൃദ്ധനില്ലല്ലോ മോളെ.”

“വലിയച്ഛനിപ്പോൾ എന്റെ വിവാഹത്തെപ്പറ്റിയൊന്നും ആലോചിച്ച് വിഷമിക്കേണ്ട. എല്ലാം ഈശ്വര നിശ്ചയംപോലെ നടക്കും.”

“മോളെ പറയുന്നതിൽ പരിഭവിക്കരുത്. ഈ വലിയച്ഛനെ ഉപേക്ഷിച്ച് നീ എവിടെയെങ്കിലും പോയി രക്ഷപ്പെട്.”

ശില്പ വൃദ്ധന്റെ വായ്പൊത്തിക്കൊണ്ട്. “അരുതാത്തതൊന്നും പറ യരുത് വലിയച്ഛാ.”

സന്ധ്യാപ്രാർത്ഥനയ്ക്കായി മാതാവിന്റെ ചിത്രത്തിനുമുന്നിലെ മെഴു കുതിരികൾ കത്തിച്ചു. വിശുദ്ധഗ്രന്ഥം മുന്നിൽവച്ച് കൊന്തകൈയിലെടുത്ത് പ്രാർത്ഥനാപൂർവ്വം മാതാവിന്റെ കണ്ണുകളിലേക്ക് നോക്കി അവൾ നെറ്റിയിൽ കുരിശു വരച്ചു.

മാതാവിന്റെ ചൈതന്യമുള്ള ആ ചിത്രം കാണുമ്പോഴെല്ലാം അവളുടെ മനസ്സിൽ തെളിഞ്ഞു വരുന്ന രൂപം മറ്റൊന്നാണ്. ഒരിക്കലും കാണാത്ത അമ്മയുടെ അവ്യക്തമായ രൂപം. ഒപ്പം അച്ഛന്റെ വിയർപ്പ് പൊടിഞ്ഞ മങ്ങിയ മുഖവും.

വലിയച്ഛൻ പറഞ്ഞുള്ള അറിവേ അവൾക്ക് അച്ഛനെപ്പറ്റിയും അമ്മയെപ്പറ്റിയുമുണ്ടായിരുന്നുള്ളൂ. “നിന്റെ അച്ഛൻ എന്റെ ബാലൻ ഏറെ മിടുക്കനായിരുന്നു. പഠിക്കുന്ന കാലത്ത് ക്ലാസിൽ എന്നും ഒന്നാമൻ. കോളെജിലെത്തിയതോടെ ചിത്രശില്പ രചനയ്ക്ക് നിരവധി പുരസ്കാരങ്ങൾ അവനെ തേടിയെത്തി.”

ഒരിക്കൽ മുംബൈയിൽ ഒരു ചിത്രരചനാമത്സരത്തിന് പോയി തിരിച്ചുവരുമ്പോൾ സമ്മാനങ്ങൾക്കൊപ്പം ഒരു മറാട്ടിപെൺകുട്ടിയുമുണ്ടായിരുന്നു. മുംബൈയിൽ വച്ച് അവളെ വിവാഹം കഴിച്ചു എന്നുമാത്രമേ പറഞ്ഞുള്ളൂ. ഭാഷ അറിയാത്തതിനാൽ അവളോടു ചോദിച്ചുകൂടതലൊന്നും മനസ്സിലാക്കാൻ കഴിഞ്ഞില്ല. എന്തായാലും അതോടെ അവൻ പഠനം നിറുത്തി. ശില്പ നിർമ്മാണത്തിൽ മാത്രം മുഴുകി. എങ്ങനെയും പണം സമ്പാദിക്കണമെന്ന ചിന്തയേ അവനുണ്ടായിരുന്നുള്ളൂ. നിന്നെ പ്രസവിച്ച അന്നുതന്നെ നിന്റെ അമ്മ മരിച്ചു. ചോരക്കുഞ്ഞായ നിന്നെയുമെടുത്ത് ബാലൻ ആശുപത്രി വിട്ടു. പരിശുദ്ധമാതാവിന്റെ പള്ളിയിലെ അവൻ നിർമ്മിച്ച മാതാവിന്റെ ശില്പത്തിനു ചുവട്ടിൽ നിന്നെയും കിടത്തി നാടുവിട്ടതാ. പിന്നെ അവനെ ആരും കണ്ടിട്ടില്ല. അവനെപ്പോലെ തന്നെ ആ മാതാവും ഏറെ പ്രസിദ്ധയായിരുന്നു. യാചിക്കുന്നവർക്ക് നിർലോഭം അനുഗ്രഹങ്ങൾ ചൊരിയുന്നവൾ എന്ന നിലയിൽ. മാതാവിന്റെ മുന്നിൽ ചോരക്കുഞ്ഞായിക്കിടന്ന നിന്നെ അവിടെയുള്ള കന്യാമഠത്തിലെ സിസ്റ്റേഴ്സാണ് എടുത്തു വളർത്തിയത്. നീ മെല്ലെ പിച്ചവച്ച് നടക്കുവാൻ തുടങ്ങിയപ്പോൾ നിന്നെയുമെടുത്ത് ഇവിടേക്കു വരുകയായിരുന്നു ഞാൻ.

“മോളേ ശില്പേ, പ്രാർത്ഥനാ കഴിഞ്ഞെങ്കിൽ ടി.വി. വയ്ക്ക്” വലിയച്ഛന്റെ വാക്കുകൾ കേട്ടാണ് അവൾ ചിന്തയിൽ നിന്നുമുണർന്നത്. “ദാ വലിയച്ഛാ വരുന്നു.” അവൾ നെറ്റിയിൽ കുരിശുവരച്ച് പ്രാർത്ഥന അവസാനിപ്പിച്ച് ടി.വി.യുടെ അടുത്തേക്ക് നടന്നു. കാർട്ടൂൺ ചിത്രങ്ങൾ വരുന്ന ചാനൽ ട്യൂൺചെയ്തു വച്ചു. അതൊരു പതിവാണ്. വലിയച്ഛനൊപ്പമിരുന്ന് രാത്രിസമയത്ത് അല്പം കാർട്ടൂൺ കാണുന്നത്. ടി.വി.യുടെ സ്ക്രീനിൽ ചിത്രങ്ങൾ തെളിഞ്ഞപ്പോൾ അവളുടെ ചിന്തകൾ മറ്റൊരു വഴിക്ക് തിരിഞ്ഞു. ഉച്ചയ്ക്ക് ഊണുകഴിച്ചുകൊണ്ടിരുന്നപ്പോൾ സഹപ്രവർത്തകനായ വിശാഖ് പറഞ്ഞ കമന്റ് അവൾ ഒരിക്കൽകൂടി ഓർത്തുപോയി.

എനിക്ക് ചട്ടക്കാരികളെ വലിയ ഇഷ്ടമാണ്. പൂച്ചക്കണ്ണും ചെമ്പിന്റെ കളറും മാത്രമല്ല അവരെ ഇഷ്ടപ്പെടുവാനുള്ള കാരണം അവരുടെ സിരകളിലൂടെ ഒഴുകുന്നത് പാശ്ചാത്യനിറമുള്ള രക്തമല്ലേ. ആ രക്തത്തിനൊരു

പ്രത്യേകതയുണ്ട്. അതുള്ളവർ കാമകലയിൽ വല്ലഭകളാണ് എന്നാതാ മതം. ഒരു പുതിയ അറിവു പകർന്നുകിട്ടിയതിന്റെ ആവേശത്തിൽ ഐശ്വര്യയും പറഞ്ഞു. 'വിശാഖിന് ചട്ടക്കാരികളെ അത്ര ഇഷ്ടമാണെങ്കിൽ നമ്മൾക്ക് ഇവിടെത്തന്നെ ഒരാലോചന നടത്താം.' ഒരു വിക്ടൻ ചിരിയോടെ വിശാഖ് തുടർന്നു. 'ഇഷ്ടം എന്നു പറഞ്ഞാൽ വിവാഹം കഴിക്കുവാനൊന്നുമല്ല, വെറുതെയൊന്നു പ്രണയിക്കുവാൻ. ഞാനൊരു സത്യംകൂടി പറയാം, നമ്മളുടെ നാട്ടിലെ പെണ്ണുങ്ങൾക്ക് പ്രണയം പ്രണയം എന്നു പറഞ്ഞു നടക്കാനെ അറിയൂ. പ്രണയിക്കാനറിഞ്ഞുകൂടാ.'

പുറത്തുനിന്നും ആരോ വിളിക്കുന്ന ശബ്ദം കേട്ട് ശില്പ ചിന്തകളിൽ നിന്നും ഉണർന്നു. ജിസ്ബൽ നിർത്താതെ കുരയ്ക്കുവാനും തുടങ്ങി. രാത്രിയായാൽ പിന്നെ വാതിൽ തുറക്കുന്ന പതിവില്ല. മദ്യപാനം കഴിഞ്ഞു വരുന്നവർക്ക് ചിലപ്പോൾ രാജ്യസ്നേഹം കൂടും. മറ്റുചിലപ്പോൾ ചട്ടക്കാരിയോടുള്ള സ്നേഹവും. ശില്പ ജനാലയിലൂടെ പുറത്തേക്ക് നോക്കി. വൈദ്യുതി ബൾബിന്റെ പ്രകാശത്തിൽ അവൾകണ്ടു, കുറെയധികം പുരുഷന്മാർ മുറ്റത്തേക്ക് കയറി വരുന്നു.

കുരച്ചുകൊണ്ടിരിക്കുന്ന നായയെ ഓടിക്കാൻ അവരിൽ ചിലർ കൈയ് ഉയർത്തി എറിയുന്നതായി ആംഗ്യം കാണിച്ചും നിലത്തു ചവിട്ടി ശബ്ദമുണ്ടാക്കിയും ശ്രമിച്ചുകൊണ്ടിരുന്നു.

ശില്പ ജിസ്ബൽ എന്നു വിളിച്ചപ്പോൾ, നായ് അനുസരണയോടെ വീടിന്റെ പിൻഭാഗത്തേക്ക് പോയി.

അവരിലൊരാൾ ശബ്ദമുയർത്തി പറഞ്ഞു. 'വാതിൽ തുറക്ക്. ഞങ്ങൾക്ക് ചിലത് പറയുവാനുണ്ട്.'

"ഞങ്ങൾ നിന്നെ കാണാൻ വന്നതൊന്നുമല്ല. ഗാന്ധിജിയെ അവഹേളിച്ചതിന്, ഗാന്ധിയന്മാരായ ഞങ്ങളുടെ മുഖത്ത് കരിവാരി എഴുതിയതിന് നിങ്ങൾ ശിക്ഷ അനുഭവിച്ചേ മതിയാകൂ."

"വലിയച്ഛനു നല്ല സുബോധമില്ല. ഒന്നും ബോധപൂർവ്വമായിരുന്നില്ല. വലിയച്ഛന്റെ തന്നെ ശില്പത്തോട് അദ്ദേഹത്തിനു തോന്നിയ ഒരു വൈകാരിക താല്പര്യം, അതിനെയങ്ങനെയങ്ങ് കണ്ടാൽപോരെ?"

"ഞങ്ങൾ ഇന്ത്യക്കാർക്ക് ഉപദേശം തരാൻ നീയാരാ?"

ശില്പ ജനാലയിലൂടെ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ വൃദ്ധൻ വാതിൽ തുറന്ന് അവരുടെ മുന്നിലേക്കു ചെന്നു.

"എന്താ പറഞ്ഞത് നിങ്ങൾ ഇന്ത്യക്കാരെന്നോ? പഠിച്ചുകൊണ്ടിരിക്കുമ്പോൾ നമ്മുടെരാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി തെരുവീഥിയിലിറങ്ങിയവനാണു ഞാൻ. അന്ന് നിങ്ങൾക്കറിയുമോ? ഈ കൈകൾകൊണ്ട് ആ മഹാന്റെ കൈകളിൽ സ്പർശിച്ചിട്ടുണ്ട് ഞാൻ. രാജ്യസ്നേഹത്തിന്റെ പേരും പറഞ്ഞ് അതിനൊരലങ്കാരമായി ഗാന്ധിജിയുടെ ചിത്രം ഉയർത്തിപ്പി

ടിച്ചു നടക്കുന്ന നിങ്ങളിൽ ആർക്കെങ്കിലും ആ മഹാത്മാവിന്റെ പേര് പൂർണ്ണ മായിട്ടറിയുമോ.?"

ശില്പ ഓടിവന്ന് വൃദ്ധനെ പിടിച്ചുകൊണ്ട് "വലിയച്ഛാ എന്തൊക്ക യാണീ പറയുന്നത്."

"കണ്ടോ, വയസ്സൻ ബോധപൂർവ്വം ചെയ്തതാണ്. ഇതിന്റെ ശിക്ഷ നിങ്ങൾ അനുഭവിച്ചില്ലെങ്കിൽ ഭാരതമാതാവ് ക്ഷമിക്കയില്ല."

ബഹളം കേട്ട് അയൽവീട്ടുകളിലെ ആളുകൾ പുറത്തേക്ക് ഇറങ്ങി നിന്നു നോക്കി.

"ഞങ്ങളെ അപമാനിച്ചതിനും ഗാന്ധിജിയെ അവഹേളിച്ചതിനും എതിരെ ഒരു പ്രതിഷേധയോഗം നാളെ ഗാന്ധിപ്രതിമയ്ക്കു മുന്നിൽ ചേരു ന്നുണ്ട്. ഈ കിളവൻ അവിടെനിന്നും ക്ഷമ പറയണം. അല്ലെങ്കിൽ നിങ്ങളി വിടെ സമാധാനമായി താമസിക്കില്ല."

"ചെയ്തത് തെറ്റാണെന്ന് എനിക്കറിയാം. വലിയച്ഛനുവേണ്ടി നാളെ ഞാനവിടെ വന്നു ക്ഷമ പറഞ്ഞുകൊള്ളാം. വലിയച്ഛൻ പറയുന്നതും പ്രവർത്തിക്കുന്നതും എന്താണെന്ന് അദ്ദേഹത്തിനു തന്നെ ഓർമ്മയില്ല. നല്ല നിശ്ചയമില്ല."

അവർ അല്പസമയം അതിനെപ്പറ്റി ആലോചിച്ചു. പിന്നെ ശില്പ തന്നെ ക്ഷമ പറഞ്ഞാൽ മതിയെന്നു സമ്മതിച്ച് തിരിച്ചു നടന്നു.

വലിയച്ഛൻ അവളോടുകയർത്തു: "നീ എന്തിനാണ് കണ്ട ഇരപ്പാ ളികളുടെ മുന്നിൽപോയി ക്ഷമപറയുന്നത്? ഇവനൊക്കെ വെറും കീടമാടീ കീടം."

ശില്പ വലിയച്ചനേയും കൂട്ടി വീട്ടിനുള്ളിലേക്ക് കയറി വാതിലടച്ചു.

വലിയച്ഛനെ വീണ്ടും ടി.വിയുടെ മുന്നിലിരുത്തി. അല്പം ആശ്വാസ ത്തിനായി വെളിച്ചമില്ലാത്ത മുറിയിലെ കസേരയിൽ പോയി ചാരിക്കിടന്നു. അവളുടെ മനസ്സ് മറ്റൊരു പ്രശ്നത്തിന്റെ പരിഹാരത്തിനായി പരതിക്കൊ ണ്ടിരുന്നു. നാളെ മുതൽ ഓഫീസിൽ പോകുമ്പോൾ വലിയച്ഛനെ എന്തുചെയ്യും?

യോഗസ്ഥലത്ത് ക്ഷമ പറഞ്ഞതിനുശേഷം ശില്പ വേഗത്തിൽ വീട്ടി ലേക്കു മടങ്ങി. വലിയച്ഛനെ ഒറ്റയ്ക്ക് വീട്ടിൽ അടച്ചിട്ടിരിക്കുന്നതിനെപ്പറ്റി ഓർത്തപ്പോൾ അവളുടെ ഉള്ളുരുകി. തുറന്നുവിട്ടാൽ യോഗസ്ഥലത്തു വന്നു ബഹളം വയ്ക്കും. അതുമല്ലെങ്കിൽ മറ്റെന്തെങ്കിലും വികൃതികൾ ഒപ്പിക്കും.

ഗയിറ്റിന്റെ അടുത്തെത്തിയപ്പോൾ തന്നെ വീടിനുള്ളിൽ നിന്നും ശബ്ദം കേട്ടു, അവളെ കണ്ട ജിസ്ബൽ അടുത്തേക്കു വന്ന് വാലാട്ടി. കാലിൽ നക്കി. അവൾ മുതുകിൽ തലോടി. വേഗംതന്നെ പൂട്ടിയിട്ടിരുന്ന വാതിൽ തുറന്നു. അകത്തുകയറിയപ്പോൾ ഷെൽഫിലെ പുസ്തകങ്ങൾ മുഴു വനും വാരിവലിച്ച് നിരത്തിയിട്ടിരിക്കുന്നു. വരച്ചുവച്ചിരിക്കുന്ന ചിത്രങ്ങളെല്ലാം പിച്ചിക്കീറിയിരിക്കുന്നു.

എന്തുചെയ്യണമെന്നറിയാതെ പതറിനിന്ന അവളുടെ കണ്ണുകൾ നിറഞ്ഞു. വലിയച്ഛൻ അടുത്ത മുറിയിൽ നിന്നും കൈയിലൊരു ചുറ്റികയും ഉളിയുമായി മുന്നിലേക്കു വന്നു. “മോളെ ഞാൻ ഗാന്ധിപറഞ്ഞതുപോലെ ചെയ്യുവാൻ പോകുകയാണ്. വലിയൊരു യക്ഷിയുടെ ശില്പമുണ്ടാക്കണം. ഇവിടെയുള്ളവർക്ക് ആരാധിക്കാൻ ഉത്സവങ്ങൾ നടത്താൻ.”

“വലിയച്ഛാ.” അവൾ തെല്ല് ശാസനയോടെ വിളിച്ചു. വൃദ്ധൻ അതു ശ്രദ്ധിക്കാതെ തുറന്നിട്ട വാതിലിലൂടെ പുറത്തേക്കിറങ്ങി. അവൾ പിന്നാലെയും.

പതിവില്ലാതെ അവിടേക്കുകയറിവരുന്ന വീട്ടുടമസ്ഥനെകണ്ട് അവൾ ആശ്ചര്യപ്പെട്ടു. “വരൂ അങ്കിൾ അകത്തേക്കിരിക്കാം.”

“ഞാൻ വന്നത് നല്ലതല്ലാത്ത ഒരു കാര്യം പറയാനാണ്. ശില്പ ഇന്നുതന്നെ ഇവിടെനിന്നും ഇറങ്ങിത്തരണം.”

അല്പസമയത്തെ മൗനത്തിനുശേഷം അവൾ പറഞ്ഞു. “ഞാൻ വാടകയെല്ലാം കൃത്യമായിതരുന്നില്ലെയങ്കിൾ”

“അതല്ല പ്രശ്നം. പാർട്ടിക്കാര് വിളിച്ചുപറഞ്ഞു, ഇനി നിങ്ങളെ ഇവിടെ താമസിപ്പിക്കരുതെന്ന്."

“പെട്ടെന്ന് ഇങ്ങനെ വന്നു പറഞ്ഞാൽ ഞാൻ എന്താ ചെയ്യുക?. കഴിഞ്ഞ ഇരുപതിലധികം വർഷമായി ഞങ്ങൾ ഇവിടെയല്ലേ താമസിക്കുന്നത്? മറ്റൊരു വീട് കണ്ടെത്തുന്നതുവരെ, ഒരു മാനുഷിക പരിഗണനയുടെ പേരിലെങ്കിലും”

“ഇതൊന്നും എന്നെ ബാധിക്കുന്ന പ്രശ്നങ്ങളല്ല. ഇന്ന് ഇപ്പോൾ തന്നെ ഇവിടെനിന്നും ഇറങ്ങണം.”

“അങ്കിൾ എന്തുപറഞ്ഞാലും ഇവിടെനിന്നും ഇപ്പോൾ ഇറങ്ങാൻ പറ്റില്ല. സുബോധമില്ലാത്ത വലിയച്ഛനുമായി ഞാൻ എവിടെപ്പോകും.”

അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ മൂന്ന് റൗഡികൾ അവിടേക്കുവന്നു. അവരിലെ നേതാവെന്ന് തോന്നിക്കുന്നവൻ ശില്പയുടെ കൈയ്ക്കുപിടിച്ച് അല്പം മാറ്റിനിർത്തി. ജിസ്ബൽ അവന്റെനേരെ കുരച്ചുകൊണ്ട്ചാടി. ശില്പ ശാസനയോടെ ജിസ്ബൽ എന്നുവിളിച്ചപ്പോൾ നായ് പിൻതിരിഞ്ഞു.

റൗഡികൾ വീടിനുള്ളിലേക്കുകയറി വീട്ടുപകരണങ്ങൾ ഒന്നൊന്നായി നടുറോഡിലേക്ക് വലിച്ചെറിഞ്ഞുതുടങ്ങി.

എല്ലാറ്റിനുമവസാനം ശില്പയേയും വൃദ്ധനേയും അവർപിടിച്ച് നടുറോഡിലേക്ക് തള്ളിയിറക്കി വീടിന്റെ ഗയിറ്റ് താഴിട്ടുപൂട്ടി. നടുറോഡിൽ കിടക്കുന്ന വീട്ടുസാധനങ്ങൾക്കുമുന്നിൽ ജിസ്ബൽ ഒരു കാവൽക്കാരനെപ്പോലെ കുത്തിയിരുന്നു.

ഇരുണ്ടുകൂടിയിരുന്ന മാനത്തുകൂടി മിന്നൽപിണരുകൾപാഞ്ഞു. ഒന്നിനുപുറകെ ഒന്നായി ഇടിനാദം മുഴങ്ങിക്കൊണ്ടിരുന്നു. ചാറിത്തുടങ്ങിയ മഴത്തുള്ളികൾക്ക് ശക്തിയേറി. വൃദ്ധൻ ആഹ്ലാദത്തോടെ മഴയത്തുകൂടി ഓടി നടന്നു.

നനഞ്ഞുകുതിർന്ന വസ്ത്രങ്ങൾ ശില്പയുടെ ശരീരത്തോട് ഒട്ടിക്കിടന്നു. അവൾ വസ്ത്രങ്ങൾ അല്പാല്പമായി ചുരുട്ടിപിഴിഞ്ഞു. ശരീരത്തിൽ ഒട്ടിക്കിടന്ന തുണിപിടിച്ച് നേരെയിടാൻ ശ്രമിച്ചുകൊണ്ടിരുന്നു.

അടുത്തവീടുകളിൽനിന്നും പുറത്തേക്കുനീണ്ട തലകൾ മെല്ലെ ഉള്ളിലേക്കുവലിഞ്ഞു. ചിലർ ജനൽപാളികൾ അല്പമായിതുറന്ന് അവളുടെ നനഞ്ഞ് വിറയ്ക്കുന്ന ശരീരത്തിലേക്ക് നോക്കി. ജിസ്ബൽ അവരെനോക്കി പല്ലിളിച്ച് മുരണ്ടു. മെല്ലെ അതൊരു കാലൻകൂവലായി പരിണമിച്ചു. അതിനുപ്രതിധ്വനിയായി മറ്റൊരു നായ് വിദൂരതയിൽനിന്നും ഓലിയിട്ടു.



കേരളാ കൾച്ചർ

മറിയ കേരളത്തിൽ കണ്ടത്

ചെറുകഥാസമാഹാരം

ജോസ് കെ. മാനുവൽ

വർത്തമാനകാലത്തെ യാഥാർത്ഥ്യങ്ങളിൽനിന്ന് കേരളസംസ്കാരത്തെ നോക്കികാണുന്ന പത്ത് കഥകളുടെ സമാഹാരം. മലയാളമണ്ണിന്റെ ഗൃഹാതുരത്വവും നന്മയും ഓർമ്മകളിലൊതുക്കാൻ മാത്രം വിധിക്കപ്പെട്ട ഒരുപറ്റം മനുഷ്യരെ അതേ തീവ്രതയോടെ അവതരിപ്പിക്കുന്നതാണ് ഇതിലെ ഓരോ കഥയും. അനുഭവങ്ങളുടെ തലങ്ങളിൽ നിന്ന് നമ്മിലേക്ക് ആഴ്ന്നിറങ്ങുന്ന നേർക്കാഴ്ചകളുടെ നിമിഷങ്ങളൊരുക്കുന്ന കഥകളുടെ ഈ സമാഹാരം മലയാളകഥാലോകത്തെ വേറിട്ട അനുഭവമാണ്.

TURN BOOKS

Stories
ISBN 978-81-925373-9-9
₹75.00 MRP $ 3.00